# സെന്റ് ജോസഫ്



ഫാ. സെബാസ്റ്റ്യൻ ജെക്കോബി ഒ.എസ്.ജെ.

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി. പ്രസിദ്ധീകരണം

# സെന്റ് ജോസഫ്

ഫാ. സെബാസ്റ്റ്യൻ ജെക്കോബി ഒ.എസ്.ജെ.

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി. പ്രസിദ്ധീകരണം

**ST. JOSEPH**
(Malayalam)

**Scrutinized by**
Msgr. Dr. George Kurukkoor

**Published by**
The Director, Pastoral Orientation Centre,
The Secretariat, Kerala Catholic Bishops' Council, Kochi 25, Kerala, India
Phone: +914842 805722, 2805815, Fax: +91484 2806214
E-mail: pocpublications@gmail.com, Website: www.kcbc.in

**Copyright to**
The Publisher

**Cover Design and Lay-Out**
Ambily Jose

**Published on**
15.04.2021

**Printed at**
Viani Printers, Ernakulam

**Copies:** 2000

**Price:** ₹120

**ISBN:** 978-93-83423-57-6

@ Pastoral Orientation Centre
All rights reserved. No part of this publication may be reproduced, stored in a retrieval system, or transmitted, in any form or by any means, electronic, mechanical, photocopying, recording or otherwise, without prior written permission of the publisher.

# പ്രസാധകക്കുറിപ്പ്

വിശുദ്ധ യൗസേപ്പിതാവിനെ പ്രത്യേകമായി അനുസ്മരിക്കാനും വിശുദ്ധന്റെ ജീവിതം അനുകരിക്കാനും, ആഗോളസഭയെ ഫ്രാൻസിസ് പാപ്പാ തന്റെ 'പിതൃഹൃദയത്തോടെ' (Patris Corde) എന്ന അപ്പസ്തോലിക ലേഖനത്തിലൂടെ ആഹ്വാനം ചെയ്തിരിക്കുകയാണ്. 2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെ നീണ്ടുനില്ക്കുന്ന ഈ അനുസ്മരണവർഷത്തിൽ യൗസേപ്പിതാവിന്റെ ജീവിതത്തിൽ വിളങ്ങിനില്ക്കുന്ന പുണ്യജീവിതമാതൃകകൾ ക്രൈസ്തവർക്ക് ദൈവാശ്രയത്തിൽ ജീവിക്കാൻ പ്രേരകമാണെന്ന് പാപ്പാ വ്യക്തമാക്കുന്നു. ആഗോളസഭയുടെ മധ്യസ്ഥനായി യൗസേപ്പിതാവിനെ ഒമ്പതാം പീയൂസ് മാർപാപ്പാ പ്രഖ്യാപിച്ചതിന്റെ നൂറ്റിയമ്പതാം വാർഷികത്തോടനുബന്ധിച്ചാണ് ഫ്രാൻസിസ് പാപ്പാ യൗസേപ്പിതാവിനെ അനുസ്മരിക്കുന്ന ഒരു വർഷം പ്രഖ്യാപിച്ചിരിക്കുന്നത്.

യൗസേപ്പിതാവിനോട് പ്രത്യേക ഭക്തിയുള്ളവരാണ് കേരളകത്തോലിക്കാസമൂഹം. മെയ് ഒന്നിനും മാർച്ച് പത്തൊമ്പതിനും യൗസേപ്പിതാവിനെ, തൊഴിലാളിമദ്ധ്യസ്ഥൻ, മരണാസന്നരുടെ മദ്ധ്യസ്ഥൻ എന്നീ നിലകളിൽ അനുസ്മരിക്കുകയും തിരുനാൾ ആഘോഷിക്കുകയും ചെയ്യുന്ന പതിവ് ഇവിടെയുണ്ട്. യൗസേപ്പിതാവിനെ കൂടുതൽ അടുത്തറിയുവാൻ സഹായിക്കുന്നതാണ് ഈ ഗ്രന്ഥം. യൗസേപ്പിതാവിന്റെ നാമത്തിൽ രൂപീകൃതമായ സന്ന്യാസസഭയുടെ സുപ്പീരിയറായ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ ജെക്കോബി ഒ.എസ്.ജെ. അച്ചനാണ് ഈ ഗ്രന്ഥത്തിന്റെ എഡിറ്റർ. ഈടുറ്റ ലേഖനങ്ങളിലൂടെ യൗസേപ്പിതാവിന്റെ ജീവിതത്തിലേക്ക് ആത്മീകമായ ഒരു തീർത്ഥാടനം നടത്താൻ വായനക്കാർക്ക് അവസരം സൃഷ്ടിച്ചിരിക്കുകയാണ് ലേഖനകർത്താക്കൾ. ആത്മീകമായ ഉണർവും ഉൾക്കാഴ്ചയും ദൈവാശ്രയബോധവും പകർന്നുനൽകിക്കൊണ്ട്

ദൈവഹിതത്തോട് എപ്പോഴും ആമേൻ പറഞ്ഞ് പരാതികളില്ലാതെ സഹകരിക്കാൻ വിശുദ്ധ യൗസേപ്പിതാവ് വായനക്കാരെ സഹായിക്കട്ടെ. അനുവാചകസമക്ഷം ഈ ഗ്രന്ഥം സമർപ്പിക്കുവാൻ പിഒസി പബ്ലിക്കേഷൻസിന് അതിയായ സന്തോഷമാണുള്ളത്. ഈ ഗ്രന്ഥത്തിന്റെ രൂപീകരണത്തിൽ സഹകരിച്ച നിരവധിപേരുണ്ട്. ആശംസാലേഖനം നൽകി ഈ ഉദ്യമത്തെ അനുഗ്രഹിച്ച കെസിബിസി പ്രസിഡന്റ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ്, എഡിറ്റർ റവ. ഫാ. സെബാസ്റ്റ്യൻ ജെക്കോബി ഒ.എസ്.ജെ മറ്റു ലേഖനകർത്താക്കൾ, ഭാഷാസംശോധന നിർവഹിച്ച മോൺ. റവ. ഡോ. ജോർജ് കുരുക്കൂർ, റവ. ഫാ. ആന്റണി പൂതവേലിൽ, ടൈപ്സെറ്റിങ്ങും ലേഔട്ടും നിർവഹിച്ച ശ്രീമതി അമ്പിളി ജോസ്, സാങ്കേതിക സഹായം നൽകിയ റവ. സി. ജോമിഷ ഡിസിപിബി, മുദ്രണം ഭംഗിയായി ചെയ്തുതന്ന വിയാനി പ്രിന്റേഴ്സ് എന്നിവർക്കെല്ലാം ഹൃദയംനിറഞ്ഞ നന്ദി

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, കെ.സി.ബി.സി.
ഡയറക്ടർ, പി.ഒ.സി

15 ഏപ്രിൽ 2021
കൊച്ചി

# ആശംസ

ഫാ. സെബാസ്റ്റ്യൻ ജെക്കോബി ഒ. എസ്. ജെ. എഡിറ്റ് ചെയ്ത 'സെന്റ് ജോസഫ്' എന്ന ഗ്രന്ഥം സവിശേഷമായ ഒരു രചനയാണ്. വി. യൗസേപ്പുപിതാവിന്റെ വർഷമായി പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച 2021-ൽത്തന്നെ ഈ ഗ്രന്ഥം പ്രകാശിതമാകുന്നു എന്നത് ഈ ഗ്രന്ഥത്തിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നു. പല പ്രമുഖ വ്യക്തികളുടെയും ഈടുറ്റ ലേഖനങ്ങളുടെ സമാഹാരമായ ഈ ഗ്രന്ഥം സഭയുടെ കാവൽക്കാരനും മദ്ധ്യസ്ഥനുമായ വി. യൗസേപ്പു പിതാവിനെ കൂടുതൽ ആഴത്തിലും ആദ്ധ്യാത്മികതയിലും അറിയുവാൻ സഹായിക്കും.

വി. യൗസേപ്പുപിതാവിനെ ഒൻപതാം പീയൂസ് മാർപാപ്പ 'കത്തോലിക്കാസഭയുടെ രക്ഷാകർത്താവ്' എന്നും പന്ത്രണ്ടാം പീയൂസ് മാർപാപ്പ 'തൊഴിലാളികളുടെ മദ്ധ്യസ്ഥൻ' എന്നും വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ 'വിമോചനത്തിന്റെ രക്ഷാധികാരി' എന്നും വിശേഷിപ്പിക്കുമ്പോൾ 'നല്ല മരണത്തിന്റെ മദ്ധ്യസ്ഥൻ' എന്ന നിലയിലാണ് വി. യൗസേപ്പുപിതാവ് ലോകമെമ്പാടും വന്ദിക്കപ്പെടുന്നത് (ഫ്രാൻസിസ് മാർപാപ്പ, 'പിതൃഹൃദയത്തോടെ'8).

പരിശുദ്ധമറിയത്തെ ശുശ്രൂഷിക്കുകയും ഈശോയെ സംരക്ഷിക്കുകയും ചെയ്ത യൗസേപ്പ് എന്നാണ് വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ 'രക്ഷകന്റെ സംരക്ഷകൻ' (Redemptoris custos) എന്ന അപ്പസ്തോലിക ഉദ്ബോധനത്തിൽ യൗസേപ്പുപിതാവിനെ വിശേഷിപ്പിക്കുന്നത്. ഈശോയെ പിതാവ് എന്ന നിലയിൽ ശുശ്രൂഷിക്കാനും വളർത്താനും ദൈവത്താൽ തെരെഞ്ഞെടുക്കപ്പെട്ട യൗസേപ്പ്, മറിയത്തോടൊപ്പം രക്ഷകന്റെ വളർത്തുപിതാവും കാവൽക്കാരനുമാണ് എന്ന് പാപ്പ പഠിപ്പിക്കുന്നു (RC 8).

ലെയോ പതിമൂന്നാമൻ മാർപാപ്പയുടെ 'ഭാഗ്യപ്പെട്ട യൗസേപ്പ്' (Quamquam pluries) എന്ന ചാക്രികലേഖനത്തിന്റെ നൂറാം വർഷത്തിലാണ് 'രക്ഷകന്റെ പാലകൻ' (RC) എന്ന അപ്പസ്തോലിക ഉദ്ബോധനം വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ പുറത്തിറക്കിയത്.

സ്നേഹസമ്പന്നനായ പിതാവ്, വാത്സല്യനിധിയായ പിതാവ്, അനുസരണയുള്ള പിതാവ്, സ്വീകരിക്കുന്ന പിതാവ്, സർഗ്ഗാത്മക ധൈര്യമുള്ള പിതാവ്, തൊഴിൽചെയ്യുന്ന പിതാവ്, നിഴലുകൾക്കിടയിലെ പിതാവ് എന്നെല്ലാമാണ് 'പിതൃഹൃദയത്തോടെ' (Patris Corde) എന്ന അപ്പസ്തോലികലേഖനത്തിൽ ഫ്രാൻസീസ് മാർപാപ്പ യൗസേപ്പുപിതാവിനെ വിശേഷിപ്പിക്കുന്നത്. ഒൻപതാം പീയൂസ് മാർപാപ്പ വി. യൗസേപ്പിനെ 'ആഗോളസഭയുടെ മദ്ധ്യസ്ഥ' നായി (കത്തോലിക്കാസഭയുടെ രക്ഷാകർത്താവ്) പ്രഖ്യാപിച്ചതിന്റെ നൂറ്റൻപതാം വാർഷികവേളയിലാണ് വി. യൗസേപ്പിനെ പ്രകീർത്തിച്ചുകൊണ്ട് ഫ്രാൻസിസ് പാപ്പ 'പിതൃഹൃദയത്തോടെ' എന്ന അപ്പസ്തോലികലേഖനം പുറപ്പെടുവിച്ചിരിക്കുന്നത്. ക്രിസ്തുവുമായുള്ള ബന്ധത്തിൽ സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഭൂമിയിലെ നിഴലായിരുന്നു വി. യൗസേപ്പ്. യൗസേപ്പിനെ 'ഏറ്റവും പരിശുദ്ധനായ പിതാവ്' എന്നു വിളിക്കാമെന്നാണ് ഫ്രാൻസിസ് മാർപാപ്പ 'പിതൃഹൃദയത്തോടെ' (No.7) യിൽ പറയുന്നത്. പരിശുദ്ധ മറിയത്തെ ഭാര്യയായി സ്വീകരിക്കുകവഴി യൗസേപ്പ് രക്ഷാകരദൗത്യത്തിന്റെ മുഴുവൻ ശുശ്രൂഷകനായി മാറി എന്നു സഭാപിതാവായ വി. ജോൺ ക്രിസോസ്റ്റോം പഠിപ്പിക്കുന്നു. ഈ ഗ്രന്ഥത്തിൽ അവതരിപ്പിക്കുന്ന വി. യൗസേപ്പുപിതാവിന്റെ ജീവിതമാതൃക, നമുക്ക് ദൈവികപുണ്യങ്ങളുടെ അഭ്യസനവും ശക്തിയുമായിത്തീരട്ടെ എന്ന് ആശംസിക്കുന്നു.

+ GAlencherry

**കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

# അവതാരിക

മനുഷ്യാവതാരരഹസ്യത്തിൽ ദൈവമാതാവായ പരിശുദ്ധ കന്യകമറിയത്തോടൊപ്പം ദൈവികപദ്ധതിയിൽ സഹകരിച്ച ഏക വിശുദ്ധനാണ് വി. യൗസേപ്പ്. എല്ലാ ക്രൈസ്തവർക്കും അനുകരിക്കാവുന്ന വലിയൊരു മാതൃകയായിട്ടാണ് തിരുസ്സഭ അദ്ദേഹത്തെ അവതരിപ്പിക്കുന്നത്. വി. ജോൺപോൾ രണ്ടാമൻ തന്റെ അപ്പസ്തോലിക ലേഖനമായ "രക്ഷകന്റെ സംരക്ഷക"നിൽ (Redemptoris Custos) ഇക്കാര്യം പ്രത്യേകം സൂചിപ്പിക്കുന്നുണ്ട് : "രക്ഷാകരപദ്ധതിയിൽ വിശുദ്ധ യൗസേപ്പ് പ്രത്യേക ശുശ്രൂഷിയായിരുന്നു. ദൈവം തന്റെ പരമോന്നതവും ഏറ്റവും വിലപിടിപ്പുള്ളതുമായ നിധിയുടെ സംരക്ഷണം ഏല്പിച്ചുകൊടുത്തവന്റെ സംരക്ഷണത്തിൽ നമ്മെത്തന്നെ സമർപ്പിക്കുകയും രക്ഷാകരപദ്ധതിയിൽ എങ്ങനെ ശുശ്രൂഷകരാകാമെന്ന് അവനിൽനിന്നുതന്നെ നമുക്ക് പഠിക്കുകയും ചെയ്യാം. ക്രിസ്തുവിന്റെ രക്ഷാകരശുശ്രൂഷയിൽ വി. യൗസേപ്പ് നമുക്കെല്ലാവർക്കും മികച്ച മാതൃകയായിരിക്കട്ടെ" (നമ്പർ 32).

നിശ്ശബ്ദതയിൽ വിശ്വാസത്തിന്റെ അനുസരണത്തിലൂടെ ദൈവഹിതം നിറവേറ്റിയ ഈ വലിയ വിശുദ്ധന്റെ ജീവിതത്തിലേക്കുള്ള ഒരു എത്തിനോട്ടമാണ് ഈ പുസ്തകം. വി. യൗസേപ്പിന്റെ ജീവിതത്തിൽ തിളങ്ങിനിന്നിരുന്ന ബ്രഹ്മചര്യം, അദ്ധ്വാനശീലം, നിശ്ശബ്ദത, വിവേകം, നീതിബോധം എന്നീ പുണ്യങ്ങളും ലോകത്തിന്റെ പ്രകാശമായ രക്ഷകന്റെ സംരക്ഷകൻ, തിരുസ്സഭാപാലകൻ, തന്റെ ഭാര്യയായ മറിയത്തിന്റെ സ്ത്രീത്വത്തെ മാനിച്ചവൻ, നന്മരണമധ്യസ്ഥൻ, സന്ന്യസ്തർക്കും ആത്മീകതയിൽ വളരുവാൻ ആഗ്രഹിക്കുന്നവർക്കും മാതൃക, ദൈവഹൃദയത്തിൽ സ്ഥാനം പിടിച്ചവൻ, സ്വപ്നങ്ങളിൽ ദൈവഹിതം തിരിച്ചറിഞ്ഞവൻ, ദൈവികപരിപാലനയാൽ നയിക്കപ്പെട്ടവൻ എന്നീ നിലകളിലുള്ള വി. യൗസേപ്പിന്റെ മഹത്വവും

വി. യൗസേപ്പിന്റെ പ്രത്യേക ഭക്തരായ കർമ്മലീത്ത സന്ന്യാസ സഭയെ നവീകരിച്ച ആവിലായിലെ വി. അമ്മത്രേസ്യ, സി.എം.ഐ. സന്ന്യാസസഭാ സഹസ്ഥാപകനായ വി. ചാവറ കുര്യാക്കോസ്, ഒ. എസ്.ജെ. സന്ന്യാസസഭാ സ്ഥാപകനും ആക്വീരൂപതയുടെ മെത്രാനു മായ വി. ജോസഫ് മറെല്ലോ എന്നിവരുടെ യൗസേപ്പിതാവിനെപ്പറ്റി യുള്ള ചിന്തകളും വരകളിലൂടെ വിരിഞ്ഞു നില്ക്കുന്ന യൗസേപ്പിതാ വിന്റെ രൂപവുമാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം.

പിതാവായ ദൈവം, തന്നെ ഭരമേല്പിച്ച ഉത്തരവാദിത്വങ്ങൾ നിശ്ശബ്ദതയിലും ലാളിത്യത്തിലും വിവേകത്തോടും വിശ്വസ്തത യോടുംകൂടി നിറവേറ്റിക്കൊണ്ട് ദൈവഹിതം പൂർണ്ണമായി അനുസ രിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്ത ഈ വിശു ദ്ധന്റെ ജീവിതത്തെ കൂടുതൽ ധ്യാനവിഷയമാക്കുവാനും അതുവഴി വിശുദ്ധിയിലേക്ക് നടന്നുനീങ്ങുവാനും ഈ പുസ്തകം ഉപകരിക്കു മെന്ന് പ്രതീക്ഷിക്കാം.

വി. യൗസേപ്പിലൂടെ മറിയത്തിലേക്കും യേശുവിലേക്കും വായ നക്കാരെ അടുപ്പിക്കുവാൻ സാധിക്കത്തക്കവിധത്തിൽ ഈ പുസ്ത കത്തിന്റെ പ്രസിദ്ധീകരണത്തിന് നേതൃത്വം നല്കിയ പി.ഒ.സി പബ്ലിക്കേഷൻസിനേയും അവരോട് സഹകരിച്ച എല്ലാവരേയും അഭി നന്ദിക്കുന്നു. യൗസേപ്പിതാവ് എല്ലാവർക്കുംവേണ്ടി മാദ്ധ്യസ്ഥ്യം വഹി ക്കട്ടെ.

**ഫാ. സെബാസ്റ്റ്യൻ ജെക്കോബി ഒ.എസ്.ജെ.**
പ്രൊവിൻഷ്യൽ സുപ്പീരിയർ

# ഉള്ളടക്കം


വിശുദ്ധ യൗസേപ്പിന്റെ ജീവിതം:
ഒരു ആത്മീകവീക്ഷണം
ഫാ. ജോൺ ആട്ടുള്ളി ഒ.എസ്.ജെ. 12–21

ലില്ലിപോലെ പുഷ്പിച്ചവൻ:
നീതിമാനായ വിശുദ്ധ യൗസേപ്പ്
മാത്യു ഇല്ലത്തുപറമ്പിൽ 22–30

വി. ജോസഫ് മറെല്ലോ,
വി. യൗസേപ്പിതാവിന്റെ ഉത്തമ അനുഗാമി
ഫാ. സെബാസ്റ്റ്യൻ ജെക്കോബി ഒ.എസ്.ജെ. 31–41

സഭാപാലകനായ ജോസഫ്
ഫാ. സെബാസ്റ്റ്യൻ പഞ്ഞിക്കാരൻ 42–47

മരണത്തിന്റെ ലാവണ്യം നുകർന്ന ഒരാൾ
അഭിലാഷ് ഫ്രേസർ 48–51

“തന്റെ പ്രിയപ്പെട്ടവർ ഉറങ്ങുമ്പോൾ
കർത്താവ് അവർക്ക് വേണ്ടതു നല്കുന്നു”
സി. സോസിമ എം.എസ്.ജെ 52–54

വി. യൗസേപ്പിതാവും സന്ന്യാസവും
ഫാ. പ്രിൻസ് പഴമ്പിള്ളി ഒ.എസ്.ജെ. 55–59

ചാരിത്ര്യസംരക്ഷകനായ വി. യൗസേപ്പ്
ഫാ. ജോസ്മോൻ തേലപ്പറമ്പിൽ ഒ.എസ്.ജെ. 60–64

വിശുദ്ധ യൗസേപ്പിതാവും അമ്മത്രേസ്യയും
ഫാ. തമ്പി അറക്കൽ ഒ.സി.ഡി. 65–73

അധ്വാനശാലീനതയുടെ സ്വന്തം ജോസഫ്
ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി 74–78

വിശുദ്ധ യൗസേപ്പ് നിശ്ശബ്ദതയുടെ ചൈതന്യം
ഫാ. ജോസഫ് തോപ്പിൽ ഷാരോൺ 79–87

സ്ത്രീത്വത്തെ മാനിക്കുന്ന ജോസഫ്
സി. ജയ നെടുവേലിപറമ്പിൽ,
സെന്റ് വിൻസെന്റ് ഡി പോൾ
കോൺഗ്രിഗേഷൻ, പെരുമ്പിള്ളി 88–93

പ്രകാശത്തിന്റെ സൂക്ഷിപ്പുകാരൻ
ഫാ. ധനുഷ് ഒ.എസ്.ജെ 94–102

വരകളിൽ വിരിയുന്ന യൗസേപ്പിതാവ്
ഫാ. ഫ്രാൻസിസ് മോറിസ് ഒ.എസ്.ജെ. 103–106

വിവേകിയായ വി. യൗസേപ്പ്
ഫാ. ജോയ്സൺ ചുതംപറമ്പിൽ ഒ.എസ്.ജെ. 107–111

ചാവറ പിതാവ്
വി. യൗസേപ്പിതാവിന്റെ തികഞ്ഞ ഭക്തൻ
ഫാ. ജോസ് ഫ്രാങ്ക് സി.എം.ഐ.
മാർത്തോമ്മ തീർത്ഥാടനകേന്ദ്രം 112–118

സ്വപ്നങ്ങൾ കൈപിടിച്ചു നടത്തിയ നീതിമാൻ
ഫാ. മിൽട്ടൻ ആർ.ഷോവ 119–124

വി. യൗസേപ്പ് - ദൈവത്തിന്റെ ഹൃദയത്തിൽ
ഇടംനേടിയവൻ
ഫാ. അനിൽ സേവ്യർ പേരേപ്പിള്ളി ഒ.എസ്.ജെ. 125–130

ദിവ്യകാരുണ്യവും വി. യൗസേപ്പും
ഫാ. സെബാസ്റ്റ്യൻ ജെക്കോബി ഒ.എസ്.ജെ. 131–136

ജോസഫ് എങ്ങനെ ഭാഗ്യവാനായി?
ഫാ. മാർട്ടിൻ തൈപ്പറമ്പിൽ 137–141

വിശുദ്ധ യൗസേപ്പിന്റെ വിശ്വാസയാത്ര
ഫാ. സെബാസ്റ്റ്യൻ ജെക്കോബി ഒ.എസ്.ജെ. 142–150

തിരുക്കുടുംബത്തിലെ തണൽവൃക്ഷം
സി. ജിയാനി സി.എസ്.എസ്.റ്റി 151–155

വിശുദ്ധ ഗ്രന്ഥത്തിലെ യൗസേപ്പിതാവ്
ഫാ. ജോഷി മയ്യാറ്റിൽ 156–162

വി. യൗസേപ്പിതാവ് : പൈതൃക
സംരക്ഷണത്തിന്റെ നിശബ്ദ സാന്നിധ്യം
സിസ്റ്റർ ഡോ. സൂസി കിണറ്റിങ്കൽ സി.റ്റി.സി 163–174

വി. ജോസഫ്: സ്വപ്നങ്ങളുടെ കാവൽക്കാരൻ
ബിജു മഠത്തിക്കുന്നേൽ 175–178



## വിശുദ്ധ യൗസേപ്പിന്റെ ജീവിതം:

# ഒരു ആത്മീകവീക്ഷണം

**ഫാ. ജോൺ ആട്ടുള്ളി ഒ.എസ്.ജെ.**

## 1. ഒ.എസ്.ജെ. സഭ ആചരിച്ച "യൗസേപ്പിതാവിന്റെ വർഷം"

ഒബ്ലേറ്റ്സ് ഓഫ് സെന്റ് ജോസഫ് സഭ, 2019 മാർച്ച് 19 മുതൽ 2020 ഡിസംബർ 8 വരെയുള്ള കാലഘട്ടം "വി. യൗസേപ്പിതാവിന്റെ വർഷ"മായി ആചരിച്ചു. ആഗോളസഭയിൽ വിശ്വാസികൾക്ക് ഇത് ഉപകാരപ്രദമാകട്ടെയെന്ന് ഏറെ ആഗ്രഹിക്കുന്നു. വിശുദ്ധ യൗസേപ്പിതാവിനോട് കൂടുതൽ അടുത്തുനിന്ന് അദ്ദേഹത്തിന്റെ ജീവിതമാതൃക കണ്ടുപഠിക്കാനും അവിടുത്തെ സ്നേഹവും സംരക്ഷണവും പ്രാർത്ഥനാസഹായവും അനുഭവിച്ചറിഞ്ഞ്, യേശുശിഷ്യത്വത്തിന്റെ പാതയിൽ നവോന്മേഷത്തോടെ മുന്നേറുവാൻ ഒബ്ലേറ്റ്സ് ഓഫ് സെന്റ് ജോസഫ് സഭയിലെ (Oblates of Saint Joseph) സഹോദരങ്ങൾക്ക് ലഭിച്ച ഒരു അനുഗൃഹീത അവസരമായിരുന്നു ഈ വർഷം.

ഒ.എസ്.ജെ. സഭയുടെ 17-ാമത്തെ ജനറൽ ചാപ്റ്റർ കഴിഞ്ഞുള്ള ആദ്യവർഷമാണ്. ജനറൽ ചാപ്റ്ററിൽ സഭാസമൂഹത്തിന്റെ നവീകരണത്തിന് ആവശ്യമായ പ്രാർത്ഥനകളും ചർച്ചകളും നടന്നു. അതിൽ നിന്ന് ഉയർന്നുവന്ന ആശയങ്ങളിൽ ഒന്നാണ്, "ഉറവിടങ്ങളിലേക്ക് തിരിച്ചുപോകുക." സഭാസ്ഥാപകനായ വിശുദ്ധ ജോസഫ് മറെല്ലോ തന്റെ ജീവിതമാതൃകയായി സ്വീകരിച്ചതും തന്റെ ആത്മീക മക്കൾക്കു പകർന്നുനല്കിയതും യേശുവിന്റെ സംരക്ഷകനും വളർത്തുപിതാവുമായ വിശുദ്ധ യൗസേപ്പിനെയാണ്. ഇന്ന് സഭാമക്കളുടെ ജീവിത നവീകരണത്തിന് ആവശ്യമായ കാര്യങ്ങൾക്കായി "യൗസേപ്പിന്റെ അടുക്കലേയ്ക്ക് പോകുക" (Ite ad Joseph, go to Joseoph, Genum 41:55) എന്ന തിരുവചനചിന്തയാണ് ഈ വർഷാചരണത്തിന് കാരണമായത്.

## 2. വിശുദ്ധ യൗസേപ്പിതാവർഷത്തിന്റെ ലക്ഷ്യം

സഭാംഗങ്ങളുടെ ജീവിതനവീകരണമാണ് ഈ വർഷാചരണത്തിന്റെ ആദ്യലക്ഷ്യം. ജീവിതസമർപ്പണത്തിന്റെ മാതൃകയായ വിശുദ്ധനെക്കുറിച്ച് കൂടുതൽ അറിയുവാനും അനുകരിക്കുവാനുമുള്ള കർമ്മപദ്ധതികൾ ഒരു വർഷം നീളുന്ന ഈ പരിപാടിയിലുണ്ട്. കൂടാതെ വിശുദ്ധ യൗസേപ്പ് മറിയത്തോടൊപ്പം രക്ഷാകരപദ്ധതിയിൽ നിർവ്വഹിച്ച മഹത്തായ ദൗത്യത്തെക്കുറിച്ച് വിശ്വാസികളുടെ മുന്നിലും ലോകസമൂഹത്തിനു മുന്നിലും പ്രഘോഷിക്കുക എന്നൊരു ലക്ഷ്യവും ഇതിലുണ്ട്. പലവിധ പ്രതിസന്ധികളിലൂടെ കടന്നു പോകുന്ന ഇന്നിന്റെ മനുഷ്യന് സമാശ്വാസവും സംരക്ഷണവും മാർഗ്ഗനിർദ്ദേശവും നല്കാൻ വിശുദ്ധ യൗസേപ്പിന് കഴിയുമെന്ന വിശ്വാസം അദ്ദേഹത്തിന്റെ ജീവിതമാതൃക ഉയർത്തിക്കാണിക്കാൻ ഒ.എസ്.ജെ. സഭാംഗങ്ങൾക്കു പ്രചോദനമാണ്.

വിശുദ്ധ യൗസേപ്പിതാവർഷം ആചരിക്കുന്നതിനുള്ള ചില നിർദ്ദേശങ്ങൾ സഭയുടെ സുപ്പീരിയർ ജനറൽ, ഫാ. ജാൻ പെൽചാസ്കി നല്കിയിട്ടുണ്ട്. അതനുസരിച്ചുള്ള കർമ്മപരിപാടികൾ സഭ ആഗോളതലത്തിലും പ്രവിശ്യാതലത്തിലും ആവിഷ്കരിച്ചു. തിരുവചനത്തിന്റെയും ദൈവശാസ്ത്ര ചിന്തകളുടെയും സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളുടെയും സഭാപ്രബോധനങ്ങളുടെയും അടിസ്ഥാനത്തിൽ വിശുദ്ധനെക്കുറിച്ചു നടത്തിയ പഠനങ്ങൾ സമൂഹത്തിന്റെ ആത്മീകവളർച്ചയുടെ ചരിത്രഘട്ടമായിരുന്നു. വിശുദ്ധന്റെ

ജീവിതപുണ്യങ്ങളെയും ദൗത്യത്തെയും ആസ്പദമാക്കിക്കൊണ്ടുള്ള ധ്യാനങ്ങൾ - സമർപ്പിതർക്കും അല്മായർക്കും യുവതീയുവാക്കൾക്കുംവേണ്ടി നടത്തുകയുണ്ടായി. കൂടാതെ യുവജനങ്ങളെയും കുട്ടികളെയും ലക്ഷ്യമാക്കി ചില സാംസ്കാരിക കലാപരിപാടികളും ആവിഷ്കരിക്കുകയുണ്ടായി.

വിശുദ്ധ യൗസേപ്പിതാവിന്റെ വ്യത്യസ്തങ്ങളായ തിരുനാളുകൾ നാം ആഘോഷിക്കാറുണ്ട്. അതിൽ പ്രധാനമായിട്ടുള്ളത് സഭയിൽ പരമ്പരാഗതമായി മാർച്ച് 19-ന് ആചരിച്ചുപോരുന്ന മരണത്തിരുനാളാണ്. മറ്റൊന്ന് മെയ് 1-ന് ആചരിക്കുന്ന തൊഴിലാളിമദ്ധ്യസ്ഥന്റെ തിരുനാളും. വേറൊന്ന് നാം സഭാതലത്തിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി പ്രത്യേക അനുവാദത്തോടെ ജനുവരി 23-ന് ആഘോഷിക്കുന്നത് വിശുദ്ധ യൗസേപ്പിതാവിന്റെയും പരിശുദ്ധ കന്യാമറിയത്തിന്റെയും വിവാഹദിവസമാണ്. കൂടാതെ ക്രിസ്തുമസ് കഴിഞ്ഞുവരുന്ന ഞായറാഴ്ച ആചരിക്കുന്ന തിരുക്കുടുംബത്തിന്റെ തിരുനാളും ഏവർക്കും പ്രിയങ്കരമാണ്.

## 3. പാപ്പാ ഫ്രാൻസിസ് ഒ.എസ്.ജെ. സഭാംഗങ്ങളോട്....!

ഒ.എസ്.ജെ. സഭയുടെ 17-ാമത്തെ ജനറൽ ചാപ്റ്റർ കഴിഞ്ഞതിന്റെ പിറ്റേദിവസം, അതായത് 2018 ആഗസ്റ്റ് 31-ന്, വത്തിക്കാനിലെ ക്ലെമെന്റെൻ ഹാളിൽവച്ച് സഭയുടെ പ്രത്യേക സമ്മേളനത്തെ (General Chapter) പരിശുദ്ധ പിതാവ് പാപ്പാ ഫ്രാൻസിസ് ഒരു കൂടിക്കാഴ്ചയിൽ അഭിസംബോധന ചെയ്യുകയുണ്ടായി. അന്ന് പാപ്പാ നല്കിയ സന്ദേശത്തിൽ സഭാസ്ഥാപകനായ വിശുദ്ധ ജോസഫ് മറെല്ലോയുടെ സിദ്ധിയെയും ദൗത്യത്തെയും അനുസ്മരിച്ചുകൊണ്ട് പറഞ്ഞത്, വിശുദ്ധ യൗസേപ്പിന്റെ ജീവിതശൈലിയും ആത്മീക ചൈതന്യവും പ്രവർത്തനാദർശങ്ങളും സഭാമക്കളുടെ ജീവിതത്തിലും പ്രവർത്തനങ്ങളിലും പുനരാവിഷ്കരിക്കുവാനാണ്. തിരുക്കുടുംബപാലകന്റെ കുലീനവും എന്നാൽ ലളിതവും കർമ്മനിരതവുമായ ജീവിതശൈലിയെ അനുകരിച്ചുകൊണ്ടാണ് ഈ പുനരാവിഷ്കരണം യാഥാർത്ഥ്യമാക്കേണ്ടത്. പാപ്പായുടെ ഈ വാക്കുകളും യൗസേപ്പിതാവിനോടുള്ള സ്നേഹവും വണക്കവും ഒ.എസ്.ജെ സഭയ്ക്ക് വലിയ പിന്തുണയും പ്രോത്സാഹനവുമാണ്.

## 4. യൗസേപ്പിതാവ് ഫ്രാൻസിസ് പാപ്പായുടെ ജീവിതത്തിൽ

പാപ്പാ ഫ്രാൻസിസ് ആഗോളസഭയുടെ അജപാലനദൗത്യം ആരംഭിക്കുന്നത് വിശുദ്ധ യൗസേപ്പിതാവിന്റെ മഹോത്സവദിനമായ മാർച്ച് 19-നാണ്. ആ ഒരനുഭവം വലിയ അനുഗ്രഹമായി അദ്ദേഹം കണ്ടു. അതിനു നന്ദിപറഞ്ഞുകൊണ്ടാണ് സ്ഥാനാരോഹണനാളിലെ സന്ദേശം അദ്ദേഹം തുടങ്ങിയത്. വിശുദ്ധ യൗസേപ്പിതാവ് യേശുവിന്റെയും മറിയത്തിന്റെയും കാവൽക്കാരനും സംരക്ഷകനുമാണെന്ന് പാപ്പാ അനുസ്മരിച്ചു. രക്ഷകന്റെ സംരക്ഷകൻ (Redemptoris Custos) എന്ന അപ്പസ്തോലിക പ്രബോധനത്തിൽ വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ അടിവരയിട്ട് പറയുന്നതുപോലെ, ഉണ്ണിയേശുവിനെയും മറിയത്തെയും പോറ്റിവളർത്തിയ വിശുദ്ധ യൗസേപ്പിതാവ് ആഗോളസഭയുടെ മുഴുവൻ കാവൽക്കാരനും സംരക്ഷകനുമായി മാറുന്നുവെന്ന് ഫ്രാൻസിസ് പാപ്പാ അനുസ്മരിച്ചു.

വിശുദ്ധ യൗസേപ്പിതാവിനോട് ഫ്രാൻസിസ് പാപ്പായ്ക്കുള്ള ഭക്തിയും വണക്കവും അദ്ദേഹം അർജന്റീനയിലെ ബ്യൂണസ് ഐറിസ് അതിരൂപതയുടെ മെത്രാപ്പോലീത്തയായിരിക്കവേ ഉപയോഗിച്ചിരുന്ന സ്ഥാനികചിഹ്നത്തിൽ ഉണ്ടായിരുന്നു. അത് അദ്ദേഹം പാപ്പാ സ്ഥാനമേറ്റപ്പോഴും വീണ്ടും സ്ഥാനികചിഹ്നത്തിൽ ചേർക്കുകയുണ്ടായി. ഇത് അദ്ദേഹത്തിന് വിശുദ്ധനോടുള്ള സ്നേഹവും വണക്കവും എത്ര ആഴത്തിലുള്ളതാണെന്ന് പ്രകടമാക്കുന്നു.

ആഗോളസഭയിൽ പാപ്പാ ഫ്രാൻസിസ് നടത്തിയ ശ്രദ്ധേയമായ ഒരു തീരുമാനം ദിവ്യബലിയിലെ കാനോനികപ്രാർത്ഥനയിൽ വരുത്തിയ മാറ്റമാണ്. പരിശുദ്ധ കന്യകാമറിയത്തിന്റെ നാമത്തിനു പിന്നാലെ വിശുദ്ധ യൗസേപ്പിതാവിന്റെ നാമം കൂടെ ചേർക്കുവാനും അനുദിനം അനുസ്മരിക്കുവാനും പ്രത്യേക ഡിക്രിയിലൂടെ (Paterna Vices) സഭയോട് ആവശ്യപ്പെടുകയുണ്ടായി.

2013 ജൂലൈ മാസത്തിൽ വത്തിക്കാൻ സിറ്റിയുടെ ഭരണകാര്യാലയം വിശുദ്ധ യൗസേപ്പിതാവിന്റെ സംരക്ഷണയ്ക്ക് സമർപ്പിക്കുകയുണ്ടായി. അങ്ങനെ വത്തിക്കാനിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും വിശുദ്ധനെ മാതൃകയും പ്രത്യേക മദ്ധ്യസ്ഥനുമായി പാപ്പാ ഫ്രാൻസിസ് നല്കി.

പാപ്പായുടെ മുറിയിൽവച്ചിരിക്കുന്ന "കിടന്നുറങ്ങുന്ന യൗസേപ്പിതാവിന്റെ" രൂപം അത്യപൂർവ്വമാണ്. താൻ അനുദിനം അഭിമുഖീകരിക്കുന്ന സഭയുടെ പ്രശ്നങ്ങൾ എഴുതി ഈ രൂപത്തിന്റെ കീഴെ സമർപ്പിക്കുന്നതിനെക്കുറിച്ച് പാപ്പാ പലവട്ടം പരസ്യമായി പങ്കുവയ്ക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

പാപ്പാ ഫ്രാൻസിസിന്റെ ചാക്രികലേഖനത്തിലും അപ്പസ്തോലിക പ്രബോധനങ്ങളിലും വിശുദ്ധ യൗസേപ്പിതാവിന്റെ നാമം എടുത്തുപറയുന്നുണ്ട്. ഇവയെല്ലാം സൂചിപ്പിക്കുന്നത് തിരുക്കുടുംബപാലകനോട് പത്രോസിന്റെ പിൻഗാമിക്കുള്ള സ്നേഹവും ഭക്തിയും സിദ്ധന്റെ മദ്ധ്യസ്ഥതയിലുള്ള ഉറച്ച വിശ്വാസവുമാണ്.

## 5. വിശുദ്ധ യൗസേപ്പ് സഭാചരിത്രത്തിൽ

സഭാപിതാക്കന്മാരും ചരിത്രകാരന്മാരും വിശുദ്ധ യൗസേപ്പിതാവിനെക്കുറിച്ച് അത്ര പ്രകടമായി തങ്ങളുടെ കൃതികളിൽ പ്രതിപാദിക്കുന്നത് കാണുന്നില്ല. വിശുദ്ധഗ്രന്ഥത്തിലെ ചില ഭാഗങ്ങൾ വ്യാഖ്യാനിക്കുമ്പോൾ സന്ദർഭികമായി അവർ വിശുദ്ധ യൗസേപ്പിതാവിനെക്കുറിച്ച് പറയുന്നുവെന്നേയുള്ളൂ. എന്നാൽ ആ ചെറിയ സംഭവങ്ങൾ, സിദ്ധൻ രക്ഷയുടെ ചരിത്രത്തിൽ കണ്ണിയായ വലിയ ഉത്തരവാദിത്വത്തിലേക്ക് വിരൽ ചൂണ്ടുന്നു. വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പാ "രക്ഷകന്റെ സംരക്ഷകൻ" (Redemptoris Custos) എന്ന അപ്പസ്തോലിക പ്രബോധനം ആരംഭിക്കുന്നത് ഇങ്ങനെയാണ്: "എപ്രകാരം യൗസേപ്പ് മറിയത്തെ സ്നേഹത്തോടെ ശുശ്രൂഷിക്കുകയും യേശുവിനെ സന്തോഷത്തോടും അർപ്പണത്തോടുംകൂടെ കാത്തുസംരക്ഷിക്കുകയും ചെയ്തുവെന്ന് സുവിശേഷങ്ങളിൽനിന്ന് പ്രചോദനം സ്വീകരിച്ച് ആദ്യനൂറ്റാണ്ടുകൾ മുതൽക്കേ സഭാപിതാക്കന്മാർ ഊന്നിപ്പറഞ്ഞിട്ടുണ്ട്" (RC 1). മേല്പറഞ്ഞ അപ്പസ്തോലികപ്രബോധനത്തിന്റെ മുപ്പതാംവർഷം ഓർമ്മിച്ചുകൊണ്ടുകൂടിയാണ് ഒ.എസ്.ജെ. സന്ന്യാസസഭ യൗസേപ്പിതാവിന്റെ വർഷം ആചരിച്ചതെന്ന കാര്യം ഇവിടെ അനുസ്മരണീയമാണ്.

ലിയോ പതിമൂന്നാമൻ പാപ്പായുടെ "ഭാഗ്യപ്പെട്ട യൗസേപ്പേ" (Quamquam Pluries) എന്ന ചാക്രികലേഖനത്തിന്റെ നൂറാം വർഷത്തിലാണ് 'രക്ഷകന്റെ സംരക്ഷകൻ" (Redemptoris Custos) എന്ന അപ്പസ്തോലിക പ്രബോധനം പുറത്തിറങ്ങിയത്. കാലത്തിന്റെ പൂർണ്ണതയിൽ മനുഷ്യനായി അവതരിച്ച ദൈവപുത്രനായ യേശുവിനെ

പിതാവെന്ന നിലയിൽ ശുശ്രൂഷിക്കുവാനും രക്ഷാകരദൗത്യത്തിനായി വളർത്തുവാനും ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട യൗസേപ്പ്, മറിയത്തോടൊപ്പം രക്ഷകന്റെ വളർത്തുപിതാവും കാവൽക്കാരനുമായി (RC 8).

"രക്ഷാകരപദ്ധതിയുടെ ശുശ്രൂഷകൻ" എന്ന നിലയിൽ വി. യൗസേപ്പ് നിർവ്വഹിച്ച ഉത്തരവാദിത്വങ്ങൾ താഴെ അനുസ്മരിക്കുന്നു: മറിയത്തിന്റെ ഭർത്താവാകാൻ നിയുക്തനായി. വിശുദ്ധ ജോൺ ക്രിസോസ്റ്റം പറയുന്നത് മറിയത്തെ ഭാര്യയായി സ്വീകരിക്കുകവഴി വി. യൗസേപ്പ് രക്ഷാകരദൗത്യത്തിന്റെ മുഴുവൻ ശുശ്രൂഷകനായി മാറി എന്നാണ്. വിവാഹ ഉടമ്പടിവഴി മറിയത്തോട് ചേർന്നുനിന്ന് ദൈവികരഹസ്യത്തിന്റെ കാവൽക്കാരനായി മാറി. രക്ഷയുടെ നിധി കാത്തുസൂക്ഷിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനുംവേണ്ടി തന്റെ ആയുസ്സും ആരോഗ്യവും സകല കഴിവുകളും ഔസേപ്പ് വിനിയോഗിച്ചു.

പിതാവെന്ന നിലയിൽ ദൈവപുത്രനെ ലോകത്തിന് ക്രമേണ പരിചയപ്പെടുത്തുന്നതിനും സമൂഹത്തിൽ അവതരിപ്പിക്കുന്നതിനുമുള്ള കടമ വി. യൗസേപ്പ് ഏറ്റെടുത്തു. ഈ ഉത്തരവാദിത്വം അദ്ദേഹം നിശ്ശബ്ദമായി നിർവ്വഹിച്ചുവെന്ന് സുവിശേഷങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. ദാവീദ്‌വംശത്തിന്റെ പൈതൃകം യേശുവിന് പകർന്നു നല്കുന്നതും വിശുദ്ധ യൗസേപ്പാണ്. യഹൂദപാരമ്പര്യത്തിൽ മിശിഹായായി അംഗീകരിക്കപ്പെടുന്നതിന് ദാവീദിന്റെ വംശത്തിൽ ജനിക്കുക എന്നത് അത്യന്താപേക്ഷിതമായിരുന്നു. കന്യകാജാതനായ ദൈവപുത്രന്റെ മനുഷ്യാവതാരത്തിന് വിശുദ്ധ യൗസേപ്പ് സാക്ഷിയുമായിരുന്നു.

റോമൻസാമ്രാജ്യത്തിന്റെ ജനസംഖ്യാകണക്കെടുപ്പിൽ പേരുചേർക്കുകവഴി ലോകസമൂഹത്തിലേക്ക് യേശുവിനെ അവതരിപ്പിച്ചു. പരിച്ഛേദനകർമ്മംവഴി അവിടത്തെ യഹൂദസമൂഹത്തിലെ അംഗമായി വളർത്തി. യേശുവെന്ന നാമം നല്കിക്കൊണ്ട് മനുഷ്യാവതാരം ചെയ്ത ദൈവപുത്രൻ ലോകരക്ഷകനാണ് എന്ന ദൗത്യം ലോകത്തെ അറിയിച്ചു. നിയമാനുസൃതമായ കർമ്മങ്ങൾ നിറവേറ്റിക്കൊണ്ട് ആദ്യജാതനെ യഹൂദ ആചാരപ്രകാരം ദൈവാലയത്തിൽ സ്വർഗ്ഗപിതാവിനു സമർപ്പിച്ചു. ഹേറോദേസിന്റെ വധഭീഷണിയിൽനിന്ന് യേശുവിനെ രക്ഷിച്ച, ഈജിപ്തിലെ പ്രവാസകാലത്ത് വി. യൗസേപ്പ് രക്ഷകനു കരുതലും കാവലുമായിരുന്നു. വീണ്ടും ഇസ്രായേൽദേശത്തേക്ക് പോവു

കയും നസ്രത്തിൽ താമസിച്ചുകൊണ്ട് യേശുവിനെ “നസ്രായൻ” എന്ന വിശേഷണത്തിന് അർഹനാക്കുകയും ചെയ്തു.

നസ്രത്തിലെ ജീവിതകാലത്ത് ആവശ്യമായതെല്ലാം നല്കിക്കൊണ്ട് വളർത്തി. വിശ്വാസവും പൗരധർമ്മങ്ങളും തൊഴിലും പരിശീലിപ്പിച്ചു. “തച്ചന്റെ മകൻ” എന്ന വിളിപ്പേരിന് കാരണമായി. ചുരുക്കത്തിൽ യേശുവിന്റെ രഹസ്യജീവിതത്തിന്റെ എല്ലാ അനുഭവങ്ങളിലും അവിടുത്തെ ശുശ്രൂഷകനായി മാറി, വിശുദ്ധ യൗസേപ്പ്. അങ്ങനെ “നീതിമാൻ” എന്ന വിശേഷണത്തിനും പുകഴ്ച്ചയ്ക്കും നസ്രത്തിലെ യൗസേപ്പ് അർഹനായെന്ന് സഭാപണ്ഡിതനായ വിശുദ്ധ ബർണാഡ് രേഖപ്പെടുത്തുന്നു.

അപ്പസ്തോലികസഭയുടെ ഈ സാക്ഷാത്കാരത്തോട് ക്രിസ്തീയവിശ്വാസസമൂഹം മുഴുവൻ യോജിക്കുന്നു. അങ്ങനെ സഭ മുഴുവൻ യേശുവിന്റെയും മറിയത്തിന്റെയും വിശ്വസ്ത കാവല്ക്കാരനായി യൗസേപ്പിനെ ആദരിക്കുന്നു. ഒപ്പം അദ്ദേഹത്തെ, നിശ്ശബ്ദമായ ആന്തരിക ജീവിതത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും മാതൃകയായും കാണുന്നു. ഔദ്യോഗിക പ്രബോധനങ്ങളിൽ എല്ലാ പാപ്പാമാരും വി. യൗസേപ്പിനെ തിരുസ്സഭയുടെ പാലകനായി ആദരിക്കുകയും വണങ്ങുകയും ചെയ്യണമെന്ന് ഉദ്ബോധിപ്പിക്കുന്നുണ്ട്. രക്ഷാകരകർമ്മത്തിൽ വിനയത്തോടും വിശ്വസ്തതയോടുംകൂടെ ശുശ്രൂഷ ചെയ്ത വിശുദ്ധ യൗസേപ്പ് ലോകസമൂഹത്തിന് മാതൃകയും എന്നാൽ രക്ഷാകരചരിത്രത്തിൽ ദൈവികപദ്ധതിയുടെ പിന്നണിക്കാരനും നിശ്ശബ്ദ സേവകനുമായിരുന്നു.

## 6. ചരിത്രത്തിൽ വിശുദ്ധനോടുള്ള വണക്കം

തിരുസ്സഭയുടെ ആദ്യ നൂറ്റാണ്ടുകളിൽത്തന്നെ വിശുദ്ധ യൗസേപ്പിനോടുള്ള വണക്കവും ഭക്തിയും പ്രചരിച്ചിരുന്നു. ആദ്യകാല രചനകളിൽ പൗരസ്ത്യസഭകളിലാണ് ഇതിന്റെ രേഖകൾ നാം ആദ്യം കാണുന്നത്. യഹൂദവിശ്വാസത്തിൽനിന്നുവന്ന “യഹൂദക്രിസ്ത്യൻ കമ്മ്യൂണിറ്റിയിൽ” വിശുദ്ധന്റെ തിരുനാൾ ആഘോഷിച്ചിരുന്നതായി കാണുന്നുണ്ട്. കൃത്യമായി പറഞ്ഞാൽ അവരുടെ കലണ്ടറനുസരിച്ച് ആദ്യമാസമായ “അബീബി”ന്റെ 26-ാം തീയതിയാണ് ഈ തിരുനാൾ ആചരിച്ചിരുന്നത്. അതായത്, ഗ്രിഗോറിയൻ കലണ്ടർ പ്രകാരം ജൂലൈ 20 മുതൽ ആഗസ്റ്റ് 2 വരെയുള്ള ദിവസങ്ങളിലായിരുന്നു.

10-ാം നൂറ്റാണ്ടിലെ ക്രിസ്തുമസ് ദിനത്തിൽ പൂജരാജാക്കന്മാരുടെയും യൗസേപ്പിന്റെയും തിരുനാൾ ആചരിച്ചിരുന്നതായി കാണാം. ചിലയിടങ്ങളിൽ ഡിസംബർ 26-ന് മറിയത്തിന്റെയും യൗസേപ്പിന്റെയും തിരുനാൾ ആചരിച്ചിരുന്നതായി രേഖകളിൽ കാണുന്നുണ്ട്. പാശ്ചാത്യ സഭകളിൽ 9-ാം നൂറ്റാണ്ടുമുതൽ വിശുദ്ധനോടുള്ള വണക്കത്തെയും തിരുനാളുകളെയുംകുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. പന്ത്രണ്ടാം നൂറ്റാണ്ടിലുപയോഗിച്ചിരുന്ന വിശുദ്ധവാര തിരുക്കർമ്മത്തിലെ പെസഹാ ജാഗരത്തിൽ ഉപയോഗിച്ചിരുന്ന സകലവിശുദ്ധരുടെ പ്രാർത്ഥനാമാലയിൽ (Litany of All Saints) വി. യൗസേപ്പിന്റെ നാമം ആദ്യമായി ഉപയോഗത്തിൽ വന്നിട്ടുണ്ട്. കർമ്മലീത്ത, ഡൊമിനിക്കൻ, ഫ്രാൻസിസ്ക്കൻ മുതലായ സന്ന്യാസസമൂഹങ്ങൾ അവരുടെ പ്രാർത്ഥനകളിൽ വിശുദ്ധ യൗസേപ്പിന് വലിയ സ്ഥാനം നല്കിയിരുന്നു.

പിന്നീട് 15-ാം നൂറ്റാണ്ടിൽ റോമാനഗരത്തിൽ വിശുദ്ധ ചോൾസോയുടെ പള്ളി കേന്ദ്രീകരിച്ച് പാലകനായ വിശുദ്ധ യൗസേപ്പിന്റെ തിരുനാൾ ആചരിച്ചിരുന്നതായി കാണുന്നു. ഈ തിരുനാൾ തിരുസ്സഭയിൽ മുഴുവൻ ആചരിക്കണമെന്ന് 1847-ൽ 9-ാം പീയൂസ് പാപ്പാ ആഹ്വാനം ചെയ്തു. അതിനുശേഷം 1870 ഡിസംബർ 8-ന് അദ്ദേഹം വിശുദ്ധ യൗസേപ്പിനെ "ദൈവത്താൽ പരിചോദിതം" (Quemadmodum Deus) എന്ന ഡിക്രിവഴി തിരുസ്സഭയുടെ സംരക്ഷകനായി പ്രഖ്യാപിച്ചു. ഈ ഔദ്യോഗിക പ്രഖ്യാപനം വിശ്വാസികളുടെ ഇടയിൽ യൗസേപ്പിതാവിനോടുള്ള ഭക്തിയും വണക്കവും കൂടുതൽ വളരുന്നതിനും പ്രചരിക്കുന്നതിനും ഇടയാക്കി. തുടർന്ന് ഈ വണക്കം യൂറോപ്പിൽ നിന്ന് ഏഷ്യാ, ആഫ്രിക്ക, ആസ്ട്രേലിയ എന്നീ ഭൂഖണ്ഡങ്ങളിലേക്ക് പ്രചരിക്കുന്നതിന് സന്ന്യസ്തരും മിഷണറിമാരും വലിയ പങ്ക് വഹിച്ചിട്ടുണ്ട്.

9-ാം പീയൂസ് പാപ്പായ്ക്ക് ശേഷം തിരുസ്സഭയെ നയിക്കാൻ നിയുക്തനായ ലെയോ 13-ാമൻ പാപ്പായാണ് വിശുദ്ധ യൗസേപ്പിനോടുള്ള വണക്കവും സ്നേഹവും പ്രചരിപ്പിച്ച മറ്റൊരു പുണ്യാത്മാവ്. അദ്ദേഹത്തിന്റെ വളരെ പ്രധാനപ്പെട്ട പ്രബോധനമാണ് അഥവാ ചാക്രികലേഖനമാണ് "ഭാഗ്യപ്പെട്ട യൗസേപ്പേ!" (Quamquam Pluries). അതിൽ ഈ വണക്കത്തിന്റെ ദൈവശാസ്ത്രപരമായ അടിസ്ഥാനത്തെക്കുറിച്ച് വ്യാഖ്യാനിക്കുകയും തിരുസ്സഭയുടെ പാലകനാകാൻ ഏറ്റവും അർഹനായ വ്യക്തിത്വമാണ് വിശുദ്ധ യൗസേപ്പിന്റേ

തെന്ന് പഠിപ്പിക്കുകയും ചെയ്തു. തുടർന്ന് സഭയെ നയിക്കുന്നതിന് നിയുക്തരായ പാപ്പാമാർ എല്ലാവരും, സഭാമക്കൾ വിശ്വാസത്തിൽ വളരുന്നതിന് തിരുക്കുടുംബപാലകനെ മാതൃകയാക്കാനും അദ്ദേഹത്തിന്റെ മാധ്യസ്ഥ്യസഹായം തേടാനും പ്രബോധിപ്പിച്ചിട്ടുണ്ട്. യേശു വളർന്ന നസ്രത്തിലെ തിരുക്കുടുംബത്തിന്റെ പാലകനായി വിശുദ്ധ യൗസേപ്പ് മറിയത്തോട് ചേർന്നു നില്ക്കുന്നതായിട്ടാണ് എക്കാലത്തും സഭ പ്രബോധിപ്പിച്ചിട്ടുള്ളത്.

## 7. വിശുദ്ധനോടുള്ള ജനകീയഭക്തി

യേശുവിന്റെയും മറിയത്തിന്റെയും സ്നേഹശുശ്രൂഷകൾ സ്വീകരിച്ച് ഈ ലോകത്തോട് വിടപറയാൻ ഭാഗ്യം ലഭിച്ച വിശുദ്ധ യൗസേപ്പിനെ നന്മരണമദ്ധ്യസ്ഥനായി വിശ്വാസികൾ വണങ്ങുന്നു. കന്യകാമറിയത്തിന്റെ ഭർത്താവും കാവല്ക്കാരനുമായി രക്ഷാകരപദ്ധതിയിലൂടെ കടന്നുവന്ന ഈ പുണ്യപിതാവിനെ കന്യാവ്രതക്കാരുടെ കാവല്ക്കാരനായി എക്കാലത്തും സന്ന്യസ്തർ സ്വീകരിക്കുന്നു. വീണ്ടും നസ്രത്തിലെ കുടുംബത്തെ ദൈവേഷ്ടപ്രകാരം പരിപാലിച്ച വിശുദ്ധ യൗസേപ്പിനെ ലോകമെമ്പാടുമുള്ള കുടുംബങ്ങളുടെ കാവല്ക്കാരനുമായി വണങ്ങുന്നു. കുടുംബപ്രാർത്ഥനകൾ, ബുധനാഴ്ചയാചരണം, വിശുദ്ധ യൗസേപ്പിതാവിന്റെ സങ്കടങ്ങളും സൗഭാഗ്യങ്ങളും എന്നിവ ധ്യാനിച്ചുകൊണ്ടുള്ള പ്രാർത്ഥനകൾ, തിരുനാളുകൾ, മുതലായവ ക്രമേണ പ്രാബല്യത്തിൽവന്നു. കൂടാതെ സ്ഥാപനങ്ങൾ, പ്രേഷിതകൂട്ടായ്മകൾ, ഭക്തസംഘടനകൾ മുതലായവയും വിശുദ്ധ യൗസേപ്പിനെ തങ്ങളുടെ മദ്ധ്യസ്ഥനും സംരക്ഷകനുമായി വണങ്ങുവാൻ തുടങ്ങി.

## 8. ഉപസംഹാരം

വിശുദ്ധന്റെ ജീവിതത്തെയും ദൗത്യത്തെയുംകുറിച്ച് ചിന്തിക്കുമ്പോൾ മനസ്സിൽ തെളിയുന്നത് വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ ഒന്നാം അദ്ധ്യായത്തിലെ 20 മുതലുള്ള വാക്യങ്ങളാണ്. "ദാവീദിന്റെ പുത്രനായ യൗസേപ്പേ, മറിയത്തെ ഭാര്യയായി സ്വീകരിക്കുവാൻ ഭയപ്പെടേണ്ട. അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽ നിന്നാണ്. അവൾ ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു (രക്ഷകൻ) എന്ന് പേരിടണം" (മത്തായി. 1: 20-21). ഈ ദൗത്യം ശിരസ്സിലേറ്റി സ്വയം മറന്നുള്ള സമർപ്പണമാണ് വിശുദ്ധ യൗസേപ്പിന്റെ ജീവിതം. ഇത് ഇന്നിന്റെ മനുഷ്യനുള്ള സന്ദേശമാണ്.

മനുഷ്യൻ ജീവിതത്തിന്റെ കേന്ദ്രമായി സ്വയം പ്രതിഷ്ഠിച്ച് അതിനുവേണ്ടി മറ്റുള്ളവരോടുള്ള ബന്ധത്തെ ക്രമീകരിക്കുന്ന ജീവിതമനോഭാവമാണ് ഇന്ന് നിലവിലുള്ളത്. തന്റെ സ്വാർത്ഥതയിൽ നിന്ന് പുറത്തുവരുവാനും ദൈവത്തെ കേന്ദ്രീകരിച്ച് ജീവിക്കുവാനും അങ്ങനെ ജീവിതത്തിന്റെ അർത്ഥവും ലക്ഷ്യവും കണ്ടെത്തുവാനും സഹജീവികളോടും പ്രപഞ്ചത്തോടും ശരിയായ ബന്ധം സ്ഥാപിക്കുവാനും സഹോദരങ്ങളുടെ കാവൽക്കാരനാകുവാനും വിശുദ്ധ യൗസേപ്പ് തന്റെ വ്യക്തിത്വംകൊണ്ട് ഏവർക്കും പ്രചോദനം നല്കുന്നു.

ദൈവം തന്റെ രക്ഷണീയപദ്ധതിയിൽ നസ്രത്തിലെ കുടുംബത്തിന്റെ തലവനും പാലകനുമായി തിരഞ്ഞെടുത്ത വ്യക്തിയാണ് പുതിയ നിയമത്തിലെ വി. യൗസേപ്പ്. ഈ ദൗത്യം വിശുദ്ധിയോടും വിശ്വസ്തതയോടും ത്യാഗത്തോടുംകൂടെ അദ്ദേഹം പൂർത്തിയാക്കി. ഇന്നിന്റെ ജീവിതസാഹചര്യങ്ങളിൽ വിവിധതരത്തിലും തലത്തിലും ക്ലേശങ്ങൾ അനുഭവിക്കുന്ന മനുഷ്യന് ആശ്വാസവും സാന്ത്വനവും നല്കുവാൻ വിശുദ്ധ യൗസേപ്പിന് കഴിയുമെന്ന് പഠിപ്പിച്ചുകൊണ്ട് Ite ad Josephum "നിങ്ങൾ യൗസേപ്പിന്റെ പക്കലേക്ക് പോകുവിൻ!" എന്ന് സഭ ഏവരോടും ആഹ്വാനം ചെയ്യുന്നു.



## ലില്ലിപോലെ പുഷ്പിച്ചവൻ :

# നീതിമാനായ വിശുദ്ധ യൗസേഫ്

**മാത്യു ഇല്ലത്തുപറമ്പിൽ**

സ്വർഗ്ഗീയവിശേഷണങ്ങൾകൊണ്ട് വിശുദ്ധ യൗസേപ്പിനെ അലങ്കരിച്ചാദരിക്കുന്നതാണ് അദ്ദേഹത്തിന്റെ പേരിലുള്ള ലുത്തിനിയ. ഈ വാഴ്ത്തലുകളിൽ ഒന്നുപോലും അപ്രസക്തമല്ല. എങ്കിലും അദ്ദേഹത്തിന് ലഭിച്ച അനേകം വിശേഷണങ്ങളിൽ ഒരെണ്ണത്തിന്മേൽ ദൈവികവെളിപാടിന്റെ വിൺവെട്ടം വീണുകിടപ്പുണ്ട്. വേദപുസ്തകത്തിൽ നിന്ന് കടംകൊണ്ട നീതിമാൻ എന്ന പ്രയോഗമാണത്. യൗസേപ്പിതാവ് നീതിമാനായിരുന്നു എന്നുപറയുന്നതിന്റെ അർത്ഥവും അദ്ദേഹം നീതിമാനായിത്തീർന്ന വഴികളുമാണ് നാമിവിടെ തിരയുന്നത്.

യൗസേപ്പിതാവ് എന്ന വ്യക്തിയും അദ്ദേഹത്തിന്റെ നീതിബോധവും നമുക്കു പിടിതരണമെന്നുണ്ടെങ്കിൽ അദ്ദേഹത്തെ പരിശുദ്ധ കന്യാമറിയത്തോടും ഈശോയോടും ചേർത്തുവായിക്കണം. മറിയ

ത്തോടും ഈശോയോടും ബന്ധപ്പെടുത്താതെ യൗസേപ്പിതാവിനെക്കുറിച്ച് സുവിശേഷങ്ങൾ പരാമർശിക്കുന്നില്ല. മറിയവും ഈശോയും ചേർന്നാണ് നീതിമാനായ യൗസേപ്പിന്റെ ജീവിതചിത്രം പൂർത്തിയാക്കുന്നത്. അതിനാൽ നമ്മുടെ ഈ അന്വേഷണത്തിലും യൗസേപ്പിതാവിനെ നാം ഒറ്റക്ക് നിറുത്തുകയില്ല.

## 1. യൗസേപ്പിന്റെ നീതിസാരം

ആരുടെയും അവകാശങ്ങൾ ലംഘിക്കാത്തവനെ നീതിമാൻ എന്നുവിളിക്കുന്നതാണ് നമ്മുടെ നടപ്പുരീതി. എന്നാൽ വേദപുസ്തകം വളരെ ചുരുക്കംപേർക്ക്മാത്രം ചാർത്തിക്കൊടുക്കുന്ന വിലപ്പെട്ട വിശേഷണമാണ് നീതിമാൻ എന്നത്. വിശുദ്ധ യൗസേപ്പിനു പുറമേ ഈ വിശേഷണം സിദ്ധിച്ചവരുടെ പട്ടിക പരിശോധിച്ചാൽ ഈ പ്രയോഗത്തിന്റെ അർത്ഥവും ഔന്നത്യവും മനസ്സിലാകും: പഴയനിയമത്തിൽ നിന്ന് നോഹയും (ഉൽപ 6:9) ജോബും (ജോബ് 12:4) പുതിയനിയമത്തിൽനിന്ന് സ്നാപകയോഹന്നാനും (മർക്കോ 6:20) ഈശോയും (മത്താ 27:19). നീതിയുടെ പ്രവൃത്തികൾ ചെയ്തയാൾ എന്ന നിലയ്ക്കല്ല ഈ പ്രയോഗം. അതിലുപരിയായി ആ വ്യക്തിയുടെ പൊതുവായ ശ്രേഷ്ഠതയാണ് ഈ വാക്കിൽ സൂചിതമാകുന്നത്.

മറിയത്തെ "നന്മ നിറഞ്ഞവളേ" എന്ന് ദൈവദൂതൻ വിളിച്ചു (ലൂക്ക 1:28). അതിനു സമാന്തരമായാണ് നീതിമാൻ എന്ന് വിശുദ്ധ ഗ്രന്ഥം യൗസേപ്പിതാവിനെ വിളിക്കുന്നത് (മത്താ 1:19). എല്ലാ പുണ്യങ്ങളും വിളങ്ങിനിന്നതുകൊണ്ടാണ് അദ്ദേഹം 'നീതിമാൻ' എന്നു വിളിക്കപ്പെട്ടത്. വിശുദ്ധ ജറോമിന്റെ സുചിന്തിതമായ അഭിപ്രായമാണിത്. നീതിമാൻ എന്നതിന്റെ അർത്ഥം പുണ്യസമ്പന്നൻ എന്നാണെന്ന് വിശുദ്ധ ജോൺ ക്രിസോസ്റ്റം എഴുതി. ജോബിനെ നീതിമാൻ എന്ന് വേദപുസ്തകം വിശേഷിപ്പിക്കുന്നതും ഇതുപോലെ സർവ്വഗുണവാനായ വ്യക്തി എന്ന നിലയ്ക്കാണ്.

യൗസേപ്പിതാവ് നീതിമാനായിരുന്നു എന്നതിന്റെ അർത്ഥം മനുഷ്യസാദ്ധ്യമായ രീതിയിൽ അദ്ദേഹം വിശുദ്ധനായിരുന്നു, പുണ്യപൂർണനായിരുന്നു എന്നാണ്. പരിശുദ്ധ മറിയം കഴിഞ്ഞാൽ യൗസേപ്പിനെപ്പോലെ ജീവിതപുണ്യങ്ങൾ നിറഞ്ഞുനിന്ന മറ്റൊരു വ്യക്തിയില്ല. അതിനാൽ മറ്റു വിശുദ്ധർക്ക് ലഭിച്ചിട്ടുള്ള ഒരു ദൈവകൃപയും യൗസേപ്പിന് അന്യമല്ല. ഇതിനുള്ള ന്യായം വിശുദ്ധ തോമസ് അക്വീനാസ് നല്കുന്നുണ്ട്. ദൈവം ഒരാളെ ഒരു നിയോഗം ഏല്പിക്കു

മ്പോൾ അത് നിർവ്വഹിക്കാനുള്ള കൃപയും അയാൾക്ക് നല്കും. എങ്കിൽ ഈശോയുടെ വളർത്തുപിതാവാകാനും അമലോത്ഭവമാതാവിന്റെ ഭർത്താവാകാനും തെരഞ്ഞെടുക്കപ്പെട്ടവന് അതിനനുസരിച്ചുള്ള ദൈവകൃപകൾ നല്കും. ഈശോയോടും കന്യാമറിയത്തോടും ഇത്രയും അടുത്തുജീവിച്ച മറ്റൊരു വ്യക്തിയില്ല. അതിനാൽ യൗസേപ്പിനെ കവിഞ്ഞൊരു വിശുദ്ധനുമില്ല. ലെയോ പതിമൂന്നാമൻ പാപ്പാ 1889-ൽ എഴുതി: സൃഷ്ടികളിൽ ഏറ്റവും ഉന്നതയായ മറിയത്തിന്റെ മഹത്വത്തിന് തൊട്ടുതാഴെ വിശുദ്ധ യൗസേപ്പിനെപ്പോലെ എത്തിയ മറ്റൊരു വ്യക്തിയില്ല.

മറ്റെല്ലാ വിശുദ്ധരെക്കാളും ഉന്നതമായ സ്ഥാനത്തിനർഹമാക്കുന്നതാണ് യൗസേപ്പിതാവിന്റെ നീതിയെങ്കിൽ സ്ത്രീകളിൽനിന്ന് ജനിച്ചവരിൽ സ്നാപകനെക്കാൾ വലിയവനില്ല എന്ന യേശുമൊഴി നാമെങ്ങനെ മനസ്സിലാക്കും? ലൂക്ക 7:28 പരിഗണിക്കുമ്പോൾ ഈശോയുടെ വാക്കുകളുടെ പശ്ചാത്തലം വ്യക്തമാണ്. മറ്റു പ്രവാചകന്മാരോട് താരതമ്യപ്പെടുത്തിയാണ് ഈശോ ഈ നിരീക്ഷണം നടത്തുന്നത്. അതായത്, മറ്റു പ്രവാചകന്മാർ രക്ഷകന്റെ വരവ് അറിയിച്ചു. സ്നാപകനാകട്ടെ, അവനെ ലോകത്തിനു മുന്നിൽ അവതരിപ്പിച്ചു. അതിനാൽ അവൻ മറ്റു പ്രവാചകരെക്കാൾ വലിയവനാണ്. എല്ലാ മനുഷ്യരെക്കാളും ശ്രേഷ്ഠനാണ് സ്നാപകൻ എന്നുപറഞ്ഞാൽ, അവൻ പരിശുദ്ധ മറിയത്തെക്കാളും ഉന്നതനാണെന്നുവരും. അതല്ല, ഈശോ ഉദ്ദേശിച്ചത്.

വിശുദ്ധ യൗസേപ്പിതാവിന്റെ വാക്കുകളൊന്നും സുവിശേഷത്തിലില്ല. അവൻ ചെയ്തതുമാത്രമേയുള്ളൂ. അവന്റ വാക്കുകളുടെ പേരിലല്ല അവൻ നീതിമാനായത്, പ്രവൃത്തികളുടെയും നിലപാടുകളുടെയും പേരിലാണ്. ഫലത്താൽ അറിയാൻ സാധിക്കുന്ന വൃക്ഷമാണവൻ (മർക്കോ 7:16). യൗസേപ്പിതാവിന്റെ നീതിസാരം വെളിവാക്കുന്ന മൂന്ന് ജീവിതമേഖലകൾ നാമിനി ചുരുക്കത്തിൽ പരിഗണിക്കുന്നു.

## 2. ഭാര്യയെ ഉപേക്ഷിക്കാൻ ഒരുമ്പെടുന്ന നീതിമാൻ

യൗസേപ്പ് നീതിമാനാകയാലും അവളെ അപമാനിക്കാൻ ഇഷ്ടപ്പെടായ്കയാലും മറിയത്തെ രഹസ്യത്തിൽ ഉപേക്ഷിക്കാൻ തീരുമാനിച്ചു. യൗസേപ്പിതാവ് നീതിമാനായിരുന്നു എന്ന് വിശുദ്ധ ഗ്രന്ഥം പറയുന്ന സന്ദർഭമാണിത്. ഒരു വിരോധാഭാസം അടങ്ങിയി

രിക്കുന്ന പ്രസ്താവനയാണിത്. കാരണം, അത്തരമൊരു സാഹചര്യത്തിൽ മറിയത്തെ ഉപേക്ഷിച്ചുപോകാൻ തീരുമാനിക്കുന്നതായിരുന്നോ നീതിപൂർവ്വകമായ പ്രവൃത്തി? എന്തുകൊണ്ടാകണം യൗസേപ്പ് മറിയത്തെ ഉപേക്ഷിക്കാൻ തീരുമാനിക്കുന്നത്?

നിയമാവർത്തനപുസ്തകം (22:23,24) അനുസരിച്ച്, ഭാര്യ അവിശ്വസ്തയാണെന്നറിഞ്ഞാൽ ഭർത്താവിന് അവളെ നിയമത്തിന് വിട്ടുകൊടുക്കാം. ബാക്കികാര്യം നിയമം നോക്കിക്കൊള്ളും. അവൾ കല്ലേറിഞ്ഞ് കൊല്ലപ്പെടും. ഇനി അതല്ല, അവൾ ലൈംഗിക അതിക്രമണത്തിനു വിധേയയായി ഗർഭിണിയായതാണെങ്കിൽ അവളെ ഒന്നും ചെയ്യരുത്. (നിയമാ. 22:26). മറിയം ഗർഭിണിയാണെന്നറിഞ്ഞപ്പോൾ ഒരു പിഴച്ച പെണ്ണിനോടെന്നപോലെ കാരുണ്യം കാണിച്ച് അവളെ കല്ലേറിഞ്ഞുകൊല്ലാൻ വിട്ടുകൊടുക്കാതെ യൗസേപ്പിതാവ് രംഗം വിടാൻ നോക്കി എന്നാണോ നാം മനസ്സിലാക്കേണ്ടത്? ഇതായിരുന്നോ അദ്ദേഹത്തിന്റെ നീതിയുടെ കാതൽ?

മറിയത്തെ വഴിതെറ്റിയ പെണ്ണായി യൗസേപ്പിതാവ് മനസ്സിലാക്കി എന്ന് അർത്ഥമില്ല. അവൾ പിഴച്ചുപോയി എന്ന് അദ്ദേഹം നിനയ്ക്കുകയില്ല. സംശയാതീതമായി നിഷ്കളങ്കയാണവൾ. കന്യക ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും എന്ന ഏശയ്യായുടെ പ്രവചനം (7:14, 11:1) വായിച്ചിട്ടുള്ള യൗസേപ്പ് അക്കാര്യം സംഭവിക്കും എന്ന വിശ്വസിക്കുകയല്ലാതെ മറിയം തെറ്റുകാരിയായി മാറി എന്ന് വിശ്വസിക്കുകയില്ല. പക്ഷേ, ദൈവത്തിന്റെ മഹാദ്ഭുതം മറനീക്കുന്ന മറിയത്തോടൊപ്പം താമസിക്കുന്നതിനെക്കാൾ അവളിൽനിന്ന് അകലാൻ അവൻ തീരുമാനിച്ചു. വിശുദ്ധ തോമസ് അക്വീനാസിന്റെ അഭിപ്രായമാണിത്. (Super Matt,1. nr. 117) ദൈവപുത്രൻ പിറക്കാൻപോകുന്ന ഭവനത്തിൽ വസിക്കാൻ തനിക്ക് യോഗ്യതയില്ലെന്ന് അദ്ദേഹം കരുതിയിട്ടുണ്ടാകും. ഇത് അത്ര അസ്വാഭാവികമായ സംഗതിയല്ല. അത്ഭുതകരമായ മീൻപിടുത്തത്തെത്തുടർന്ന് ഈശോയെ തിരിച്ചറിയുന്ന പത്രോസും ഇതേ രീതിയിലാണ് പെരുമാറിയത്. “കർത്താവേ, എന്നിൽനിന്നകന്ന് പോകണമേ; ഞാൻ പാപിയായ മനുഷ്യനാണ്” (ലൂക്ക 5:8). തനിക്ക് അർഹതയില്ലാത്ത ദൈവികമേഖലയിൽനിന്ന് പിൻവാങ്ങുന്നത് നീതിമാന്റെ ലക്ഷണമാണ്. പക്ഷേ ഇത്തരം നീതിബോധം കാണിക്കുന്നതുതന്നെ അയാളുടെ യോഗ്യതയായി ദൈവം കരുതും. അതിനാലാണ് ഭാര്യയെ സ്വീകരിക്കാൻ ശങ്കിക്കേണ്ട എന്ന് യൗസേപ്പിതാവിനോട് ദൈവം പറഞ്ഞത്.

## 3. ബ്രഹ്മചാരിയായ നീതിമാൻ

വിവാഹിതർ ദാമ്പത്യജീവിതം നയിക്കുന്നതാണ് നീതി. എന്നാൽ വിവാഹിതരുടെ ബ്രഹ്മചര്യജീവിതത്തിന് സമാനതകളില്ല. അതിൽ അസ്വാഭാവികതയുണ്ടുതാനും. മറിയത്തോടുചേർന്ന് ബ്രഹ്മചര്യ ജീവിതം നയിച്ച് യൗസേപ്പിതാവ് തന്റെ നീതി പൂർത്തിയാക്കി. പരിശു ദ്ധാത്മാവിനാൽ നീ ഗർഭിണിയാകും എന്നു ദൂതൻ അറിയിച്ചപ്പോൾ മറിയം ചോദിച്ചു, "ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ?" ഞാൻ പുരുഷനെ ഇതുവരെയും അറിഞ്ഞിട്ടില്ല എന്നല്ല, അവളുടെ ജീവിതതീരുമാനം എന്ന മട്ടിലാണ് ഇക്കാര്യം പറയുന്നത്. ഇതിന്റെ അർത്ഥം തന്റെ ഭർത്താവാകാൻ പോകുന്ന യൗസേപ്പിനെ അവൾക്ക് പരിചയമില്ല എന്നല്ല. മറിച്ച് നിത്യകന്യക യായി ജീവിക്കാനുള്ള നിശ്ചയമാണവൾ വെളിവാക്കുന്നത്.

ദൈവത്തിനു സ്വയം പൂർണ്ണമായി സമർപ്പിച്ച് വിവാഹത്തിൽ കന്യകയായി ജീവിക്കാനുള്ള നിശ്ചയം അവൾ യൗസേപ്പിനെ സ്വാഭാ വികമായിട്ടും അറിയിച്ചിട്ടുണ്ടാകണം. അത്തരം ആത്മീകൗന്നത്യം ഉണ്ടായിരുന്നതുകൊണ്ടാകണം യൗസേപ്പിതാവ് ഈ വിവാഹത്തിന് സമ്മതിച്ചതും. കാരണം, മക്കൾ ദൈവാനുഗ്രഹത്തിന്റെ പ്രത്യക്ഷ അടയാളമായും വന്ധ്യത ശാപമായും ഗണിക്കപ്പെട്ടിരുന്ന സംസ്കാര ത്തിൽ മക്കൾ എന്ന സാധ്യത ഉപേക്ഷിക്കുന്നത് ധീരമായ ചുവടുവ യ്പായിരുന്നു. കുടുംബത്തെ കെട്ടിപ്പടുക്കുന്ന ദാമ്പത്യസ്നേഹത്തെ താരതമ്യങ്ങളില്ലാതെ പരിശുദ്ധസ്നേഹംകൊണ്ട് മറികടക്കാൻ അദ്ദേഹം തീരുമാനിച്ചു (John Paul II, Redemptoris Custos 26).

മറിയത്തിന്റെയും യൗസേപ്പിന്റെയും ബ്രഹ്മചര്യവിവാഹം ആ വ്യക്തികളുടെ സവിശേഷതീരുമാനം എന്നതുപോലെതന്നെ ഈശോയുടെ ജനനത്തിന്റെ പരിണതി കൂടിയായിരുന്നു. മറിയവും യൗസേപ്പും ഈശോയുടെ മാതാപിതാക്കളായതോടെ ചരിത്രത്തിൽ സംഭവിക്കുന്ന ദൈവികരഹസ്യങ്ങൾ അവർ ഗ്രഹിച്ചു. അബ്രാഹത്തെ തെരഞ്ഞെടുത്ത ദൈവം അവനിൽനിന്ന് വലിയൊരു സന്തതിപരമ്പര വാഗ്ദാനം ചെയ്തു. അത് സംഭവിച്ചു. അതാണ് വിശുദ്ധ മത്തായി അവതരിപ്പിക്കുന്ന ഈശോയുടെ വംശാവലി (1:1-16). എന്നാൽ ദൈവം അബ്രാഹത്തോട് ചെയ്ത വാഗ്ദാനം ഈശോയുടെ പിറ വിയിൽ മഹിമയണിഞ്ഞ് പൂർത്തീകരിക്കപ്പെടുകയാണ്. അതായത്, ഈശോ കല്യാണംകഴിച്ച് തന്റെ സന്തതിപരമ്പര തുടരാൻ പോകു ന്നില്ല. ജനിതകപാരമ്പര്യമുള്ള വംശമല്ല ഈശോയിൽനിന്ന് പുറ

പ്പെടുന്നത്. മറിച്ച്, വിശ്വാസത്തിൽ ദൈവപുത്രന്മാരാകുന്നവരുടെ കുലമാണ് അവന്റെ ശേഷിപ്പ്. അതിനാൽ ഈശോയ്ക്ക് സ്വന്തം രക്തത്തിൽ പിറന്ന മക്കൾ വേണ്ട, എന്നാൽ സ്വന്തം രക്തത്താൽ രക്ഷിക്കപ്പെട്ടവരുടെ വംശം അവനിൽനിന്ന് ആരംഭിക്കണം.

ദൈവത്തോട് അനിതരസാധാരണമായ ഐക്യത്തിൽ ജീവിക്കുന്ന യൗസേപ്പിനും മറിയത്തിനും ലൈംഗിക ആഗ്രഹങ്ങളില്ല. കാരണം, സ്നേഹത്തിന്റെ പൂർണ്ണതയായ അവിടുന്ന് അവരുടെ എല്ലാ വൈകാരിക ആവശ്യങ്ങളുടെയും പൂർത്തീകരണമായിരുന്നു. ലൈംഗികജീവിതം അവരെ അശുദ്ധരാക്കും എന്നതുകൊണ്ടായിരുന്നില്ല, മറിച്ച്, ദൈവത്തിൽ നിറഞ്ഞുകവിഞ്ഞ അവർക്ക് അതൊരു ആവശ്യമായിരുന്നില്ല. ഈ നിലയിൽ തങ്ങളുടെ ജീവിതത്തെ ക്രമപ്പെടുത്തി എന്നതാണ് ഈശോയുടെ മാതാപിതാക്കളുടെ നീതി.

ഉന്നതമായ ദൈവികനീതിയുടെ അടയാളമാണ് ഈശോയ്ക്ക് ശേഷം വേറെ മക്കൾ വേണ്ട എന്ന ഈ ദമ്പതികളുടെ തീരുമാനം. കൂടുതൽ മക്കൾ കൂടുതൽ ദൈവാനുഗ്രഹത്തിന്റെ തെളിവായിക്കണ്ട കാലമാണതെന്നോർക്കണം. ദൈവപുത്രനെ തന്റെ ഉദരത്തിൽ വഹിക്കാൻ സമ്മതം കൊടുത്തതോടെ മറിയം വീണ്ടും മക്കളെ ആഗ്രഹിക്കാൻ അശക്തയായിത്തീർന്നു. എല്ലാ മക്കളിലും ഉപരിയായ ഒരു മകനെ സ്വന്തമാക്കിയ അപ്പനും അമ്മയ്ക്കും ഇനി വേറെ മക്കളെ ആഗ്രഹിക്കേണ്ടതില്ല. പഴയനിയമത്തിലെ ലെയ തന്റെ നാലാമത്തെ പുത്രനായ യൂദാസിനെ പ്രസവിച്ചശേഷം ഇനി മക്കൾ വേണ്ടെന്നുവച്ചു (ഉൽപ. 29:35). ഇതേക്കുറിച്ച് അലക്സാണ്ട്രിയായിലെ ഫീലോ പറയുന്നത് ഇതാണ്: യൂദാസ് എന്നാൽ ദൈവത്തെ സ്തുതിക്കുക എന്നാണർത്ഥം. ദൈവത്തിന്റെ നാമത്തിന് നിരന്തരം സ്തുതികളർപ്പിക്കുന്നവനാണവൻ. പരിപൂർണ്ണമായ ഫലമാണവൻ. അവനിൽക്കവിഞ്ഞ് മറ്റൊരു പുത്രൻ വേണ്ട. ഈശോയുടെ പിറവി എന്ന സ്വർഗ്ഗീയസംഭവം തിരുക്കുടുംബത്തിൽ നിന്ന് മറ്റ് പിറവികളെ അപ്രസക്തമാക്കുന്നു.

## 4. മറഞ്ഞുപോകുന്ന നീതിമാൻ

ഈശോയുടെ ഉത്ഭവത്തിൽ യൗസേപ്പിതാവിന് പങ്കില്ലെങ്കിലും അവന്റെ സാന്നിദ്ധ്യം ഈശോയുടെ ജീവിതത്തിൽ ആവശ്യമുണ്ടായിരുന്നു. അത് അദ്ദേഹം പരിഭവംകൂടാതെ നിർവ്വഹിച്ചു. ജനിപ്പിക്കാത്തവൻ വളർത്താൻ നില്ക്കുന്നില്ല എന്ന നിലപാടെടുത്തില്ല.

മറിയം പുത്രനെ പ്രസവിക്കുന്ന സമയത്ത് കൂടെനിന്നു. അമ്മ യെയും കുഞ്ഞിനെയും പരിചരിച്ചു, സംരക്ഷിച്ചു. കുഞ്ഞിന് പേരിട്ടു, വളർത്തച്ഛനായി കൂടെയുണ്ടായി. അപ്പനില്ലാത്ത കൊച്ചിനെ പ്രസവിച്ച വൾ എന്ന നാണക്കേടിന്റെ പൊള്ളലിൽനിന്നും മറിയത്തെ രക്ഷിച്ചു. ഒന്നാം നൂറ്റാണ്ടിലെ മെത്രാനും രക്തസാക്ഷിയുമായ അന്ത്യോക്യാ യിലെ വിശുദ്ധ ഇഗ്നേഷ്യസ് എഴുതി: "രക്ഷാകരരഹസ്യത്തിൽ ഈ ലോകത്തിന്റെ അധിപൻ (സാത്താൻ) മൂന്ന് കാര്യങ്ങൾ ഉടനടി അറി യാതെ പോയി. മറിയത്തിന്റെ നിത്യകന്യാത്വം, ഈശോയുടെ പിറവി, അവന്റെ മരണം". വിശുദ്ധൻ പറയുന്നത്, യൗസേപ്പിതാവുണ്ടായിരു ന്നതുകൊണ്ടാണ് പരിശുദ്ധാത്മാവിനാലുള്ള ഈശോയുടെ ജനനം തർക്കവിഷയമാകാതെ പോയത്. യൗസേപ്പ് സാത്താന്റെ മുന്നിൽ ഉരു ക്കുമറതീർത്തു.

യൗസേപ്പിതാവിനെ നോക്കിയാണ് ഈശോ ആദ്യമായി ആബ്ബാ -പിതാവേ എന്ന് വിളിക്കുന്നത്. സ്വർഗ്ഗപിതാവുമായുള്ള ഈശോയുടെ ബന്ധം ആരംഭിക്കുന്നത് ഭൂമിയിലെ ഈ പിതൃരൂപത്തിൽനിന്നാണ്. ഇങ്ങനെയൊക്കെയാണെങ്കിലും യൗസേപ്പിതാവ് ഈശോയുടെ പര സ്യജീവിതം ആരംഭിക്കുന്നതിനുമുമ്പേ അരങ്ങൊഴിഞ്ഞു. ഈശോ ദൈവപിതാവിനെക്കുറിച്ച് നിരന്തരം സംസാരിച്ചിരുന്നു. അതായിരുന്നു അവന്റെ ഏറ്റവും പ്രിയപ്പെട്ട സന്ദേശം. ഈശോ ദൈവപിതാവിനെ ക്കുറിച്ച് സംസാരിക്കുന്നതിനിടയിൽ തന്റെ സാന്നിദ്ധ്യം കടന്നുവ രരുത് എന്ന് യൗസേപ്പിതാവ് കരുതിക്കാണും. ഈശോയുടെ സന്ദേ ശത്തോട് നീതിചെയ്യാൻ അതുവേണമായിരുന്നു. സൂര്യപ്രഭയിൽ അലിഞ്ഞില്ലാതാകുന്ന പുലർകാലമഞ്ഞുപോലെ സ്വയം മാഞ്ഞു പോകാൻ ദൈവം അവനെ അനുവദിച്ചു.

തന്നെ വളർത്തിയെടുത്ത് പരസ്യജീവിതത്തിനൊരുക്കി കടന്നു പോയ യൗസേപ്പിതാവിനെ ഈശോ മറന്നു കാണുമോ? ഇല്ല, അത് നന്ദികേടാവും. യൗസേപ്പ് ബൈബിളിൽ വെറുമൊരു പേരല്ല, ഒരു റോളിന്റെ മറുപേരുകൂടിയാണ്. യൗസേപ്പ് ഈശോയുടെ ജീവി തത്തിൽ പിന്നെയും പ്രത്യക്ഷപ്പെട്ടു. ഈശോയുടെ മൃതദേഹം അടക്കം ചെയ്തത് അരിമത്തിയാക്കാരൻ യൗസേപ്പിന്റെ കല്ലറയി ലാണ്. അവിടെയാണ് ഉത്ഥാനം നടന്നത്. അത് യാദൃശ്ചികമാണെന്ന് തോന്നുന്നില്ല. ഒരിക്കൽ മറിയത്തിന്റെ ഉദരത്തിൽനിന്ന് പിറന്നതു പോലെ യൗസേപ്പിന്റെ കല്ലറയിൽനിന്ന് അവൻ വീണ്ടും ഉയിർക്കൊ

ള്ളാൻ ദൈവം ഇടയാക്കി. രണ്ടിടത്തും പ്രവർത്തിച്ചത് ഒരേ പരിശുദ്ധാത്മാവാണ്.

## 5. സഭ വിശുദ്ധ യൗസേപ്പിതാവിനോട് നീതി ചെയ്തോ?

പൂർവ്വയൗസേപ്പിനെക്കുറിച്ച് ദൈവവചനം പറഞ്ഞുവച്ച കാര്യം യൗസേപ്പിതാവിൽ നിറവേറാൻ കർത്താവ് ഇടയാക്കി: "തന്റെ ഭവനത്തിന്റെ നാഥനും തന്റെ സമ്പത്തിന്റെ ഭരണാധിപനുമായി അവനെ നിയമിച്ചു" (സങ്കീ.105:21). "ലില്ലിപോലെ അവൻ പുഷ്പിക്കും" (ഹോസിയ 14:5) എന്ന ഇസ്രായേലിനെക്കുറിച്ചുള്ള വാഗ്ദാനം അവനിൽ പൂർത്തിയായി. അതാണ് ദൈവം അവനോട് നീതി ചെയ്ത രീതി. എന്നാൽ കൗതുകകരമായ ഒരു ചോദ്യം ബാക്കിയുണ്ട്. സഭ ഈ നീതിമാനോട് നീതി ചെയ്തോ? രണ്ടുകാര്യങ്ങളിൽ യൗസേപ്പിതാവിനോട് നീതിചെയ്യാൻ വിശ്വാസസമൂഹം വൈകിപ്പോയി എന്ന് സമ്മതിക്കണം.

ഒന്ന്, യൗസേപ്പിതാവിനെ ചുക്കിച്ചുളുങ്ങിയ വൃദ്ധനായി അവതരിപ്പിച്ച് യുവതിയായ മറിയത്തിന് ചേരാത്ത ഒരു ഭർത്താവാക്കി കാണിച്ചു. മറിയത്തിനു ചേരാത്ത ഭർത്താവായി യൗസേപ്പിനെ ചിത്രീകരിക്കുന്നത് ചരിത്രപരമായി നീതിയല്ല. യഹൂദർ ഇരുപതുവയസ്സിനോടടുത്ത് വിവാഹിതരാകുന്നതായിരുന്നു അക്കാലത്ത് പതിവ്. ഇരുപത്തിനാലുവയസ്സിനപ്പുറം കല്യാണം നീണ്ടുപോകുന്നത് വളരെ അസാധാരണമായിരുന്നു. ആദിമസഭയിലെ ഭൂഗർഭാലയങ്ങളിൽ യൗസേപ്പിന് ചെറുപ്പക്കാരന്റെ രൂപമാണ്. ഏതാണ്ട് നാലാം നൂറ്റാണ്ടു മുതൽ ഈശോയുടെ കന്യാജനനം എന്ന വിശ്വാസസത്യം ചിലർ സംശയിക്കാൻ തുടങ്ങി. അതായത്, മറിയം പരിശുദ്ധാത്മാവിനാലല്ല ഗർഭിണിയായത് എന്നായിരുന്നു വാദം. അതായത് ഈശോ ശരിക്കും യൗസേപ്പിതാവിന്റെ മകനാണത്രേ. ഇത്തരം അബദ്ധപ്രബോധനങ്ങൾ പെട്ടെന്ന് കെട്ടടങ്ങി. എന്നാൽ ഭാവിയിലും ഉണ്ടാകാൻ ഇടയുള്ള ഇത്തരം വിശ്വാസവ്യതിചലനങ്ങൾക്കെതിരെയുള്ള കലാലോകത്തിന്റെ പ്രതിരോധമായിരുന്നു വയസ്സൻ യൗസേപ്പിതാവ് എന്ന രൂപം. ഒരു വൃദ്ധൻ ഒരു കുഞ്ഞിന്റെ അപ്പനാകാൻ പോകുന്നില്ല എന്ന മട്ടിലൊരു ചിത്രീകരണം.

രണ്ട്, വളരെ വൈകിയാണ് വിശുദ്ധ യൗസേപ്പിനോടുള്ള വണക്കം സഭയിൽ വളർന്നുവന്നത്. അദ്ദേഹത്തിന്റെ വിശുദ്ധിയും മാദ്ധ്യസ്ഥ്യശക്തിയും തിരിച്ചറിയാൻ സഭാസമൂഹം വൈകി എന്നർത്ഥം. യൗസേ

പ്പിന്റെ നാമധേയത്തിലുള്ള ആദ്യദൈവാലയം പണികഴിപ്പിച്ചത് ഫ്രാൻസിസ്കൻ സന്ന്യാസിമാരായിരുന്നു ഫ്രാൻസിലെ തുളൂസ് എന്ന സ്ഥലത്ത് 1222-ൽ. കാനോനനമസ്കാരത്തിൽ വിശുദ്ധന്റെ പേര് ഉൾപ്പെടുത്തുകയും അദ്ദേഹത്തിന്റെ തിരുനാൾ ഏർപ്പെടുത്തുകയും ചെയ്തത് സിക്സ്റ്റസ് നാലാമൻ എന്ന ഫ്രാൻസിസ്കൻ പോപ്പായിരുന്നു. 1480 നവംബർ 19-നായിരുന്നു അത്. 1870 ഡിസംബർ 8-ന് ഒമ്പതാം പീയുസ് പാപ്പായാണ് വിശുദ്ധ യൗസേപ്പിനെ ആഗോള സഭയുടെ മദ്ധ്യസ്ഥനായി നിശ്ചയിച്ചത്.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തുടക്കത്തിൽ യുഗോസ്ലാവിയയിൽനിന്നുള്ള ഒരു മെത്രാൻ പറഞ്ഞു: “യൗസേപ്പിതാവ് സഭാപഠനങ്ങളിൽ വല്ലാതെ അവഗണിക്കപ്പെട്ടിരിക്കുന്നു”. ഇത് കേട്ടതേ, ഒരു പറ്റം മെത്രാന്മാർ ഒറ്റച്ചിരി ചിരിച്ചു. ഇതിനാണോ ഈ കൗൺസിൽ കൂടിയിരിക്കുന്നത് എന്ന മട്ടിൽ.... എന്തായാലും പിറ്റേദിവസം, അതായത് 1962 നവംബർ 13-ന്, യോഹന്നാൻ ഇരുപത്തിമൂന്നാമൻ പാപ്പായുടെ തീരുമാനം കൗൺസിൽ വേദിയിൽ അറിയിക്കപ്പെട്ടു. റോമൻ ദിവ്യബലിയുടെ കാനനിൽ വിശുദ്ധ യൗസേപ്പിന്റെ നാമം കൂട്ടിച്ചേർക്കും.

പോൾ ആറാമൻ പാപ്പാ നിരീക്ഷിച്ചു, “പഴയനിയമത്തിന്റെ തുടക്കത്തിൽ എന്നപോലെ പുതിയ നിയമത്തിന്റെ കവാടത്തിലും രണ്ട് ദമ്പതികൾ നില്ക്കുന്നു. ആദവും ഹവ്വയും ലോകത്തിന്റെ തിന്മയുടെ ഉറവിടമായപ്പോൾ യൗസേപ്പും മറിയവും ഭൂമിയിലേക്ക് പ്രസരിച്ച പരിശുദ്ധിയുടെ മകുടമായി മാറി.” ("Equipes Notre dame" on May 1970 in L'Osservatore Romano, Eng, Ed., "The Family : A School of Holiness, 14 May 1970. p.9) വിശുദ്ധ യൗസേപ്പ് പ്രസരിപ്പിച്ച പരിശുദ്ധി ഉന്നതമായ നീതിയുടെ വഴിയാണ്. അത് പിൻചെല്ലുന്നവർമാത്രമേ പരിശുദ്ധ മറിയത്തിന്റെയും ഈശോയുടെയും ജീവിതത്തിൽ പങ്കുകാരാകുന്നുള്ളൂ. അങ്ങനെയല്ലാതെ യൗസേപ്പിതാവിനെ വണങ്ങുന്നവർ ആത്മീയഘോഷയാത്രകളിൽ ഭക്തിവേഷമാടുന്നവർ മാത്രമാണ്.



## വി. ജോസഫ് മറെല്ലോ,

# വി. യൗസേപ്പിതാവിന്റെ ഉത്തമ അനുഗാമി

**ഫാ. സെബാസ്റ്റ്യൻ ജെക്കോബി ഒ.എസ്.ജെ.**

യൗസേപ്പിതാവിന്റെ സമർപ്പിതർ എന്നറിയപ്പെടുന്ന ഒബ്ളേറ്റ്സ് ഓഫ് സെന്റ് ജോസഫ് (ഒ.എസ്.ജെ.) സന്ന്യാസസഭയുടെ സ്ഥാപകനായ വി. ജോസഫ് മറെല്ലോ വി. യൗസേപ്പിതാവിന്റെ വലിയൊരു ഭക്തനായിരുന്നു. അദ്ദേഹം 1844-ൽ വടക്കേ ഇറ്റലിയിലെ ടൂറിനിൽ ജനിച്ചു. 1869-ൽ ആസ്തി രൂപതയ്ക്കുവേണ്ടി വൈദികപട്ടം സ്വീകരിച്ചു. ആസ്തിരൂപതയുടെ മെത്രാന്റെ സെക്രട്ടറി, രൂപതാ ചാൻസലർ, സെമിനാരി വിദ്യാർത്ഥികളുടെ ആധ്യാത്മികപിതാവ്, കുമ്പസാരക്കാരൻ എന്നീ നിലകളിൽ ശുശ്രൂഷ ചെയ്ത അദ്ദേഹം 1878-ൽ ആസ്തിയിൽ ഒ.എസ്.ജെ. സന്ന്യാസസഭ സ്ഥാപിച്ചു. 1889-ൽ ആക്വി രൂപതയുടെ മെത്രാനായ അദ്ദേഹം 1895-ൽ സവോണയിൽവച്ച് ദിവംഗതനായി. 2001-ൽ വി. ജോൺപോൾ രണ്ടാമൻ അദ്ദേഹത്തെ വിശുദ്ധ പദവിയിലേക്കുയർത്തി.

പരിശുദ്ധ കന്യകാമറിയത്തിന്റെ വിരക്തപതിയും നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിന്റെ സംരക്ഷകനുമായ വി. യൗസേപ്പും വി. ജോസഫ് മറെല്ലോയും തമ്മിലുള്ള ബന്ധം, ഓരോ ക്രൈസ്തവനേയും യേശുവിലേയ്ക്കും തിരുസ്സഭയിലേയ്ക്കും നയിക്കുന്ന ഒരു മാർഗ്ഗദർശനമാണ്. മറെല്ലോയെ സംബന്ധിച്ച്, ആരുമായും തുലനം ചെയ്യാൻ സാധിക്കാത്ത ആഴമേറിയ ആത്മീകചൈതന്യത്തിന്റെ ഒരു ഉടമയാണ് വി. യൗസേപ്പ്. അദ്ദേഹത്തിൽ പ്രകാശിച്ചുനില്ക്കുന്ന ദൈവികബന്ധം, എളിമ, ആന്തരികനിശ്ശബ്ദത, യേശുവിനോടും മറിയത്തോടുമുള്ള സ്നേഹം എന്നിവ അദ്ദേഹത്തെ തികച്ചും വ്യത്യസ്തനാക്കുന്നു.

വി. ജോസഫ് മറെല്ലോയിൽ വിളങ്ങിയിരുന്ന പുണ്യങ്ങൾ വി. യൗസേപ്പിന്റെ ജീവിതത്തിൽനിന്ന് സ്വാംശീകരിക്കപ്പെട്ടവയാണ്. ഈ ആഴമേറിയ ആന്തരികചൈതന്യമാണ് വി. ജോസഫ് മറെല്ലോ സ്ഥാപിച്ച സന്ന്യാസസഭയിലെ സഹോദരങ്ങൾക്ക് അദ്ദേഹം പകർന്നു നല്കിയത്. ഒ.എസ്.ജെ. സഭയിലെ ആദ്യ‌അംഗങ്ങളിൽ ഒരാളും പിന്നീട് സഭയുടെ സുപ്പീരിയർ ജനറാളുമായിത്തീർന്ന ജോൺ കൊർത്തോണ അച്ചൻ ഇങ്ങനെ അഭിപ്രായപ്പെടുന്നു: "വി. യൗസേപ്പിന്റെ ആഴമുള്ള നിശ്ശബ്ദതയും ഏകാഗ്രതയും വി. ജോസഫ് മറെല്ലോയുടെ ജീവിതത്തിലും നിറഞ്ഞുനിന്നു. അദ്ദേഹം വി. യൗസേപ്പിന്റെ ഗുണങ്ങളെപ്പറ്റി ഞങ്ങളെ പഠിപ്പിച്ചിരുന്നപ്പോൾതന്നെ, അതേ ഗുണങ്ങൾ ഞങ്ങൾ അദ്ദേഹത്തിൽ ദർശിച്ചിരുന്നു. ഏതൊരു സാഹചര്യത്തിലും അദ്ദേഹത്തിന്റെ ശാന്തത എടുത്തുകാണിക്കാവുന്നതാണ്. വി. യൗസേപ്പിനെപ്പോലെ അദ്ദേഹത്തെയും ഒരിക്കലും ജീവിതക്ലേശങ്ങളാൽ ദുഃഖിതനായോ നിരുത്സാഹിയായോ കണ്ടിട്ടില്ല."

വി. യൗസേപ്പിന്റെ മാതൃകയിൽ തന്റെ ജീവിതം വാർത്തെടുത്ത്, വിശുദ്ധിയിൽ എത്തിച്ചേർന്ന വി. ജോസഫ് മറെല്ലോ വിശുദ്ധിയിലേക്കുള്ള യാത്രയിൽ ഓരോ ക്രൈസ്തവനും മാതൃകയാണ്.

## 1. വി. യൗസേപ്പിനോടുള്ള വി. ജോസഫ് മറെല്ലോയുടെ ഭക്തി

### 1. സമ്പൂർണ്ണതയുടെ അരൂപി

വി. യൗസേപ്പിനോടുള്ള ഭക്തി വി. ജോസഫ് മറെല്ലോയുടെ

ജീവിതത്തിൽ വളർന്നുവന്നത് ഒരു സമ്പൂർണ്ണതയുടെ അരൂപിയിലാണ് (SPIRIT OF TOTALITY). മറ്റൊരു വിശുദ്ധനിലും കാണാത്ത ഒരു സവിശേഷതയാണിത്. വി. യൗസേപ്പിന്റെ ഏറ്റവും വലിയ ഭക്തയെന്നറിയപ്പെടുന്ന വി. അമ്മത്രേസ്യയിൽപ്പോലും ഇത് കാണുന്നില്ല. വി. അമ്മത്രേസ്യ വി. യൗസേപ്പിനെ വളരെയധികം സ്നേഹിച്ചിരുന്നെങ്കിലും അവിടുത്തെ ജീവിതം പൂർണ്ണമായി അനുകരിച്ചിരുന്നില്ല. വി. മറെല്ലോ പറയുന്നു : "നമുക്ക് നമ്മുടെ മഹത്വമുള്ള പിതാവിനോട് പറയാം; ഞങ്ങൾ പൂർണ്ണമായും നിന്റേതാണ്; നീ പൂർണ്ണമായും ഞങ്ങളുടേതും." ഒരു സ്വയംസമർപ്പണത്തിന്റെ പ്രകടനമാണ് മറെല്ലോ വെളിപ്പെടുത്തുന്നത്, വി. യൗസേപ്പ് എല്ലാമാണ് എന്ന വിശ്വാസം. അതായത്, വി. യൗസേപ്പിന് സമ്പൂർണ്ണമായി സമർപ്പിച്ചവരെ വി. യൗസേപ്പ് പൂർണ്ണമായി സംരക്ഷിക്കും. വി. മറെല്ലോയുടെയും അദ്ദേഹം സ്ഥാപിച്ച സന്ന്യാസസഭയുടേയും ജീവിതത്തിൽ ഇത് യാഥാർത്ഥ്യമായി തീരുന്നുണ്ട്.

## 2. പുത്രസഹജമായ അടുപ്പം

വി. ജോസഫ് മറെല്ലോയിൽ കാണുന്ന മറ്റൊരു സവിശേഷതയാണ് വി. യൗസേപ്പിനോടുള്ള പുത്രസഹജമായ അടുപ്പം. ഒരു പുത്രന് അപ്പനോടുള്ള തുറവിയോടും സ്വാതന്ത്ര്യത്തോടുംകൂടിയാണ് വി. മറെല്ലോ വി. യൗസേപ്പിനെ കാണുന്നത്. 1891 മാർച്ച് 8-ന് ഒരു സുഹൃത്തിന് അയച്ച കത്തിൽ അദ്ദേഹം ഇങ്ങനെ രേഖപ്പെടുത്തുന്നു: "വി. യൗസേപ്പേ, നീ ഞങ്ങൾക്ക് വഴികാട്ടിയാവുക; ഞങ്ങളുടെ ഓരോ ചുവടുവയ്പിലും നീ ഞങ്ങളെ സഹായിക്കുക; ദൈവപരിപാലനയിൽ ഞങ്ങൾ എവിടെയാണ് എത്തിച്ചേരേണ്ടത്, അവിടേയ്ക്ക് നീ ഞങ്ങളെ നയിച്ചാലും." വി. യൗസേപ്പായിരുന്നു അദ്ദേഹത്തിന്റെ വഴികാട്ടി. വിശ്വസ്തനായ നായകൻ എപ്പോഴും തന്നെ അനുഗമിക്കുന്നവരെ നേരായ പാതയിലൂടെ നയിച്ച് സുരക്ഷിതസ്ഥാനത്ത് എത്തിക്കുന്നു. അങ്ങനെ, ദൈവപരിപാലനയനുസരിച്ച് നാം എത്തേണ്ടിടത്ത് എത്തിച്ചേരുന്നു.

വി. യൗസേപ്പിനോടുള്ള മറെല്ലോയുടെ സുഹൃദ്ബന്ധം വളരെ പ്രശംസനീയമാണ്. വിശുദ്ധ പദവിയിലേക്കുള്ള നാമകരണ നടപടികളിൽ സംഭവിച്ച ഒരു കാര്യം ഇത് വ്യക്തമാക്കുന്നു. ദൈവദാസനായ ജോസഫ് മറെല്ലോയ്ക്കെതിരെ വിശ്വാസസംരക്ഷകൻ (അദ്ദേഹത്തെ സാധാരണയായി വിളിക്കുന്നത് - "DEVIL'S

ADVOCATE" - സാത്താന്റെ വക്കീൽ എന്നാണ്) ഉന്നയിച്ച എതിർ വാദങ്ങളിൽ പറയുകയുണ്ടായി: "ജോസഫ് മറെല്ലോ വി. യൗസേപ്പിനെ വലിയൊരു ചങ്ങാതിയായിട്ടാണ് കണ്ടിരുന്നത്. അദ്ദേഹത്തിന് വേണ്ടത്ര ആദരവ് കൊടുത്തിരുന്നില്ല." ഈ സംഭവംതന്നെ വി. ജോസഫ് മറെല്ലോ എത്രമാത്രം വിശ്വസ്തതയോടും വിധേയത്വത്തോടുംകൂടെ യൗസേപ്പിതാവിനെ സമീപിച്ചിരുന്നു എന്നതിന്റെ ബാഹ്യപ്രകടനമാണ്. യഥാർത്ഥത്തിൽ വി. ജോസഫ് മറെല്ലോയ്ക്ക് തിരുസ്സഭാപാലകനോടുണ്ടായിരുന്ന ഭക്തി എപ്പോഴും സ്ഥിരതയുള്ളതും ആത്മീകജീവിതത്തിൽ സന്നിഹിതവുമായിരുന്നു. അത് അദ്ദേഹത്തിന്റെ പ്രാർത്ഥനാജീവിതത്തിലും ധ്യാനത്തിലും ആദ്ധ്യാത്മികദർശനങ്ങളിലും പൗരോഹിത്യജീവിതത്തിലും അജപാലന പ്രവർത്തനങ്ങളിലും സഭാസ്ഥാപകനെന്ന നിലയിലും ജീവിതശൈലികളിലും നിറഞ്ഞുനിന്നിരുന്നു.

യൗസേപ്പിതാവിനോടുള്ള വി. ജോസഫ് മറെല്ലോയുടെ ഭക്തിയുടെ അടിസ്ഥാനം രക്ഷാകരപദ്ധതിയിൽ വി. യൗസേപ്പിനു ലഭിച്ച ഏകവും വലിയതുമായ സ്ഥാനമാണ്. അദ്ദേഹത്തിൽ "രക്ഷകന്റെ സംരക്ഷകനെ"യാണ് മറെല്ലോ വണങ്ങിയിരുന്നത്. അതുകൊണ്ടുതന്നെ യൗസേപ്പിതാവിനുള്ള മദ്ധ്യസ്ഥശക്തിയിൽ അദ്ദേഹം ആഴത്തിൽ വിശ്വസിച്ചു. വി. ജോൺപോൾ രണ്ടാമൻ പാപ്പാ തന്റെ "രക്ഷകന്റെ സംരക്ഷകൻ" (REDEMPTORIS CUSTOS) എന്ന അപ്പസ്തോലികലേഖനത്തിലൂടെ തിരുസ്സഭാമക്കൾക്ക് നല്കിയ വി. യൗസേപ്പിതാവിനെപ്പറ്റിയുള്ള ദൈവശാസ്ത്രപ്രബോധനം, ഒരർത്ഥത്തിൽ ഒരു നൂറ്റാണ്ട് മുമ്പ്തന്നെ വി. ജോസഫ് മറെല്ലോ മുൻകൂട്ടി നല്കിയെന്ന് പറയുന്നതിൽ തെറ്റില്ല.

## 2. വി. ജോസഫ് മറെല്ലോയിൽ വിളങ്ങിയിരുന്ന വി. യൗസേപ്പിന്റെ ആദ്ധ്യാത്മികത

### 1. ഭവനത്തിൽ കർത്തൂസ്യൻ സന്ന്യാസിമാരെപ്പോലെയും പുറത്ത് അപ്പസ്തോലന്മാരെപ്പോലെയും ജീവിക്കുക

വി. യൗസേപ്പിന്റെ മാതൃകയിൽ ധ്യാനജീവിതവും അപ്പസ്തോല ജീവിതവും തന്നിൽ സമന്വയിപ്പിച്ച ഒരു വ്യക്തിത്വമായിരുന്നു വി. ജോസഫ് മറെല്ലോയുടേത്. മറെല്ലോ പിതാവിനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുവാൻ വി. ജോൺപോൾ രണ്ടാമൻ പാപ്പാ

1993-ൽ ആസ്തിയിൽ വന്നപ്പോൾ ഒ.എസ്.ജെ. മാതൃഭവനത്തിലുള്ള വി. യൗസേപ്പിന്റെ തീർത്ഥാടന ദൈവാലയത്തിൽവച്ച് ഒ. എസ്.ജെ. സന്ന്യാസസമൂഹത്തെ അഭിസംബോധന ചെയ്ത് പറഞ്ഞ വാക്കുകൾ ഇത് വ്യക്തമാക്കുന്നു. "ആഴമേറിയതും സ്ഥിരതയുള്ളതുമായ പ്രാർത്ഥനാജീവിതത്തിലൂടെ മറെല്ലോ പിതാവ് എങ്ങനെ തന്നിൽ ആന്തരികശാന്തതയും അപ്പസ്തോലചൈതന്യവും സമന്വയിപ്പിച്ചുവെന്ന് ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുകയാണ്. അദ്ദേഹം പൂർണ്ണമായി ദൈവത്തിന് സമർപ്പിച്ചുകൊണ്ട് ഒരു "ഒബ്ളേറ്റ്" അതായത് "സമർപ്പിതൻ" ആയി ജീവിച്ചു. ദൈവത്തിനുള്ള സ്വയംസമർപ്പണത്തിലൂടെ ഒരു വ്യക്തി ദൈവജനത്തിനായി സമർപ്പിക്കുന്നത്, തന്റെ ജീവിതസാക്ഷ്യത്തിലൂടെയും വാക്കിലൂടെയും സ്വർഗ്ഗീയ പിതാവിന്റെ കാരുണ്യവും വാത്സല്യവും ഓരോ വ്യക്തിക്കും, പ്രത്യേകിച്ച് യുവാക്കൾക്ക് പകർന്ന്കൊടുത്തു. ഈ അടിസ്ഥാനത്തിലാണ് അദ്ദേഹം തന്റെ വിശുദ്ധി പണിതുയർത്തിയത്. ചിലർക്കു മാത്രമല്ല, എല്ലാവർക്കുമായുള്ള വിശുദ്ധി. അതുകൊണ്ട് നിങ്ങളും യേശുവിന്റെ താൽപ്പര്യങ്ങൾ പരിരക്ഷിക്കുവാൻ പൂർണ്ണമായി സമർപ്പിക്കുക. അതുകൊണ്ട് നിങ്ങളുടെ ദൃഷ്ടിയിൽ എന്നും പ്രശോഭിച്ചു നില്ക്കേണ്ടത് എളിയവനും ശാന്തനും കഠിനാധ്വാനിയുമായ നിങ്ങളുടെ സഭാസ്ഥാപകന്റെ മാതൃകയാണ്. അദ്ദേഹം എപ്പോഴും ആവർത്തിച്ചിരുന്നു: "ഭവനത്തിനുള്ളിൽ കർത്തൂസ്യൻ സന്ന്യാസികളെപ്പോലെയും ഭവനത്തിന് പുറത്ത് അപ്പസ്തോലന്മാരെപോലെയും ആയിരിക്കുവിൻ" എന്ന്."

2001 നവംബർ 25-ന് റോമിലെ വി. പത്രോസിന്റെ ഭദ്രാസന ദൈവാലയത്തിൽവച്ച് മറെല്ലോ പിതാവിനെ വിശുദ്ധ പദവിയിലേക്കുയർത്തിക്കൊണ്ട് വി. ജോൺപോൾ രണ്ടാമൻ പാപ്പാ പറയുകയുണ്ടായി: "നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" എന്ന യേശുവിന്റെ വാക്കുകൾക്ക് മറെല്ലോ തന്റെ ആന്തരികജീവിതം വഴിയും അപ്പസ്തോല തീക്ഷ്ണതവഴിയും വിശുദ്ധിയിലേക്കുള്ള ആത്മീക പാതയുടെ മാതൃകയാക്കിക്കൊണ്ട്, പരിശുദ്ധ കന്യകാമറിയത്തിന്റെ വിരക്തപതിയായ വി. യൗസേപ്പിനെ മാതൃകയായി എടുത്തുകൊണ്ട് തനതായ ഒരു വ്യാഖ്യാനം കൊടുത്തു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം തിരുസ്സഭാപാലകനായ വി. യൗസേപ്പ് ആത്മീകജീവിതത്തിൽ താരതമ്യപ്പെടുത്താൻ പറ്റാത്ത മാതൃകയും ഗുരുവും ആത്മീക നിയന്താവുമായിരുന്നു.

വി. യൗസേപ്പിന്റെ ആദ്ധ്യാത്മികതയിൽനിന്ന് വി. ജോസഫ് മറെല്ലോ സ്വായത്തമാക്കിയ ആദ്ധ്യാത്മികത, പ്രാർത്ഥനാജീവിതവും അപ്പസ്തോലപ്രവർത്തനങ്ങളും സുവിശേഷവത്കരണവും മാനവപുരോഗതിയും ആത്മീകജീവിതവും തൊഴിലും നിശ്ശബ്ദജീവിതവും സാക്ഷ്യവും സംസ്കാരവും പ്രവർത്തനങ്ങളും തമ്മിലുള്ള ആഴമേറിയബന്ധവും സമചിത്തതയുമാണ്. ഈയൊരു ചൈതന്യത്തിലാണ് മറെല്ലോ പറയുന്നത്: "യേശുവിന്റെ താൽപ്പര്യങ്ങളെ സംരക്ഷിച്ചുകൊണ്ട് തിരുസ്സഭയ്ക്ക് ശുശ്രൂഷ ചെയ്യുക" എന്ന്.

## 2. പരിശുദ്ധ മറിയത്തിലൂടെ വിശുദ്ധ യൗസേപ്പിലേക്ക്

വി. ജോസഫ് മറെല്ലോയുടെ പരിശുദ്ധ മറിയത്തോടുള്ള ഭക്തി വളരെ ശ്രദ്ധേയമാണ്. അതിന്റെ സ്വാഭാവിക പ്രതിഫലനമാണ് മറിയത്തിന്റെ വിരക്തപതിയായ യൗസേപ്പിനോടുള്ള ഭക്തി. ജോസഫ് മറെല്ലോയുടെ വിശുദ്ധ നാമകരണത്തിനുശേഷം നടത്തിയ പൊതുസമ്മേളനത്തിൽ വി. ജോൺപോൾ രണ്ടാമൻ പാപ്പാ ഇത് എടുത്ത് പറയുന്നുണ്ട്: "കന്യകാമറിയത്തോടുള്ള ആഴമുള്ള ഭക്തി യുവാവായ മറെല്ലോയെ, യേശുവിനെ അടുത്ത് അനുഗമിക്കുന്നതിന്, വി. യൗസേപ്പിനെ ജീവിതമാതൃകയും വഴികാട്ടിയുമായി തിരഞ്ഞെടുക്കുന്നതിന് പ്രേരിപ്പിച്ചു. ചുരുക്കത്തിൽ, ഇതാണ് ക്രൈസ്തവർക്ക്- സന്ന്യസ്തർക്കും വൈദികർക്കും കുടുംബങ്ങൾക്കും - അദ്ദേഹം നല്കുന്ന വലിയ സന്ദേശം; രക്ഷകന്റെ അമ്മയെ സ്നേഹിച്ചുകൊണ്ട് വി. യൗസേപ്പിതാവിനെ അനുഗമിക്കുക."

വി. ജോസഫ് മറെല്ലോ പറയുന്നു: "ഈശോയുടെ വഴികൾ ഏറ്റവും നല്ല നിലയിൽ ഒരുക്കിയ ആത്മാക്കളാണ് പരിശുദ്ധ മറിയവും വി. യൗസേപ്പും. മറിയം നന്മ നിറഞ്ഞവളും ജോസഫ് നീതിമാനുമായിരുന്നു. അതുകൊണ്ടുതന്നെ ഈ രണ്ടു മാതൃകകളെ നാം അനുകരിക്കണം. ആദ്യമായി അവർ അഭ്യസിച്ചിരുന്ന പുണ്യങ്ങൾ നാം അഭ്യസിക്കണം. അതായത്, എളിമ, ക്ഷമ, ദൈവഹിതത്തോടുള്ള ഐക്യം."

ഈശോയോടുള്ള സ്നേഹത്തിന് ശുശ്രൂഷ ചെയ്യുന്നതിനുള്ള വഴികൾ അഭ്യസിക്കുന്നതിൽ മറെല്ലോ മറിയത്തിന്റെ ഭക്തനെന്ന നിലയിൽ വി. യൗസേപ്പിന്റെയും ഭക്തനായിരുന്നു. ഈശോയോടും മറിയത്തോടും യൗസേപ്പിനോടുമുള്ള ഭക്തി മറെല്ലോയുടെ ജീവി

തത്തിൽ എന്നുമുണ്ടായിരുന്നു. തന്റെ സഹപാഠിയായ സ്റ്റീഫൻ ദെലൗ ദേയ്ക്ക് 1869 ജനുവരി 12-ന് അദ്ദേഹം ഇങ്ങനെ എഴുതുന്നു : “എന്റെ ഈശോ, എന്റെ മാതാവേ, എന്റെ സംരക്ഷകനായ യൗസേപ്പേ.... ഈശോ മറിയം യൗസേപ്പേ, സകല മാലാഖമാരേ, വിശുദ്ധരേ, സംര ക്ഷകരേ, എന്നും ഉറപ്പുള്ള പാതയിലൂടെ ഞങ്ങൾ നിങ്ങളോടൊപ്പം നടന്നു നീങ്ങാൻ ആഗ്രഹിക്കുന്നു. ഞങ്ങളുടെ എഴുത്തുകളെ സ്ഥിരീ കരിക്കുകയും ഞങ്ങളുടെ കയ്യൊപ്പുകളെ ആശീർവ്വദിക്കുകയും ചെയ്യ ണമെ.”

## 3. യേശുവിന്റെ താൽപ്പര്യങ്ങളെ സംരക്ഷിക്കുവാൻ വി. യൗസേപ്പിന്റെ മാതൃക

“ധ്യാനവും പ്രവൃത്തിയും” (ACTION AND CONTEMPLATION) എന്ന ചരിത്രപരമായ ഘടനയിൽ, മറെല്ലോയുടെ ജീവിതം കൂടുത ലായി ധ്യാനജീവിതത്തിലേക്കാണ് പോകുന്നത്. ബാഹ്യജീവിതത്തേ ക്കാൾ കൂടുതൽ വിശുദ്ധൻ പ്രാധാന്യം കൊടുക്കുന്നത് ആന്തരിക ജീവിതത്തിനാണ്. ആരാലും അറിയപ്പെടാതെ ഒതുങ്ങിക്കൂടിയുള്ള ഒരു സന്ന്യാസജീവിതമാണ് അദ്ദേഹം ആഗ്രഹിക്കുന്നത്. എന്നാൽ, ഈ രണ്ട് ആശയങ്ങളും വി. യൗസേപ്പിന്റെ ജീവിതത്തിൽ ഒന്നായി ത്തീരുന്നതാണ് മറെല്ലോയെ അദ്ദേഹത്തിന്റെ വലിയ ഭക്തനാക്കി മാറ്റിയത്. ഈയൊരു ചൈതന്യത്തിൽ സഭാംഗങ്ങൾ വളരണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. അദ്ദേഹം പറയുന്നു: “ഒരേ ലക്ഷ്യത്തി ലേക്കുള്ള രണ്ട് മാർഗ്ഗങ്ങളെപ്പോലെ ബുദ്ധിപരവും കായികവുമായ ജോലികൾ ഒരുമിച്ചുപോകണം. വി. യൗസേപ്പിന്റെ മാതൃകയിൽ ദൈവത്തിനുകൊടുക്കുന്ന സേവനം. ഇവ തമ്മിലുള്ള വ്യത്യാസങ്ങളെ നാടകീയമാക്കേണ്ടതില്ല.” മറെല്ലോ പറയുന്നു: “പൂർവ്വപിതാവായ യൗസേപ്പിന്റെ സാദൃശ്യത്തിൽ, വി. പത്രോസ് ചെയ്യുന്ന മഹത്വ മേറിയ സേവനത്തെക്കാൾ എളിയ സേവനങ്ങൾ യേശുവിനുവേണ്ടി നിങ്ങൾ ചെയ്യുമ്പോൾ നിങ്ങൾ ഓർക്കണം, സ്വർഗ്ഗത്തിൽ വലിയ അപ്പസ്തോലനെക്കാൾ ഉയർന്ന സ്ഥാനം വഹിക്കുന്നത് യേശു വിന്റെ എളിയ സംരക്ഷകനാണെന്ന്.” വി. ജോസഫ് മറെല്ലോയെ സംബന്ധിച്ചിടത്തോളം വിശുദ്ധിയുടെ അളവുകോൽ “യേശുവിനു വേണ്ടി ചെയ്യുന്ന സേവനമാണ്. യാതൊരുവിധത്തിലും പരിഗണിക്ക പ്പെടാൻ ആഗ്രഹിക്കാത്തവിധത്തിൽ വി. യൗസേപ്പിതാവ് എപ്പോഴും എളിമയുള്ളവനായിരുന്നു. എല്ലാ നേട്ടങ്ങളും തന്റെ കന്യകയായ

ഭാര്യയ്ക്ക് സമർപ്പിച്ചുകൊണ്ട് അദ്ദേഹം നിശ്ശബ്ദനായി മറഞ്ഞിരുന്നു." "അവൻ എപ്പോഴും ശാന്തനും സ്വച്ഛതയുള്ളവനും സമാധാനപ്രിയനുമായി ദൈവതിരുമനസ്സിന് യോജിച്ചവിധത്തിൽ നിവർത്തിച്ചു. ദൈവത്തിന് ഏറ്റവും വലിയ സന്തോഷം നല്കുന്നതിനപ്പുറം ഒന്നും വി. യൗസേപ്പിതാവ് ആഗ്രഹിക്കുകയോ ഇഷ്ടപ്പെടുകയോ ചെയ്തില്ല. അതിനാൽ, പ്രതികൂലസാഹചര്യങ്ങളിലും അവൻ ശാന്തനായിരുന്നു. നമുക്ക് ഈ മഹത്തായ മാതൃക പിൻചെല്ലാം; അതുവഴി ജീവിതത്തിന്റെ എല്ലാ സാഹചര്യങ്ങളിലും ശാന്തതയും സ്വച്ഛതയുള്ളവരുമാകാം."

വി. മറെല്ലോയുടെ ചിന്തയിൽ വി. യൗസേപ്പ്, പ്രേഷിതരംഗത്ത് ഏർപ്പെട്ടിരിക്കുന്ന എല്ലാവർക്കും ഒരു ഉത്തമ മാതൃകയാണ്. അദ്ദേഹം പറയുന്നു: "കുടുംബജീവിതത്തിൽ നമ്മെപ്പോലെതന്നെ വി. യൗസേപ്പിന് തിരുക്കുടുംബത്തെ പോറ്റിവളർത്തുന്നതിൽ ബാഹ്യമായ ജോലികളിൽ വ്യാപൃതനാകേണ്ടി വന്നിട്ടുണ്ട്. ചിലപ്പോൾ പ്രാർത്ഥിക്കാൻതന്നെ സമയം ലഭിച്ചിട്ടുണ്ടാവുകയില്ല. എങ്കിലും, ലളിതവും മറഞ്ഞുകിടക്കുന്നതുമായ പുണ്യങ്ങൾ അഭ്യസിച്ചിരുന്നു." മറെല്ലോ പിതാവിന്റെ ഈ ചിന്തകൾ തന്നെയാണ് വി. ജോൺപോൾ രണ്ടാമൻ പാപ്പാ തന്റെ "രക്ഷകന്റെ സംരക്ഷകൻ" എന്ന അപ്പസ്തോലലേഖനത്തിൽ വി. യൗസേപ്പിന്റെ നിശ്ശബ്ദതയും ആന്തരികജീവിതവും വിവരിക്കുമ്പോൾ എടുത്തുകാണിക്കുന്നത് (നമ്പർ 25-27).

വി. ജോസഫ് മറെല്ലോയിൽ വിളങ്ങിയിരുന്ന ആത്മീകസമചിത്തത, വി. യൗസേപ്പിനെപ്പോലെ ദൈവത്തിലുള്ള പൂർണ്ണവിശ്വാസത്തിൽ പണിയപ്പെട്ടതായിരുന്നു. അദ്ദേഹം പറയുന്നു : "വി. യൗസേപ്പ് എപ്പോഴും ആത്മീക സമചിത്തത പാലിച്ചിരുന്നു. പിതാവിന്റെ ജ്ഞാനമായ യേശുവിന് കല്പനകൾ നല്കുമ്പോഴും ഏറ്റവും എളിയ വീടുപണി ചെയ്യുമ്പോഴും അദ്ദേഹം എപ്പോഴും തന്നെത്തന്നെ നിയന്ത്രണത്തിൽ നിറുത്തിയിരുന്നു." മറ്റൊരിടത്ത് അദ്ദേഹം എഴുതുന്നു: "ദൈവത്തെ മഹത്വപ്പെടുത്തുക എന്നതിനെക്കാൾ മറ്റൊന്നും വി. യൗസേപ്പ് ആഗ്രഹിച്ചിരുന്നില്ല. എല്ലാ പ്രതികൂലസാഹചര്യങ്ങളിലും അവൻ ശാന്തനായിരുന്നു. അതുകൊണ്ട്, ജീവിതം എന്തുതന്നെ നമുക്ക് സമ്മാനിച്ചാലും ശാന്തതയുടെ ഈ വലിയ മാതൃക നമുക്ക് അനുഗമിക്കാം."

വി. യൗസേപ്പിൽ വിളങ്ങിയിരുന്ന ഈ ശാന്തതയും ആത്മസം യമനവും അതേപടി തന്റെ ജീവിതത്തിലേക്ക് പകർത്തിയ വ്യക്തി യാണ് വി. ജോസഫ് മറെല്ലോ. താൻ സ്ഥാപിച്ച സന്ന്യാസസഭയുടെ മാതൃഭവനവും വസ്തുവും നഷ്ടപ്പെടുമെന്ന അവസ്ഥയിൽപ്പോലും അദ്ദേഹം ശാന്തത കൈവെടിഞ്ഞില്ല. ആ അവസരത്തിൽ വിശുദ്ധൻ എഴുതുകയാണ്: "യൗസേപ്പിതാവിന്റെ സഹോദരങ്ങൾക്കുചുറ്റും ആദ്ധ്യാത്മിക അവ്യക്തത വളർന്നുകൊണ്ടിരുന്നു. ഉറപ്പോടുകൂടി ഒരടിപോലും മുന്നോട്ടുവയ്ക്കാൻ പറ്റാത്ത അവ്യക്തത. ദൈവഹി തമാണ് അവയെ കൂടുതൽ സങ്കീർണ്ണമാക്കുന്നതെങ്കിൽ ഈ ഭയപ്പെ ടുത്തുന്ന അന്ധകാരവും അനുഗൃഹീതമായിത്തീരും. നാം കാലിടറി വീഴാതിരിക്കാൻ മാലാഖമാരാണ് നമ്മെ നയിക്കുന്നതെന്ന ചിന്തയാൽ ആത്മവിശ്വാസത്തോടു കൂടി അന്ധകാരത്തിലും നാം നടക്കും. വി. യൗസേപ്പിതാവ് തന്റെ ഭക്തരെ തന്റെ പൈതൃകമായ സ്നേഹത്താൽ കാത്തുസൂക്ഷിക്കട്ടെ!"

വി. ജോസഫ് മറെല്ലോയുടെ ഈ ഭക്തി പ്രകടനങ്ങൾ മൂന്നു ചെറിയ ചിന്തകളിൽ സംഗ്രഹിക്കാം.

1. വി. യൗസേപ്പിന്റെ പുണ്യങ്ങൾ അഭ്യസിക്കുകയും അനുസരിക്കുകയും ചെയ്യുക.
2. യൗസേപ്പിതാവിന്റെ സംരക്ഷണവും നേതൃത്വവും സഹായവും ലഭിക്കുന്നതിന് അവിടുത്തെ മാദ്ധ്യസ്ഥ്യം യാചിക്കുക.
3. യേശുവിന്റേത് മാത്രമായിരിക്കുവാൻ വി. യൗസേപ്പിന് പൂർണ്ണമായി സമർപ്പിക്കുക.

## 4. വി. യൗസേപ്പ് നമ്മുടെ വഴികാട്ടി

വി. ജോസഫ് മറെല്ലോയെ സംബന്ധിച്ചിടത്തോളം വി. യൗസേപ്പ് നമ്മുടെ വഴികാട്ടിയാണ്. യേശുവുമായുള്ള സ്നേഹബന്ധത്തി ലേക്കും ആത്മീകജീവിതത്തിലേക്കും അജപാലനശുശ്രൂഷയിലേക്കും അവിടുന്ന് നമ്മെ നയിക്കുന്നു. തന്റെ വൈദികപട്ടസ്വീകരണത്തിന്റെ ആദ്യവാർഷികദിനത്തിൽ അദ്ദേഹം ഇങ്ങനെ രേഖപ്പെടുത്തുകയു ണ്ടായി: "യൗസേപ്പിതാവേ, ഞങ്ങൾക്ക് വഴികാട്ടിയാവുക. ഓരോ ചുവടുവയ്പിലും നീ സഹായിക്കുക. ദൈവപരിപാലനയാൽ ഞങ്ങൾ എവിടെയാണ് എത്തിച്ചേരേണ്ടത് അവിടേക്ക് ഞങ്ങളെ നയിച്ചാലും."

സമർപ്പിതജീവിതം നയിക്കുന്നവർക്ക് വി. ജോസഫ് മറെല്ലോ മാതൃകയായി എടുക്കുന്നത് വി. യൗസേപ്പിനെത്തന്നെയാണ്. അതായത്, വി. യൗസേപ്പിന്റെ മാതൃകയിൽ ദൈവഹിതത്തിന് ശുശ്രൂഷ ചെയ്യുക. അദ്ദേഹം എപ്പോഴും പറയുമായിരുന്നു "ആന്തരികജീവിതത്തിൽ എത്തിപ്പിടിക്കാൻ പറ്റാത്ത മാതൃകയും, ആത്മീകജീവിതത്തിന്റെ ഗുരുവും നായകനുമായ മഹത്വമേറിയ വി. യൗസേപ്പിന് നമ്മെത്തന്നെ സമർപ്പിക്കാം. സന്ന്യസ്തർ എടുക്കുന്ന കന്യാവ്രതത്തിനും അനുസരണത്തിനും ദാരിദ്ര്യത്തിനും ഉത്തമമാതൃകയായി കണ്ടത് വി. യൗസേപ്പിനെയാണ്."

അതുപോലെതന്നെ, അജപാലനരംഗത്ത് യൗസേപ്പിതാവ് ഒരു മാതൃകയാണ്. അതിന്റെ അടിസ്ഥാനം, വി. മറെല്ലോയുടെ ചിന്തയിൽ മനുഷ്യാവതാര രഹസ്യത്തിൽ യൗസേപ്പ് ചെയ്ത ശുശ്രൂഷയാണ്. രക്ഷകന്റെ സംരക്ഷകനായ വി. യൗസേപ്പാണ് ഈ ഭൂമിയിൽ ആദ്യമായി യേശുവിന്റെ താൽപ്പര്യങ്ങൾ സംരക്ഷിച്ചത്. ശൈശവത്തിൽ അവനെ കാത്തുരക്ഷിച്ചു, ബാല്യത്തിൽ അവനെ സംരക്ഷിച്ചു, ഈ ലോകത്തിലെ മുപ്പതുവർഷ കാലഘട്ടത്തിൽ അവന് പിതാവിനെപ്പോലെ പ്രവർത്തിച്ചു.

## ഉപസംഹാരം

വി. ജോസഫ് മറെല്ലോയെ സംബന്ധിച്ചിടത്തോളം തന്റെ എല്ലാ പ്രവർത്തനങ്ങൾക്കും പ്രചോദനമായിത്തീർന്നത് വി. യൗസേപ്പാണ്. "യേശുവിന്റെ താൽപ്പര്യങ്ങളെ പരിരക്ഷിക്കുന്നതിൽ പ്രഥമ സ്ഥാനത്ത് നില്ക്കുന്ന വി. യൗസേപ്പിന്റെ മാതൃകയിൽനിന്ന് ഓരോരുത്തരും തങ്ങൾക്കുവേണ്ട പ്രചോദനം സ്വീകരിക്കട്ടെ" എന്നാണ് അദ്ദേഹം പറഞ്ഞിരുന്നത്.

വി. യൗസേപ്പിനോടുള്ള സൗഹൃദവും വിശ്വസ്തതയോടുള്ള സമർപ്പണവും മറെല്ലോയുടെ ജീവിതത്തിൽ എപ്പോഴും നിഴലിച്ചു നിന്നു. സ്വർഗ്ഗീയപിതാവായ ദൈവത്തിന്റെ ഹിതത്തിന് സമ്പൂർണ്ണമായി സമർപ്പിച്ച ഒരു ജീവിതമായിരുന്നു വി. യൗസേപ്പിന്റേത്. ദൈവം കല്പിച്ചതെല്ലാം വി. യൗസേപ്പ് തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കി. വി. യൗസേപ്പിന്റെ മാദ്ധ്യസ്ഥ്യത്തിൽ വി. ജോസഫ് മറെല്ലോയും അതുതന്നെയാണ് തന്റെ ജീവിതത്തിൽ നിവർത്തിച്ചത്.

വി. ജോസഫ് മറെല്ലോയുടെ തുടർച്ചയായുള്ള ഈ മനോഭാവത്തിൽ, തന്റെ ജീവിതത്തിൽ കാണുന്ന ആത്മാവിന്റെ സമ്പൂർണ്ണ

സംലഭ്യത പ്രത്യേകിച്ച്, ജീവിതത്തിൽ അതിജീവിക്കേണ്ടിവന്ന സഹനങ്ങൾ നിറഞ്ഞ നിമിഷങ്ങൾ എന്നിവയ്ക്കെല്ലാം യൗസേപ്പിന്റെ മാതൃകയിൽനിന്ന് കൈക്കൊണ്ട ആദ്ധ്യാത്മികവും ദൈവശാസ്ത്രപരവുമായ ആഴമുള്ള ഒരു അടിത്തറ ഉണ്ടായിരുന്നു. വി. യൗസേപ്പിന്റെ മാദ്ധ്യസ്ഥ്യശക്തിയിൽ അത്രയ്ക്കും ശക്തമായി അദ്ദേഹം ആശ്രയിച്ചു. അദ്ദേഹം പറയുന്നു: "യേശു ലോകത്തിൽനിന്ന് ഒന്നും സ്വീകരിക്കാതെ എല്ലാവർക്കും എല്ലാം നല്കുന്നു. എന്നാൽ, പരിശുദ്ധ കന്യാമറിയത്തിൽനിന്നും വി. യൗസേപ്പിതാവിൽനിന്നുമാണ് എല്ലാ സ്നേഹശുശ്രൂഷകളും അവൻ സ്വീകരിച്ചത്. സ്വർഗ്ഗത്തിലായിരിക്കുന്ന യേശു ഇപ്പോൾ അവരിൽനിന്ന് സ്വീകരിച്ച ശുശ്രൂഷകൾക്ക് പ്രത്യുപകാരം ചെയ്യുന്നു. അതുകൊണ്ട് വി. യൗസേപ്പ് ചോദിക്കുന്നവയെല്ലാം യേശു അദ്ദേഹത്തിന് നല്കുന്നു. എന്നാൽ, വി. യൗസേപ്പിന് ഒന്നും ആവശ്യമില്ലാത്തതിനാൽ, തന്റെ ഭക്തർക്കുവേണ്ടി യേശുവിനോട് യാചിക്കുകയും അവരുടെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുകയും ചെയ്യുന്നു."

ചുരുക്കത്തിൽ, വി. ജോസഫ് മറെല്ലോയുടെ ആദ്ധ്യാത്മികത സുവിശേഷത്തിലും വി. യൗസേപ്പിന്റെ മാതൃകയിലും പണിയപ്പെട്ടതാണ്. തന്റെ ബോധ്യങ്ങൾ വ്യക്തിജീവിതത്തിലും താൻ സ്ഥാപിച്ച ഒ.എസ്.ജെ. സന്ന്യാസസഭയുടെ ജീവിതത്തിലും പ്രാവർത്തികമാക്കി. യേശുവിന്റെ മൗതികശരീരമായ തിരുസ്സഭയിൽ വി. യൗസേപ്പിന്റെ മാതൃകയിൽ ശുശ്രൂഷചെയ്യുവാൻ വി. ജോസഫ് മറെല്ലോ നമ്മെ ക്ഷണിക്കുന്നു.



# സഭാപാലകനായ ജോസഫ്

**ഫാ. സെബാസ്റ്റ്യൻ പഞ്ഞിക്കാരൻ**

സഭയുടെ ഔദ്യോഗികപ്രബോധനങ്ങളിൽ ജോസഫിനെക്കുറിച്ച് പരാമർശിക്കപ്പെടുന്നത് പ്രധാനമായും ഒന്നാം വത്തിക്കാൻ കൗൺസിലിനോടനുബന്ധിച്ചാണ്. കൗൺസിലിൽ പങ്കെടുത്ത മെത്രാന്മാർ പല നിർദ്ദേശങ്ങളും ഒൻപതാം പീയൂസ് പാപ്പായുടെ മുമ്പിൽ സമർപ്പിച്ചു. അതിൽ വി. യൗസേപ്പിതാവിനെക്കുറിച്ച് രണ്ടു കാര്യങ്ങളാണ് നിർദ്ദേശിച്ചത്.

1. ആരാധനാക്രമത്തിൽ വി. യൗസേപ്പിതാവിന്റെ പേര് കൂട്ടിച്ചേർക്കണം. 153 മെത്രാന്മാരാണ് ഈ ആവശ്യം ഉന്നയിച്ചത്.
2. സന്ന്യാസസമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സിന്റെ ആവശ്യം മറ്റൊന്നായിരുന്നു. സാർവ്വത്രികസഭയുടെ മധ്യസ്ഥനായി വി. യൗസേപ്പിതാവിനെ സാഘോഷം പ്രഖ്യാപിക്കണം.

ഒമ്പതാം പീയൂസ് പാപ്പാ ഈ രണ്ട് ആവശ്യങ്ങളും അംഗീകരിച്ചു. 1870 ഡിസംബർ 8-ാം തീയതി പരിശുദ്ധ അമലോത്ഭവ

മാതാവിന്റെ തിരുനാൾദിനത്തിൽത്തന്നെ സാർവ്വത്രികസഭയുടെ പാലകനും മദ്ധ്യസ്ഥനുമായി വിശുദ്ധ യൗസേപ്പിനെ പ്രഖ്യാപിച്ചു. (2) പിന്നീട് വന്ന പാപ്പാമാർക്ക് പ്രചോദനമേകാൻ ഈ പ്രഖ്യാപനം വാതിൽ തുറന്നു. സഭാചരിത്രത്തിന്റെ പ്രയാസമേറിയ കാലസന്ധി യിൽ ജോസഫിന്റെ ശക്തമായ മാദ്ധ്യസ്ഥ്യത്തിന് സഭയെ സമർപ്പിച്ചു കൊണ്ട് സാർവത്രികസഭയുടെ പാലകനായ വിശുദ്ധ യൗസേപ്പിന്റെ സഹായം യാചിക്കുവാൻ പാപ്പാ ഉദ്ബോധിപ്പിച്ചു.

അറിയപ്പെടാനുള്ള വ്യഗ്രത മനുഷ്യനെ ഗ്രസിക്കുന്ന കാലഘ ട്ടമാണിത്. മറ്റുള്ളവരുടെ ദൃഷ്ടിയിൽ വലിയവരാണെന്ന് വരുത്തി ത്തീർക്കാനും ദൃശ്യമാധ്യമങ്ങളിൽ നിറഞ്ഞുനില്ക്കാനും ആഗ്രഹി ക്കുന്നവരാണ് ഭൂരിഭാഗവും. ഇവിടെയാണ് വിശുദ്ധ യൗസേപ്പ് വ്യത്യസ്തനാകുന്നത്. രക്ഷാകരചരിത്രത്തിലെ അറിയപ്പെടാതെ പോകുന്ന കഥാപാത്രമാണ് ജോസഫ്. സഭയുടെ ചരിത്രത്തിലും പലപ്പോഴും അവഗണിക്കപ്പെട്ടുപോകുന്ന വിശുദ്ധൻ. അറിയപ്പെ ടാതെതന്നെ യേശുവിനെ സംരക്ഷിക്കുവാൻ ത്യാഗമെടുത്തവ നാണ് വിശുദ്ധ ജോസഫ്. അതുകൊണ്ടുതന്നെ ക്രിസ്തുവിനെ പാലിച്ച ജോസഫ് സഭയുടെയും പാലകനാണ്. സഭാപാലകനായ ജോസഫിനെക്കുറിച്ചാണ് ഇവിടെ വിശകലനം ചെയ്യുന്നത്.

മാലാഖ കല്പിച്ചതുപോലെ ജോസഫ് പ്രവർത്തിച്ചു. മറിയത്തെ ഭാര്യയായി സ്വീകരിച്ചു (മത്താ 1:24). സുവിശേഷത്തിൽനിന്ന് പ്രചോദനമുൾക്കൊണ്ട സഭാപിതാക്കന്മാർ ആദ്യനൂറ്റാണ്ടുകളിൽ ത്തന്നെ ഈ സത്യം അംഗീകരിക്കുന്നുണ്ട്. മറിയത്തെ സ്നേഹ ത്തോടെ സ്വീകരിക്കുകയും യേശുക്രിസ്തുവിനെ വളർത്തുവാൻ ദത്തശ്രദ്ധനാവുകയുംചെയ്ത ജോസഫ്, ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയെ കരുതലോടെ ശ്രദ്ധിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന മഹനീയമാതൃകയാണ് എന്ന് സഭാപിതാവായ ഇരനേവൂസ് വിവരിക്കുന്നുണ്ട് (1).

1899 ആഗസ്റ്റ് 15-ാം തീയതി "Quamquam Pluries" എന്ന അപ്പസ് തോലിക ലേഖനത്തിലൂടെ ലിയോ പതിമൂന്നാമൻ പാപ്പാ, തൊഴിലാളി കളുടെയും കുടുംബങ്ങളുടെയും മാതൃകയായ വിശുദ്ധ യൗസേപ്പിന്റെ നന്മകളെ അവതരിപ്പിച്ചു. 'ഭാഗ്യപ്പെട്ട മാർ യൗസേപ്പേ' എന്നു തുട ങ്ങുന്ന മനോഹരമായ പ്രാർത്ഥനയ്ക്ക് കാരണമായത് മേല്പറഞ്ഞ അപ്പസ്തോലിക ലേഖനമാണ്.

വിശുദ്ധ പത്താം പീയൂസ് പാപ്പാ വിശുദ്ധ യൗസേപ്പിതാവിനോടുള്ള ഭക്തി വളർത്തുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. സാർവ്വത്രിക സഭയുടെ പാലകനായ വിശുദ്ധ യൗസേപ്പിന്റെ നന്മകളെ പ്രകീർത്തിക്കുകയും വിശുദ്ധനെ വണങ്ങുവാൻ വിശ്വാസികൾക്ക് പ്രചോദനമേകുകയും ചെയ്ത പാപ്പായാണ് വിശുദ്ധ പത്താം പീയൂസ്. തുടർന്ന് സഭയെ നയിച്ച പീയൂസ് പതിനൊന്നാമനും പീയൂസ് പന്ത്രണ്ടാമനും വിശുദ്ധ ജോസഫിനോടുള്ള ഭക്തിയിൽ വളരാനും വിശുദ്ധന്റെ മാദ്ധ്യസ്ഥ്യം യാചിക്കുവാനും വിശ്വാസികളെ ആഹ്വാനം ചെയ്തു.

രണ്ടാം വത്തിക്കാൻ കൗൺസിലിനെ വിശുദ്ധ യൗസേപ്പിന്റെ സംരക്ഷണത്തിന് സമർപ്പിച്ചുകൊണ്ട് വിശുദ്ധ ജോൺ 23-ാമൻ പാപ്പാ 1961 മാർച്ച് 19-ന് എഴുതിയ "Le Voci Che da tutti" എന്ന അപ്പസ്തോലിക ലേഖനത്തിൽ വിശുദ്ധ യൗസേപ്പിന്റെ പ്രാധാന്യം എടുത്തു പറയുന്നു. സഭയുടെ ആരംഭകാലത്തെ രണ്ടു പ്രധാനവ്യക്തികളാണ്, മരുഭൂമിയിൽ അലറുന്ന സിംഹത്തെപ്പോലെ കടന്നുവരുന്ന സ്നാപകയോഹന്നാനും 'നീ പാറയാകുന്നു, ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും' എന്ന വാഗ്ദാനം ഏറ്റുവാങ്ങി ലോകത്തിന്റെ അതിർത്തികൾവരെ പോകുവാൻ തയ്യാറായ വിശുദ്ധ പത്രോസും. ഈ രണ്ടു വലിയ വ്യക്തിത്വങ്ങളുടെയും വലിയ ദൗത്യങ്ങളുടെയും നടുവിലാണ് ജോസഫിന്റെ സ്ഥാനം. അദ്ദേഹത്തിനും ഒരു ദൗത്യമുണ്ടായിരുന്നു. അത് നിറവേറ്റിയത് അറിയപ്പെടാതെയും ശ്രദ്ധിക്കപ്പെടാതെയും എളിമയിലും നിശ്ശബ്ദതയിലുമാണ്. വിശുദ്ധ യൗസേപ്പിന്റെ മാദ്ധ്യസ്ഥ്യം കൗൺസിലിനുവേണ്ടി അപേക്ഷിച്ചുകൊണ്ട് പാപ്പാ, അപ്പസ്തോലിക ലേഖനം അവസാനിപ്പിക്കുന്നത് ഇപ്രകാരം പ്രാർത്ഥിച്ചുകൊണ്ടാണ്: 'സഭയുടെ ശുശ്രൂഷയ്ക്കായുള്ള അങ്ങയുടെ ശാന്തതയും നിശ്ശബ്ദതയും അദ്ധ്വാനവും പ്രാർത്ഥനയും ഞങ്ങളെ നവോന്മേഷമുള്ളവരാക്കട്ടെ.'

"രക്ഷകന്റെ സംരക്ഷകൻ" (Redempotoris Custos) എന്ന പേരിൽ വിശുദ്ധ ജോൺപോൾ രണ്ടാമൻ 1989 ആഗസ്റ്റ് 15-ന് എഴുതിയ അപ്പസ്തോലിക ലേഖനത്തിൽ രക്ഷാകരചരിത്രത്തിലും സഭയിലും വിശുദ്ധ യൗസേപ്പിന്റെ സ്ഥാനം എന്താണെന്ന് വിശദമായി വിവരിക്കുന്നു.

ദൈവികരഹസ്യത്തിന്റെ സംരക്ഷകനായിരുന്നു വിശുദ്ധ യൗസേപ്പ്. മറിയത്തോടൊപ്പം ജോസഫും വിശ്വാസത്തിന്റെ മഹാ രഹസ്യത്തെ സ്വീകരിക്കുന്നു. ജോസഫും മേരിയുമാണ് വിശ്വാസ ത്തിന്റെ ആദ്യസംരക്ഷകർ. മേരിയോടൊപ്പം ക്രിസ്തുവിലൂടെയുള്ള ദൈവികവെളിപ്പെടുത്തലിന്റെ അവസാനഘട്ടത്തിലും ജോസഫ് പങ്കുചേരുന്നു. മനുഷ്യാവതാരവും രക്ഷയും അഭേദ്യമായി ബന്ധപ്പെ ട്ടിരിക്കുന്നതിനാൽ ജോസഫും ഇതിൽ പങ്കാളിയാണ്.

സഭാചരിത്രത്തിന്റെ പ്രതിസന്ധികളിലെല്ലാം ജോസഫും ഒപ്പ മുണ്ടായിരുന്നു. സഭയുടെ പാലകനായി ഒമ്പതാം പീയൂസ് പാപ്പാ ജോസഫിനെ പ്രഖ്യാപിച്ചത് വെറും ഭംഗിവാക്കല്ലെന്നും അത് സത്യ മാണെന്നും ജോൺപോൾ പാപ്പാ സമർത്ഥിക്കുന്നുണ്ട്. ലിയോ പതി മൂന്നാമൻ പാപ്പാ വിവരിക്കുന്നുണ്ട്.

1. ജോസഫ് മറിയത്തിന്റെ ഭർത്താവാണ്.
2. യേശുവിന്റ പിതാവാണ്.
3. നിയമപരമായ രക്ഷാകർത്താവാണ്.
4. തിരുക്കുടുംബത്തിന്റെ തലവനും സംരക്ഷകനുമാണ്.

നസ്രത്തിലെ തിരുക്കുടുംബം സഭയുടെ പ്രതീകം കൂടിയാണ്. തിരുക്കുടുംബത്തിന്റെ കാവൽക്കാരനും പാലകനുമായതുകൊണ്ട് ജോസഫ് ഇന്നും ക്രിസ്തുവിന്റെ സഭയുടെ പാലകനാണ്.

അപകടങ്ങളിൽനിന്ന് സഭയെ സംരക്ഷിക്കുന്നതോടൊപ്പം സുവി ശേഷവത്കരണത്തിലുള്ള സഭയുടെ സമർപ്പണം നവീകരിക്കുവാനും ഈ വിശുദ്ധന്റെ മാദ്ധ്യസ്ഥ്യം അനിവാര്യമാണെന്ന് ജോൺപോൾ രണ്ടാമൻ പാപ്പാ ഓർമ്മിപ്പിക്കുന്നു. (3) അഗ്നിപരീക്ഷയിലൂടെയാണ് ക്രൈസ്തവജീവിതം ചരിക്കുന്നത്. ഉന്നതത്തിൽനിന്ന് ശക്തി സ്വീക രിക്കാതെ (ലൂക്ക 24:49, അപ്പ. 1:8) സഭയ്ക്ക് മുന്നോട്ടുപോവുക അസാദ്ധ്യമാണ്. ആത്മാവിന്റെ ദാനങ്ങളാകട്ടെ വിശുദ്ധരുടെ മാതൃക കളോടും മാദ്ധ്യസ്ഥ്യത്തോടും ഏറെ ബന്ധപ്പെട്ടിരിക്കുന്നു.

സഭയുടെ പാലകനായ ജോസഫ് ഉദാത്തമായ മാതൃകയാണ്. സഭയ്ക്ക് പൊതുവെയും, വ്യത്യസ്ത ഉത്തരവാദിത്തങ്ങളിലും ജീവി താവസ്ഥകളിലും ആയിരിക്കുന്നവർക്കും ജോസഫ് ഉദാത്തമാതൃക യാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ദൈവാവിഷ്കരണത്തെ ക്കുറിച്ചുള്ള പ്രമാണരേഖയിൽ വ്യക്തമാക്കുന്നതുപോലെ, ദൈവ

വചനം ആദരവോടെ ശ്രവിക്കുവാനും യേശുവിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവേഷ്ടത്തിന് വിശ്വസ്തതയോടെ ശുശ്രൂഷ ചെയ്യാനുമുള്ള മനോഭാവമാണ് ഓരോ ക്രൈസ്തവവിശ്വാസിക്കും ഉണ്ടാകേണ്ടത്. (5) വത്തിക്കാൻ കൗൺസിൽ വിഭാവനം ചെയ്യുന്ന ക്രൈസ്തവമനോഭാവം പൂർണ്ണമായും പ്രകടിപ്പിച്ചവനാണ് ജോസഫ്. മാലാഖയിലൂടെ ദൈവം ആവശ്യപ്പെട്ട കാര്യങ്ങൾ ജോസഫ് പൂർണ്ണമായും അനുസരിച്ചു.

രക്ഷാകരപദ്ധതിയിൽ ദൈവികപ്രവർത്തനങ്ങളോടൊപ്പം മാനുഷികസഹകരണവും അനിവാര്യമാണ്. ജോസഫിനെപ്പോലെ ദൈവികപദ്ധതികളോട് സഹകരിക്കുമ്പോഴാണ് രക്ഷ അനുഭവവേദ്യമാകുന്നത്. ജോസഫിൽ വിളങ്ങിയിരുന്ന സുവിശേഷസുകൃതങ്ങൾ പുനരുജ്ജീവിപ്പിക്കുവാൻ സഭ ആഗ്രഹിക്കുന്നതുകൊണ്ട് സഭാപാലകനായ ജോസഫിന്റെ സഹായം തേടണമെന്ന് വിശുദ്ധ പോൾ ആറാമൻ പാപ്പാ വ്യക്തമാക്കുന്നു.

സഭയുടെ ഇത്തരം ആവശ്യങ്ങൾ പ്രാർത്ഥനയായി രൂപപ്പെടണമെന്നാണ് ജോൺപോൾ രണ്ടാമൻ പാപ്പാ ആഗ്രഹിക്കുന്നത്. മനുഷ്യരക്ഷയുടെ പ്രാരംഭ ഘട്ടങ്ങൾ ജോസഫിന്റെ വിശ്വസ്തമായ സൂക്ഷത്തിന് ഏല്പിക്കുവാൻ ദൈവം ആഗ്രഹിച്ചതുപോലെ, രക്ഷയുടെ പ്രവർത്തനങ്ങൾ വിശ്വസ്തതയോടെ തുടരാൻവേണ്ട അനുഗ്രഹത്തിനായി സഭ നിരന്തരം പ്രാർത്ഥിക്കണം. മാംസം ധരിച്ച വചനത്തിന് ശുശ്രൂഷ ചെയ്യാൻ ജോസഫിനെ പ്രചോദിപ്പിച്ച ഹൃദയവിശുദ്ധിയും വിശ്വസ്തതയും സംലഭ്യമാകാനാണ് പ്രാർത്ഥിക്കേണ്ടത്. ജോസഫിന്റെ മാതൃകയനുസരിച്ചും വിശുദ്ധന്റെ മാദ്ധ്യസ്ഥ്യസഹായം യാചിച്ചും വിശുദ്ധിയിലും നീതിയിലും ദൈവതിരുമുമ്പാകെ വ്യാപരിക്കുവാൻ സഭയ്ക്ക് സാധിക്കണമെന്നാണ് പാപ്പാ ആഗ്രഹിക്കുന്നത് (6).

സ്നേഹത്തിന്റെ ബന്ധത്താൽ അമലോത്ഭവയും കന്യകയുമായ മേരിയോട് ഐക്യപ്പെട്ടിരിക്കുന്ന ജോസഫ്, മനുഷ്യകുലത്തെ ആകുലപ്പെടുത്തുന്ന എല്ലാ അപകടങ്ങളിൽനിന്നും അതിനെ സംരക്ഷിക്കുവാൻ പ്രാപ്തനാണ്. തിരുക്കുടുംബത്തിന്റെ സംരക്ഷകൻ സഭയുടെയും സംരക്ഷകനാണ്. സഭാപാലകനായ ജോസഫ് ഇന്നും ശക്തനായ മദ്ധ്യസ്ഥനാണ്. ജോസഫിനെക്കുറിച്ച് ബൈബിൾ വിവരിക്കുന്നതും ആദിമസഭ അംഗീകരിച്ചതും സഭാപിതാക്കന്മാർ

പഠിപ്പിച്ചതും കൂടുതൽ വ്യക്തതയോടെ അവതരിപ്പിക്കുന്നത് ഒമ്പതാം പീയൂസ് പാപ്പായുടെ കാലംമുതലാണ്. സഭയെ നവീകരിച്ച രണ്ടാം വത്തിക്കാൻ കൗൺസിൽ ജോസഫിന്റെ പ്രത്യേക മാദ്ധ്യസ്ഥ്യത്തിന്റെ തണലിലായിരുന്നു. ജോൺപോൾ രണ്ടാമൻ പാപ്പായാണ് ആഴമേറിയ വിചിന്തനങ്ങളിലൂടെ സഭാപാലകനായ ജോസഫിനെ വിശ്വാസികൾക്ക് പരിചയപ്പെടുത്തുന്നത്. തീവ്രവാദികളുടെ ഭീഷണികൾ സഭയെ തുറിച്ചുനോക്കുമ്പോൾ ഉണ്ണിയീശോയെ സംരക്ഷിച്ച പാലകനായ ജോസഫ് വലിയ പ്രതീക്ഷയും ആശ്വാസവുമാണ്.

**കുറിപ്പുകൾ**

1. St. Irenaeus, Adversus haerese, IV, 23,1:5.Ch 100/2
2. Quemadmodum Deus എന്ന ഡിക്രിയിലൂടെയാണ് ഒമ്പതാം പീയൂസ് പാപ്പാ സാർവ്വത്രികസഭയുടെ പാലകനായി വിശുദ്ധ യൗസേപ്പിനെ പ്രഖ്യാപിക്കുന്നത്.
3. ജോൺപോൾ രണ്ടാമൻ, രക്ഷകന്റെ സംരക്ഷകൻ, n29.
4. രക്ഷകന്റെ സംരക്ഷകൻ, n47.
5. ദൈവാവിഷ്കാരം n5.
6. രക്ഷകന്റെ സംരക്ഷകൻ n3.



## മരണത്തിന്റെ ലാവണ്യം

# നുകർന്ന ഒരാൾ

**അഭിലാഷ് ഫ്രേസർ**

"ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും". ഇങ്ങനെ പറഞ്ഞൊരാളുടെ അപ്പനാണ് യൗസേപ്പിതാവ്. പ്രപഞ്ചത്തിന്റെ പ്രാണൻ സ്പന്ദിക്കുന്നത് തൊട്ടടുത്ത്നിന്ന് കേട്ടയാൾ. ഉലകത്തിന്റെ പ്രാണനായവന്റെ പ്രാണൻ അകാലത്തിൽ അസ്തമിക്കാതിരിക്കാൻ മരുഭൂമിയിലൂടെ അന്യദേശത്തേക്ക് ഓടിപ്പോയവൻ.

ആ ചിത്രം ഒന്ന് സങ്കല്പിച്ചുനോക്കുക. പ്രപഞ്ചത്തിന്റെ ജീവനെ തുണിയിൽ പൊതിഞ്ഞുപിടിച്ച് മരുഭൂമിയിലെ കൊടുംചൂടിലും രാത്രിയിലെ കൊടുംതണുപ്പിലും പലായനം ചെയ്യുന്നൊരാൾ. 'ജീവനും' കൊണ്ട് ഓടുന്നയാൾ. ജീവന് കാവൽനില്ക്കുകയും ജീവനെ പൊതിഞ്ഞുപിടിക്കുകയും ചെയ്തയാൾക്കല്ലാതെ മറ്റാർക്കാണ് നല്ല മരണത്തിന്റെ മധ്യസ്ഥനാകാൻ കഴിയുക!

## ജീവനും കൊണ്ടോടുന്നയാളെ മരണത്തിന് എങ്ങനെ കീഴടക്കാനാകും!

അവസാനശ്വാസംവരെ അയാളുടെ നെഞ്ചിൻകൂടിനുള്ളിലുണ്ടായിരുന്നു, ഉലകത്തിന്റെ പ്രാണൻ, പ്രപഞ്ചത്തിന്റെ ജീവൻ! ആ മനുഷ്യനെ ഏതു മരണത്തിനാണ് കീഴടക്കാനാവുക? ആ മിഴിപൂട്ടൽ പോലും പ്രശാന്തസുന്ദരമായൊരു നിദ്ര മാത്രം. ജീവനെ മാറോട് ചേർത്ത് നിതാന്തമോഹനമായ ഒരു ഉറക്കം.

എന്തൊരു മൗനമാണ് വിശുദ്ധ യൗസേപ്പിതാവിന് എന്ന് ബൈബിൾ വായിക്കുമ്പോഴെല്ലാം അത്ഭുതപ്പെട്ടുപോകുന്നു. കൺമുന്നിൽ ഇതൾ വിരിയുന്ന വചനം എന്ന നിഗൂഢതയുടെ മുന്നിൽ ധ്യാനമൂകനാണ് ഋഷിതുല്യനായ ആ മനുഷ്യൻ. ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനാകേണ്ടതല്ലയോ എന്നു മകൻ പറയുന്നതു കേൾക്കുമ്പോൾ പുറംതള്ളപ്പെടുന്ന ഒരു ലൗകിക പിതാവിന്റെ മനസ്സുണ്ട്. എന്നാൽ ആഴമുള്ള ധ്യാനത്തിന്റെ നദിയിലേക്കാണ് യേശുവെന്ന പന്ത്രണ്ടുകാരന്റെ വാക്ക് യൗസേപ്പിനെ കൂട്ടിക്കൊണ്ടുപോകുന്നത്. അവിടെ ഒരു വാക്കും വിശുദ്ധ യൗസേപ്പിതാവിന്റേതായില്ല. അനശ്വരനായ പിതാവിന്റെ ഓർമ്മയെ ധ്യാനിക്കുകയായിരിക്കാം, അദ്ദേഹം. ആ പിതാവിന്റെ ഓർമ്മയ്ക്കു മുന്നിൽ യൗസേപ്പ് യേശുവിന്റെ സഹോദരനാകുന്നു. ഒരേ പിതാവിന്റെ മക്കൾ!

കണ്ണുകെട്ടി മാത്രം പോകേണ്ട അജ്ഞാതസ്ഥലമായിട്ടാണ് മരണത്തെ മനുഷ്യൻ എന്നും കരുതിയിരുന്നത്. എന്താണവിടെ എന്നറിയാത്തതിലുള്ള അമ്പരപ്പ്, പകപ്പ്, ഭീതി, ആകുലത. എന്നാൽ യൗസേപ്പിതാവ് മരണം കാത്തുകിടന്നപ്പോൾ തൊട്ടുമുന്നിൽ നിന്നത് എല്ലാ മിഴികളും തുറക്കുന്ന പ്രകാശമായിരുന്നു!

കണ്ണുകെട്ടി നടന്നുപോകുന്നവരുടെ യാത്രയിൽ ഒരാൾ ആദ്യമായി കണ്ണുതുറന്നു യാത്രയാകുന്നു. കാരണം, ഉൾക്കണ്ണിലാകെ വെളിച്ചമാണ്. ജീവനായവന്റെ വെളിച്ചം. അജ്ഞാതസ്ഥലത്തുനിന്നു വന്നവനാണ് ഇക്കാലമത്രയും കൂടെയുണ്ടായിരുന്നതും ഈ വിനാഴികയിൽ കൂടെയുള്ളതും. മനുഷ്യനെ ഭീതിപ്പെടുത്തുന്ന ആ അജ്ഞാതസ്ഥലം ഭാഗ്യപ്പെട്ട ആ തച്ചന് ഇനിമേൽ അപരിചിതമല്ല. തന്റെ വളർത്തുമകൻ വിട്ടിറങ്ങിപ്പോന്ന ജന്മഗേഹമാണ്. അവന്റെയും തന്റെയും വാസസ്ഥാനമാണ്. സമ്മോഹനമായ ഈ യാത്രയ്ക്കായി ഒരുക്കുന്ന മരണമേ, നീ സൗഭാഗ്യമല്ലാതെ മറ്റെന്ത്?

പരമ്പരാഗതമായി യൗസേപ്പിതാവിന്റെ മരണം ഭാഗ്യപ്പെട്ടതായി കണക്കാക്കുന്നതിന്റെ പ്രധാനകാരണം അദ്ദേഹത്തിന്റെ മരണനേരത്ത് തൊട്ടരികിൽ ദൈവപുത്രനും ദൈവമാതാവും ഉണ്ടായിരുന്നു എന്നതാണ്. രണ്ടുപേരും ഹൃദയംകൊണ്ട് സദാ സ്വർഗ്ഗത്തിൽ ജീവിച്ചവർ. ഒരു നിമിഷാർദ്ധംപോലും ദൈവപിതാവുമായുള്ള ഹൃദയബന്ധം നഷ്ടപ്പെടാത്തവർ. അങ്ങനെയുള്ള രണ്ടുപേർ ഇരുവശവും നില്ക്കുമ്പോൾ ഈ യാത്ര സങ്കടകരമല്ലാതാകുന്നു. ഞാൻ മുമ്പേ പോകുന്നു. പോകുമ്പോഴും ആത്മാവിൽ നമ്മുടെ ബന്ധം കൂടുതൽ ദൃഢമാകുന്നു. കൂടുതൽ ആഴമുള്ളതും സനാതനവുമാകുന്നു.

വന്ദ്യയായ മരിയ ഡി അഗ്രദ എന്നൊരു വിശുദ്ധ വനിതയ്ക്ക് വിശുദ്ധ യൗസേപ്പിതാവിന്റെ മരണത്തെക്കുറിച്ച് ദർശനങ്ങൾ ലഭിച്ചിട്ടുണ്ട്. താൻ കണ്ട കാഴ്ചയെക്കുറിച്ച് അവർ പറയുന്നത് ഇങ്ങനെയാണ്: "വിശുദ്ധ യൗസേപ്പ് മരണമടയുന്നതിന്റെ തലേന്ന് ദൈവിക സ്നേഹത്താൽ എരിഞ്ഞ് അദ്ദേഹം ഒരു യോഗവിസ്മൃതിയിൽ ആണ്ടുപോയി. ആ അനുഭൂതിയിൽ അദ്ദേഹം ദൈവികസത്തയെ ദർശിച്ചു. താൻ അതുവരെ വിശ്വാസത്താൽമാത്രം കണ്ടിട്ടുള്ള ദൈവത്തെ അദ്ദേഹം നേർക്കുനേർ ദർശിച്ചു. അപരിമേയനായ ത്രിത്വൈക ദൈവത്തെ. മനുഷ്യാവതാരത്തിന്റെയും പരിത്രാണത്തിന്റെയും രഹസ്യങ്ങളും സഭയും കൂദാശകളും വിശ്വാസരഹസ്യങ്ങളുമെല്ലാം അദ്ദേഹം കണ്ടു. പാതാളത്തിൽ കഴിഞ്ഞിരുന്ന പിതൃക്കളുടെ പക്കലേക്ക് ത്രിത്വൈക ദൈവം യൗസപ്പിനെ ഒരു ദൂതനായി അയച്ചു. നിത്യസൗഭാഗ്യത്തിനായി അവരെ ഒരുക്കാനുള്ള ചുമതല ദൈവം ഏല്പിച്ചത് യൗസേപ്പിതാവിനെയായിരുന്നു".

യൗസേപ്പിതാവിന്റെ മരണാനുഭവത്തെക്കുറിച്ച് വി. ഫ്രാൻസിസ് ഡി. സാലെസിന്റെ വീക്ഷണം ഹൃദ്യമാണ്. അന്ത്യവിനാഴികയിൽ അദ്ദേഹം യേശുവിനോട് ഇപ്രകാരം പറഞ്ഞിരിക്കാമെന്ന് വിശുദ്ധൻ അനുമാനിക്കുന്നു: "ഓ എന്റെ കുഞ്ഞേ! നിന്റെ സ്വർഗ്ഗീയ പിതാവ് ഒരിക്കൽ നിന്റെ ഇളംമേനി എന്റെ കരങ്ങളിൽ വച്ചുതന്നു. ഇന്ന് ഈ ഭൂമിവിട്ട് മടങ്ങുന്ന ദിനത്തിൽ ഈയുള്ളവൻ എന്റെ ആത്മാവിനെ നിന്റെ കരങ്ങളിൽ ഏല്പിക്കുന്നു"!

"ഞാൻ നല്ല ഓട്ടം ഓടി, ഞാൻ നന്നായി പൊരുതി...." വി. പൗലോസിന്റെ വാക്കുകൾക്കെന്തു ഭംഗിയാണ്! മരണത്തിനൊരുങ്ങുന്നവന്റെ വാക്കുകളാണിതെന്നോർക്കണം. ഈ വാക്കുകൾ ധ്യാനിക്കു

മ്പോൾ മരണത്തിന്റെ കറുത്തനിഴൽ നീങ്ങുന്നു. മരണം പ്രത്യാശാനിർഭരവും പ്രകാശമാനവുമാകുന്നു. ഒരു യാത്ര ശുഭകരമായി അവസാനിച്ചിരിക്കുന്നു എന്ന പ്രതീതിയാണ് ആ വാക്കുകൾ പകരുന്നത്.

യൗസേപ്പിതാവിന്റെ മരണത്തിനും ഈ കുറിപ്പ് നന്നായി ചേരും. വിജയകരമായി ഓട്ടം ഓടിത്തീർത്ത ഒരാൾ. ദൈവപുത്രന് കാവലും തണലുമാവുക എന്ന ദൗത്യം അതിന്റെ പരിപൂർണ്ണതയിൽ നിർവ്വഹിച്ച ആൾ. എന്തൊരു സംതൃപ്തിയായിരിക്കും അദ്ദേഹം തന്റെ മരണവിനാഴികയിൽ അനുഭവിച്ചിട്ടുണ്ടാവുക! പ്രപഞ്ചത്തിന്റെ രക്ഷയ്ക്കാണ് താൻ ജീവിതംകൊണ്ട് കുടപിടിച്ച് നിന്നത് എന്ന ബോധം എന്തൊരു നിർവൃതിയാണ് അദ്ദേഹത്തിന് പകർന്നു കൊടുത്തിട്ടുണ്ടാവുക! ആ രക്ഷ തന്റെ മുന്നിൽ ഒരു വൃക്ഷംപോലെ പൂവിടുന്നത് അദ്ദേഹം കാണുന്നുണ്ട്. മകൻ വളരുകയാണ്, അവന്റെ വചനം ഹൃദയങ്ങളിൽ പന്തലിക്കുന്നു. അവന്റെ രാജ്യം വളരുന്നു; ഇനിയും വളരും, കാലത്തിന്റെ അതിരുകൾക്കപ്പുറത്തേക്ക്....

മരണഭീതി തോൽക്കുന്ന നിമിഷമാണിത്. ഒരു വഴി ചെന്നവസാനിക്കുന്നവന്റെ സങ്കടമല്ല, അനശ്വരമായി ഒരു വാതിലിലേക്ക് കടന്നുപോകുന്നവന്റെ അവാച്യമായ ആഹ്ലാദമാണ് വി. യൗസേപ്പിന്റെ അവസാനത്തെ ഭാഗധേയം. പ്രകാശത്തിന്റെ ഒരു മഹാനദിയിലേക്ക് ഇറങ്ങുന്നവനെപോലെ, അപാരമായ ജീവന്റെ ആകാശത്തിലേക്ക് ചിറകടിച്ചുയരുന്ന പക്ഷിയെപോലെ അദ്ദേഹം കടന്നുപോയി. ദൈവപുത്രനും ദൈവമാതാവും അദ്ദേഹത്തിന്റെ കരം ചേർത്തു പിടിച്ച് ഹൃദയംകൊണ്ട് അദ്ദേഹത്തെ അനുയാത്ര ചെയ്തു....

മരണം നിഴൽ വീഴ്ത്തുന്ന പരീക്ഷണവേളയിൽ പിതാവേ, ഞങ്ങൾക്കു തണലായിരിക്കുക, തുണയായിരിക്കുക! ഭയത്തിന്റെ കാർമേഘങ്ങൾ ഉരുണ്ടുകൂടുന്ന ആ കവാടത്തിങ്കൽ ഞങ്ങളുടെ കരം പിടിക്കുക. ഞങ്ങളെ ചേർത്തു പിടിച്ചുകൊണ്ടുപോവുക, ജീവന്റെ അതിരില്ലാത്ത ആകാശത്തിലേക്ക്.....



## "തന്റെ പ്രിയപ്പെട്ടവർ ഉറങ്ങുമ്പോൾ കർത്താവ് അവർക്ക് വേണ്ടതു നല്കുന്നു"

**സി. സോസിമ എം.എസ്.ജെ**

"അങ്ങ് കാണുന്നുണ്ട്, കഷ്ടപ്പാടുകളും ക്ലേശങ്ങളും അങ്ങ് തീർച്ചയായും കാണുന്നുണ്ട്. അങ്ങ് അവ ഏറ്റെടുക്കും. നിസ്സഹായൻ തന്നെത്തന്നെ അങ്ങേയ്ക്ക് സമർപ്പിക്കുന്നു. അനാഥന് അവിടുന്ന് സഹായകനാണല്ലോ" (സങ്കീ 10:14). ഈ തിരുവചനം വി. യൗസേപ്പിന്റെ ജീവിതത്തിൽ ഏറ്റവും അർത്ഥവത്തായിരുന്നു. തന്റെ പ്രതിശ്രുത വധു ഗർഭിണിയാണെന്നറിഞ്ഞ ജോസഫിന്റെ ഉറക്കവും ഉണർവും ദൈവസന്നിധിയിലായിരുന്നു. ജോസഫിന്റെ നിസ്സഹായതയിലേക്ക് ദൈവം ഇറങ്ങിവരുന്നു. "ഹൃദയത്തിന് ധൈര്യം പകരുന്നു" (സങ്കീ. 10:17).

ദൈവത്തിൽ മാത്രം ആശ്രയിക്കുന്ന നീതിമാനായ ജോസഫിനെ അല്ലാതെ ആരെയാണ് ദൈവം തന്റെ ഏകജാതനെ ഏല്പിക്കുക. കുലീനനും വിശ്വസ്തനും നീതിമാനുമായ ജോസഫിൽ ദൈവം

സംപ്രീതനായി. ദൈവത്തിന്റെ കല്പനകൾക്ക് മറുചോദ്യമില്ലാതെ വിശ്വാസത്തോടെ അനുസരിക്കുന്ന ജോസഫ് സാധാരണക്കാരനായ ഒരു തൊഴിലാളിയായി തോന്നാം. പക്ഷേ, അദ്ദേഹം ദൈവികജ്ഞാനത്താൽ നിറഞ്ഞവനായിരുന്നു. അതിനാലാണ് ദൈവത്തിന്റെ നിർദ്ദേശങ്ങൾക്കു പിന്നിലുള്ള ദൈവികപദ്ധതി വി. യൗസേപ്പിന് ഗ്രഹിക്കാൻ കഴിഞ്ഞിരുന്നത്. ഈ ജ്ഞാനം ദൈവത്തിന്റെ ഹിതമനുസരിച്ച് പ്രവർത്തിക്കുവാനുള്ള അദ്ദേഹത്തിന്റെ കഴിവിനെയും സന്മനസ്സിനെയും വെളിവാക്കുന്നു. ദൈവത്തിലാശ്രയിച്ചുകൊണ്ടാണ് ദൈവപുത്രന്റെ സംരക്ഷണം വി. യൗസേപ്പ് ഏറ്റെടുക്കുന്നത്. അതുപോലെതന്നെ ദൈവവും തന്റെ പുത്രനെ ഈ ലോകത്തിന് ഭരമേല്പിക്കാൻ വി. യൗസേപ്പിനെ ആശ്രയിക്കുന്നു. ദൈവത്തിന്റെ കല്പനകൾ ഉടനടി അനുസരിക്കുന്നതിലും തിരുക്കുടുംബത്തെ പരിപാലിക്കുന്നതിലും അദ്ദേഹം കാട്ടിയ മാതൃക എത്രയോ ശ്രേഷ്ഠമാണ്. വി. യൗസേപ്പ് തന്റെ ഉത്കണ്ഠകളെല്ലാം ദൈവത്തിൽ സമർപ്പിച്ചു. അതിനാൽ നസ്രത്തിലെ ആ ഭവനം ഒരു ആശ്രമംപോലെ നിശ്ശബ്ദമായിരുന്നു. പരാതിയോ, പരിഭവമോ, അട്ടഹാസമോ, ഒച്ചപ്പാടുകളോ ഇല്ലാത്ത ഭവനം. ദൈവം തങ്ങളെ ഏല്പിച്ച ഉത്തരവാദിത്വങ്ങൾ ഏറ്റവും ഭംഗിയായി നിർവ്വഹിക്കുന്നതിൽ ആനന്ദം കണ്ടെത്തിയ ഭവനാംഗങ്ങൾ.

സ്വയം ചെറുതായിക്കൊണ്ടാണ് വി. യൗസേപ്പ് യേശുവിനെ വളർത്തിയത്. തന്റെ ജീവിതം ഓരോ ദിവസവും ബലിയായി അർപ്പിച്ചുകൊണ്ടാണ്, ജീവിതം ബലിയായി അർപ്പിക്കാൻ വന്നവനെ വളർത്തിയത്.

ജീവിതവിശുദ്ധിയാണ് അദ്ദേഹത്തെ ദൈവത്തിന് പ്രിയപ്പെട്ടവനാക്കിയത്. വാക്കിലും നോട്ടത്തിലും പെരുമാറ്റത്തിലും അദ്ദേഹം വിശുദ്ധനായിരുന്നു. സ്വർഗ്ഗത്തിലേക്കുള്ള വഴികൾ ഞെരുക്കമുള്ളതും ഇടുങ്ങിയതുമാണെന്നറിഞ്ഞ ഈ പിതാവ് ഇടുങ്ങിയ വഴികളിലൂടെ തന്നെ സഞ്ചരിക്കുവാൻ ഇഷ്ടപ്പെട്ടിരുന്നു. വിശുദ്ധി നേടാൻ സ്വയം പീഡിപ്പിക്കണമെന്ന ചിന്താഗതിയല്ല വി. യൗസേപ്പിനുണ്ടായിരുന്നത്. പിന്നെയോ ദൈവം ഏല്പിച്ചുതന്നിരിക്കുന്ന ഉത്തരവാദിത്വങ്ങൾ ഏറ്റവും ഭംഗിയായി ദൈവഹിതപ്രകാരംതന്നെ ചെയ്യുവാൻ വേണ്ടിവരുന്ന എല്ലാ ക്ലേശങ്ങളും സന്തോഷത്തോടെ ഏറ്റെടുത്ത് ആരാധനയാക്കുക. ഇതാണ് വിശുദ്ധി. ഇതിന് ഇടുങ്ങിയ വഴിയിൽക്കൂടെ

ത്തന്നെ സഞ്ചരിക്കേണ്ടിവരും. പലപ്പോഴും നമ്മൾ തിരഞ്ഞെടുക്കുന്നത് വിസ്താരമുള്ള വഴിയാണ്. വഴി കൂടുതൽ വിസ്താരമുള്ളതാക്കാൻ സ്ഥാനമാനങ്ങൾക്കും സമ്പത്തിനും സുഖസൗകര്യങ്ങൾക്കും വേണ്ടി നമ്മൾ നെട്ടോട്ടമോടുന്നു. ഫലമോ സമാധാനമോ സന്തോഷമോ സംതൃപ്തിയോ ഇല്ലാതെ നിരാശയിലാകുന്നു.

ജീവിതവഴികൾക്ക് വിസ്താരം കൂടുന്തോറും ദൈവിക സന്തോഷം നഷ്ടപ്പെടുമെന്നറിഞ്ഞവരാണ് വിശുദ്ധർ. അതുകൊണ്ട് അവർ നൈമിഷിക സുഖങ്ങൾകൊണ്ട് തങ്ങളുടെ വഴികൾ വിസ്താരമുള്ളതാക്കാൻ ശ്രമിച്ചില്ല. സ്നേഹത്തിലൂടെയാണ് അവർ അവരുടെ വഴികൾ വിസ്താരമുള്ളതാക്കിയത്. സ്നേഹത്തിലൂടെ അനേകരുമൊത്ത് അവർ സ്വർഗ്ഗീയവഴിയേ സഞ്ചരിച്ചു.

നിശ്ശബ്ദനായി, എന്നാൽ ദൈവികസന്തോഷത്താൽ നിറഞ്ഞ് ഇടുങ്ങിയ വഴിയിലൂടെ സഞ്ചരിച്ച് നമുക്ക് മാതൃക കാട്ടിത്തന്ന വി. യൗസേപ്പിനെ നമുക്ക് ധ്യാനിക്കാം. പ്രതിസന്ധികളിലും സംശയങ്ങളിലും ദാരിദ്ര്യത്തിലും ദൈവത്തിൽ അഭയം കണ്ടെത്തിയ ഒരു കുടുംബനാഥൻ - എല്ലാ കുടുംബങ്ങളുടെയും മധ്യസ്ഥനാണ്. നിത്യകന്യകയായ പരി. അമ്മയ്ക്ക് താങ്ങും തണലുമായ ആ പിതാവ് എല്ലാ സമർപ്പിതരുടെയും സംരക്ഷകനാണ്. കഠിനാദ്ധ്വാനത്തിലൂടെ ഉപജീവനത്തിന് വഴി കണ്ടെത്തിയിരുന്ന ആ പിതാവ് എല്ലാ തൊഴിലാളികൾക്കും മധ്യസ്ഥനാണ്. കണ്ണിലെ കൃഷ്ണമണിപോലെ ദൈവപുത്രനെ പരിപാലിച്ച ആ കരങ്ങളിൽ തിരുസ്സഭ സുരക്ഷിതയാണ്. എല്ലാവർക്കുംവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്ന ആ പിതാവിന്റെ തൃക്കരങ്ങളിലേക്ക് നമ്മുടെ ജീവിതത്തെ നമുക്കും സമർപ്പിക്കാം. അങ്ങനെ ആ പിതാവിനെപ്പോലെ ഉറക്കത്തിലും ഉണർവിലും ദൈവസ്വരം കേൾക്കുന്നവരും അതു പ്രാവർത്തികമാക്കുന്നവരുമാകാം.



# വി. യൗസേപ്പിതാവും സന്ന്യാസവും

**ഫാ. പ്രിൻസ് പഴമ്പിള്ളി ഒ.എസ്.ജെ.**

ദൈവത്തിലെത്തിച്ചേരുക എന്ന, മനുഷ്യമനസ്സിന്റെ ആത്യന്തികമായ ലക്ഷ്യത്തിന്റെ പ്രതിഫലനവും പ്രകടമായ അടയാളവുമാണ് സന്ന്യാസം. ഇനിയും എത്തിച്ചേരേണ്ട ക്രൈസ്തവദർശനത്തിന്റെ മേഖലയെ സാക്ഷാത്കരിക്കാൻ പ്രത്യേക ചൈതന്യത്താലും വരപ്രസാദത്താലും നിറയപ്പെട്ട ദൈവദാനമാണ് സന്ന്യാസം. ദൈവത്തിന്റെ മുഖം ലോകത്തിനു മുമ്പിൽ വരച്ചുകാണിക്കാൻ വിളിക്കപ്പെട്ട ഓരോ സന്ന്യാസിയും ക്രിസ്തു ദൈവത്തിന്റെ മുഖമായിരുന്നതുപോലെ ആയിത്തീരണം. ഈ ഭൂമിയിൽ യേശു പിറന്ന നിമിഷം മുതൽ യേശുവിൽ തെളിയുന്ന ദൈവികഛായയെ - നാം എത്തിച്ചേരേണ്ട ദൈവമക്കളെന്ന സ്ഥാനത്തെ - ഏറ്റവും അടുത്തറിഞ്ഞ് അനുഭവിച്ച് സ്വന്തമാക്കിയ വ്യക്തിത്വമാണ് വി. യൗസേപ്പ്. പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതമാകലാണ് തന്റെ ദൗത്യമെന്ന് പറയുന്ന യേശുവിന്റെ താല്പര്യങ്ങൾക്കും ഇഷ്ടങ്ങൾക്കുംവേണ്ടി ജീവിച്ച യൗസേപ്പിതാവല്ലാതെ സന്ന്യാസസമർപ്പണത്തിന് വേറെ എന്ത് ഉദാത്തമായ മാതൃകയാണുള്ളത്? അതുകൊണ്ടുതന്നെ വി. യൗസേപ്പിന്റെ നിശ്ശബ്ദജീവിതത്തിന്റെ ഏടുകളിൽനിന്ന് വായിച്ചെടുക്കാനാവണം സന്ന്യാസജീവിതത്തിന്റെ അന്തഃസത്ത.

ഒന്നാമത്, സന്ന്യാസമെന്നാൽ ക്രിസ്തു കൂടെയുണ്ട് എന്ന ബോധ്യമാണ്. അത് തന്നെയാണ് സന്ന്യാസിയുടെ സൗഭാഗ്യവും. വി. യൗസേപ്പിന്റെ ജീവിതത്തെ സംബന്ധിച്ചിടത്തോളം ഇത് തന്നെയായിരുന്നു ജീവിതവും. യേശുവിന്റെയും മറിയത്തിന്റെയും കൂടെ ആയിരിക്കുന്നതിലാണ് തന്റെ സമസ്തസൗഭാഗ്യവും സന്തോഷവും എന്ന് വി. യൗസേപ്പ് വിശ്വസിച്ചിരുന്നു. ഞങ്ങളോടുകൂടെ താമസിക്കുക (ലൂക്ക 24:29) എന്ന ക്ഷണത്തിന്, യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കുമെന്ന വാഗ്ദാനത്തിന് നല്കപ്പെടുന്ന ഒരു സാക്ഷാത്കാരമാണ് സന്ന്യാസജീവിതം. "പിന്നെ അവൻ മലമുകളിലേക്ക് കയറി തനിക്കിഷ്ടമുള്ളവരെ അടുത്തേക്ക് വിളിച്ചു. അവർ അവന്റെ സമീപത്തേക്ക് ചെന്നു. തന്നോടുകൂടെ ആയിരിക്കുന്നതിനു...." (മർക്കോ 3:13-14). കൂടെ ആയിരിക്കുന്നതിനുവേണ്ടിയാണ് ഓരോ ക്രിസ്തുശിഷ്യനും വിളിക്കപ്പെട്ടിരിക്കുന്നത്. നഷ്ടപ്പെട്ട കൂട്ട്, വിലക്കപ്പെട്ട കനി പറിച്ചുതിന്ന് നഷ്ടപ്പെട്ട ദൈവത്തോടൊത്തുള്ള വാസം - അത് തിരികെ നല്കുവാനും ആ സൗഹൃദത്തിലേയ്ക്കും കൂട്ടായ്മയിലേയ്ക്കും കൂട്ടിക്കൊണ്ടുപോകുവാനും വി. യൗസേപ്പു വഴി ഓരോ സന്ന്യാസിയ്ക്കും സാധിക്കും. കാരണം, യേശു വച്ചു നീട്ടുന്ന ശിഷ്യത്വത്തിന്റെ വിളി, യേശുവിന്റെകൂടെ ജീവിച്ചവരുടെ ഒപ്പം ആയിരിക്കുന്നതിന്റെ മഹത്വം എന്നിവ മനസ്സിലാക്കിയവനാണ് വി. യൗസേപ്പ്. "അങ്ങനെ ഒരു ഹൃദയവും ഒരാത്മാവുമായി" (അപ്പ. 4:32) തീർന്ന് ദൈവികസൗന്ദര്യത്തിന്റെ ആകർഷണം മറ്റുള്ളവർക്കും അനുഭവവേദ്യമാകുവാൻ സന്ന്യാസജീവിതത്തിലൂടെ സാധിക്കും എന്നത് ഈ ജീവിതത്തിന്റെ അന്ത:സത്തയാണ്.

നല്ല ഭാഗം കൂടെയിരിക്കലാണ് (ലൂക്ക 10:42) എന്ന് യേശു വെളിപ്പെടുത്തുമ്പോൾ തിരക്കുകൾക്കിടയിൽ ആ നല്ല ഭാഗം തിരഞ്ഞെടുക്കുന്നതിൽനിന്ന് സന്ന്യാസം അകന്നാൽ സുവിശേഷജീവിതത്തിന് എന്തർത്ഥം.? മുന്തിരിച്ചെടിയായ യേശുവിൽ ഐക്യപ്പെട്ട് നില കൊള്ളാത്തപക്ഷം ഒരു സന്ന്യാസിയുടെ സഭാപരമായ പ്രവൃത്തികളൊന്നും ദൈവികമായ ജീവൻ നല്കാത്തതും സുവിശേഷപരമായ നന്മകൾ പുറപ്പെടുവിക്കാത്തതുമാകും. സന്ന്യസ്തർ എന്ന കൊച്ചു വാക്കിൽമാത്രം അഭിമാനം കൊള്ളുന്ന ഉപരിപ്ലവനന്മകൾ മണൽത്തീരത്തെ വീടാണെന്നോർക്കുക. കാരണം, യേശു പറയുന്നു, "എന്നെ കൂടാതെ നിങ്ങൾക്കൊന്നും ചെയ്യുവാൻ കഴിയുകയില്ല" (യോഹ 15:5). യേശുവിൽ ഒന്നാവാത്ത ഒരാൾക്കും ലോകത്തിനോ സമൂഹ

ത്തിനോ ശാശ്വതമായ നന്മകൾ നല്കുവാനാകില്ല. ഏറെ വിതയ്ക്കും, പക്ഷേ, കുറച്ചുമാത്രം കൊയ്യുന്ന (നിയ 28:38) ഫലശൂന്യമായ പരിശ്രമമാകാതിരിക്കാൻ യേശുവിന്റെ കൂടെയായിരിക്കുക. എന്നാൽ ജീവശ്വാസംപോലെ സന്ന്യാസത്തിലുണ്ടാവണം. വി. യൗസേപ്പിന് ജീവശ്വാസംപോലെ ആയിരുന്നു യേശുവും പരിശുദ്ധ കന്യകാമറിയവും. അവരെക്കൂടാതെ ഒരു നന്മയും യൗസേപ്പിതാവിനില്ല, അവരെക്കൂടാതെ യാതൊരു സന്തോഷവുമില്ല. അവരെ സ്നേഹിച്ച് സംരക്ഷിക്കുക എന്നതിൽ കവിഞ്ഞ് ലോകവ്യഗ്രതകൾ യാതൊന്നും യൗസേപ്പിതാവിനില്ലായിരുന്നു. സന്ന്യാസത്തിൽ ലോകത്തിന് ഒന്നാം സ്ഥാനവും ദൈവത്തിന് രണ്ടാം സ്ഥാനവുമാണെങ്കിൽ യേശുവിനെ അകലെയായി അനുഗമിക്കുന്ന (ലൂക്ക 22:54) അവസ്ഥ കൈവരും. ലോകവ്യഗ്രതകളിൽ സന്ന്യാസം അലങ്കോലപ്പെടാതിരിക്കാൻ ഓർക്കണം. ഓരോ സന്ന്യാസവും ക്രിസ്തുവിന്റേതാണ്, ക്രിസ്തുവിനുള്ളതാണ്.

രണ്ടാമത്, സന്ന്യാസം നിഷേധിക്കലും ഉപേക്ഷിക്കലുമാണ്. വലുതാക്കുന്ന ഇടങ്ങളും വലുതാകുവാനുള്ള ഇടങ്ങളും വിട്ടെറിഞ്ഞ് പോകാനുള്ളതാണ് സന്ന്യാസം. സന്ന്യാസത്തിൽ വളർത്തി വലുതാക്കിയെന്ന ഇടങ്ങളെക്കുറിച്ചുള്ള ആത്മാഭിമാനംപോലും തിരസ്കരിക്കേണ്ടി വന്നേക്കാം. കാരണം, സന്ന്യാസം എന്നു പറയുന്നത് പിറക്കാൻ ഒരിടം തേടിയപ്പോൾ അതുപോലും നിഷേധിക്കപ്പെട്ടവന്റെ ശിഷ്യത്വത്തിലുള്ള പങ്ക് ചേരലാണ്. യേശുവിന് പിറക്കാൻ ഒരിടം തേടിയപ്പോൾ കാലിത്തൊഴുത്തിലെ കാലിക്കച്ചകൾക്കിടയിൽ ഒരിടം ഒരുക്കാൻ ഇടയായത് വി. യൗസേപ്പിനെ ഏറെ വിഷമിപ്പിച്ചിട്ടുണ്ടാകാം. ദൈവമേ നിനക്കുവേണ്ടി, നീ പറഞ്ഞിട്ട് ഞാനിങ്ങനെ ഇറങ്ങിയിട്ട് എനിക്ക് ഒന്നുമാവുന്നില്ലല്ലോ" എന്ന ചിന്ത വി. യൗസേപ്പിൽ അങ്കുരിച്ചിട്ടുണ്ടാവാം. "മറിയത്തെ ഭാര്യയായി സ്വീകരിക്കുക (മത്താ 1:20) എന്ന ദൈവികനിർദ്ദേശം ശിരസാവഹിച്ചപ്പോൾ ലഭിക്കേണ്ട ന്യായമായ അന്തസ്സും, തത്തുല്യമായി താൻ നല്കേണ്ട സംരക്ഷണവും വേണ്ടവിധത്തിൽ ഗർഭിണിയായ മറിയത്തിന് നല്കാനാവുന്നില്ലല്ലോ എന്ന ഹൃദയനൊമ്പരത്തെ തന്നെത്തന്നെ വിനീതനാക്കുന്നതിനുള്ള മാർഗ്ഗമായി സ്വീകരിച്ചു. ദൈവപരിപാലനയിലുള്ള ആഴമേറിയ പരിശീലനത്തിന് ഉപകരിക്കുന്ന ദൈവികപദ്ധതിയായി അതിനെ കാണാൻ വിശുദ്ധനു കഴിഞ്ഞു. പിന്നീട് നിരന്തരമായ അലച്ചിലുകളുണ്ട് വി. യൗസേപ്പിന്റെ ജീവിതത്തിൽ (മത്താ 2:13-14). സാഹസിക

മായ ഈ യാത്രകൾക്കിടയിൽ സ്വാഭാവികമായി ഉയരുന്ന ചോദ്യങ്ങൾ ഉയരേണ്ടതാണ്. ഞാനെന്തു ചെയ്തിട്ടാണിങ്ങനെ? സന്ന്യാസജീവിതത്തിലെ ദൈവഹിതത്തോടുള്ള വിധേയത്വവും ദൈവപരിപാലനയോടുള്ള ആശ്രയവും നിരവധി സഹനങ്ങളുടെ വഴിയിൽ ഉത്തരമാണ്. സ്ഥലമാറ്റങ്ങളെക്കുറിച്ച് പരാതിപ്പെടുന്ന സന്ന്യാസം, ലഭിച്ച ഇടങ്ങളെക്കുറിച്ചുള്ള പരിഭവങ്ങളുടെ സന്ന്യാസം, അസൗകര്യങ്ങളുടെ അസ്വസ്ഥതകൾ ഭീഷണിയാക്കുന്ന സന്ന്യാസം, ഇനിയും സഞ്ചരിക്കേണ്ട ദൂരം - വി. യൗസേപ്പിതാവിന്റെ ആത്മീകയാത്രയുടെ ദൂരമാണ്. ഒരിടത്തും ഉടക്കിനില്ക്കാതെ, ഒരു വസ്തുവിലും വിശ്രമിക്കാതെ, യേശുവിൽ മനസ്സുറപ്പിക്കാൻ സന്ന്യാസത്തെ പരിശീലിപ്പിക്കുന്നത് വി. യൗസേപ്പാണ്. സ്തുതികൾ പാടിപ്പറഞ്ഞിറങ്ങുന്ന, പരിഭവങ്ങൾ പ്രാർത്ഥനകളാക്കുന്ന സന്ന്യാസം, എന്തിനും ഏതിനും നന്ദി പറയുന്ന സന്ന്യാസം-ഇതിലേ ഉയിർപ്പുള്ളൂ.

മൂന്നാമത്, സന്ന്യാസം ദൈവികസ്വപ്നങ്ങൾക്കുവേണ്ടിയുള്ള കാത്തിരിപ്പാണ്. ദൈവഹിതത്തിലേക്ക് മിഴിതുറക്കുന്ന, ദൈവിക സ്വപ്നങ്ങൾ കാണാൻ കഴിവു നല്കുന്ന ഇടങ്ങളാകണം സന്ന്യാസം. ദൈവികസ്വപ്നങ്ങൾ കാണാൻ വിശുദ്ധിയുടെ മനസ്സുണ്ടാകണം. ചിന്തയും ബുദ്ധിയും ഭാവനയുമെല്ലാം നാം സമർപ്പിച്ചില്ലെങ്കിൽ, "ഇനിയും നിങ്ങൾ മനസ്സിലാക്കുകയും ഗ്രഹിക്കുകയും ചെയ്യുന്നില്ലേ! നിങ്ങളുടെ ഹൃദയം മന്ദീഭവിച്ചിരിക്കുന്നുവോ, കണ്ണുണ്ടായിട്ടും നിങ്ങൾ കാണുന്നില്ലേ. ചെവിയുണ്ടായിട്ടും നിങ്ങൾ കേൾക്കുന്നില്ലേ" (മർക്കോ 8:17-18) എന്ന് ദൈവം സന്ന്യാസത്തെക്കുറിച്ച് വിലപിക്കും. അതുകൊണ്ട് ആത്മാവിൽ തുറവിയും ദൈവിക ഇടപെടലുകളോടുള്ള പൂർണ്ണസമ്മതവും വി. യൗസേപ്പിതാവിനെപ്പോലെ സന്ന്യസ്തരും ആർജ്ജിക്കേണ്ടതാണ്. വിഭജിക്കപ്പെടാത്ത ഹൃദയത്തിലാണ് ദൈവിക വെളിപാടുകൾ ലഭിക്കുക. വിഭജിക്കപ്പെട്ട സ്നേഹം ബ്രഹ്മചര്യത്തിന് എതിരാണ്. ദൈവത്തിനുവേണ്ടി മാത്രം തുറന്നിട്ട വി. യൗസേപ്പിന്റെ ഹൃദയം ദൈവപുത്രനായ ഈശോയിലും അമ്മയായ മറിയത്തിലും മാത്രമായതുകൊണ്ടാണ് ശത്രുവിന്റെ കെണികൾ തിരിച്ചറിഞ്ഞ് വേണ്ടവിധം പ്രവർത്തിക്കാനായത്. കാലത്തിന്റെ ശത്രുക്കൾ ആരെന്നും ആത്മനാശത്തിന് കാരണമാകുന്നത് എന്ത് എന്നും തിരിച്ചറിഞ്ഞ് കാലവിളംബം വരുത്താതെ പ്രതിരോധമാർഗ്ഗ

ങ്ങൾ സ്വീകരിക്കണമെങ്കിൽ സന്ന്യാസത്തിൽ സ്നേഹം നിർമ്മലമാകണം, സ്നേഹം ദൈവത്തോടാകണം.

ദൈവംതന്നെയായ സമ്പന്നതയെ ആത്മനാ മനസ്സിലാക്കുകയും കാണുകയും രുചിക്കുകയും ചെയ്യുമ്പോൾ സന്ന്യാസം ആനന്ദപ്രദമാകും. യഥാർത്ഥ ദൈവാനുഭവത്തിനുവേണ്ടി ദാഹിക്കുന്നവരുടെ പാതയാണല്ലോ സന്ന്യാസം. അതുകൊണ്ടുതന്നെ തിരുസഭയുടെ ഹൃദയഭാഗത്തുള്ള ജീവിതമാണ് സന്ന്യാസം. ഇക്കാരണത്താലാകാം ലോകമെമ്പാടുമുള്ള സന്ന്യാസഭവനങ്ങൾക്കും സഭകൾക്കും വി. യൗസേപ്പ് മദ്ധ്യസ്ഥനും സംരക്ഷകനുമായി മാറിയത്. സന്ന്യാസവഴിയിൽ കാവലായി വി. യൗസേപ്പുണ്ട്. ദൈനംദിനജീവിതത്തിൽ വി. യൗസേപ്പിന് ദൈവസ്നേഹത്തിന്റെ അടയാളങ്ങൾ സമീപസ്ഥമായിരുന്നതുപോലെ സന്ന്യാസത്തിലും ദൈവസാന്നിധ്യബോധം ആഴപ്പെടണം. എന്നാൽ മാത്രമേ അനുഭവിച്ച യേശുവിനെ ലോകത്തിനു നല്കാനാവൂ. അല്ലെങ്കിൽ സ്ഥാപനവത്കരിക്കപ്പെട്ടതും വെറും കെട്ടിടങ്ങളുടേതുമായ ഒരു കാഴ്ചവസ്തുവായി, ഉപജീവന ഉപാധിയായി സന്ന്യാസം മാറും, അതു തീർച്ച.

പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതമാകലാണ് തന്റെ ദൗത്യമെന്ന് പറയുന്ന യേശുവിന്റെ താൽപ്പര്യങ്ങൾക്കും ഇഷ്ടങ്ങൾക്കും വേണ്ടി ജീവിച്ച യൗസേപ്പിതാവല്ലാതെ സന്ന്യാസസമർപ്പണത്തിന് വേറെ ഏത് ഉദാത്തമായ മാതൃകയാണുള്ളത്? അതുകൊണ്ട്തന്നെ വി. യൗസേപ്പിന്റെ നിശ്ശബ്ദജീവിതത്തിന്റെ ഏടുകളിൽനിന്നും വായിച്ചെടുക്കാനാവണം സന്ന്യാസജീവിതത്തിന്റെ അന്തഃസത്ത.



# ചാരിത്ര്യസംരക്ഷകനായ വി. യൗസേപ്പ്

**ഫാ. ജോസ്മോൻ തേലപ്പറമ്പിൽ ഒ.എസ്.ജെ.**

"കന്യകയുടെ വിരക്തപതി" എന്ന അപദാനം വി. യൗസേപ്പിന് തിരുസ്സഭ നല്കുന്ന ആത്മീക വിശേഷണങ്ങളിലൊന്നാണ്. കന്യാത്വ ത്തിന്റെ ഭംഗം വരാത്ത മഹനീയതയാണ് പരി. കന്യാമറിയത്തിന്റെ ജീവിതം. ഈ വിശുദ്ധ കന്യാമണിയുടെ ചാരിത്ര്യസംരക്ഷകനാകാൻ ദൈവം തെരഞ്ഞെടുത്തത് പുണ്യചരിതനായ വിശുദ്ധ യൗസേപ്പിനെ യാണ്. മറിയത്തിന്റെ ശ്രേഷ്ഠകന്യാത്വത്തിന് കോട്ടംതട്ടാതെ കാക്കു വാൻ ദൈവനിയുക്തനായ ഈ വിശ്വസ്ത കാവൽക്കാരനു കഴിഞ്ഞു. ആ വിശ്വസ്തതയുടെ ആഴങ്ങൾ തേടുകയാണ് ഈ ലേഖനം.

## 1. "ശുദ്ധത" എന്ന നിധി

തെറ്റിദ്ധരിക്കപ്പെട്ട ഒരു പുണ്യമാണ് ശുദ്ധത. ദൈവം നല്കുന്ന ലൈംഗികദാനങ്ങളെ അടിച്ചമർത്തുകയാണ് വിശുദ്ധി, എന്ന ചിന്ത യാണ് ഈ തെറ്റിദ്ധാരണയിലേക്ക് നയിക്കുന്നത്. എന്നാൽ ലൈംഗിക ചോദനകളുടെ നിരാസത്തെമാത്രം ശുദ്ധതയായി കാണാനാവില്ല.

നിസ്വാർത്ഥവും നിഷ്കളങ്കവും അവസരോചിതവുമായ സ്നേഹത്തിന്റെ പ്രകടനമാണ് ശുദ്ധത. മറ്റുള്ളവരെ നമ്മെക്കാളധികം സ്നേഹിക്കാനുള്ള ഹൃദയവിശാലതയെ ശുദ്ധതയെന്നു വിളിക്കാം. സ്വന്തം ബലഹീനതകൾക്കു വശംവദരാകാതെ മറ്റുള്ളവരുടെ വികാരങ്ങളെ മാനിക്കുവാനുള്ള മന:സ്ഥിതിയെയും ശുദ്ധതയെന്നു വിളിക്കാം.

## 2. വിശുദ്ധ ലിഖിതങ്ങൾ പ്രഘോഷിക്കുന്ന വിശുദ്ധി

ഏശയ്യാ പ്രവാചകൻ തന്റെ അശുദ്ധാവസ്ഥയെക്കുറിച്ച് ഉദ്ഘോഷിക്കുന്നത് ഇപ്രകാരമാണ് : "എനിക്കു ദുരിതം! ഞാൻ നശിച്ചു. എന്തെന്നാൽ, ഞാൻ അശുദ്ധമായ അധരങ്ങൾ ഉള്ളവനും അശുദ്ധമായ അധരങ്ങളുടെ മദ്ധ്യേ വസിക്കുന്നവനുമാണ്" (ഏശ 6:5). ഏശയ്യാ പ്രവാചകന്റെ അശുദ്ധത വിട്ടുമാറുന്നത് സെറാഫുകളിലൊന്ന് ബലിപീഠത്തിൽനിന്നെടുത്ത തീക്കനൽകൊണ്ട് പ്രവാചകന്റെ അധരങ്ങളെ സ്പർശിക്കുമ്പോഴാണ്. ദൈവമാണ് വിശുദ്ധിയുടെ ഉറവിടം എന്നർത്ഥം.

ലൂക്കായുടെ സുവിശേഷത്തിൽ ശിമയോൻ പത്രോസ് യേശുവിന്റെ കാൽക്കൽവീണ് പറയുന്നു : "കർത്താവേ, എന്നിൽനിന്നകന്നു പോകണമേ, ഞാൻ പാപിയാണ്" (ലൂക്ക 5:8). ദൈവം വിശുദ്ധിയാണ് എന്നതാണ് ഇവിടെ സൂചിതം. വിശുദ്ധ പൗലോസ് അപ്പസ്തോലൻ തിമോത്തിക്കെഴുതിയ ഒന്നാം ലേഖനത്തിൽ 5:23-ൽ "നീ വിശുദ്ധി പാലിക്കണം" എന്ന ശക്തമായ അനുശാസനം നല്കിയിരിക്കുന്നു. ലേവ്യർ 11:44-ൽ തന്റെ പരിശുദ്ധിയിൽ പങ്കുചേരാൻ ക്ഷണിക്കുന്ന ദൈവത്തെയാണ് നാം കാണുന്നത്. "ഞാൻ നിങ്ങളുടെ ദൈവമായ കർത്താവാകുന്നു. നിങ്ങൾ നിങ്ങളെത്തന്നെ വിശുദ്ധീകരിക്കുകയും പരിശുദ്ധരായിരിക്കുകയും ചെയ്യുവിൻ. കാരണം, ഞാൻ പരിശുദ്ധനാകുന്നു." (ലേവ്യ 11:44). വിശുദ്ധ വചനങ്ങളുടെ അടിസ്ഥാനത്തിൽ നാം മനസ്സിലാക്കേണ്ട വിശുദ്ധി ദൈവത്തിന്റെ വിശുദ്ധിയിലുള്ള ഭാഗഭാഗിത്വമാണ്. അശുദ്ധമായതൊന്നിനും ദൈവസാന്നിദ്ധ്യത്തിൽ നിലനില്പ്പില്ല. "ഞാൻ പരിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും പരിശുദ്ധരായിരിക്കുവിൻ" എന്ന വിളിയിൽ ഉൾച്ചേർന്നിരിക്കുന്ന വെല്ലുവിളികളെക്കുറിച്ച് ദൈവത്തിനറിയാം. മനുഷ്യന്റെ ബലഹീനപ്രകൃതിയെ അറിയാവുന്ന ദൈവം തന്റെ കൃപ അയച്ച് അവനെ ശക്തിപ്പെടുത്തുന്നതിന് തെല്ലും മടികാണിക്കുന്നില്ല (2 കൊറി 12:9).

സർവ്വനന്മയായ ദൈവത്തിലേക്ക് ചേരുവാനുള്ള അദമ്യമായ ആഗ്ര ഹംതന്നെയാണ് മനുഷ്യനെ സംബന്ധിച്ച് വിശുദ്ധിയിലേക്കുള്ള പ്രയാണം. "കർത്താവേ, അങ്ങിൽ വിലയം പ്രാപിക്കുന്നതുവരെ എന്റെ മനസ്സ് അസ്വസ്ഥമാകുന്നു" എന്ന അഗസ്തീനോസിന്റെ വാക്കുകളും വെളിപ്പെടുത്തുന്ന സത്യമിതാണ്.

## 3. ശുദ്ധതയുടെ കാവലാളാകുന്ന യൗസേപ്പ്

തിരുക്കുടുംബത്തിന്റെ വിശുദ്ധി സംരക്ഷിക്കുവാൻ ദൈവ പിതാവ് യൗസേപ്പിനെ ഉപകരണമാക്കി. കന്യകകളുടെ കാവല്ക്കാര നായ ഈ പിതാവ് ബ്രഹ്മചര്യത്തിന്റെ നലംതികഞ്ഞ മാതൃകയാണ്. വ്യക്തിവിശുദ്ധിയോടൊപ്പം മറ്റുള്ളവരുടെ വിശുദ്ധികൂടി സംരക്ഷിച്ചു എന്നതാണ് യൗസേപ്പിനെ ചാരിത്ര്യസംരക്ഷകനാക്കുന്നത്. കന്യക യായ മറിയത്തിന്റെയും ഉണ്ണിയായ യേശുവിന്റെയും ചാരിത്ര്യത്തെ സംരക്ഷിച്ച ഈ പുണ്യപിതാവ് ശുദ്ധതയുടെ നാല് മേഖലകളിലേക്ക് നമ്മുടെ ശ്രദ്ധതിരിക്കുകയാണ്.

### 3. 1. ശരീരത്തിന്റെ ശുദ്ധത

"പ്രിയപ്പെട്ടവരേ, നിങ്ങളുടെ ആത്മാവിനെതിരായി പോരാടി ക്കൊണ്ടിരിക്കുന്ന ശാരീരികപ്രവണതകളിൽനിന്ന് പരദേശികളും വിപ്രവാസികളുമെന്ന നിലയിൽ ഒഴിഞ്ഞുനില്ക്കാൻ നിങ്ങളോട് ഞാൻ അപേക്ഷിക്കുന്നു" (1 പത്രോ 2:11). ആത്മാവും ശരീരവും രണ്ടു ധ്രുവങ്ങളിലെ യാഥാർത്ഥ്യമാണ്. അവയ്ക്കിടയിലുള്ള സംഘട്ടനം കാലത്തിന്റെ തുടക്കം മുതലേയുണ്ട്. ശരീരം ദൈവാത്മാവിന്റെ ആല യമാണ്. ഈ ആലയത്തെ പവിത്രമായി സൂക്ഷിക്കുന്നതിൽ വിജയ ശ്രീലാളിതനായി വി. യൗസേപ്പ്. സ്വശരീരത്തെ വിരക്തിയിൽ സൂക്ഷി ച്ചതു മാത്രമല്ല, തനിക്കു ഭരമേല്പ്പിക്കപ്പെട്ട തിരുക്കുടുംബത്തെയും വിശുദ്ധിയിൽ വളർത്തുവാൻ വി. യൗസേപ്പ് വിജയിച്ചു എന്നതിലാണ് അദ്ദേഹത്തിന്റെ മഹത്വം.

### 3. 2. മനസ്സിന്റെ ശുദ്ധത

ശരീരവിശുദ്ധിയും മനസ്സിന്റെ ശുദ്ധതയും പരസ്പരബന്ധിത മാണ്. കളങ്കം നിറഞ്ഞ മനസ്സ് ശരീരത്തെയും മലിനമാക്കും. ജോബ് പറയുന്നു: "ഞാൻ എന്റെ കണ്ണുകളുമായി ഒരുടമ്പടി ചെയ്തിട്ടുണ്ട്; അപ്പോൾ ഞാൻ എങ്ങനെ ഒരു കന്യകയെ നോക്കും?" വി. യൗസേപ്പിന്റെ

മന:ശുദ്ധിയാണ് ശാരീരികാഭിലാഷങ്ങളെ മറികടക്കാൻ അദ്ദേഹത്തിന് പ്രേരണയായത്.

### 3. 3. ഹൃദയത്തിന്റെ ശുദ്ധത

"കർത്താവിന്റെ മലയിൽ ആരു കയറും? അവിടുത്തെ വിശുദ്ധസ്ഥലത്ത് ആരു നില്ക്കും? കളങ്കമറ്റ കൈകളും നിർമ്മലമായ ഹൃദയവും ഉള്ളവൻ" (സങ്കീ. 24: 3,4). ദൈവസന്നിധിയിൽ പ്രവേശിക്കുവാനുള്ള യോഗ്യതയായി സങ്കീർത്തകൻ ചൂണ്ടിക്കാണിക്കുന്നത് ഹൃദയത്തിന്റെ നൈർമ്മല്യത്തെയാണ്. സ്നേഹത്തിന്റെ ഇരിപ്പിടമായിട്ടാണ് ഹൃദയത്തെ വീക്ഷിക്കാറുള്ളത്. ഹൃദയത്തെ ശുദ്ധമാക്കുക എന്നുപറഞ്ഞാൽ 'ശുദ്ധസ്നേഹം' പങ്കുവയ്ക്കുക എന്നതാണ്. ദൈവത്തെയും സഹോദരങ്ങളെയും ശുദ്ധഹൃദയത്തോടെ സ്നേഹിക്കാൻ കഴിയുന്നവൻ ദൈവത്തിന് സ്വീകാര്യനാണ്. വി. യൗസേപ്പ് ഹൃദയശുദ്ധിയുള്ളവനായതുകൊണ്ടാണ് സ്വപ്നങ്ങളിലെ ദൈവസ്വരങ്ങൾക്ക് കാതുകൊടുത്തതും മറിയത്തിന്റെ ചുമതല ചുമലിലേറ്റിയതും.

### 3. 4. ആത്മാവിന്റെ ശുദ്ധത

"ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവരുടേതാണ്" (മത്താ 5:3). ആത്മവിശുദ്ധി സ്വർഗ്ഗപ്രാപ്തിയുടെ അടിസ്ഥാനപ്രമാണമായി വ്യാഖ്യാനിക്കുകയാണ് മലയിലെ പ്രസംഗത്തിലൂടെ യേശു. ഈ പ്രഭാഷണം നടത്തുമ്പോൾ തന്റെ വളർത്തുപിതാവിന്റെ സ്നേഹചിത്രം യേശുവിന്റെ മനസ്സിലൂടെ കടന്നുപോയിട്ടുണ്ടാവുമോ? സാധ്യതയേറെ... കാരണം, നസ്രത്തിലെ കുടുംബമാണല്ലോ സ്വർഗ്ഗത്തിന്റെ ആദ്യാക്ഷരങ്ങൾ യേശുവിന്റെ മനസ്സിൽ കോറിയിട്ടത്. ആർക്കും ഒന്നിനും വിഭജിച്ചുകൊടുക്കാതെ തന്റെ ഹൃദയത്തെയും ആത്മാവിനെയും അവിഭക്തമായി ദൈവസ്നേഹത്തിന് സമർപ്പിച്ചതിലാണ് യൗസേപ്പിന്റെ ആത്മവിശുദ്ധി സാക്ഷാത്കരിക്കപ്പെടുന്നത്.

## 4. യൗസേപ്പിന്റെ ചാരിത്ര്യസംരക്ഷണം ഇന്ന്

രക്ഷാകരചരിത്രത്തിലെ അനന്യവും അന്യൂനവുമായ ഒരു ഉത്തരവാദിത്വം നിരുപാധികം നിർവ്വഹിച്ച യൗസേപ്പ് ഇന്നും ചാരിത്ര്യസംരക്ഷകനായി തുടരുകയാണ്. സ്ത്രീത്വം ഹനിക്കപ്പെടുന്ന ഒരു

കാലഘട്ടമാണിത്. ഒളിഞ്ഞും തെളിഞ്ഞും സ്ത്രീ അപമാനിക്കപ്പെടുമ്പോൾ ചാരിത്ര്യസംരക്ഷകരായി മാറുവാനുള്ള വലിയൊരു വെല്ലുവിളി യൗസേപ്പ് നമുക്ക് നല്കുകയാണ്. സ്ത്രീയെ ആദരവോടും ബഹുമാനത്തോടുംകൂടെ കാണുക. സ്ത്രീയുടെ ബാഹ്യമോടിയിലേക്കല്ല, ആന്തരികഭംഗിയിലേക്കാണ് നോക്കേണ്ടത്. പുരുഷന്മാരിൽ നല്ലവർ ഇനിയും ബാക്കിയുണ്ട് എന്ന് ഓരോ പുരുഷനും തെളിയിക്കണം. പെരുമാറ്റത്തിലും പ്രവൃത്തിയിലും അതിർവരമ്പുകൾ സൂക്ഷിക്കുക. തിന്മയുടെ സാധ്യതകളെ നന്മയുടെ സാധനകളാക്കിമാറ്റുക. ഇടർച്ചയിലേക്ക് നയിക്കുന്ന, പ്രലോഭിപ്പിക്കുന്ന വസ്ത്രധാരണശൈലികൾ പരിത്യജിക്കുക. മിതത്വം ശീലമാക്കുക. മറിയത്തിന് ജീവിതാവസാനംവരെ കന്യാത്വം അഭംഗുരം കാത്തുപാലിക്കാൻ കഴിഞ്ഞത് യൗസേപ്പിന്റെ നിർമ്മലമായ സ്നേഹത്തിന്റെ പശ്ചാത്തലത്തിലാണ്. ഈ സ്നേഹയാത്ര തുടരുവാൻ യൗസേപ്പ് നമ്മോടാവശ്യപ്പെടുമ്പോൾ ഒന്നോർക്കുക, ശരീരത്തിന്റെ ഉയിർപ്പിൽ വിശ്വസിക്കുന്ന നാം ശരീരങ്ങളെ എത്ര കരുതലോടെ വേണം സൂക്ഷിക്കാനെന്ന്.



# വിശുദ്ധ യൗസേപ്പിതാവും അമ്മത്രേസ്യയും

**ഫാ. തമ്പി അറക്കൽ ഒ.സി.ഡി.**

ആവിലായിലെ അമ്മത്രേസ്യാ സൗഹൃദങ്ങളുടെ വ്യക്തിയായിരുന്നു. ബന്ധങ്ങൾക്കും സൗഹൃദങ്ങൾക്കുമെല്ലാം ഇത്രയേറെ പ്രാധാന്യം നല്കിയ വേറെ വിശുദ്ധയില്ല എന്നുതന്നെ പറയേണ്ടിവരും. ഈ സൗഹൃദം മനുഷ്യരോടു മാത്രമല്ല വിശുദ്ധരോടും എല്ലാറ്റിലും ഉപരിയായി ദൈവത്തോടും കാത്തുസൂക്ഷിച്ച വ്യക്തിയാണ് തെരേസ. ഭൂമിയിൽ മാത്രമല്ല സ്വർഗ്ഗത്തിലുള്ളവരുമായും അവൾ ഈ സൗഹൃദം തുടരുന്നു. എന്നാൽ സ്വർഗ്ഗീയസൗഹൃദങ്ങളെ സാധാരണക്കാരെപ്പോലെ ഏതാനും പ്രിയപ്പെട്ട വിശുദ്ധരിൽ മാത്രമായി തെരേസ പരിമിതപ്പെടുത്തിയില്ല. മുപ്പത്തിനാലു വിശുദ്ധരോടും തെരേസ പ്രത്യേക ഭക്തിയും ആദരവും കാണിച്ചിരുന്നു. പൊതുവിൽ വിശുദ്ധരോടുള്ള വണക്കത്തിനു പുറമേയുള്ളവരായിരുന്നു ഇവർ. തെരേസയുടെ പ്രാർത്ഥനാപുസ്തകത്തിൽ (ബിവേരി) ഈ പ്രത്യേക വിശുദ്ധരുടെ പേരുവിവര പട്ടികയുണ്ടായിരുന്നു. അതിൽ ആദ്യത്തെ പേര് വിശുദ്ധ യൗസേപ്പിതാവിന്റേതായിരുന്നു എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഈ പട്ടികയിൽ കന്യകമാർ, മാലാഖമാർ, പാത്രിയാർക്കീസ്,

കർമ്മലീത്ത വിശുദ്ധർ തുടങ്ങിയവരും ഉൾപ്പെട്ടിരുന്നു. പല വിശുദ്ധരെയും തെരേസ തന്റെ പ്രാർത്ഥനാസുഹൃത്തുക്കളായി കരുതിപ്പോന്നു. അവരിൽ വിശുദ്ധയെ ഏറെ സ്വാധീനിച്ചത് വിശുദ്ധ യൗസേപ്പിതാവാണ്. ഈ പ്രത്യേക ഭക്തി പിന്നീട് തെരേസയുടെ ജീവിതത്തിനുതന്നെ വഴിത്തിരിവായി.

## വിശുദ്ധ യൗസേപ്പിതാവിനോടുണ്ടായിരുന്ന തെരേസയുടെ പ്രത്യേകഭക്തി

തെരേസയുടെ ഈ പ്രത്യേക ഭക്തിയും വണക്കവും വിശകലനം ചെയ്യുമ്പോൾ, യൗസേപ്പിതാവിനെക്കുറിച്ച് പുസ്തകങ്ങളിൽനിന്നോ, പ്രസംഗങ്ങളിൽനിന്നോ, തിരുനാളുകളിൽനിന്നോ അല്ല മറിച്ച് സ്വന്തം അനുഭവത്തിൽനിന്നാണ് ഈ വിശുദ്ധനോടുള്ള സൗഹൃദബന്ധത്തിലേക്ക് തെരേസ ആകർഷിക്കപ്പെടുന്നതെന്ന് വ്യക്തമാകും. തെരേസ ആവിലായിലെ ഇൻകാർനേഷൻ മഠത്തിലായിരുന്നപ്പോൾ അവൾക്ക് വിശുദ്ധ യൗസേപ്പിതാവിനോടുണ്ടായിരുന്ന പ്രത്യേക ഭക്തി വളരെ വ്യക്തമാണ്. എന്നാൽ ഈ ഭക്തിയുടെ വിത്തുകൾ തെരേസയുടെ ജീവിതത്തിൽ വിതച്ചതും വളർത്തിയതും അവളുടെ കുടുംബവും അവിടത്തെ ഭക്തകൃത്യങ്ങളുമാണെന്ന് ഊഹിക്കാവുന്നതാണ്. കാരണം, തെരേസതന്നെ ഇങ്ങനെ എഴുതുന്നു. "പരിശുദ്ധ ജനനിയോടുള്ള ഭക്തിയിലും വിശുദ്ധരോടുള്ള വണക്കത്തിലും പ്രാർത്ഥനാതീക്ഷ്ണതയിലും ഞാൻ വളർന്നുവന്നതിന് അമ്മ പ്രദർശിപ്പിച്ച ഉത്സാഹവും പിതാവിന്റെ സദ്ഗ്രന്ഥങ്ങളും എന്നിൽ സദ്വികാരങ്ങൾ ജനിപ്പിച്ചുകൊണ്ടിരുന്നു" (ആത്മകഥ, 1:1). വീട്ടിൽനിന്ന് ലഭിച്ച വണക്കം തെരേസ തന്റെ ഇൻകാർനേഷൻ മഠത്തിലും തുടർന്നു എന്നുവേണം കരുതാൻ. അതിന് മതിയായ സാക്ഷ്യങ്ങളും വിവരണങ്ങളും തെരേസ ആത്മകഥയിൽ വിവരിക്കുന്നുണ്ട്. വിശുദ്ധ യൗസേപ്പിതാവിനോടുള്ള വണക്കം സ്നേഹമായി, ബഹുമാനമായി, ഭക്തിയായി, അവബോധമായി, ആഴമുള്ള ആത്മബന്ധമായി തെരേസയിൽ വളർന്നിരുന്നു. തൽഫലമായി അവളുടെ ജീവിതം വിശുദ്ധനിലൂടെ ഒരു സമ്പൂർണ്ണ സമർപ്പണമായിത്തീരുകയാണുണ്ടായത്.

തെരേസയുടെ വ്രതവാഗ്ദാനം കഴിഞ്ഞ് താമസിയാതെ അവൾ രോഗിയായി. തത്സമയം ചികിത്സയ്ക്കായി ഒരു സഹോദരിയുടെ കൂടെ താമസിക്കുകയും ഫലമില്ലാതെ ആവിലായിലെ മഠത്തിലേയ്ക്കു രോഗിയായിതന്നെ മടങ്ങേണ്ടിവരുകയും ചെയ്തു. നിരന്തരം രോഗി

യായിരുന്ന തെരേസയെ ഒരു ഷീറ്റിൽ കിടത്തി രണ്ടറ്റത്തും ഓരോ രുത്തർ പിടിച്ചാണ് അങ്ങുമിങ്ങും കൊണ്ടുപോയിരുന്നത്. ചത്തതി നൊക്കും ശരീരം, കാഴ്ചയിൽ എത്രയും പരിതാപകരം, വെറും അസ്ഥിപഞ്ജരം മാത്രമായിത്തീർന്ന തെരേസ വിശുദ്ധ യൗസേപ്പിൽ ആശ്രയംതേടി പ്രാർത്ഥിച്ചു. ആത്മകഥയിൽ തെരേസ ഇക്കാര്യം വിവ രിക്കുന്നത് ഇപ്രകാരമാണ്, " എന്റെ രോഗാവസ്ഥയിൽ ഭാഗ്യപ്പെട്ട മാർ യൗസേപ്പിനെ എന്റെ മദ്ധ്യസ്ഥനും നാഥനുമായി ഞാൻ തിരഞ്ഞെടു ക്കുകയും എന്നെ അദ്ദേഹത്തിന് ഏല്പിക്കുകയും ചെയ്തു... ഞാൻ ചോദിച്ചതിനെക്കാൾ കൂടുതൽ അനുഗ്രഹം അദ്ദേഹം എനിക്ക് തന്നു. ഞാൻ അദ്ദേഹത്തോട് ചോദിച്ചിട്ടുള്ള യാതൊന്നും കിട്ടാത്തതായി എനിക്ക് ഓർമ്മയില്ല. ശാരീരികവും ആത്മീകവുമായ ഏതെല്ലാം വിപ ത്തുകളിൽനിന്നാണ് ഈ ഭാഗ്യപ്പെട്ട വിശുദ്ധൻ എന്നെ രക്ഷിച്ചിട്ടു ള്ളത്. ഇതും അദ്ദേഹം വഴി എനിക്കു ലഭിച്ചിട്ടുള്ള മഹാനുഗ്രഹ ങ്ങളും ഓർമ്മിക്കുമ്പോൾ ഞാൻ ആശ്ചര്യഭരിതയായിപ്പോകുന്നു. മറ്റു വിശുദ്ധന്മാർക്ക് ചില ആവശ്യങ്ങളിൽ നമ്മെ സഹായിക്കാനുള്ള അനുഗ്രഹം നല്കിയിരിക്കുന്നു.... സ്വർഗ്ഗത്തിൽ അദ്ദേഹം ചോദിക്കു ന്നതെല്ലാം അവിടുന്ന് ചെയ്തുകൊടുക്കുന്നു" (ആത്മകഥ 6).

രോഗവിമുക്തയായ തെരേസ എന്നും വിശ്വസിച്ചുപോന്നു, തന്നെ സുഖപ്പെടുത്തിയത് യൗസേപ്പിതാവിന്റെ പ്രത്യേക മാദ്ധ്യ സ്ഥ്യമാണെന്ന്. ഇതിനെക്കുറിച്ച് തെരേസ പറയുന്നത് ഇപ്രകാര മാണ്: "വിശുദ്ധയൗസേപ്പിതാവിനോട് എനിക്കുള്ള ഭക്തി പരസ്യമായി ഞാൻ പ്രഖ്യാപിക്കുന്നുണ്ടെങ്കിലും അദ്ദേഹത്തെ സേവിക്കുന്നതിലും അനുകരിക്കുന്നതിലും ഞാൻ പരാജയപ്പെട്ടിരിക്കുകയാണ്. എന്റെ പക്ഷവാതം സുഖപ്പെടുത്തി എനിക്ക് എഴുന്നേറ്റു നടക്കാൻ കെല്പ് നല്കിയത് അദ്ദേഹത്തിന്റെ പ്രകൃതിയുടെ വിശേഷണമാണ്. എന്നാൽ ഈ അനുഗ്രഹം ദുരുപയോഗിക്കുകയെന്നത് എന്റെ പ്രകൃ തിയുടെ ദൂഷ്യമാണ്" (ആത്മകഥ 6,9). യൗസേപ്പിതാവിനോടുള്ള തെരേസയുടെ ഭക്തിയെക്കുറിച്ച് മനസ്സിലാക്കുമ്പോൾ എല്ലാറ്റിന്റെയും അടിസ്ഥാനമായി നില്ക്കുന്നത് അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയു ണ്ടായ രോഗശാന്തി സൗഖ്യമാണെന്നു കാണാം. ഈ സൗഖ്യംവഴി യൗസേപ്പിതാവ് തെരേസയുടെ പിതാവും എല്ലാകാര്യങ്ങളിലും ആശ്രയിക്കാവുന്ന മദ്ധ്യസ്ഥനുമായിത്തീർന്നു. ഇങ്ങനെ പല സന്ദർഭ ങ്ങളിലും യൗസേപ്പിതാവിന്റെ സാന്നിദ്ധ്യം തെരേസ തന്റെ ജീവിത ത്തിൽ അനുഭവിച്ചറിഞ്ഞിട്ടുണ്ട്.

നിഷ്പാദുക കർമ്മലീത്ത സഭയിലും അംഗങ്ങളിലും കാണുന്ന യൗസേപ്പിതാവിനോടുള്ള ഭക്തിയുടെ അടിവേരുകൾ തെരേസയുമായി ബന്ധപ്പെട്ടു കിടക്കുന്ന ഒരു യാഥാർത്ഥ്യമാണ്. തെരേസ തന്റെ പുത്രിമാർക്ക് കൈമാറിയ ആത്മീകപൈതൃകത്തിലെ പ്രധാനപ്പെട്ട ഒന്നാണ് യൗസേപ്പിതാവിനോടുള്ള ഭക്തി. തെരേസിയൻ നവീകരണത്തിന്റെയും സമൂഹങ്ങളുടെയും നാഥനും സ്ഥാപകപിതാവും സംരക്ഷകനുമൊക്കെയായി വിശുദ്ധ യൗസേപ്പിനെയാണ് തിരഞ്ഞെടുത്ത് നിയോഗിച്ചത്. ഇക്കാരണത്താൽ തെരേസ താൻ ആരംഭം കുറിച്ച സമൂഹങ്ങളുടെ, ദൈവാലയത്തിന്റെ പ്രധാന കവാടത്തിന്റെ മുകളിലായി, "ഈ സമൂഹം സ്ഥാപിക്കപ്പെട്ടിരിക്കുന്നത് പരിശുദ്ധ കന്യകാമറിയത്തിന്റെയും വിശുദ്ധ യൗസേപ്പിതാവിന്റെയും സ്തുതിക്കായിട്ടാണ്" എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അതോടൊപ്പം ആവിലായിലെ ഇൻകാർനേഷൻ മഠത്തിലുണ്ടായിരുന്ന വിശുദ്ധ യൗസേപ്പിതാവിന്റെ തിരുസ്വരൂപം തെരേസ തന്റെ എല്ലാ മഠങ്ങളിലും കൊണ്ടുപോകുകവഴി വിശുദ്ധ യൗസേപ്പിതാവ് സഭയുടെ സംരക്ഷകൻ എന്ന് സാക്ഷ്യപ്പെടുത്തുകയായിരുന്നു. നവീകരിക്കപ്പെട്ട കർമ്മലീത്ത സമൂഹങ്ങൾ ഈ ചൈതന്യം തെരേസയുടെ കാലം മുതൽ തുടർന്നുപോരുന്നു.

## വിശുദ്ധ യൗസേപ്പിതാവും തെരേസ സ്ഥാപിച്ച മഠങ്ങളും

യൗസേപ്പിതാവിനോടുള്ള തെരേസയുടെ ഭക്തിയെക്കുറിച്ചറിയാൻ പരിശ്രമിക്കുമ്പോൾ മനസ്സിലാക്കാൻ കഴിയുന്ന മറ്റൊരു കാര്യമാണ്, ഈ ഭക്തിയും മഠത്തിന്റെ സ്ഥാപനചരിത്രവും ബന്ധപ്പെട്ടുകിടക്കുന്നു എന്നത്. ഈ മഠത്തിന്റെ സ്ഥാപനചരിത്രത്തിലെ വിശുദ്ധന്റെ ഇടപെടലുകളെക്കുറിച്ച് തെരേസതന്നെ സൂചിപ്പിക്കുന്നുണ്ട്. പ്രത്യേകിച്ച് 1562-ൽ ആവിലായിൽ വിശുദ്ധ യൗസേപ്പിതാവിന്റെ നാമത്തിൽ സ്ഥാപിതമായ ആദ്യ നിഷ്പാദുക മഠം. തെരേസ എഴുതുന്നു: "ഞങ്ങൾ നിഷ്പാദുക സഭയിലെ അംഗങ്ങളെപോലെയാകുകയാണെങ്കിൽ ഒരു മഠം സ്ഥാപിക്കാനുള്ള മാർഗ്ഗത്തെക്കുറിച്ചും.... പ്രസ്തുത മഠത്തിനുവേണ്ടി പണം കണ്ടുപിടിക്കാൻ ഞങ്ങൾ ചിന്തിച്ചു തുടങ്ങി.... ഒരു ദിവസം ദിവ്യകാരുണ്യസ്വീകരണത്തിനുശേഷം മേല്പറഞ്ഞ കാര്യത്തിനായി സർവ്വ കഴിവുകളോടുകൂടെ പ്രവർത്തിക്കാൻ കർത്താവ് എന്നോട് ആജ്ഞാപിച്ചു. അവിടുന്നു വളരെയേറെ കാര്യങ്ങൾ വാഗ്ദാനം ചെയ്തു.... വിശുദ്ധ യൗസേപ്പിതാവിന്റെ

ആശ്രമം എന്ന് അതിനു പേര് വിളിക്കണം. ഒരു വാതിൽ വിശുദ്ധ യൗസേപ്പിതാവും മറ്റേ വാതിൽ പരിശുദ്ധ കന്യകാമറിയവും സംരക്ഷിച്ചുകൊള്ളും.... ഈ ആശ്രമം ഒരു നക്ഷത്രംപോലെ ശോഭിക്കും" (ആത്മകഥ 32.13-14).

ആവിലായിലെ വിശുദ്ധ യൗസേപ്പിന്റെ നാമധേയത്തിലുള്ള തെരേസയുടെ ആദ്യമഠസ്ഥാപനത്തിനിടയിൽ ഒത്തിരിയേറെ ക്ലേശങ്ങൾ നേരിടേണ്ടിവന്നിട്ടുണ്ട്, പ്രത്യേകിച്ച് ധനസംബന്ധമായ കാര്യങ്ങളിൽ. ഇത്തരം സന്ദർഭങ്ങളിലെല്ലാം വിശുദ്ധന്റെ സഹായഹസ്തം തെരേസയ്ക്ക് ലഭിച്ചിട്ടുണ്ട്. ഇതാ ഒരു വിവരണം. "ഒരു ദിവസം ജോലിക്കാർക്ക് കൂലികൊടുക്കാൻ മാർഗ്ഗമില്ലാതെ ഞാൻ വിഷമിക്കുമ്പോൾ എന്റെ യഥാർത്ഥപിതാവും നാഥനുമായ വിശുദ്ധ യൗസേപ്പിതാവ് പ്രത്യക്ഷപ്പെട്ട് പണത്തിന് ബുദ്ധിമുട്ടുണ്ടാകുകയില്ലെന്നും കൂലിക്കാരെ നിയോഗിച്ചുകൊള്ളാനും എന്നോട് പറഞ്ഞു. ഒരു പൈസ ഇല്ലായിരുന്നുവെങ്കിലും ഞാൻ അങ്ങനെ ചെയ്തു. കർത്താവ് വേണ്ട സംഖ്യ നല്കി എന്നെ സഹായിച്ചു" (ആത്മകഥ 33.14). ഇങ്ങനെ പലപ്പോഴും തന്റെ ആവശ്യങ്ങളിൽ മാത്രമല്ല, മറിച്ച് തനിക്ക് ലഭിച്ച മിസ്റ്റിക്ക് അനുഭവങ്ങളിലും യൗസേപ്പിതാവിന്റെ സാന്നിദ്ധ്യം തെരേസ അനുസ്മരിക്കുന്നുണ്ട്. തെരേസയുടെ വിവരണം, "ആയിടയ്ക്ക് സ്വർഗ്ഗാരോപണത്തിരുന്നാൾ ദിവസം ഡൊമിനിക്കൻ സന്ന്യാസ സഭവക ഒരു ദൈവാലയത്തിൽവച്ചു എന്റെ ജീവിതത്തിലെ നീചമായ സംഭവങ്ങളെപ്പറ്റിയും ചിന്തിക്കാനിടയായി. അഗാധമായ ഒരു പാരവശ്യത്തിൽ ഞാൻ അമർന്നുപോയതിനാൽ ഞാൻ എന്നെത്തന്നെ പൂർണ്ണമായി വിസ്മരിച്ചുപോയി... ആ സ്ഥിതിയിൽ അതീവ വെണ്മയും ശോഭയുമുള്ള ഒരു വസ്ത്രം എന്നെ ധരിപ്പിച്ചിരിക്കുന്നതായി എനിക്ക് തോന്നി. ആരാണ് അതെന്നെ ധരിപ്പിച്ചതെന്ന് എനിക്ക് മനസ്സിലായില്ല. പിന്നീട് ദൈവമാതാവ് എന്റെ വലതുവശത്തും എന്റെ പിതാവ്, വിശുദ്ധ യൗസേപ്പിതാവ്, ഇടതുവശത്തുംനിന്ന് ആ വസ്ത്രം എന്നെ അണിയിക്കുന്നതായി ഞാൻ കണ്ടു.... രണ്ടു കൈക്കും പിടിച്ച് ദൈവമാതാവ് എന്നോട് പറഞ്ഞു. വിശുദ്ധ യൗസേപ്പിതാവിനോടുള്ള നിന്റെ ഭക്തിവഴി നീ എന്നെ അത്യധികം പ്രീതിപ്പെടുത്തിയിരിക്കുന്നു. ആശ്രമത്തെ സംബന്ധിച്ച് നിന്റെ എല്ലാ അഭിലാഷങ്ങളും പൂർത്തിയാകും" (ആത്മകഥ 33.16). അങ്ങനെ ദൈവതിരുഹിതപ്രകാരം 1562 ആഗസ്റ്റ് 24-ാം തീയതി വിശുദ്ധ യൗസേപ്പിതാവിന്റെ നാമത്തിലുള്ള ആവിലാ നഗരത്തിലെ ആദ്യത്തെ ദൈവാലയം (മഠം) ആശീർവദി

ക്കപ്പെട്ടു. യൗസേപ്പിതാവിന്റെ നാമത്തിൽ അതുവരെ ആവിലായിൽ വേറെ ദൈവാലയങ്ങൾ ഇല്ലായിരുന്നു. ഈ ആശ്രമത്തിലുടനീളം അനുഭവപ്പെട്ട വിശുദ്ധ യൗസേപ്പിതാവിന്റെ സംരക്ഷണയുടെ, പരിപാലനയുടെ, സ്മരണയ്ക്കായി വിശുദ്ധന്റെ വലിയ ഒരു തിരുസ്വരൂപം ദൈവാലയത്തിന്റെ പ്രധാന കവാടത്തിനു മുകളിലായി സ്ഥാപിച്ചിട്ടുണ്ട്. ഇതെല്ലാം തെരേസയുടെ നിർദ്ദേശപ്രകാരം ചെയ്തിട്ടുള്ളതാണ്.

ദൈവികപ്രചോദനത്താൽ തെരേസ ആരംഭിച്ച നവീകരണ പ്രസ്ഥാനത്തിന്റെ ഫലമായി നേരിട്ടും അല്ലാതെയുമായി 15+2=17 സമൂഹങ്ങൾ തെരേസ സ്ഥാപിച്ചു. ഇവയിൽ എല്ലാറ്റിനും വിശുദ്ധ യൗസേപ്പിതാവിന്റെ നാമധേയമില്ലെങ്കിലും പതിനൊന്ന് മഠങ്ങൾ അറിയപ്പെടുന്നത് വിശുദ്ധ യൗസേപ്പിതാവിന്റെ പേരിലാണ് എന്നത് ശ്രദ്ധേയമാണ്. എല്ലാ മഠങ്ങളിലും യൗസേപ്പിതാവിന്റെ തിരുസ്വരൂപം നിർബന്ധമായും ഉണ്ടായിരിക്കണമെന്ന് തെരേസ ആവശ്യപ്പെട്ടിരുന്നു. ആയതിനാൽ കർമ്മലീത്ത മഠങ്ങളിലെ ദൈവാലയത്തിൽ കർമ്മലീത്ത സന്ന്യാസിനികൾ വിശുദ്ധന്റെ തിരുസ്വരൂപം സ്ഥാപിക്കുന്ന പൈതൃകം ഇന്നും തുടരുന്നു. തെരേസ സ്ഥാപിച്ച മഠങ്ങളിൽ വിശുദ്ധയുടെ നിർദ്ദേശപ്രകാരം പ്രതിഷ്ഠിച്ചിട്ടുള്ള യൗസേപ്പിതാവിന്റെ രൂപം ഇന്നും ഓരോ സമൂഹവും സംരക്ഷിച്ചുപോരുന്നു. വിശുദ്ധ യൗസേപ്പിതാവിനോട് തെരേസയ്ക്ക് ഉണ്ടായിരുന്ന ഭക്തി യൗസേപ്പിതാവിനോടുള്ള പ്രത്യേക പ്രാർത്ഥനയിലൂടെയും തിരുനാൾ ആഘോഷങ്ങളിലൂടെയുമായി സഭാംഗങ്ങൾ നിലനിറുത്തുന്നു.

## വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ

തെരേസയ്ക്ക് വിശുദ്ധ യൗസേപ്പിതാവിനോടുണ്ടായിരുന്ന ഭക്തിയുടെ മറ്റൊരു ഉദാഹരണമാണ് യൗസേപ്പിതാവിന്റെ തിരുനാളുകൾ. അദ്ദേഹത്തിന്റെ തിരുനാളുകൾ വളരെ ആഘോഷത്തോടെയാണ് തെരേസ നടത്തിയിരുന്നത്. ഇക്കാര്യത്തെക്കുറിച്ച് ആത്മകഥയിൽ തെരേസ എഴുതുന്നു. "വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ വളരെ ആഡംബരത്തോടെയാണ് ഞാൻ ആഘോഷിച്ചിരുന്നത്. എന്റെ ഉദ്ദേശ്യം നന്നായിരുന്നുവെങ്കിലും ആഘോഷത്തിൽ മുന്നിട്ട് നിന്നിരുന്നത് മായാസ്തുതിയാണ് ദൈവഭക്തിയല്ല. എല്ലാം നന്നായിട്ടു നടത്തണമെന്നായിരുന്നു എന്റെ ആഗ്രഹം..." (ആത്മകഥ 6:7). ഈ

തിരുനാളാഘോഷത്തെക്കുറിച്ചുള്ള ഒരു കുറിപ്പ്കൂടി ഇവിടെ സന്ദർഭോചിതമായിരിക്കുമെന്ന് കരുതുന്നു. (അക്കാലത്ത് എല്ലാ സ്പാനിഷ് മഠങ്ങളിലും കന്യാസ്ത്രീകൾക്ക് വർഷംതോറും ഒരു തിരുനാൾ ആഘോഷിക്കാൻ അനുവാദമുണ്ടായിരുന്നു. ഇതിന്റെ ചെലവ് വീട്ടുകാർ വഹിക്കുകയാണ് ചെയ്യുക. ആവിലായിലെ കർമ്മലീത്ത മഠത്തിൽ ആ പതിവുണ്ടായിരുന്നു. (cf.ആത്മകഥ അധ്യായം 6, foot Note No.2). കൂടാതെ കർമ്മലീത്ത സഭയിലെ എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ വളരെ മോടിയോടുകൂടി ആഘോഷിക്കുന്ന പതിവ് നിലനിന്നിരുന്നതായി വാഴ്ത്തപ്പെട്ട ജോൺ ബാപ്റ്റിസ്റ്റ് ഓഫ് മൻത്തുറ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പൈതൃകത്തിന്റെ തുടർച്ചയെന്നോണം തെരേസ ഇൻകാർനേഷൻ മഠത്തിൽ ജീവിച്ച കാലമത്രയും എല്ലാവർഷവും യൗസേപ്പിതാവിന്റെ തിരുനാൾ ആഘോഷിച്ചിരുന്നു. പിന്നീട് വർഷങ്ങൾക്കുശേഷം ഇൻകാർനേഷൻ മഠത്തിൽ മഠാധിപതിയായി തിരഞ്ഞെടുക്കപ്പെട്ടപ്പോഴും തെരേസ ഈ പതിവ് തുടർന്നുകൊണ്ടുപോന്നു. മാത്രമല്ല തിരുനാൾ ദിവസം തെരേസ എവിടെയായിരുന്നാലും അവിടെ ആ ദിവസം ഒരു വലിയ ആഘോഷമായി കൊണ്ടാടുവാൻ അവൾ പ്രത്യേകം താൽപ്പര്യം കാണിച്ചിരുന്നത് തെരേസയെ വിശുദ്ധയായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികളുടെ പല ഘട്ടങ്ങളിലും പ്രത്യേകം എടുത്തു പറയപ്പെട്ടിരുന്ന കാര്യമാണ്.

ഇതിനെല്ലാം പുറമേ തെരേസ തന്റെ സഹോദരിമാർക്കുവേണ്ടിയുള്ള നിയമാവലി തയ്യാറാക്കുന്ന അവസരത്തിൽ അവർക്കുള്ള നിർദ്ദേശങ്ങളിൽ ഞായറാഴ്ച, മറ്റു പ്രധാന തിരുനാൾ ദിവസങ്ങളിലെ ദിവ്യബലി, പ്രഭാതസായാഹ്ന പ്രാർത്ഥനകൾ എന്നിവ ആഘോഷപൂർവ്വം നടത്തണമെന്ന് പ്രത്യേകം നിർദ്ദേശിക്കുന്നുണ്ട്. (cf.നിയമാവലി, നമ്പർ 2). കൂടാതെ ക്രിസ്തുമസിന്റെ ഭാഗമായി മഠത്തിലുള്ള ആഘോഷങ്ങളിൽ മാതാവിന്റെ തിരുസ്വരൂപത്തോടൊപ്പം യൗസേപ്പിതാവിന്റെ രൂപം വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണംകൂടി ഉൾപ്പെടുത്തിയിരുന്നു. ഗർഭിണിയായ മാതാവിനെ സംരക്ഷിക്കുന്ന സഹയാത്രികനായ യൗസേപ്പിതാവിന്റെ പ്രതീകാത്മകമായ സാന്നിദ്ധ്യത്തെയാണ് ഈ ചടങ്ങിലൂടെ തെരേസ ആഗ്രഹിച്ചിരുന്നത്.

## ആത്മകഥയിലെ ആറാം അധ്യായം യൗസേപ്പിതാവിന്റെ അപദാനങ്ങളെക്കുറിച്ചുള്ള സങ്കീർത്തനം

തെരേസയുടെ ആത്മകഥ ആറാം അധ്യായത്തിലൂടെ കടന്നുപോകുന്നവർക്ക്, ആ ഭാഗത്തിന്റെ, അധ്യായത്തിന്റെ, തലക്കെട്ടിൽ നിന്നുതന്നെ (കർത്താവിനോടുള്ള കടപ്പാട്, വിശുദ്ധ യൗസേപ്പിനെ മധ്യസ്ഥനായി തിരഞ്ഞെടുക്കുന്നു.) യൗസേപ്പിതാവിനെ തെരേസ എത്രത്തോളം വണങ്ങിയിരുന്നു എന്ന് മനസ്സിലാക്കാം. അതുകൊണ്ടാണ് ഈ അധ്യായം വിശുദ്ധന്റെ അപദാനങ്ങൾ വർണ്ണിക്കുന്ന സങ്കീർത്തനമെന്ന് പറയുന്നത്. ഈ അധ്യായത്തിൽനിന്നും തെരേസയുമായി ബന്ധപ്പെട്ട് വായനക്കാരെ വിസ്മയിപ്പിക്കുന്ന കാര്യങ്ങൾ തെരേസ വിവരിക്കുന്നുണ്ട്. അവയിൽ ഏതാനും ചിലത് താഴെ ചേർക്കുന്നു.

- വിശുദ്ധ യൗസേപ്പിതാവിനോടുള്ള തെരേസയുടെ കടപ്പാട് വിവരണം.
- യൗസേപ്പിതാവ് തെരേസയുടെ പ്രത്യേക മദ്ധ്യസ്ഥൻ.
- യൗസേപ്പിതാവ് വഴി ലഭിച്ചിട്ടുള്ള ആശ്ചര്യകരമായ അനുഗ്രഹവിവരണങ്ങൾ.
- യൗസേപ്പിതാവിനെക്കുറിച്ച് ആധികാരികമായി എഴുതാൻ കഴിയുമെന്ന തന്റെ ആത്മവിശ്വാസവും അതിലേറെ അതിനായുള്ള ആഗ്രഹസൂചനയും. “ഞാൻ അധികാരപൂർവ്വം എഴുതുകയാണെങ്കിൽ ഈ മഹാവിശുദ്ധൻ എനിക്കും അപരർക്കും നല്കിയിട്ടുള്ള അനുഗ്രഹങ്ങളെല്ലാം സർവ്വവിവരങ്ങളോടുംകൂടെ സുദീർഘമായി സന്തോഷപൂർവ്വം ഞാൻ വർണ്ണിക്കുമായിരുന്നു....” (ആത്മകഥ, 6.8).
- പ്രാർത്ഥനാജീവിതം നയിക്കുന്നവരുടെ ഉറ്റമിത്രവും സഹായിയുമാണ് യൗസേപ്പിതാവ്. “പ്രാർത്ഥിക്കുന്നവർക്ക് വിശുദ്ധ യൗസേപ്പിനോടു പ്രത്യേക സ്നേഹം ഉണ്ടായിരിക്കേണ്ടതാണ്.... എങ്ങനെ പ്രാർത്ഥിക്കണമെന്ന് പഠിപ്പിക്കുവാൻ ഗുരുവിനെ ലഭിച്ചിട്ടില്ലാത്തവർ ഈ മഹാവിശുദ്ധനെ ഗുരുവായി സ്വീകരിക്കട്ടെ, എന്നാൽ അവർ വഴി തെറ്റിപ്പോകയില്ല” (ആത്മകഥ, 6.8).

- താൻ എങ്ങനെ യൗസേപ്പിതാവിന്റെ തിരുനാൾ ആഘോഷി ച്ചിരുന്നതെന്നും ഇവിടെ തെരേസ വിവരിക്കുന്നുണ്ട്. "വിശുദ്ധ യൗസേപ്പിന്റെ തിരുനാൾ വളരെ ആഡംബരത്തോ ടെയാണു ഞാൻ ആഘോഷിച്ചിരുന്നത് " (ആത്മകഥ, 6.7).

ഈ വിശുദ്ധനെക്കുറിച്ച് ആത്മകഥയിൽ എഴുതുന്നതിനെപ്പ റ്റിയും തെരേസ ഈ അധ്യായത്തിൽ വിവരിക്കുന്നുണ്ട്. "ഞാൻ വിശുദ്ധ യൗസേപ്പിതാവിനെപ്പറ്റി സംസാരിക്കാൻ ധൈര്യപ്പെട്ടിരിക്കു കയാണ്. അതിൽ തെറ്റുപറ്റാതിരിക്കാൻ കർത്താവ് എന്നോട് കൃപ ചെയ്യുമാറാകട്ടെ" (ആത്മകഥ, 6.9).

## വിശുദ്ധ യൗസേപ്പിതാവിനോടുള്ള ഭക്തി – തെരേസയുടെ പ്രേഷിത പ്രവൃത്തി

വിശുദ്ധ യൗസേപ്പിതാവിനോടുള്ള ഭക്തി മറ്റുള്ളവരിൽ വളർ ത്തുക എന്ന ഒരു പ്രേഷിതദൗത്യവും തെരേസയുടെ ഈ പ്രത്യേക ഭക്തിയിൽനിന്ന് നമുക്ക് മനസ്സിലാക്കാം. എല്ലാവരും ഈ വിശുദ്ധന്റെ ഭക്തരായി തീരണമെന്ന് തെരേസ ആഗ്രഹിക്കുകയും അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. ആവിലായിൽ ഈ വിശു ദ്ധനോടുള്ള വണക്കം പ്രസിദ്ധിയാർജ്ജിക്കാൻ തെരേസയുടെ ആവിലായിലെ മഠം കാരണമായി. കർമ്മലസഭയിലൂടെ വിശുദ്ധ യൗസേപ്പിതാവിനോടുള്ള ഭക്തി വളർത്തിയെടുക്കാനും അതു പ്രചരി പ്പിക്കാനും തെരേസയ്ക്കു സാധിച്ചു. തെരേസ എഴുതുന്നു. "വിശുദ്ധ യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥ്യം യാചിക്കുവാൻ ഞാൻ ഉപദേശിച്ചി ട്ടുള്ളവരുടെയും അനുഭവം ഇങ്ങനെതന്നെയാണ്. ഈ സത്യം മന സ്സിലാക്കി യൗസേപ്പിതാവിനോട് ഭക്തി പ്രദർശിപ്പിക്കുന്നവർ ഇന്നു വളരെയേറെയുണ്ട്" (ആത്മകഥ, 6,6). അതുകൊണ്ടാണ് വിശുദ്ധ യൗസേപ്പിതാവിനോടുള്ള ഭക്തിയെപ്പറ്റി ഫാ. ഫേബർ ഇങ്ങനെ പറ യുന്നത്. "ജെഴ്സനാണ് ഈ ഭക്തിയുടെ പ്രബോധകനും മല്പാനും. വിശുദ്ധ ത്രേസ്യയാണ് ഇതിന്റെ മദ്ധ്യസ്ഥ. വിശുദ്ധ ഫ്രാൻസിസ് ദെ സാലസാണ് അതിന്റെ പ്രചാരകനും അദ്ധ്യാപകനും. കർമ്മലാശ്രമ ങ്ങൾ ആ ഭക്തിയെ സംബന്ധിച്ചിടത്തോളം നസ്രത്താണ്" (cf. ആത്മ കഥ, 6). തെരേസയുടെ ആഗ്രഹംപോലെ നമുക്കും വിശുദ്ധ യൗസേ പ്പിതാവിനെ നമ്മുടെ ജീവിതത്തോട് ചേർത്തുനിറുത്താം.



## അധ്വാനശാലീനതയുടെ
# സ്വന്തം ജോസഫ്

**ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി**

ഓർമ്മവച്ചനാൾമുതൽ അധ്വാനശാലീനതയിൽ വിശ്വസിച്ചിരുന്നയാളാണ് ജോസഫ്. ആ തച്ചന് അത് ഒരു വ്രതം തന്നെയായിരുന്നല്ലോ. ജോസഫിന്റെ പുലരികൾ ഉണർന്നിരുന്നത് തോറയുടെ പാരായണത്തിലൂടെയാണ്. തുടർന്ന് പ്രഭാതഭക്ഷണം കഴിഞ്ഞാൽ നേരെ പണിശാലയിലേക്ക്.

ജോസഫ് നാസിർ വ്രതം നോറ്റിരുന്നു. മുടി മുറിക്കുകയോ, താടി വടിക്കുകയോ, മാംസം ഭക്ഷിക്കുകയോ, മദ്യം കുടിക്കുകയോ ഇല്ല. വിവാഹജീവിതം വേണ്ടെന്നുവച്ചിരുന്നു. ബ്രഹ്മചര്യം വരിച്ചിരുന്നു.

ജോസഫിന് പക്ഷേ, വിവാഹവാഗ്ദാനം നടത്തേണ്ടിവന്നു. അതൊരു നിയോഗംപോലെ സംഭവിച്ചതാണ്. ഊന്നുവടിയുടെ അറ്റം പൂത്തത് ജോസഫ് ഓർക്കുന്നു. അങ്ങനെ ജോസഫിന്റെ ജീവിതത്തിലേയ്ക്ക് അകാലത്തിൽ കടന്നുവന്ന വസന്തമായി മേരി പദമൂന്നുകയാണ്.

പിന്നെ സംഭവിച്ചതൊക്കെ വിസ്മയത്തിന്റെ അനുസ്യൂതിയായിരുന്നുവെന്ന് ജോസഫ് ഓർക്കുന്നു. ദൈവദൂതൻ വന്നതും മംഗളവാർത്ത ചൊല്ലിയതും.

മേരി ഗർഭവതിയായതും അവൾ നിതാന്തമായൊരു വിശുദ്ധമൗനത്തിന്റെ ആവരണമണിഞ്ഞതും അത് കടുത്ത ആശയക്കുഴപ്പമായതും ജോസഫ് അറിഞ്ഞു. ഒന്നിച്ചുള്ളപ്പോഴും ഒപ്പമായിരിക്കുമ്പോഴും വിപ്രവാസം മനസ്സിൽ കൂടാരം കെട്ടിയത്. മേരിയെവിട്ട് ഓടിപ്പോകാൻ തീരുമാനിച്ചത്. അപ്പോൾ അവിശ്വസനീയതയുടെ ചിറകുവീശി ദൂതൻ പറന്നുവന്നത്, വിശ്വാസത്തിന്റെ പൊൻചെതുമ്പലുകൊണ്ടു സ്വയംപൊതിഞ്ഞത്. അപ്പോൾ അന്തരാത്മാവു മന്ത്രിച്ചു: "മേരി, നീ അകല്മഷ, നീ വിശിഷ്ടമായ പാനപാത്രം, ദൈവം നിന്നോടുകൂടെ!"

പിന്നെ നക്ഷത്രം പാടുന്ന ഗ്ലോറിയ പാട്ടുകളുടെ നീലരാവിൽ മറ്റൊരു ശുഭനക്ഷത്രമായി ഉണ്ണി. അവൻ വളരണം, താൻ ചെറുതാകണം. ജോസഫ് പ്രാർത്ഥനയിലും പണിശാലയിലെ തിരക്കിലും നിരന്തരം വർത്തിച്ചു.

ഉണ്ണി അല്പം വളർന്നിട്ടുണ്ട്. മുമ്പ് അവൻ അപ്പന്റെ പണികളൊക്കെ നോക്കിയിരിക്കുമായിരുന്നു. ഇപ്പോൾ ചില്ലറ പണികളൊക്കെ ചെയ്യാൻ ശ്രമിക്കുന്നു. കൊച്ചുളിയും വരകോലും ചുറ്റികയും അവന്റെ കൈക്കിണങ്ങുന്നതായിട്ടുണ്ട്. ഒരിക്കൽ ഒരു ചെറിയ പീഠത്തിന്റെ കാലുകൾ ഉണ്ണി ചിന്തേരിടുന്നത് ജോസഫ് ശ്രദ്ധിച്ചിരുന്നു. അവൻ പണികൾ പഠിക്കുകയാണ്.

മൂലയ്ക്കൽ പഞ്ഞിയുടെ ചെറിയ കൂമ്പാരം, അതിന് മുന്നിലിരുന്ന് മേരി തക്ലിയിൽ നൂല്ക്കുന്നുണ്ട്. അവളുടെ ചുണ്ടുകളിൽ സങ്കീർത്തനങ്ങൾ തത്തിക്കളിക്കുന്നത് ജോസഫ് അറിഞ്ഞു.

തിരുക്കുടുംബം അധ്വാനിക്കുന്ന കുടുംബമായിരുന്നു. അധ്വാനിക്കുന്നതിലൂടെ അപ്പം തേടുന്ന കുടുംബം. ആധുനിക കുടുംബങ്ങൾ മാതൃകയാക്കേണ്ട കുടുംബം.

ഉത്പത്തിയുടെ ആദ്യതാളുകളിൽത്തന്നെ അധ്വാനത്തിന്റെ മഹിമയെപ്പറ്റി പരാമർശമുണ്ട്. യഹോവ നല്കുന്ന കല്പനയാണത്. നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം ഭക്ഷിക്കുക. ആ കല്പന വിശ്വസിക്കുകയും അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യാൻ

നിശ്ചയിച്ച കുടുംബനാഥനാണ് ജോസഫ്. മേരിയും ഉണ്ണിയും അത റിഞ്ഞിരുന്നു. പ്രായമേറി വരുമ്പോഴും ക്ഷീണം കൂടിവരുമ്പോഴും അധ്വാനത്തിൽനിന്ന് ജോസഫ് വിരമിച്ചില്ല. തൊഴിലിന്റെ പുണ്യം ഭാഗ്യപ്പെട്ട മരണംവരെ ജോസഫ് ജീവിതംകൊണ്ടു മുദ്രവച്ചു.

തൊഴിലിന്റെ മഹത്ത്വവും തൊഴിലാളിയുടെ അന്തസ്സും കത്തോലിക്കാസഭ എന്നും ആദരസൂചകമായിട്ടാണ് നോക്കിക്കാണുന്നത്. വ്യവസായവിപ്ലവാനന്തരം ലോകം അതിദ്രുതം മുന്നോട്ടു കുതിക്കവേ, സാമൂഹിക, സാമ്പത്തിക മേഖലകൾ അപ്രതിരോധ്യമാംവിധം അകലങ്ങളിലേക്കു വിഘടിക്കുകയുണ്ടായി. ഒരിടത്തു ധനവും മറുപക്ഷത്തു ദൗർഭിക്ഷവും കുന്നുകൂടി. രണ്ടു വർഗ്ഗമുണ്ടായി. ഉള്ളവനും ഇല്ലാത്തവനും എന്ന രണ്ടു വിഭാഗം. അവർ ആശയതലത്തിൽ അകന്നുപോയി. അവരുടെ അകൽച്ചയുടെ ദൈർഘ്യംകൂടി. അത് വർഗ്ഗവൈരമായി. മുതലാളി - തൊഴിലാളി വൈജാത്യം കഠിനതരമായി. വർഗ്ഗസംഘടനകൾ സാധാരണമായി. തൊഴിലാളികളുടെ പക്ഷം ഏറ്റുപിടിക്കുന്ന പ്രത്യയശാസ്ത്രങ്ങൾക്ക് സമൂഹമണ്ണിൽ വേരോട്ടം കൂടി. ലോകം അസമാധാനത്തിന്റെ കൂത്തരങ്ങായി.

അതൃപ്തി മുതലെടുത്തുകൊണ്ട്, മേല്പ്പറഞ്ഞ തത്ത്വസംഹിതകൾ അരാജകത്വവും അനീശ്വരത്വവും ഊതിപ്പെരുപ്പിച്ചു. നിലവിലുണ്ടായിരുന്ന സേവന - വേതന വ്യവസ്ഥകളും ഘടനകളും തിരസ്കൃതമായി. യന്ത്രവത്കരണയുഗത്തിന്റെ ആവിർഭാവത്തോടെ തൊഴിലാളി - തൊഴിലുടമ ബന്ധങ്ങളും പൊളിച്ചെഴുത്തിനു വിധേയമാക്കപ്പെട്ടു. ഉപഭോഗവസ്തുക്കളുടെ നിർമ്മാണത്തിന് കുടിൽ വ്യവസായ സ്ഥാപനങ്ങളുടെ സ്ഥാനത്ത് കൂറ്റൻ യന്ത്രങ്ങളുടെ ഫാക്ടറികൾ വരവായി. യന്ത്രങ്ങളുടെ പൽച്ചക്രങ്ങൾക്കിടയിൽപ്പെട്ട് മാനവികബന്ധങ്ങൾ ഞെരിഞ്ഞമർന്നു. സമ്പദ്ഘടനയിലും സമ്പദ് സംവിധാനത്തിലും പ്രവചനാതീതമായ മാറ്റങ്ങൾ സംഭവിച്ചു. മനുഷ്യബന്ധചിന്താഗതിയും അപരിചിതമായ മറ്റൊന്നായി പരിണമിച്ചു. മാനുഷിക പരിഗണനകൾ തിരോഭവിച്ചു. കൂലിക്കുവേണ്ടി ജീവിക്കുന്ന തൊഴിലാളിയും ചൂഷണംചെയ്തു കൊഴുക്കുന്ന തൊഴിലുടമയും എന്നനിലയിൽ മനുഷ്യകുലം വിഭജിതമായി. തൊഴിൽദായകരിൽ സമ്പത്ത് കുന്നുകൂടി. തൊഴിലാളി വർഗം കടുത്ത ദാരിദ്ര്യത്തിലും കഷ്ടപ്പാടിലുമായി. നീതിപൂർവ്വമായ ഉത്പാദനവും സത്യസന്ധമായ വിതരണവും ഇല്ലാതെയായി. വലിയ സാമൂഹിക വിപര്യയങ്ങളുടെ

നടുക്കടലിലായി ലോകം. സാധാരണക്കാരന്റെ പ്രത്യാശ നശിച്ചു. ജീവിതം ഒരു യുദ്ധമായി അവന്റെ മുമ്പിൽ അവതരിച്ചു. മുതലാളിക്കും തൊഴിലാളിക്കും ജയം മാത്രം വേണമെന്നും വാശിയുണ്ടായിരുന്നു!

ഇവിടെയാണ് സഭ സമയോചിതമായും ഔചിത്യബോധത്തോടെയും ഇടപെടാൻ തീരുമാനിക്കുന്നത്. തൊഴിലുടമയുടെ അന്തസ്സും തൊഴിലാളിയുടെ മാന്യതയും ഉയർത്തിക്കൊണ്ടുവരാൻ സഭ യത്നിച്ചു ഈ ലക്ഷ്യം കൈവരിക്കാൻ ന്യായപൂർണ്ണമായ പാത സഭ തിരഞ്ഞെടുത്തു. പാർശ്വവത്കരിക്കപ്പെട്ട തൊഴിലാളി വർഗവുമായി സഭ പക്ഷം ചേർന്നു.

സ്വത്ത് ഒരിടത്ത് കുന്നുകൂടുന്നതും കുമിയുന്നതും സഭ സ്വാഗതം ചെയ്യുന്നില്ല. ഇതെല്ലാം ദൈവത്തിന്റെ ദാനമാണ്. ഈ ഭൗതിക സ്വത്തുക്കളെല്ലാം മനുഷ്യവംശത്തിന്റെ വളർച്ചയ്ക്കുവേണ്ടി ദൈവം സമ്മാനിച്ചതാണ്. അത് സർവ്വരുടെയും ക്ഷേമത്തിനുവേണ്ടി വിനിയോഗിക്കപ്പെടണം. അത് ആരും കൈയടക്കി വയ്ക്കാൻ പാടില്ലാത്തതാണ്.

അതേ സമയം ന്യായമാർഗ്ഗത്തിലൂടെയുള്ള സ്വകാര്യസ്വത്താർജ്ജനത്തിന് സഭ ഒരിക്കലും എതിരല്ല. ഒരാളുടെ ഒറ്റപ്പെട്ട അധ്വാനത്തിന്റെയും ആസൂത്രണത്തിന്റെയും ഫലമായി സ്വത്തു ശേഖരണമുണ്ടായിക്കൂടെന്നില്ല. അതിനു പിന്നിലെ ക്രാന്തദർശിത്വവും അക്ഷീണയത്നവും സഭ അംഗീകരിക്കുന്നു. സ്വകാര്യസ്വത്ത് സമ്പാദിക്കാനുള്ള അവകാശം സർവ്വദാ ആദരിക്കപ്പെടണം. സ്വകാര്യസ്വത്തിന്റെ ഉടമ സാമൂഹികശത്രുവല്ല. അയാൾ വാസ്തവത്തിൽ കഠിനാധ്വാനം വഴി കരഗതമാക്കുന്ന ഐശ്വര്യത്തിന്റെ പ്രഘോഷണമാണത്. മുതലാളി ജനശത്രുവാണെന്ന ചില പ്രത്യയശാസ്ത്രക്കാരോട് സഭ ഒരിക്കലും ഒത്തുത്തീർപ്പിലെത്തുന്നില്ല.

സ്വകാര്യസ്വത്തിന്റെയും സാമൂഹികനീതിയുടെയും സനാതന തത്ത്വങ്ങൾ നിർവചിക്കുകയും നിർധാരണം ചെയ്യുകയും ദുർന്നിവാരമായ ഒരു ബാധ്യതയാണെന്ന് സഭ എക്കാലവും ഊന്നിപ്പറയുന്നു. സത്യവും നീതിയും പുലരാനുള്ള സഭയുടെ കാഹളമായി ചില പ്രമാണരേഖകൾ പാപ്പാമാർ എഴുതിയിട്ടുണ്ട്. അതിൽ ഏറ്റവും ആദ്യത്തെതും ഏറെ ശ്രദ്ധാർഹവുമാണ് 13-ാം ലെയോ പാപ്പാ 1891-ൽ പുറപ്പെടുവിച്ച 'റേരും നൊവാരും' എന്ന വിശ്വലേഖനം. അതിന്റെ സമഗ്രതയും സർവ്വതല സ്പർശിത്വവും ഇന്നും സമാദ

രണീയമായി വാഴ്ത്തപ്പെടുന്നു. തൊഴിലുടമകൾ ഇതിനെ ആശ്വാസദായക ഭാഷ്യമായി കണക്കാക്കുമ്പോൾ, തൊഴിലാളികൾ തങ്ങളുടെ അവകാശപ്പട്ടം (മാഗ്നാകാർട്ടാ) ആയി ഇതിനെ നെഞ്ചേറ്റുന്നു. റേരും നൊവാരും കഴിഞ്ഞ ഒരു നൂറ്റാണ്ടായി തൊഴിലാളികളും മുതലാളികളും സാമൂഹികവീക്ഷണന്മാരും രാഷ്ട്രനേതാക്കളും ഒരുപോലെ വിശദമായ ചർച്ചകൾക്കും വിചിന്തനങ്ങൾക്കും പൊതുവിചാരണകൾക്കും വിമർശനങ്ങൾക്കും ഘനവിഭവമായി കണക്കാക്കുന്നു.

ജോസഫിന്റെ വീക്ഷണപഥത്തിൽ തൊഴിൽ ജീവനോപാധിയാണ്. തൊഴിൽ ചെയ്തു കുടുംബം പോറ്റുക എന്നതാണ് ജോസഫിന്റെ വിശ്വാസപ്രമാണം. ജോലിയും ജോലിചെയ്യാനുള്ള മനസ്സുമാണ് പ്രധാനം. അത് ദൈവകല്പനയോടുള്ള വിധേയപ്പെടലായി ജോസഫ് കണ്ടു. അതുകൊണ്ട് തൊഴിൽനേരങ്ങളിൽ, അവകാശങ്ങളെപ്പറ്റി ജോസഫ് ആകുലം കൊണ്ടില്ല. ചൂഷണത്തപ്പറ്റി ജോസഫ് പരാതിപ്പെടുന്നില്ല. അധ്വാനം തൊഴിലാളിയുടെ അവകാശം; പ്രതിഫലം ന്യായമായി കിട്ടുകയെന്നതും അവകാശം. ഏതാണ്ടിങ്ങനെ പരുവപ്പെട്ട അവകാശബോധമേ ജോസഫിനുണ്ടായിരുന്നുള്ളൂ. അവകാശധ്വംസനത്തെപ്പറ്റിയോ അവകാശാധിപത്യത്തെപ്പറ്റിയോ ജോസഫ് വാചാലനാകാതെ, വിശ്വാസമൗനം, പതിവുപോലെ ദീക്ഷിക്കുന്നു.



## വിശുദ്ധ യൗസേപ്പ്

# നിശ്ശബ്ദതയുടെ ചൈതന്യം

**ഫാ. ജോസഫ് തോപ്പിൽ ഷാരോൺ**

വർഷങ്ങൾക്കുമുമ്പ് ജോലി ചെയ്തിരുന്ന ദൈവാലയത്തിന്റെ പരിധിയിൽപ്പെട്ട കപ്പൂച്ചിൻ ആശ്രമത്തിൽ സുപ്പീരിയറച്ചന്റെ നാമ ഹേതുകതിരുനാളിനോടനുബന്ധിച്ച് പോയതായിരുന്നു. എന്നെക്ക ണ്ടപ്പോ പ്രായംചെന്ന ഒരു സന്ന്യാസവൈദികൻ പേരു ചോദിച്ചു. പേരു പറഞ്ഞതും അച്ചൻ വീണ്ടും ചോദിച്ചു, “എന്റെ പേരെന്തെന്ന് അച്ചനറിയാമോ? ലോകത്തിലേക്കുംവച്ച് ഒരു പുരുഷന് ലഭിക്കാവുന്ന ഏറ്റവും നല്ല പേര്.” ഞാൻ പറഞ്ഞു, “ലോകത്തിലേക്കും വച്ച് ഒരു പുരുഷന് ലഭിക്കാവുന്ന ഏറ്റവും നല്ല പേര് എന്റെ മാതാപിതാക്കൾ എനിക്ക് ഇട്ട് കഴിഞ്ഞു. അതിലും നല്ല മറ്റൊരു പേരില്ല.” “അത് ശരി യല്ല.” അച്ചൻ പറഞ്ഞു. “ഈ ഭൂമിയിൽ പിറന്നുവീണ ഒരു ആൺകു ട്ടിക്ക് ലഭിക്കാവുന്ന ഏറ്റം നല്ല പേര് ഭൂമിയിൽ പിറന്നുവീണ ദൈവ ത്തിന്റെ തന്നെ പേരാണ്, അതാണെന്റെ പേര്, ഇമ്മാനുവേൽ.” “ആയിരിക്കാം.” ഞാൻ പറഞ്ഞു “എന്നാൽ ആ ദൈവത്തെ പോറ്റിവ ളർത്തിയ ലോകം കണ്ടതിലേക്കുംവച്ച് ഏറ്റവും വലിയ നീതിമാന്റെ പേരാണ് എനിക്ക് ലഭിച്ചിട്ടുള്ളത്.”

എന്റെ പേരിന് കാരണഭൂതനായ, ലോകം കണ്ടതിലേക്കുംവച്ച് ഏറ്റം വലിയ നീതിമാനായ ജോസഫ് എന്ന യൗസേപ്പിതാവിനെ ഞാൻ ആദ്യമായി കണ്ടുമുട്ടുന്നത് എന്റെ കുട്ടിക്കാലത്ത് ഏഴോ എട്ടോ വയസ്സ് പ്രായമുള്ള കാലത്തായിരുന്നു. അന്ന് അമ്മച്ചിയോട് പിണങ്ങി വീടുവിട്ട് ഇറങ്ങിയതായിരുന്നു ഞാൻ. ഇനി ഒരിക്കലും വീട്ടിലേക്കില്ല എന്ന ഉറച്ച തീരുമാനത്തോടെ. എന്റെ കുഞ്ഞുകാലുകൾക്ക് നടന്നെത്താവുന്നത്ര വേഗത്തിൽ ഞാൻ നടന്ന് മുന്നേറി. വിശപ്പ് ശരീരത്തിലേക്കും മനസ്സിലേക്കും മെല്ലെമെല്ലെ അരിച്ചുകയറാൻ തുടങ്ങി. എന്നിട്ടും തളർന്ന ശരീരത്തോടും വേദനിക്കുന്ന മനസ്സോടുംകൂടെ വാശിയിൽ ഞാൻ മുന്നോട്ടുനീങ്ങി. ഒടുവിൽ പാലം കയറി മറുകരയിൽ എത്തിയനേരം മുന്നിൽ നില്ക്കുന്ന താടിയും മുടിയും നീട്ടി വളർത്തിയ ഒരു മധ്യവയസ്ക്കൻ; കുട്ടിക്കാലത്ത് ഇടവക ദൈവാലയത്തിൽ കണ്ട് പരിചയിച്ചിരുന്ന യൗസേപ്പിതാവിന്റെ രൂപം. അദ്ദേഹം എന്നോടൊന്നും പറഞ്ഞില്ല, കൈനീട്ടാൻ ആംഗ്യം കാണിച്ചു. ഞാൻ കൈനീട്ടി. നീട്ടിയ കൈയിലേക്ക് ഏതാനും മിഠായികൾ വച്ചുതന്നുകൊണ്ട് തിരികെ പോകുക എന്ന ആംഗ്യത്തിൽ എതിർദിശയിലേക്ക് അദ്ദേഹം കൈച്ചൂണ്ടി. അതോടെ മനസ്സിനെ അടക്കി ഭരിച്ചിരുന്ന വാശി വെടിഞ്ഞ് മിഠായിയും നുണഞ്ഞ് ഞാൻ വീട്ടിലേക്ക് തിരികെപ്പോയി.

ഏകദേശം മുപ്പത്തിയെട്ട് വർഷങ്ങളുടെ നീണ്ട ഇടവേളയ്ക്ക് ശേഷമായിരുന്നു ജോസഫ് എന്ന യൗസേപ്പിതാവിനെ വീണ്ടും ഞാൻ കണ്ടുമുട്ടുന്നത്. അദ്ദേഹം ഏകനായിരുന്നില്ല, അദ്ദേഹത്തോടൊപ്പം പരിശുദ്ധ ദൈവമാതാവുമുണ്ടായിരുന്നു, നീണ്ടു മെലിഞ്ഞ് വിളറിയ ശരീരത്തോടുകൂടിയ ദൈവത്തിന്റെ അമ്മ. അന്ന് ഞാൻ ഇംഗ്ലണ്ടിൽ ഒരു ഇടവകയിൽ ക്യൂറേറ്റ് ആയി ജോലി ചെയ്യുകയായിരുന്നു. മദ്യത്തിനും മയക്കുമരുന്നിനും അടിപ്പെട്ട അനേകർ ജീവിച്ചിരുന്ന ഒരു തെരുവിലായിരുന്നു ഞാൻ ജോലി ചെയ്തിരുന്ന ദൈവാലയം സ്ഥിതി ചെയ്തിരുന്നത്. ഇടയ്ക്കിടെ അവരിൽ ചിലർ വൈദികഭവനത്തിലെ കോളിംഗ് ബെല്ലിൽ മണിയടിക്കും. വാതിൽ തുറന്നാലുടൻ വിശക്കുന്നുവെന്ന് പറഞ്ഞ് കൈനീട്ടും. അത്തരക്കാർക്ക് നല്കുന്നതിനായി വി. വിൻസെന്റ് ഡി പോൾ സംഘടനയിൽപ്പെട്ടവർ കുറച്ച് പണം ഞങ്ങളെ, വൈദികരെ, ഏല്പിക്കുമായിരുന്നു. അത് വാങ്ങി അവർ സ്ഥലം വിടും. ഒരുനാളിൽ കോളിംഗ് ബെല്ലിന്റെ ശബ്ദം കേട്ട് വാതിൽ തുറന്നപ്പോൾ കണ്ടത്, താടിയും മുടിയും മനോഹരമായി

നീട്ടി വളർത്തിയിരുന്ന വിളറിയ ശരീരപ്രകൃതിയോടുകൂടിയ ഒരു യുവാവിനേയും നീണ്ട് മെലിഞ്ഞ് വിളറിയ ശരീരത്തോടുകൂടിയ ഒരു യുവതിയെയുമായിരുന്നു, ദമ്പതികൾ. അന്ന് രാവിലെയായിരുന്നു ചില തൊടുന്യായങ്ങൾ പറഞ്ഞ് ഹോം ഓഫീസിൽനിന്ന് വിസ നിഷേധിച്ചുകൊണ്ടുള്ള കത്ത് എനിക്ക് ലഭിച്ചത്. കൂടെ ജോലി ചെയ്തിരുന്ന വൈദികൻ അന്ന് അവധിക്കായി രാജ്യം വിട്ട് പോയി രിക്കയായിരുന്നു. അതിനാൽ തുടർന്ന് എന്ത് ചെയ്യണമെന്നറിയാതെ മനസ്സ് നന്നെ നീറിപ്പുകഞ്ഞ് നില്ക്കേയാണ് കോളിംഗ് ബെല്ലിന്റെ ശബ്ദംകേട്ട് വാതിൽ തുറന്നത്. ആ ഇടവകയിൽ ഞാൻ ജോലി ചെയ്യാൻ തുടങ്ങിയിട്ട് വർഷങ്ങൾ രണ്ടു പിന്നിട്ടിരുന്നു. അതിനി ടയ്ക്ക് വൈദികഭവനത്തിനു മുമ്പിൽ വന്ന് ബെല്ലടിച്ച് പണം വാങ്ങി പ്പോകുന്ന നൂറുകണക്കിന് യാചകരെ ഞാൻ കണ്ടിരുന്നു. എന്നാൽ അന്ന് എനിക്ക് മുമ്പിൽ പ്രത്യക്ഷപ്പെട്ട യുവാവിനെയും യുവതി യെയും ആദ്യമായിട്ടായിരുന്നു ഞാൻ കാണുന്നത്. അവർക്കായി ഞാൻ നാണയങ്ങൾ വച്ച്നീട്ടിയ വേളയിൽ ക്ഷീണിതയായ യുവതി യുടെ കൈകളിലൊന്നിൽ ഒരു ജപമാല ഞാൻ കണ്ടു. എന്നിൽനിന്ന് നാണയം വാങ്ങും മുമ്പായി ആ യുവതി ചോദിച്ചു: "അച്ചന്റെ പേരെ ന്താണ്?" ഞാൻ പേരു പറഞ്ഞു. തുടർന്ന് അവർ മന്ത്രിക്കുന്നതു പോലെ മെല്ലെ പറഞ്ഞു: "അച്ചനുവേണ്ടി ഞാൻ പ്രാർത്ഥിക്കും." വാതി ലടച്ച് തിരികെ കട്ടിലിൽവന്നു കിടന്നു, വേദനിക്കുന്ന മനസ്സോടെ. പിന്നെ കുറച്ചേറേനേരം പുഴക്കടവിൽ പോയിരുന്ന് അരയന്നങ്ങളെ നോക്കിക്കണ്ടു. തിരികെ വൈദികഭവനത്തിലെത്തി ഇമെയിൽ തുറ ന്നതും അന്ന് പകൽ എനിക്ക് ലഭിച്ച എഴുത്തിൽ രേഖപ്പെടുത്തിയ തിന് കടകവിരുദ്ധമായി വിസ അനുവദിച്ചുകൊണ്ട് ഹോം ഓഫീസിൽ നിന്നുള്ള അറിയിപ്പ് എനിക്കതിൽ കാണാൻ കഴിഞ്ഞു. ആ നിമിഷം യാചകരുടെ വേഷത്തിൽ പകൽ എന്നെ കാണാനെത്തിയ ദമ്പതി കളെക്കുറിച്ച് ഞാൻ ഓർത്തു. ഒപ്പം അച്ചനുവേണ്ടി ഞാൻ പ്രാർത്ഥി ക്കുമെന്ന് മന്ത്രിക്കുന്നതുപോലെ ആ സ്ത്രീ പറഞ്ഞതും. അന്നു മുതൽ ഞാൻ ആ ദമ്പതികളെ തിരയാൻ തുടങ്ങി. എന്നാൽ എനിക്ക വരെ ഒരിടത്തും കണ്ടെത്താനായില്ല. നഗരത്തിലെ യാചകർക്കിടയിൽ സന്നദ്ധസേവനം ചെയ്തിരുന്ന സുഹൃത്തായ മേരിയോടും ഞാൻ ആ ദമ്പതികളെക്കുറിച്ച് തിരക്കി. എന്നാൽ മേല്പറയപ്പെട്ട ദമ്പതി കളെ മേരിക്കും ഒരിടത്തും കണ്ടെത്താനായില്ല. ആഴ്ചകൾ പലത് കട ന്നുപോയി, മാസങ്ങളും. അതോടെ, മനസ്സ് നീറിപ്പുകഞ്ഞ വേളയിൽ മുമ്പിൽ പ്രത്യക്ഷപ്പെട്ട് അച്ചന് വേണ്ടി ഞാൻ പ്രാർത്ഥിക്കും എന്ന്

പറഞ്ഞ് കടന്നുപോയ യുവതിയും അവളുടെ ഭർത്താവും മനസ്സിൽ നിന്ന് മെല്ലെ മാഞ്ഞുതുടങ്ങി. അങ്ങനെയിരിക്കെ വീണ്ടും ഒരുനാളിൽ കോളിംഗ് ബെല്ലിന്റെ ശബ്ദംകേട്ട് വാതിൽ തുറന്ന എനിക്ക് മുമ്പിൽ മാസങ്ങൾക്ക്മുമ്പ് പ്രത്യക്ഷപ്പെട്ട യുവാവും യുവതിയും നില്ക്കുന്നു. അന്നും നാണയം കൈനീട്ടി വാങ്ങും മുമ്പായി യുവതി ചോദിച്ചു: “അച്ചന്റെ പേരെന്താണ്?” “ജോസഫ്” ഞാൻ പറഞ്ഞു. “എന്റെ പേര് മരിയ” അവൾ മെല്ലെ മന്ത്രിച്ചു. പിന്നെ ഭർത്താവിനോടൊപ്പം നടന്നു നീങ്ങി, വിറയാർന്ന ക്ഷിണിതമായ ശരീരത്തോടെ. തുടർന്ന് മനസ്സ് മന്ത്രിച്ചു, “തെറ്റു പറ്റിയതെനിക്കാണ്, അവർ സാധാരണ മനുഷ്യരായിരുന്നു. എന്നെപ്പോലെതന്നെ വേദനിക്കുന്ന ആത്മാവും ശരീരവുമുള്ള തീർത്തും സാധാരണ മനുഷ്യർ.” തുടർന്നും ഞാനാ ഇടവകയിൽ മൂന്നുവർഷക്കാലത്തോളം ജീവിച്ചു. എന്നാൽ, പിന്നീടൊരിക്കലും ഞാനാ ദമ്പതികളെ കണ്ടില്ല. മേരി അടക്കം മറ്റു പലരോടും ഞാൻ ആ ദമ്പതികളെക്കുറിച്ച് തിരക്കി. അവർക്കും ആ ദമ്പതികളെ നഗരത്തിലെങ്ങും കണ്ടെത്താനായില്ല.

യൗസേപ്പിതാവിന്റെ നാമധേയം ലഭിച്ചതിൽ എന്നും അഭിമാനം കൊള്ളുന്ന ഞാൻ എന്നെങ്കിലും യൗസേപ്പിതാവിന്റെ മാധ്യസ്ഥ്യം തേടിയിട്ടുണ്ടോ! ഇത്തരത്തിൽ ഒരു ചോദ്യം ആരെങ്കിലും ചോദിക്കുകയാണെങ്കിൽ ആ ചോദ്യത്തിന് എന്ത് മറുപടി നല്കണമെന്നെനിക്കറിയില്ല. ജീവിതത്തിനുമേൽ ദുഃഖത്തിന്റെ കരിനിഴൽ വന്ന് മൂടിയ വേളയിലെല്ലാംതന്നെ ഒരൊറ്റ രൂപം മാത്രമേ മനസ്സിൽ തെളിയുമായിരുന്നുള്ളു. അത് പരിശുദ്ധദൈവമാതാവിന്റെ രൂപമാണ്. വേദനയിലും ദുഃഖത്തിലും താങ്ങായി നില്ക്കുന്ന പരിശുദ്ധ അമ്മയുടെ രൂപം. എന്നാൽ പരിശുദ്ധ അമ്മയുടെ വാത്സല്യം നിറഞ്ഞ രൂപത്തിനൊപ്പം സ്നേഹസാന്ത്വനമായി പിതൃവാത്സല്യം മുറ്റി നില്ക്കുന്ന യൗസേപ്പിതാവിന്റെ രൂപവും മനസ്സിൽ എന്നേ പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളതാണ്. ഇത് എന്റെ മാത്രം അനുഭവമാവില്ല, ഗ്രാമത്തിൽ ജനിച്ച് വളർന്ന് ഗ്രാമദൈവാലയത്തിലെ തിരുസ്വരൂപങ്ങൾക്ക് മുമ്പിൽ വണങ്ങി തൊട്ടുമുത്തി മനസംതൃപ്തിയോടെ ദൈവാലയം വിട്ടിറങ്ങിയിട്ടുള്ള ഏതൊരു വളർന്ന് വലുതായ കുട്ടിയുടെയും അനുഭവമാണ്.

യൗസേപ്പിതാവിന്റെ ആത്മീകനിശ്ശബ്ദതയെക്കുറിച്ച് ഒരു ലേഖനം എഴുതി നല്കണമെന്ന് യൗസേപ്പിതാവിന്റെതന്നെ നാമധേയത്തിൽ സ്ഥാപിതമായ ഒ.എസ്.ജെ. സഭയിലെ അംഗമായ ഒരു

വൈദികൻ വിളിച്ചു പറഞ്ഞപ്പോൾ ആദ്യം മനസ്സിൽ തോന്നിയത് നിശ്ശബ്ദതയ്ക്ക് ശബ്ദമില്ലാത്തതിനാൽ എങ്ങനെ അതിനെ വാക്കുകളിൽ വിവരിക്കാനാവുമെന്നാണ്. ലേഖനം ആറു പേജിൽ കുറയരുത് എന്നുകൂടി കേട്ടപ്പോൾ വീണ്ടും ആശങ്കയായി. യൗസേപ്പിതാവിൽ പരിലസിച്ചിരുന്ന ജീവിതത്തിന്റെതന്നെ ഭാഗമായിരുന്ന ദിവ്യമായ നിശ്ശബ്ദതയെ എങ്ങനെ ആറു പേജിലേക്ക് വലിച്ചിഴക്കാനാകും? ഹെർമ്മൻ ഹെസ്സെയുടെ സിദ്ധാർത്ഥ എന്ന നോവലിൽ വെളിപ്പെടുത്തുന്ന സത്യം ജ്ഞാനം പകർന്ന് നല്കാനാവാത്ത യാഥാർത്ഥ്യമാണെന്നതാണ്. ജ്ഞാനമെന്നതുപോലെത്തന്നെ വാക്കുകളിലൂടെ വിവരിക്കാനാവാത്ത മറ്റ് ചില സംഗതികളുമുണ്ട്. പിഞ്ചു കുഞ്ഞിനു ലഭിക്കുന്ന അമ്മയുടെ മൃദുലചുംബനത്തിന്റെ മാധുര്യം, വിയർത്തൊലിച്ച ശരീരത്തിൽ മെല്ലെ തഴുകിക്കടന്നുപോകുന്ന ഇളംകാറ്റിന്റെ സൗഖ്യസ്പർശം. നിശ്ശബ്ദതയും ഏറെ സുന്ദരമാണ്. പ്രത്യേകിച്ച്, വാചാലതയിൽ കലുഷിതമായ മനസ്സ് നിശ്ശബ്ദതയിൽ ദൈവത്തിന്റെ സാന്ത്വനസ്പർശം അനുഭവിച്ചറിയുമ്പോൾ. കാർമ്മലക്കുന്നിനുമേലെ ദൈവത്തിന്റെ വരവും കാത്തിരുന്ന ഏലിയാ പ്രവാചകന് സംഭവിച്ചതതാണ്. ഭീതി പരത്തുന്ന കൊടുങ്കാറ്റിലും നാശം വിതയ്ക്കുന്ന അഗ്നിയിലും ദർശനം നല്കാത്ത ദൈവം ഇളംകാറ്റിന്റെ സാന്ത്വനസ്പർശത്തിലൂടെ കടന്നുവന്നപ്പോൾ ഏകനായ, സത്യമായ ദൈവത്തിന്റെ പേരിൽ വിജാതിയമായവയെല്ലാം തകർത്തെറിയപ്പെടണമെന്ന് ചിന്തിച്ചിരുന്ന പ്രവാചകന് സമൂലം അടിതെറ്റുക തന്നെ ചെയ്തു. സ്നേഹമാർന്ന ദൈവത്തെ കാർക്കശ്യതയിലും നൈയാമികതയിലും പ്രതിഷ്ഠിച്ച കുരിശിന്റെ വിശുദ്ധ യോഹന്നാനും കാർമ്മലക്കുന്നിലെ മൗനത്തിന്റെ മലകയറ്റത്തിൽ ദൈവത്തെ മുഖാമുഖം ദർശിച്ചപ്പോൾ സ്നേഹത്തിന്റെ, ദൈവത്തിന്റെ ആർദ്രതക്ക് വാചാലത വെടിഞ്ഞ് നിശ്ശബ്ദനായി സമൂല പരിവർത്തനത്തിന് വിധേയനാകേണ്ടി വന്നു.

സുവിശേഷങ്ങളിൽ പ്രത്യക്ഷപ്പെടുന്ന യൗസേപ്പിതാവിന്റെ മൗനവും പാരമ്പര്യങ്ങളിൽ പ്രത്യക്ഷപ്പെടുന്ന യൗസേപ്പിതാവിന്റെ മൗനവും തീർത്തും വ്യത്യസ്തമായവയാണ്. സുവിശേഷങ്ങളിൽ പ്രത്യക്ഷപ്പെടുന്ന യൗസേപ്പിതാവിന്റെ മൗനം ദൈവികമായ മൗനമെങ്കിൽ പാരമ്പര്യങ്ങളിൽ പ്രത്യക്ഷപ്പെടുന്ന യൗസേപ്പിതാവിന്റെ മൗനം മതാന്ധനായ മനുഷ്യൻ കെട്ടിച്ചമച്ച കാപട്യത്തിന്റെ മൗനമാണ്. സുവിശേഷങ്ങളിൽ പ്രത്യക്ഷപ്പെടുന്ന യൗസേപ്പ് ആരോഗ്യ

ദൃഢഗാത്രനായ ഒരു യുവാവാണ്. മറിയം എന്ന യുവതിയെ തന്റെ ജീവിതത്തിലേക്ക് ഭാര്യയായി സ്വീകരിക്കാൻ ദിനങ്ങളെണ്ണി കാത്തിരുന്ന ഒരു യുവാവ്. ഒപ്പം തന്റെ ശരീരവും മനസ്സും ദൈവത്തിനായി പൂർണ്ണമായി സമർപ്പിച്ച് താൻ മൂലം അദൃശ്യനായ ദൈവമോ, ദൃശ്യരായ സഹചരരോ തെല്ലും വേദനിക്കരുതെന്ന് ആത്മാർത്ഥമായി കൊതിച്ചിരുന്ന ഒരു നല്ല മനുഷ്യൻ. ആ നിയോഗത്തിലാണ്, സമർപ്പണത്തിലാണ് യൗസേപ്പിന്റെ മൗനം വാചാലമാകുന്നതും ദൈവിക തലത്തോളം എത്തിനില്ക്കുന്നതും. സുവിശേഷകന്റെ ഭാഷയിൽ യൗസേപ്പ് നീതിമാനായി മാറുന്നതവിടെയാണ്. താൻമൂലം ആരും വേദനിക്കാനിടയാകരുതെന്ന് ആഗ്രഹിച്ച നിഷ്കന്മഷനായ യൗസേപ്പ് എന്ന യുവാവ് തനിക്കു ചുറ്റും തീർത്ത മൗനത്തിന്റെ വല്മീകം ഭേദിച്ചുകൊണ്ടാണ് ദൈവദൂതൻ സാന്ത്വനസന്ദേശവുമായി നിദ്രാവേളയിൽ കടന്നുചെല്ലുന്നതും തുടർന്ന് യൗസേപ്പ് ലോകത്തിന്റെ മുഴുവൻ പിതാവായ യൗസേപ്പിതാവായി മാറുന്നതും. സുവിശേഷങ്ങളിൽ പ്രത്യക്ഷപ്പെടുന്ന യൗസേപ്പിൽ നിറഞ്ഞുനിന്ന ഇത്തരത്തിലുള്ള ദൈവികമായ മൗനത്തെ വർത്തമാനപ്പുസ്തകത്തിന്റെ ആറു പേജുകളിലേക്ക് വലിച്ചുനീട്ടാൻ നമുക്കാവില്ല. അത് അമ്മയുടെ മൃദുലചുംബനംപോലെ വാക്കുകൾക്ക് അതീതമാണ്, ജ്ഞാനംപോലെ അവർണ്ണനീയവും.

ദൈവമാതാവായ മറിയത്തിന്റെ മാതൃത്വത്തിന്റെ മഹനീയതതെല്ലും കണക്കിലെടുക്കാതെ കന്യാത്വത്തിന്റെ മൂടുപടംകൊണ്ട് നാമതിന് ആവരണം തീർത്തപ്പോൾ സുവിശേഷങ്ങളിൽ പ്രത്യക്ഷപ്പെടുന്ന സുമുഖനും ആരോഗ്യദൃഢഗാത്രനുമായ യൗസേപ്പ് എന്ന ചെറുപ്പക്കാരന്റെ ദൈവികമായ മൗനം മതാന്ധനായ മനുഷ്യൻ തീർത്ത കപടമായ മൗനത്തിന്റെ മുഖപടമണിയുകയായിരുന്നു. അവിടെ ആരോഗ്യം നഷ്ടപ്പെട്ട വൃദ്ധനും രണ്ടാം കെട്ടുകാരനുമായി യൗസേപ്പിതാവ് തരംതാഴ്ത്തപ്പെടുകയായിരുന്നു. കന്യകകളുടെ കാവൽക്കാരനും ബ്രഹ്മചാരിയുമായ മനുഷ്യനിർമ്മിതനായ ആ യൗസേപ്പിതാവിന്റെ നിരവധിയായ നന്മകളെക്കുറിച്ച് ഘോരഘോരം നമുക്ക് പ്രസംഗിക്കാം. വേദികൾതോറും, ആറെന്നല്ല നൂറ് പേജുകളിലേക്ക് അവ പരത്തിയെഴുതാം. നിശ്ശബ്ദതയെന്ന വാക്കിന്റെ ഇംഗ്ലീഷ് രൂപമായ Silence എന്ന പദത്തിലെ ഏഴ് അക്ഷരങ്ങളെയും ഒന്നൊന്നായെടുത്ത് അവ ഓരോന്നിനും വ്യാഖ്യാനവും ഉപരിവ്യാഖ്യാനവും നല്കി ഒരു നീണ്ട Doctrinal thesis തന്നെ യൗസേപ്പിതാവിന്റെ

വാചാലമായ നിശ്ശബ്ദതയെക്കുറിച്ച് നമുക്ക് എഴുതിയുണ്ടാക്കാം. എഴുതിയുണ്ടാക്കുന്ന കാര്യങ്ങൾക്കെല്ലാം ആധികാരികത വരുത്തുന്നതിനായി നൂറുകണക്കിന് പുസ്തകങ്ങളിൽനിന്നുള്ള ഉദ്ധരണികളും നമുക്ക് എഴുതിച്ചേർക്കാം. അങ്ങനെ രോഗംകണ്ട് ചികിത്സിക്കാനറിയാത്ത ഡോക്ടർമാരുടെ എണ്ണം സഭയിൽ പെരുകട്ടെ, ആകാശത്തിലെ നക്ഷത്രങ്ങൾപ്പോലെയും കടൽത്തീരത്തെ മണൽത്തരികൾ പോലെയും.

ധ്യാനം എന്ന വാക്കിനർത്ഥം മനനം എന്നാണ്. മനനം ശരീരത്തിന്റെ വൃത്തിയല്ല മനോവൃത്തിയാണ്. അത് മനസ്സിന്റെ സംഗീതമാണ്, മനുഷ്യന്റെ വാചാലത ദൈവത്തിന്റെ നിശ്ശബ്ദതയിൽ സമ്മേളിക്കുന്ന മൗനസംഗീതം. വാക്കുകൊണ്ടും നാക്കുകൊണ്ടും എത്തിച്ചേരാനാവാത്ത മഹാസാഗരം. പരിശുദ്ധ ദൈവമാതാവും യൗസേപ്പിതാവും അസ്സീസിയിലെ ഫ്രാൻസീസും കുരിശിന്റെ വിശുദ്ധ യോഹന്നാനുമെല്ലാം ആ മഹാമൗനസാഗരത്തിൽ മുങ്ങി ദൈവികതയിൽ നിറഞ്ഞ് ലോകത്തിന് മഹാദീപങ്ങളായി വിളങ്ങിയവരാണ്. ഇന്നിന്റെ ലോകത്തിൽ ജീവിക്കുന്ന നമ്മെ സംബന്ധിച്ചാവട്ടെ ധ്യാനമെന്നത് മനനമാണെന്ന സത്യം പണ്ടേ നാം മറന്നുപോയിരിക്കുന്നു. ധ്യാനമെന്നത് ഇന്ന് നമ്മെ സംബന്ധിച്ചിടത്തോളം പതിനയ്യായിരം വാട്ട്സിനുമേലെ വരുന്ന മനുഷ്യനിർമ്മിതമായ അതിശക്തമായ സൗണ്ട് സിസ്റ്റം ഉപയോഗിച്ച് ദൈവനിർമ്മിതമായ ചെവികളുടെയും മനസ്സിന്റെയും സുതാര്യമായ ശ്രവ്യപുടങ്ങളുടെയും സ്വാഭാവികത തകർത്തെറിയുകയെന്ന കപാലവൃത്തിയായി മാറിയിരിക്കുന്നു. മധ്യകാലയുഗത്തിലെ വിശുദ്ധ വിൻസന്റ് ഫെറർ കൈയിൽ തലയോട്ടിയുമേന്തി ദൈവത്തിന്റെ ശാപത്തെക്കുറിച്ചും കോപത്തെക്കുറിച്ചും നരകത്തിലെ ഭീകരതയെക്കുറിച്ചും ഘോരാഘോരം പ്രസംഗിച്ച് കേൾവിക്കാരിൽ ഭയം ജനിപ്പിച്ച് ബോധക്ഷയം വരുത്തിയെങ്കിൽ ഇന്നിന്റെ വചനപ്രഘോഷകർ ശരീരത്തിലും മനസ്സിലും വികൃതങ്ങളായ കാപാലങ്ങളണിഞ്ഞ് ഭൂമിഹൃദയം ഭേദിക്കുമാറ് ആർത്ത് വിളിച്ച് ലോകത്തെ മുന്നേറുന്നു.

പെരുമ്പറ കൊട്ടിയും ദിഗന്തങ്ങൾ ഭേദിക്കുമാറ് ആർപ്പുവിളിച്ചും ദൈവത്തെ വിളിച്ചു പ്രാർത്ഥിച്ച വിജാതിയരോടായി പരിഹാസദ്യോതകമായി പ്രവാചകൻ പറഞ്ഞു. "നിങ്ങളുടെ ദൈവം ക്ഷീണം കൊണ്ട് തളർന്നുറങ്ങുകയാവും, കുറെക്കൂടെ ഉച്ചത്തിൽ വിളിച്ചു പ്രാർത്ഥിക്കുക, അവിടുന്ന് ഉറക്കമുണരട്ടെ."

നാല്പ്പതുവർഷങ്ങൾക്കുമുമ്പ് കേരളത്തിൽ ജനിച്ചുവളർന്ന ഒരു ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം ഒരു കത്തോലിക്കാ ദൈവാലയവും അകത്തോലിക്കാ ദൈവാലയവും തമ്മിലുള്ള വ്യത്യാസമെന്തെന്ന് വ്യക്തമായി വേർതിരിച്ചറിയാമായിരുന്നു. അന്ന് കത്തോലിക്കാ ദൈവാലയങ്ങളിൽനിന്ന് കേട്ടിരുന്നത് വചനവേദിയിൽനിന്നും ബലിവേദിയിൽനിന്നും ഉയർന്നിരുന്ന വൈദികന്റെ പതിഞ്ഞശബ്ദമായിരുന്നു, വിശ്വാസികളുടെ താണസ്വരത്തിലുള്ള മറുപടിയായിരുന്നു, ചവിട്ട് ഹാർമോണിയത്തിന്റെ താളത്തിനൊത്തുള്ള ഗായകസംഘത്തിന്റെയും ജനങ്ങളുടെയും ഈണത്തിലുള്ള ശ്രുതിമധുരമായ ഗാനാലാപനമായിരുന്നു. ദിവ്യബലിയ്ക്കിടയ്ക്ക് കുഞ്ഞുങ്ങൾ ഒന്നു കരഞ്ഞാൽപ്പോലും അന്ന് മാതാപിതാക്കൾ അസ്വസ്ഥരാകുമായിരുന്നു. നിശ്ശബ്ദസംഗീതത്തിന്റെയും ദൈവാരാധനയുടെയും ആ സുവർണ്ണകാലം എന്നേ അപ്രത്യക്ഷമായിരിക്കുന്നു. നിശ്ശബ്ദസംഗീതത്തിലും ആരാധനയിലും ദൈവത്തെ ദർശിക്കാൻ കഴിയാതെപോയ ചില തിത്തിരിപ്പക്ഷിക്കുഞ്ഞുങ്ങൾ വർണ്ണാഭമായ തൂവലുകൾതേടി പിന്നെ പെന്തക്കോസ്ത് ദൈവാലയങ്ങളിലേയ്ക്കും പുതുപ്രവാചകരുടെ അടുക്കലേയ്ക്കും യാത്രയായി. വിവിധ കേന്ദ്രങ്ങളിൽനിന്നായി കടംവാങ്ങി ഏച്ചുകെട്ടിയ വർണ്ണാഭമായ തൂവലുകൾ ധരിച്ച് അവർ തിരികെയെത്തിയപ്പോൾ അവരെ കണ്ടവർക്കും കേട്ടവർക്കും ഉൾപ്പുളകമുണ്ടായി. മെല്ലെ മെല്ലെ നിശ്ശബ്ദസംഗീതവും ദൈവാരാധനയും കാപാലനൃത്തങ്ങൾക്കായി വീഥിയൊഴിഞ്ഞു.

സുഹൃത്തായ വൈദികൻ ഏറെ സങ്കടത്തോടെ പറഞ്ഞു, “ഈസ്റ്ററിന് മുന്നോടിയായി ധ്യാനം നടത്തിയതാണ്. ധ്യാനപ്രസംഗകന്റെ അലറിവിളിയിൽ പള്ളിയിലെ സൗണ്ട്സിസ്റ്റം ഒന്നാകെ തകർന്നു. അതിനാൽ വിശുദ്ധവാരത്തിന് വാടകയ്ക്ക് സൗണ്ട് സിസ്റ്റം എടുക്കേണ്ടതായിവന്നു.” മനനം എന്നതിന്റെ അർത്ഥമെന്തെന്ന് മറന്ന ഒരു ധ്യാനപ്രഘോഷകന്റെ ഘോഷാരവത്താൽ മനുഷ്യനിർമ്മിതമായ സൗണ്ട് ബോക്സുകളുടെ കനത്ത ഡയഫ്രങ്ങൾ തകർന്നെങ്കിൽ സുതാര്യവും ദൈവനിർമ്മിതവുമായ കർണ്ണപുടങ്ങളിൽ അത് എത്രമാത്രം ആഘാതം ഏല്പിച്ചുകാണില്ല! ഇവിടെ പ്രവാചകശബ്ദം വീണ്ടും ഉയരുന്നു. ഇത്രമാത്രം ഒച്ചവയ്ക്കാൻ ദൈവം ഉറങ്ങുകയാണോ?

മലമുകളിൽ ഉയർന്ന മിനാരങ്ങൾ കെട്ടിയുണ്ടാക്കി ഉച്ചത്തിൽ വാങ്കുവിളിച്ചു പ്രാർത്ഥിച്ച പുരോഹിതനോടായി സദ്ഗുരു കബീർ

പറഞ്ഞു, "അങ്ങ് മലമുകളിലെ മിനാരത്തിൽ കയറിനിന്ന് ദേശം മുഴങ്ങുമാറുച്ചത്തിൽ വാങ്കുവിളിച്ചു പ്രാർത്ഥിച്ചത് ഉറങ്ങുന്ന ദൈവത്തെ ഉണർത്താനാണെന്ന് കരുതിയെങ്കിൽ അങ്ങേയ്ക്ക് തെറ്റുപറ്റി. ഒരു കുഞ്ഞില കാറ്റിൽ അടർന്നുവീഴുന്ന ചെറിയ മർമ്മരശബ്ദംപോലും കേൾക്കുന്നവനാണ് ദൈവം." ദൈവപുത്രനായ യേശു പറഞ്ഞതും മറിച്ചായിരുന്നില്ല, "വിജാതിയരെപ്പോലെ നിങ്ങൾ പ്രാർത്ഥനാവേളകളിൽ അതിഭാഷണം നടത്തരുത്. അമിതഭാഷണംകൊണ്ട് തങ്ങളുടെ പ്രാർത്ഥന കേൾക്കപ്പെടുമെന്നാണ് അവർ കരുതുന്നത്. എന്നാൽ നിങ്ങൾ പ്രാർത്ഥിക്കും മുമ്പുതന്നെ നിങ്ങളുടെ ഹിതമെന്തെന്ന് പിതാവായ ദൈവം അറിയുന്നു. അതിനാൽ പ്രാർത്ഥിക്കുമ്പോൾ മുറിയിൽ കയറി വാതിൽ അടച്ച് എല്ലാം അറിയുന്ന പിതാവായ ദൈവത്തിനു മുമ്പിൽ രഹസ്യത്തിൽ പ്രാർത്ഥിക്കുവിൻ." യേശു പ്രാർത്ഥിച്ചത് അപ്രകാരമായിരുന്നു, പരിശുദ്ധ ദൈവമാതാവ് പ്രാർത്ഥിച്ചതും യൗസേപ്പിതാവ് പ്രാർത്ഥിച്ചതും അപ്രകാരംതന്നെ. അവിടെ ശബ്ദായമാനമായ കണ്ഠക്ഷോഭങ്ങളുണ്ടായിരുന്നില്ല, ശാപവാക്കുകളും പേടിപ്പെടുത്തലുകളുമുണ്ടായിരുന്നില്ല. അവിടെ ഉണ്ടായിരുന്നത് ദൈവികമായ മൗനമായിരുന്നു. ദൈവികമായ മൗനമെന്ന ആ അക്ഷയപാത്രത്തിൽനിന്ന് സമൃദ്ധമായി പാനം ചെയ്ത് അവർ അലൗകികരായി മാറി. ഇന്നിന്റെ ലോകത്തെ കണ്ഠക്ഷോഭങ്ങളിൽ നമുക്ക് നഷ്ടമാകുന്നത് ദൈവികമായ ആ മൗനത്തിന്റെ സാന്ത്വനമാണ്.



# സ്ത്രീത്വത്തെ മാനിക്കുന്ന ജോസഫ്

**സി. ജയ നെടുവേലിപറമ്പിൽ,**
**സെന്റ് വിൻസെന്റ് ഡി പോൾ കോൺഗ്രിഗേഷൻ,**
**പെരുമ്പിള്ളി**

"നീതിമാൻ എന്നേക്കും ജീവിക്കും". (ജ്ഞാനം 5:15–16) താൻ ഭാര്യയായി സ്വീകരിക്കാൻ നിശ്ചയിക്കപ്പെട്ടവൾ താനറിയാതെ ഒരു കുഞ്ഞിന്റെ അമ്മയാണ് എന്നറിയുമ്പോൾ ആരാണ് പകച്ചുപോകാത്തത്, അസ്വസ്ഥനാകാത്തത്? വിശുദ്ധ യൗസേപ്പിതാവിന് സംഭവിച്ചതും അതുതന്നെയാണ്. എന്നാൽ ദൈവം ജോസഫിനെ അനിതരസാധാരണമായ വഴികളിലൂടെ നയിക്കുന്നു. സ്വപ്നത്തിൽ ദൈവം ജോസഫിനെ ശക്തിപ്പെടുത്തുന്നു. "കന്യകാ ജനനം" എന്ന അത്ഭുതകരമായ ദൈവിക ഇടപെടൽ ദൈവികാവകാശമാണ് (ഉൽപ 40:8; ദാനി. 21:28), ദൈവികദാനമാണ് (ദാനി. 1:17), പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ്. (ഉൽപ 41:38) ഇവയെല്ലാം സ്വപ്നവ്യാഖ്യാനത്തിലൂടെ നല്കുന്നു.

അന്ന് യഹൂദരുടെ ഇടയിൽ നിലവിലുണ്ടായിരുന്ന നിയമമനുസരിച്ച് ഒരു പെൺകുട്ടി വിവാഹത്തിന് മുമ്പ് ഗർഭിണിയാണ് എന്ന്

തെളിഞ്ഞാൽ അവളെ കല്ലെറിഞ്ഞു കൊല്ലണം എന്ന് അനുശാസിച്ചിരുന്നു. ദൈവത്തിന്റെ പ്രവർത്തനമാണ് എന്ന് പറഞ്ഞാൽ ആർക്കും മനസ്സിലാക്കാൻ സാധിക്കുമായിരുന്നില്ല. അതിന് ശ്രമിക്കുകയുമില്ല. അങ്ങനെയൊരു സംഭവം അവരുടെ ചിന്തയ്ക്ക് അതീതമായിരുന്നു. എന്നാൽ “അവളുടെ ഭർത്താവായ ജോസഫ് നീതിമാനാകയാലും അവളെ അപമാനിതയാക്കാൻ ഇഷ്ടപ്പെടായ്കയാലും അവളെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചു.” ഇവിടെയാണ് ജോസഫ് തന്റെ ഭാര്യയായ മറിയത്തെ, അവളുടെ വ്യക്തിത്വത്തെ, മാനിക്കുന്നത് നമുക്ക് കാണുവാൻ കഴിയുന്നത്. മറിയത്തിന് വേണമെങ്കിൽ മരണശിക്ഷ നല്കുവാൻ ജോസഫിന് കഴിയുമായിരുന്നു. അത് ജോസഫിന് നീതി മാത്രമേ ആകുന്നുള്ളൂ. ജോസഫ് കാരുണ്യവാനായതുകൊണ്ട് (“നീതിമാൻ” എന്നതിന് “കാരുണ്യവാൻ” എന്നും അർത്ഥമുണ്ട്) അവളെ രഹസ്യമായി ഉപേക്ഷിക്കുവാൻ തീരുമാനിച്ചു.

യഹൂദമതപ്രകാരം ഒരാൾ നീതിമാനായി കണക്കാക്കപ്പെടണമെങ്കിൽ പത്തു കല്പനകളും അവയുടെ ഉപകല്പനകളായ 613 നിയമങ്ങളും അനുസരിച്ചിരിക്കണം. യഥാർത്ഥത്തിൽ അവയെല്ലാം അനുസരിച്ച വ്യക്തിയാണ് വിശുദ്ധ യൗസേപ്പ്. “നിയമം കാക്കുക, നിയമം നിങ്ങളെ കാത്തുകൊള്ളും” ("Keep the rule and rule will keep you"). ദൈവഹിതം വെളിപ്പെടുത്തുന്ന വഴികളാണ് നിയമങ്ങൾ. നിയമങ്ങൾ അനുസരിക്കുന്നത് ദൈവഹിതം നിറവേറ്റുന്നതിന് തുല്യമാണ്. കർത്താവിന്റെ നിയമത്തോടുള്ള വിധേയത്വമാണ് യൗസേപ്പിനെ നീതിമാനാക്കിയത്. വിശുദ്ധഗ്രന്ഥത്തിലൂടെ കടന്നുപോകുമ്പോൾ നമുക്ക് നീതിമാനായ ഒരു വ്യക്തിയെക്കൂടി കണ്ടെത്താൻ കഴിയും. ഉൽപ്പത്തി പുസ്തകം 7-ാം അധ്യായം 1-ാം വാക്യം - കർത്താവ് നോഹയോട് അരുളിചെയ്തു : “നീയും നിന്റെ കുടുംബവും പെട്ടകത്തിൽ പ്രവേശിക്കുക. ഈ തലമുറയിൽ നിന്നെ ഞാൻ നീതിമാനായി കണ്ടിരിക്കുന്നു.” ‘നീതിമാൻ’ എന്നതുകൊണ്ട് മാനുഷികതയ്ക്ക് മുൻഗണന നല്കിക്കൊണ്ട് ധാർമ്മികബോധത്തോടെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നവൻ എന്നും അർത്ഥമാക്കാം.

സ്വപ്നത്തിലൂടെ ദൈവം ജോസഫിനെ ശക്തിപ്പെടുത്തുമ്പോൾ പ്രവാചകൻ വഴി ദൈവം യുഗങ്ങൾക്കു മുമ്പേ യേശുവിന്റെ ജനനത്തെക്കുറിച്ച് പ്രവചിച്ച കാര്യങ്ങൾ ഓർമ്മപ്പെടുത്തുന്നു. പിന്നീട്

ജോസഫ് പൂർവ്വാധികം കാര്യക്ഷമതയോടെ "വരുംവരായ്കകളെക്കുറിച്ച് ചിന്തിക്കാതെ" മുന്നോട്ട് സഞ്ചരിക്കുന്നു.

അഗസ്റ്റസ് സീസറിന്റെ കല്പന പ്രകാരം ജനസംഖ്യയെടുക്കുന്ന സമയത്ത് ഓരോരുത്തരും സ്വന്തം നാട്ടിൽപ്പോയി പേരുചേർക്കപ്പെടേണ്ടതാകയാൽ (ജോസഫ് ദാവീദിന്റെ വംശത്തിൽപ്പെട്ടവനായതുകൊണ്ട്) ബെത്‌ലെഹെമിലേക്ക് മറിയത്തെയും കൂട്ടിക്കൊണ്ട് ജോസഫ് യാത്രയാവുന്നു. അവിടെവച്ച് അവൾക്ക് പ്രസവസമയമടുക്കുമ്പോൾ, ജോസഫ് തന്റെ കുഞ്ഞിന് ജനിക്കാൻ ഒരിടം അന്വേഷിച്ച് അലഞ്ഞു നടക്കുന്നു. ആ സമയം നമുക്ക് സങ്കല്പിക്കാനാവുന്നതിലപ്പുറം മനോവിഷമങ്ങൾ ജോസഫ് അനുഭവിച്ചിട്ടുണ്ടാകാം. എന്നാൽ തന്റെ ഭാര്യയ്ക്ക് യാതൊരുവിധ പ്രയാസങ്ങളോ ബുദ്ധിമുട്ടുകളോ ഉണ്ടാകാതെ നോക്കുവാൻ അവൻ ബദ്ധശ്രദ്ധനാകുന്നു. ജനിച്ച ശിശുവിന് ദൂതൻ നിർദ്ദേശിച്ചപ്രകാരം അവൻ യേശു എന്ന് പേര് നല്കി. വീണ്ടും അൽപനാളുകൾക്കുശേഷം കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് ജോസഫിനോടു പറഞ്ഞു: "എഴുന്നേറ്റു ശിശുവിനെയും അമ്മയെയും കൂട്ടി ഈജിപ്തിലേക്കു പലായനം ചെയ്യുക. ഞാൻ പറയുന്നതുവരെ അവിടെ താമസിക്കുക. ഹേറോദേസ് ശിശുവിനെ വധിക്കുവാൻവേണ്ടി ഉടനെ അന്വേഷണം തുടങ്ങും." അവൻ ഉണർന്ന് ശിശുവിനെയും അമ്മയെയുംകൂട്ടി ആ രാത്രിതന്നെ ഈജിപ്തിലേക്കുപോയി. ഹേറോദേസിന്റെ മരണം വരെ അവിടെ ജീവിച്ചു (മത്താ. 2:13-14). ജോസഫ് ദൈവദൂതൻ പറഞ്ഞ കാര്യങ്ങൾ അപ്പാടെ നിറവേറ്റുകയാണ് ചെയ്തത്. ആ രാത്രിയിൽതന്നെ കുഞ്ഞിനെയും അമ്മയെയുംകൂട്ടി ഈജിപ്തിലേക്ക് ജോസഫ് യാത്രയാവുന്നു. ആ നിർണ്ണായകസമയം ജോസഫ് എത്രമാത്രം മാനസികസംഘർഷം അനുഭവിച്ചിരിക്കും. താൻ നേരിടുന്ന ഈ പ്രയാസങ്ങൾക്കെല്ലാം കാരണം മറിയമാണെന്ന് ജോസഫ് പഴിചാരുന്നില്ല. തനിക്ക് ദൈവം നല്കിയ ഭാര്യയെ അവൻ വേണ്ടതുപോലെ പരിപാലിക്കുന്നു. ദൈവസാന്നിദ്ധ്യ സ്മരണയിൽ ജീവിക്കുന്ന ജോസഫിന് എല്ലാ പ്രതിസന്ധികളെയും നേരിടുവാൻവേണ്ട കൃപ അവിടുന്നുതന്നെ പകർന്നുനല്കുന്നു. ജോസഫ് ദൈവത്തോട് അത്രമാത്രം അടുത്തു ജീവിച്ച വ്യക്തിയായതുകൊണ്ടുമാത്രമാണ് തനിക്ക് ദൂതൻ സ്വപ്നത്തിലൂടെ നല്കിയ സന്ദേശം ഉൾക്കൊണ്ട് തക്കസമയത്ത് വിവേകപൂർവ്വം പ്രവർത്തിക്കാൻ കഴിഞ്ഞത്.

വീണ്ടും ഹേറോദേസിന്റെ മരണത്തിനുശേഷം ഈജിപ്തിൽ വച്ച് കർത്താവിന്റെ ദൂതൻ ജോസഫിന് സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടു പറഞ്ഞു: "എഴുന്നേറ്റ് ശിശുവിനെയും അമ്മയെയുംകൂട്ടി ഇസ്രായേൽ ദേശത്തേക്ക് മടങ്ങുക. ശിശുവിനെ വധിക്കുവാൻ ശ്രമിച്ചവർ മരിച്ചുക ഴിഞ്ഞു." അവൻ എഴുന്നേറ്റ് ശിശുവിനെയും അമ്മയെയുംകൂട്ടി ഇസ്രാ യേൽ ദേശത്തേക്ക് പോയി (മത്താ 2:19-21).

ജോസഫ് മറിയത്തെ തന്റെ ഭാര്യയായി സ്വീകരിച്ചതിനുശേഷം അനുഭവിച്ച വേദനകൾ, ഇന്ന് ഭൂമുഖത്ത് ഒരു ഭർത്താവിനും ഉണ്ടാ യിട്ടില്ല, ഇനി ഉണ്ടാവുകയുമില്ല. എന്നാൽ ഒരിക്കൽപോലും മാതാവി നോട് ജോസഫ് അനിഷ്ടമായി പെരുമാറുന്നില്ല. അവൻ, അവളെ ആ യിരിക്കുന്ന അവസ്ഥയിൽ അംഗീകരിക്കുന്നു. അവളെ സ്വന്തമെന്ന പോലെതന്നെ സംരക്ഷിച്ചു. ആ കുടുംബത്തിന്റെ സംരക്ഷകനായി മാറുന്നു.

നമ്മുടെ ജീവിതകാലഘട്ടങ്ങളിലേക്ക് നോക്കുകയാണെങ്കിൽ പലവിധത്തിലുള്ള പാളിച്ചകൾ നമുക്കു കാണുവാൻ കഴിയും. നിസ്സാ രകാര്യങ്ങൾക്കുപോലും കുടുംബബന്ധങ്ങൾ ശിഥിലമാകുന്നു. കുടും ബങ്ങളിലെ പാളിച്ചകൾക്കു കാരണം ഭാര്യയാണെന്ന് ഭർത്താവും അമ്മയാണെന്ന് മക്കളും സഹോദരിയാണെന്ന് സഹോദരന്മാരും പഴിപറയുന്ന കാലഘട്ടമാണിത്. "സ്ത്രീ" എന്ന വ്യക്തി എന്തും സഹിച്ചും കേട്ടും അനുസരിച്ചും ജീവിക്കേണ്ട ഒരു ഉപഭോഗവസ്തു വാണെന്ന പഴയനിയമശൈലി ഇന്നും ചിലപ്പോഴെങ്കിലും കാണാൻ കഴിയും. "സ്ത്രീയായി" ജനിക്കാതിരുന്നതിന് ദൈവത്തോട് നന്ദി പറയുന്ന യഹൂദകാലഘട്ടമായിരുന്നു അന്ന് നിലവിലുണ്ടായിരുന്നത്.

ദൈവപുത്രന് ജന്മം നല്കുവാൻ തിരഞ്ഞെടുക്കപ്പെട്ട മറിയം എത്രമാത്രം വിലമതിക്കപ്പെട്ടവളാണെന്ന് വി. ജോസഫ് തിരിച്ച റിഞ്ഞു. യോഹ 1: 13-18 വാക്യങ്ങൾ നമ്മെ അനുസ്മരിപ്പിക്കുന്നതും ഇതുതന്നെയാണ്. തന്റെ ഭാര്യയായ മറിയം ദൈവപുത്രന് ജന്മം നല്കാൻ തിരഞ്ഞെടുക്കപ്പെട്ടവളാണെന്ന അവബോധം അവനെ വിശ്രമമില്ലാത്തവനാക്കി. അവൾക്കുവേണ്ട എല്ലാ പരിചരണങ്ങളും ഒരുക്കുവാൻ ദൈവം അവനെ അനുഗ്രഹിക്കുന്നു. "ഈശോമിശിഹാ" ജനിച്ചത് പരിശുദ്ധാത്മാവിനാൽ ആണ്. ദൈവികത അടങ്ങിയിരിക്കു ന്നത് ജനിപ്പിക്കുന്നതിലല്ല, സൃഷ്ടിക്കുന്നതിലാണ്. ദൈവം ഇല്ലായ്മ യിൽ നിന്നും ഉൺമയിലേക്ക് ജീവനെ നല്കുന്നു. (Divinity is not

in generation but in creation). സൃഷ്ടിക്കുക എന്നതിന് സ്നേഹിക്കുക എന്നർത്ഥമുണ്ട്. ദൈവപുത്രൻ ഈ ഭൂമിയിൽ അവതരിച്ചതിനുശേഷം, ആ പൈതലിന്റെ ഓരോ വളർച്ചാകാലഘട്ടങ്ങളും എല്ലാം തന്റെ ഭാര്യയായ മറിയത്തോടൊപ്പം അവനും നോക്കിക്കണ്ടു. തന്റെ ഭാര്യ, അവൾ, ഏതവസ്ഥയെയാണോ അഭിമുഖീകരിക്കുന്നത് അത് തന്റെയും അവസ്ഥയായി അംഗീകരിച്ച്, ഉൾക്കൊണ്ടുകൊണ്ട് ഭാര്യയോടൊപ്പം ത്യാഗങ്ങൾ ഏറ്റെടുക്കാൻ തയ്യാറായ ഉത്തമനായ ഒരു ഭർത്താവാണ് വി. ജോസഫ്. അതുപോലെ തന്നെ ഭരമേല്പ്പിച്ചിരിക്കുന്ന ദൈവപുത്രന്റെ സംരക്ഷണത്തിനുവേണ്ടി "തക്ക"സമയത്ത് വളർത്തുപിതാവിന്റെ ഉത്തരവാദിത്വം ജോസഫ് നിറവേറ്റുന്നു.

ദൈവത്തിന്റെ രക്ഷാകരപദ്ധതിയോടുള്ള ബഹുമാനമോ ഭയമോ ആണ് യൗസേപ്പിന്റെ നീതിനിഷ്ഠയിലെ മറ്റൊരു ഘടകം. മറിയം ഗർഭം ധരിച്ചിരിക്കുന്നത് ദൈവിക ഇടപെടൽ കൊണ്ടാണെന്ന് ജോസഫ് അറിയുന്നു. ദൈവം തന്റെ പുത്രന് ജനിക്കുവാൻവേണ്ടി തിരഞ്ഞെടുത്ത മറിയത്തെ ജോസഫ് എങ്ങനെയാണ് തന്റെ ഭാര്യയായി സ്വീകരിക്കുക? ജോസഫ് അവിടെ മറിയത്തിന്റെ സംരക്ഷകനായി മാറുന്നു. അവൻ അവിടെ സംശയിക്കുകയല്ല, മറിച്ച് ഭയപ്പെടുകയാണ് ചെയ്തത്. "നീതിമാൻ" എന്നതിന് "ദൈവഭയമുള്ളവൻ" എന്നും അർത്ഥമുണ്ട്.

"നിശ്ശബ്ദത പാലിക്കുന്നവർക്ക് ഉത്തരവാദിത്വമുണ്ട്", എന്ന് യഹൂദ ക്രൈസ്തവദാർശികയായ കർമ്മലീത്ത സന്ന്യാസിനി വി. എഡിത്ത് സ്റ്റെയിൻ പറഞ്ഞുവയ്ക്കുന്നു.

"അടിമത്തത്തിനു തുല്യമായ അവസ്ഥയിൽനിന്ന് സ്ത്രീകളെ ക്രിസ്തു വിമോചിപ്പിച്ചു" എന്ന് 1766 മുതൽ 1817 വരെ ജീവിച്ചിരുന്ന ഫ്രഞ്ച് എഴുത്തുകാരിയായ മാഡം ഡിസ്റ്റെയിൻ പറയുന്നു. പുതിയ നിയമത്തിന്റെ താളുകളിലൂടെ സഞ്ചരിക്കുമ്പോൾ സ്ത്രീകൾക്കുവേണ്ടി ശബ്ദമുയർത്തിയ, മാറ്റൊലികൊള്ളുന്ന ഒരു ശബ്ദമായി നിലനില്ക്കുന്ന സർവ്വശക്തനെ കണ്ടെത്താൻ കഴിയും. കാരണം, ക്രിസ്തു തന്റെ അമ്മ അനുഭവിച്ച മനോവ്യഥകൾ എല്ലാംതന്നെ തൊട്ടനുഭവിച്ചവനായിരുന്നു. ഞാൻ അനുഭവിക്കുന്ന പ്രതിസന്ധികൾ, മനോവിഷമങ്ങൾ മറ്റു വ്യക്തികളും അനുഭവിക്കുമ്പോൾ എനിക്കതിന്റെ ആഴം മനസ്സിലാക്കാൻ സാധിക്കും.

സ്ത്രീകൾക്ക് ഉചിതമായ സ്വാതന്ത്ര്യവും അംഗീകാരവും നല്കുകയെന്നത് മാനവസമൂഹത്തിന്റെതന്നെ ഒരാവശ്യമാണ്. അവൾക്ക് ഒരു വ്യക്തിക്കു നല്കേണ്ട പരിഗണന നല്കുവാൻ ഇന്നും ചില മനസ്സുകൾക്ക് ആവുന്നില്ല. എന്നാൽ യഹൂദനെന്നോ, ഗ്രീക്കുകാരനെന്നോ, അടിമയെന്നോ, സ്വതന്ത്രനെന്നോ, പുരുഷനെന്നോ, സ്ത്രീയെന്നോ വ്യത്യാസമില്ല. നിങ്ങളെല്ലാവരും യേശുക്രിസ്തുവിൽ ഒന്നാണ് (ഗലാ 3: 28-). അതുപോലെതന്നെ വിവാഹത്തിൽ സ്ത്രീക്കു പുരുഷനോടുള്ള "വിധേയത്വത്തെ" അനുകൂലിക്കുന്ന എല്ലാ കാരണങ്ങളും "ക്രിസ്തുവിനോടുള്ള ബഹുമാനം" മൂലം രണ്ടു പേരുടെയും "പരസ്പരവിധേയത്വം" എന്ന അർത്ഥത്തിലാണ് മനസ്സിലാക്കേണ്ടത്. പരീക്ഷണാർത്ഥം ജീവിക്കാനോ, പരീക്ഷണാർത്ഥം മരിക്കാനോ ഒരുവനും കഴിയുകയില്ല. പരീക്ഷണാടിസ്ഥാനത്തിൽ സ്നേഹിക്കാനോ, പരീക്ഷണാടിസ്ഥാനത്തിൽ ഒരു വ്യക്തിയെ പരിമിതകാലത്തേക്ക് സ്വീകരിക്കുവാനോ ഒരുവനും സാധിക്കുകയില്ല. (വി. ജോൺപോൾ രണ്ടാമൻ പാപ്പാ തന്റെ അപ്പസ്തോലികാഹ്വാനമായ "സ്ത്രീയുടെ മഹത്വ"ത്തിൽ പ്രതിപാദിക്കുന്നു).

നമുക്കു മുന്നിൽ ഒരു ഉത്തമമാതൃകയായി ഇന്നും എന്നും വി. യൗസേപ്പ് തെളിഞ്ഞുനില്ക്കുമ്പോൾ നാം എന്തിനു മറ്റൊരുദാഹരണം അന്വേഷിക്കുന്നു എന്ന് പലപ്പോഴും ചിന്തയിൽ വരാറുണ്ട്. തികച്ചും നമ്മുടെ അമ്മമാരും ഭാര്യമാരും സഹോദരിമാരും പെൺമക്കളും അവർ അർഹിക്കുന്ന രീതിയിലുള്ള ബഹുമാനവും ആദരവും സംരക്ഷണവും അവർക്കു നല്കുവാൻ ഇന്നിന്റെ സംസ്കാരത്തിന് കഴിയുന്നുണ്ടോ? ഈ ചോദ്യം നമ്മുടെ മനസ്സുകളിൽ എപ്പോഴും ഉണ്ടായിരിക്കട്ടെ. ലഭിക്കുന്ന അവസരങ്ങളിൽ നമുക്ക് അവരെ ആദരവോടെ, ബഹുമാനത്തോടെ വീക്ഷിക്കാം. ഇനിയും അവരുടെ മിഴിനീരുകൾ ഈ മണ്ണിൽ വീഴാതിരിക്കട്ടെ.



# പ്രകാശത്തിന്റെ സൂക്ഷിപ്പുകാരൻ

**ഫാ. ധനുഷ് ഒ.എസ്.ജെ**

പ്രഭാതസന്ദേശങ്ങൾ പലപ്പോഴും പലർക്കും പുലർകാല വിചിന്തനങ്ങൾക്കൊപ്പം ജീവിതത്തിലും പ്രയോജനപ്പെടാറുണ്ട്. അതുപോലൊരു സന്ദേശമാണ് ഈ ലേഖനത്തിനു കാരണമായത്. "വെളിച്ചമുള്ളിടത്ത് നില്ക്കാൻ ആർക്കും കഴിയും, എന്നാൽ നില്ക്കുന്നിടം വെളിച്ചം പകരാൻ കഴിഞ്ഞാൽ ജീവിതം ധന്യം." തീർച്ചയായും ജീവിതത്തിൽ വെളിച്ചം ഉള്ളവനേ വെളിച്ചം കൊടുക്കാനാവൂ. സമകാലിക ജീവിതസാഹചര്യം അവലോകനം ചെയ്യുമ്പോൾ ജീവിതം പലപ്പോഴും പലരുടെയും ഇരുൾ പരന്നതാണ്. സ്വത്തിനുവേണ്ടി

ഏറ്റവും പ്രിയപ്പെട്ടവരെ ഇല്ലാതാക്കുന്നതും പ്രണയനൈരാശ്യത്തിന്റെ പേരിൽ, സ്നേഹം നിഷേധിച്ചതിന്റെ പേരിൽ നടക്കുന്ന അരുംകൊലകളും പിഞ്ചുകുഞ്ഞുങ്ങളോടുപോലുമുള്ള ലൈംഗികവൈകൃതങ്ങളും ലോകത്തിന്റെമുമ്പിൽ വിളമ്പുന്നത് "ഇരുട്ടിന്റെ" കൈപ്പിടിയിലാണ് ലോകം എന്നാണ്. ഇതിൽനിന്ന് തിരിച്ചുവരാൻ എന്താണ് അവലംബിക്കേണ്ടത്? ഇരുട്ട് മാറണമെങ്കിൽ പ്രകാശം വേണം. പ്രകാശം നിറഞ്ഞ ജീവിതംവേണം. അല്ലെങ്കിൽ പ്രകാശമുള്ളവൻ തന്റെ പ്രകാശം മറ്റുള്ളവർക്ക് പകർന്നുകൊടുക്കണം. ഇവിടെയാണ് വി. യൗസേപ്പും അവിടുത്തെ ജീവിതവും ചർച്ചയാകേണ്ടതും പിന്തുടരേണ്ട ജീവിതശൈലി ആകേണ്ടതും. നൈരാശ്യമുണ്ടാകേണ്ട പല സാഹചര്യങ്ങൾ വന്നിട്ടും അദ്ദേഹം "ദൈവവെളിച്ചത്തെ" മുറുകെപ്പിടിച്ചു എന്നുവേണം കരുതാൻ. അതുകൊണ്ടാണ് തലക്കെട്ടുതന്നെ "പ്രകാശത്തിന്റെ സൂക്ഷിപ്പുകാരൻ" എന്ന് കൊടുക്കുവാൻ തീരുമാനിച്ചത്. വി. യൗസേപ്പ് നസ്രത്തിലെ തിരുക്കുടുംബത്തിന്റെ "കെടാവിളക്കായിരുന്നു." ഇവിടെ പ്രധാനമായും മൂന്ന് കാര്യങ്ങളാണ് അവലോകനം ചെയ്യുവാൻ ആഗ്രഹിക്കുന്നത്. ദൈവം പ്രകാശമാണെന്നിരിക്കേ തന്നിലെ ദൈവസാന്നിധ്യവും അപരനിലെ ദൈവികസാന്നിധ്യവും പ്രപഞ്ചത്തിലെ ദൈവസാന്നിധ്യവും തിരിച്ചറിയാൻ സാധിച്ചു എന്നതാണ് വി. യൗസേപ്പിന്റെ ജീവിതവിജയം.

## പ്രകാശം

പ്രകാശം ബൈബിളിൽ ഒരു അടയാളമാണ്; ദൈവത്തെയും ദൈവവചനത്തെയും വിശ്വാസത്തെയും വിശുദ്ധിയെയും അടയാളപ്പെടുത്തുന്ന ബിംബമാണ് പ്രകാശം. ഉൽപ്പത്തി പുസ്തകം തുടങ്ങി വെളിപാട് (22:5), കർത്താവ് ജനത്തിന്റെ പ്രകാശമായിരിക്കും എന്ന അനുഗ്രഹവചനം, നീണ്ടുകിടക്കുന്നു. തുടക്കം മുതൽ ഒടുക്കംവരെ ഏകദേശം 200-ൽ അധികം തവണ പലരീതിയിൽ പ്രകാശത്തെക്കുറിച്ച് സൂചനകൾ ഉണ്ട്.

## നെർടമിഡ് (Ner Tamid)

നെർടമിഡ് എന്നാൽ നിത്യപ്രകാശം എന്നാണ് അർത്ഥം. യഹൂദസിനഗോഗുകളിൽ കൃപാസനത്തിന്റെ വലതുവശത്ത് മുകളിലാണ് നെർടമിഡ് സ്ഥാപിക്കപ്പെട്ടിരിക്കുന്നത് (പുറ 25). ദൈവസാന്നിധ്യം

തിരിച്ചറിയാൻ പ്രാർത്ഥനാലയത്തിൽ സൂക്ഷിക്കുന്നതാണ് ഈ വിളക്ക്. ഓരോ കുടുംബത്തിന്റെയും വിളക്കാകണം ഗൃഹനാഥന്മാർ. ഒരിക്കലും അണയാത്ത വിളക്ക്, ഏത് കാറ്റിനേയും കോളിനേയും ചെറുക്കുന്ന നിത്യമായ പ്രകാശം. വിശുദ്ധ യൗസേപ്പ് തന്നിൽ അർപ്പിച്ച, നിയോഗിക്കപ്പെട്ട ദൗത്യം പൂർത്തീകരിക്കുന്നതിലൂടെ തെളിയിച്ചത് സകല പ്രതിസന്ധികളിലും അണയാൻ കൂട്ടാക്കാത്ത വിശ്വാസധീരതയും സത്യത്തോടുള്ള വിധേയത്വവുമാണ്. ഇന്ന് നഷ്ട മായിക്കൊണ്ടിരിക്കുന്നത് ഇത്തരത്തിലുള്ള ജീവിതപ്രകാശങ്ങൾ ആണ്. നിരാശപ്പെടാൻ അനേകം കാരണങ്ങൾ ഉണ്ടെന്നിരിക്കേ സക ലതിനെയും അതിജീവിക്കുന്ന പോരാട്ടവീര്യമാണ് നാം ധ്യാനിക്കേ ണ്ടതും ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടതും. പ്രകാശം ദൈവ സാന്നിധ്യം വിളിച്ചോതുന്നതുപോലെ, അന്ധകാരം തിന്മയെയാണ് ബൈബിളിൽ ഉടനീളം സൂചിപ്പിക്കുന്നത് (സുഭാ 2:13).

നൈമിഷികസുഖങ്ങൾക്കുവേണ്ടി, നേട്ടങ്ങൾക്കുവേണ്ടി, മോശം മാർഗ്ഗങ്ങളാണ് പലപ്പോഴും മനുഷ്യൻ തിരഞ്ഞെടുക്കുന്നത്. ഇവി ടെയാണ് യൗസേപ്പ് വ്യത്യസ്തനാകുന്നത്. പ്രത്യേകിച്ചൊന്നും ആഗ്രഹിക്കാതെ ദൈവത്തെ സ്വീകരിക്കുന്നവൻ. തന്റെ വർണ്ണങ്ങൾ നിറഞ്ഞ സ്വപ്നങ്ങൾ മാറ്റി, പ്രാരാബ്ധങ്ങൾ നിറഞ്ഞ ജീവിതത്തെ ദൈവത്തിന്റെ ഇടപെടൽ മൂലം മാറ്റിവയ്ക്കാനും നിശ്ശബ്ദമായി, അതിലുപരി പരാതിയില്ലാതെ ഏറ്റെടുക്കുവാനും സാധിക്കുന്നത് വിസ്മരിക്കാൻ പാടില്ലാത്ത, മറിച്ച് അനുകരിക്കേണ്ട ജീവിതമാണ്. ഇങ്ങനെ പ്രകാശിച്ചു നില്ക്കുന്ന ജീവിതത്തെ കെടാവിളക്ക് (Ner Tamid) എന്ന് അല്ലാതെ എന്താണ് വിളിക്കേണ്ടത്. യൗസേപ്പ് ഒരു അണയാത്ത ദീപമായിരുന്നു. ദൈവം തന്റെ കുടുംബത്തിൽ തെളി ച്ചുവച്ച കെടാത്തവിളക്ക്.

## പ്രകാശത്തിന്റെ ആയുധങ്ങൾ (Rom. 13:12-14)

"പകലിനു യോജിച്ചവിധം പെരുമാറാം". ഇതിൽതന്നെ ഒരു കാര്യം വ്യക്തമാണ്. മോശപ്പെട്ട പ്രവൃത്തികൾ പകലിന്റേതല്ല. ജീവി തത്തെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ ബലിയാക്കി മാറ്റി ജീവിതത്തെ ഒരു യഥാർത്ഥ സമർപ്പണമാക്കി മാറ്റിയതിന്റെ (Rom. 12:1) ഏറ്റവും വലിയ ഉദാഹരണമാണ് ജോസഫിന്റെ ജീവിതം. രാത്രിയാണ് സ്വപ്നം ഉണ്ടായതെങ്കിലും സ്വപ്നത്തിലെ സദ്വാർത്ത അദ്ദേഹത്തിന്റെ സംശയങ്ങൾ ദുരീകരിക്കുന്നു. എന്നുവേണം മനസ്സി

ലാക്കാൻ. സ്വപ്നത്തെ സ്വപ്നമായി കണ്ടുകൊണ്ട് ദൈവത്തിന്റെ പദ്ധതിയെ മാറ്റിമറിക്കാൻ തക്കവിധം "സ്വാതന്ത്ര്യം" എല്ലാവർക്കും എന്നപോലെ ജോസഫിനും ഉണ്ടായിരുന്നു. അങ്ങനെ ആയിരുന്നെങ്കിൽ രക്ഷാകരരഹസ്യത്തിന്റെ ക്ലൈമാക്സ് വേറെ രീതിയിൽ ആകുമായിരുന്നു എന്ന് ഉറപ്പാണ്.

ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവന് ജീവന്റെ പ്രകാശം ഉണ്ടായിരിക്കും (യോഹ 8:12). ഇത് ഒരു egoeimi പ്രസ്താവനയാണ്. യേശുവും പിതാവും ഒന്നാണ്, പ്രകാശമാണ്. എന്റെ പിതാവ് പ്രകാശമായിരിക്കുന്നതുപോലെ ഞാനും പ്രകാശമാണ് എന്ന വലിയ പ്രസ്താവന. അങ്ങനെയെങ്കിൽ ആ പിതാവിന്റെ ഭവനത്തിൽ പ്രകാശം പ്രതിഫലിപ്പിക്കുന്ന ഒരുവനെയാണ് അധിപനായി നിയോഗിച്ചത്. തീർച്ചയായും ജോസഫിൽ ജീവന്റെ പ്രകാശം ഉണ്ടായിരുന്നു. ജോസഫിൽ മാത്രമല്ല ജീവന്റെ പ്രകാശം ഉണ്ടാകേണ്ടത്, മറിച്ച് മനുഷ്യരായി പിറന്നവരിൽ ഉണ്ടാകേണ്ടതാണ് "നന്മ"യുടെ പ്രകാശം. എല്ലാവരും പ്രകാശത്തിന്റെ വക്താക്കൾ ആകേണ്ടവരാണ് (തെസ 5:5). ഇന്ന് പലപ്പോഴും മനുഷ്യന് സുബോധം നഷ്ടപ്പെടുന്നു എന്നതാണ് യാഥാർത്ഥ്യം. ജീവിതത്തിന്റെ കടമകൾ മറന്നുപോകുമ്പോഴാണ് നീതിസൂര്യനായ ജോസഫിന്റെ ജീവിതം മാതൃകയാകേണ്ടതും. സാമാന്യനീതി പലപ്പോഴും ജോസഫിനു നിഷേധിക്കപ്പെട്ടപ്പോഴും, മാനുഷികമായിമാത്രം ചിന്തിച്ചാൽ, അയാൾ പ്രത്യാശയുള്ളവനെപ്പോലെയും സുബോധം ഉള്ളവനെപ്പോലെയും ജീവിച്ചു (തെസ 5:8). അല്പംമാത്രം വചനത്തിൽ കാണുന്ന ജോസഫ് ഒരു "I am" സൃഷ്ടിക്കുന്നുണ്ട്. എന്താണ് ഈ വ്യതിയാനം? അദ്ദേഹം തന്റെ ജീവിതത്തിലും മറ്റുള്ളവരിലും ഈ ലോകത്തിലും ഉള്ള ദൈവാംശത്തെ തിരിച്ചറിഞ്ഞു. അതാണ് ഔസേപ്പ് ജീവിതത്തിൽ സൃഷ്ടിച്ച വ്യതിയാനം എന്നുപറയുന്നത്. ഇത് ഒരു മാറ്റത്തിന്റെ അണയാത്ത ജ്വാലയാണ്. വി.ടി. ഭട്ടതിരിപ്പാട് പറയുന്നില്ലേ, തിയ്യാടി പെൺകുട്ടിയിൽനിന്നും വിജ്ഞാനം നേടിയതിനെക്കുറിച്ച്. അത് ഒരു തീപ്പൊരി ആയിട്ടാണ് ഉപമിക്കുന്നത്. കരിയിലയെ ആളിക്കത്തിക്കാൻ ഉതകുന്ന തീപ്പൊരിയായി അക്ഷരജ്ഞാനം മാറിയതുപോലെ. ഈ ലോകത്തിന്റെ തനതു ശൈലിയായ അന്ധകാരപ്രവണത മാറാൻ ജോസഫായി മാറണം. ഈ ജീവിതശൈലി പരസ്യജീവിതകാലത്ത്, എല്ലാത്തിന്റെയും ഉറവിടമാണ് എന്ന് അറിയാമെങ്കിലും ഈശോയെ

സ്വാധീനിച്ചിട്ടുണ്ടാവണം. സാധാരണ യഹൂദസങ്കല്പങ്ങൾക്ക് എതിരേ പോകുന്ന യേശുവിന്റെ വിപ്ലവകരമായ ജീവിതത്തിന്റെ ഒരു "മുന്നാസ്വാദനം" ആയിരുന്നു ജോസഫിന്റെ ജീവിതം എന്നുപറയുന്നതിൽ അതിശയോക്തി ഉണ്ടാകും എന്നു കരുതുന്നില്ല. കാരണം മറിയത്തെ ജീവിതത്തിൽ ചേർത്തുനിറുത്തുന്നതുതന്നെ വലിയ വിപ്ലവ തീരുമാനമാണ് അന്നും ഇന്നും.

യേശുവിനെ വലിയ സാമൂഹികപരിഷ്കർത്താവായി അവതരിപ്പിക്കുന്ന പലരെയും കണ്ടിട്ടുണ്ട്. താൻ ജീവിച്ച കാലഘട്ടത്തിലെ സാമൂഹികവും രാഷ്ട്രീയവുമായ പശ്ചാത്തലവും സാഹചര്യവുമായി അവബോധമുള്ളവനും സംവദിക്കുന്നവനുമായിരുന്നു യേശു. ഇത് തന്റെ ജീവിതത്തിൽ നിശ്ശബ്ദമായി വിജയപൂർവ്വം അവതരിപ്പിച്ച് വിജയം നേടിയവനായിരുന്നു തച്ചനായ ജോസഫ്. സ്വന്തം അമ്മയെ യഹൂദരുടെ കല്ലേറിൽനിന്നും രക്ഷിച്ച ജോസഫിന്റെ ക്ഷമയും സ്നേഹവും കരുണയുമാണ് പാപിനിയായ സ്ത്രീയോട് യേശു കാണിച്ച കരുണയിലും നിഴലിക്കുന്നത്. വിശുദ്ധിയുടെ ഉറവിടമായ ദൈവ പുത്രനോട് കിടപിടിക്കുന്ന വിശുദ്ധിയുടെ പ്രകാശം ഉണ്ടായിരുന്ന പ്രകാശത്തിന്റെ സൂക്ഷിപ്പുകാരനാണ് ജോസഫ്.

## തന്നിലെ ദൈവം

തന്നിലെ ദൈവത്തെ തിരിച്ചറിയാതിരിക്കുന്നതാണ് പതനത്തിന്റെ തുടക്കം. ദൈവസാന്നിദ്ധ്യത്തിന്റെ അളവ് കുറയുമ്പോഴാണ് തിന്മയും വർദ്ധിക്കുന്നത്. ഉത്പത്തിയിലെ പൂർവ്വപിതാവായ യൗസേപ്പ് പറഞ്ഞുതന്ന ക്ഷമിക്കുന്ന, മറക്കുന്ന ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ച്, ഉപദ്രവിച്ച സഹോദരങ്ങളോടും തിന്മ ചെയ്യാൻ കൂട്ടുകൂടാതെ ഇരുന്നപ്പോൾ തന്നെ ജയിലിലടച്ച പൊത്തിഫറിന്റെ ഭാര്യയോടും ക്ഷമിക്കുന്നതും മറക്കുന്നതും തന്നിലെ ദൈവത്തിന്റെ സാന്നിധ്യം തിരിച്ചറിയുമ്പോഴാണ്. തന്റെ ജീവിത സ്വപ്നങ്ങളെ ഒരു സ്വപ്നത്തിലൂടെ ദൈവം മാറ്റിയെഴുതുമ്പോഴും ആരോടും പരാതിപറയാതെ മറുതലിക്കാതെ ജീവിതദൗത്യമായി ഏറ്റെടുക്കുന്നത് വി. യൗസേപ്പ് തന്നിലെ ദൈവാംശം തിരിച്ചറിയുന്നതിലൂടെയാണ്. ഇന്ന് എന്തിനും ഏതിനും നമ്മൾ ക്രൂരമായി പ്രതികരിക്കുന്നതും ദൈവാംശം നമ്മിൽ കുറയുന്നതുകൊണ്ടാണ്.

"നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലേ?" (1 കൊറി

3:16). സഭയെ അഭിസംബോധന ചെയ്ത് പൗലോസ് അപ്പസ്തോലൻ എഴുതിയതാണെങ്കിലും ഇത്രമാത്രം ദൈവസാന്നിധ്യം തന്നിൽ തിരിച്ചറിയുകയും അത്രമാത്രം വിശുദ്ധിയും മാന്യതയും കുടുംബത്തിലും ജോലിസ്ഥലത്തും സമൂഹത്തിലും വി. ജോസഫ് പുലർത്തിയിട്ടുണ്ടെങ്കിൽ ഞാൻ ദൈവത്തിന്റെ ആലയമാണെന്നും എന്നിൽ ദൈവം ഉണ്ടെന്നുമുള്ള തിരിച്ചറിവാണ്. അതുകൊണ്ടാണ് തനിക്കുണ്ടായ ഒരു സ്വപ്നം പോലും ദൈവത്തിന്റെ ഇടപെടലായി കണ്ടത്. "ജീവന്റെ വചനത്തിന്റെ" താളുകളിലൂടെ കടന്നുപോകുമ്പോൾ സ്വപ്നങ്ങൾക്കും വെളിപാടുകൾക്കും അനുസരിച്ച് "പൂർണ്ണമനസ്സോടും ശക്തിയോടും ആത്മാവോടും" ജീവിച്ചവർ വിരളമായിരുന്നു. ഈ ഒരു പശ്ചാത്തലത്തിൽ വേണം 2017 മാർച്ച് 20-ന് സാന്താ മാർത്താ ദൈവാലയത്തിൽ പോപ്പ് ഫ്രാൻസിസ് നടത്തിയ പ്രസംഗത്തെ ഉൾക്കൊള്ളാൻ. നിങ്ങൾ സ്വപ്നങ്ങൾ കാണുവിൻ, ദൈവം നിങ്ങൾക്കായി കരുതിവച്ച വഴികൾ കാണുവിൻ. യൗസേപ്പിനെപ്പോലെ അതിന്റെ പൂർത്തീകരണത്തിനു വേണ്ടി നിരന്തരം അധ്വാനിക്കുവിൻ. ഇതാണ് പരിശുദ്ധ പിതാവിന്റെ പ്രസംഗത്തിന്റെ രത്നച്ചുരുക്കം.

പലരും പല നന്മ പ്രവൃത്തികളും പാതിവഴിയിൽ ഉപേക്ഷിക്കുന്നത്, വെളിപ്പെടുത്തലുകളും ഇടപെടലുകളും എല്ലാം ദൈവനിവേശിതമാണ് എന്ന അവബോധത്തിലേക്ക് എത്തിച്ചേരാത്തതുകൊണ്ടാണ്. പല നന്മകളും നമ്മിൽ നിലനില്ക്കാതെ പോകുന്നത് സ്ഥായിയായി നമ്മിൽ നന്മ നിലനില്ക്കാത്തതുകൊണ്ടാണ്. ഒരുപക്ഷേ, അതിനുള്ള അന്തരീക്ഷവും സാഹചര്യവും ഒരു നിലവും നമ്മിൽ പാകപ്പെടാത്തതുകൊണ്ടാണ്. ഒരാളെ നശിപ്പിക്കുന്ന രീതിയിലുള്ള മദ്യപാനം, മയക്കുമരുന്ന് തുടങ്ങിയ പ്രവൃത്തികൾ വളരുവാനുള്ള പ്രധാന കാരണം നമ്മിലെ "ദൈവാംശ" ബോധം നഷ്ടപ്പെടുന്നുവെന്നതാണ്. ജോസഫിന്റെ നിശ്ശബ്ദതയെക്കുറിച്ച് പലരും പറയുന്നത് കേൾക്കാറുണ്ട്. പക്ഷേ, ഞാൻ പറയും, അദ്ദേഹം വാചാലനായിരുന്നു. ദൈവത്തോട് എന്നും എപ്പോഴും സംസാരിച്ചിരുന്നു. തന്നിലെ ദൈവത്തോട് നിരന്തരം സംവദിക്കുന്ന ഒരാൾക്ക്, ലോകം പരാജയം എന്ന് പറയുന്നത് പരാജയമായി കരുതാനും അതനുസരിച്ച് ഇരുട്ടിന്റെ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും ആകില്ല. ജോസഫിനെപ്പോലെ തന്നിലെ ദൈവസാന്നിധ്യത്തെ തിരിച്ചറിയുമ്പോൾ, സ്വയം പ്രകാശിക്കാൻ സാധിക്കും. ജീവിതത്തിൽ ഏല്ക്കുന്ന വലിയ പരാജയങ്ങൾ ഉൾക്കൊള്ളാനും മുറിപ്പെടുത്തലുകൾ ക്ഷമിക്കാനും മറക്കാനും സാധിക്കും.

## അപരനിലെ ദൈവം

ജോസഫ് തന്റെ ജീവിതത്തിൽ ഉൾക്കൊണ്ട രണ്ടാമത്തെ പാഠമാണ് മറ്റുള്ളവരിലെ ദൈവസാന്നിധ്യം. തന്നെ ചതിച്ച വ്യക്തിയായല്ല മറിയത്തെ അദ്ദേഹം കണ്ടത്. യേശുവിനെ തന്റെ സ്വപ്നജീവിതത്തിലെ ക്ഷണിക്കപ്പെടാത്ത അതിഥിയായുമല്ല കണ്ടത്. മറിച്ച് അക്കാലത്ത് തന്നിൽ വന്ന് പിറക്കുമെന്ന് ഏതൊരു ഇസ്രായേൽ പെൺകുട്ടിയും വിചാരിച്ച് കാത്തിരുന്ന രക്ഷകനെ കാത്തിരുന്ന യഥാർത്ഥ യഹൂദൻ ആയിരുന്നു ജോസഫ്.

വെളിപ്പെടുത്തലിന്റെ ദിവ്യാനുഭവത്തിലൂടെ കടന്നുപോകുന്നതിനുമുമ്പ് ജോസഫ് ആദ്യം ഒന്നുപതറിപ്പോയെങ്കിലും ഒരിക്കലും ആർക്കും ഒരു ദോഷവും അപകടവും വരാൻ ആഗ്രഹിക്കുന്നില്ല. ഉപേക്ഷിക്കുന്ന തന്ത്രം അയാൾ പുറത്തെടുക്കുന്നതുതന്നെ മറിയത്തിന്റെ നന്മയും അവളിലെ പ്രകാശവും ഉൾക്കണ്ണുക്കൊണ്ട് എപ്പോഴേ കണ്ടെത്തിയിരുന്നതുകൊണ്ടാണ്. തന്നിലെ നിരപരാധിത്വം തെളിയിക്കാൻ നിയമത്തിന്റെ മാർഗം തേടാതെ അപരാധി ആയാലും അവളിലെ “ജീവന്റെ” വെളിച്ചം നഷ്ടമാകരുത് എന്ന് ആഗ്രഹിച്ചത് ജോസഫിലെ ദൈവാന്വേഷിതന്നെയാണ്.

സ്വപ്നങ്ങൾക്കുശേഷം ജോസഫ് എടുക്കുന്ന ഏതു ജീവിതവഴികളും ഈ വെളിച്ചം അന്യരാൽ നശിപ്പിക്കപ്പെടാതിരിക്കാനായിരുന്നു. വെളിച്ചത്തെ കെടുത്തിക്കളയാൻ അയാളിൽ ഉൾത്തിരിഞ്ഞ “തിന്മയുടെ” സമ്മർദ്ദത്തെ അതിജീവിച്ച അയാൾക്ക് മനസിലാക്കാവുന്നതാണ് അന്ധകാരനിബിഢമായ ലോകത്തിന്റെ പരാക്രമങ്ങൾ. ഈജിപ്തിലെ പ്രവാസകാലത്തിലേക്കുള്ള യാത്രയും പ്രവാസജീവിതവും “ദിവ്യപ്രകാശത്തിന്റെ” സംരക്ഷണത്തിനുവേണ്ടിയാണല്ലോ. ഇവിടെയൊന്നും ദൈവപുത്രനെ സംരക്ഷിക്കാൻ വാനമേഘങ്ങളിൽ നിന്നും സ്വർഗ്ഗസൈന്യം വരില്ലേ എന്ന യുക്തിമാത്രം നിറഞ്ഞ ചോദ്യമില്ല, മറിച്ച് പ്രാർത്ഥന നിറഞ്ഞ പ്രവൃത്തി മാത്രം. പ്രകാശത്തിന്റെ സൂക്ഷിപ്പുകാരൻ ആവാനുള്ള അക്ഷീണമായ പ്രവർത്തനമായിരുന്നു ജോസഫിന്റെ ജീവിതം.

എളുപ്പമല്ല ജീവിതത്തിൽ നന്മ നിലനിറുത്താൻ. മറിച്ച് നിരന്തരമായ പ്രവർത്തനം മറ്റുള്ളവരിൽ ദൈവത്തെ കണ്ടെത്തുവാനുള്ള അന്വേഷണമായി അതിനെ വ്യാഖ്യാനിക്കണം. ലോകത്തിന്റെ മുമ്പിൽ

ഇത്തരം പ്രവർത്തനങ്ങൾക്ക് സ്വീകാര്യത കിട്ടണമെന്നില്ല. പക്ഷേ, ഈ ജീവിതശൈലി പിന്തുടരാൻ ലോകം മുന്നോട്ട് വന്നില്ലെങ്കിൽ, വരും കാലങ്ങളിൽ വലിയ ധാർമ്മിക മൂല്യച്യുതിക്ക് സാക്ഷ്യം വഹിക്കേണ്ടിവരും. സ്വന്തം താൽപര്യം മാറ്റുമ്പോഴാണല്ലോ മറ്റുള്ളവരുടെ മനസ്സ് കാണാനാവുന്നത്. കുടുംബത്തിലും സമൂഹത്തിലും രാഷ്ട്രീയത്തിലും ജീവിതത്തിന്റെ സമസ്തമേഖലകളിലും അപരനിൽ ഈ ദൈവാംശം കാണുന്നത് നന്മയിലേക്കുള്ള ഒരു ചുവടുവയ്പ്പാണ്. ദൈവത്തെ ആരാധിക്കുകയും ദൈവാംശം ഉള്ള മനുഷ്യനെ വണങ്ങുകയും ചെയ്യണം. അപ്പോഴാണ് രക്ഷകന്റെ സംരക്ഷിതനാവാനും കുടുംബത്തിന്റെ കാവല്ക്കാരനാവാനും സാധിക്കുക.

## ലോകത്തിലെ ദൈവസാന്നിധ്യം

ഉൽപ്പത്തിയിൽ പ്രത്യേകമായി മനസ്സിലാകുന്ന ഒരു കാര്യമാണ് സ്രഷ്ടാവായ ദൈവം ഉടയോനും മനുഷ്യൻ സൂക്ഷിപ്പുകാരനും ആണ് എന്നത്. ഉപയോഗിക്കാം എന്നാൽ ഉപദ്രവിക്കരുത് എന്ന തത്വം തന്നെയാണ് 7-ാം ആണ്ടിലും ജൂബിലി വർഷത്തിലും നിലം തരിശാക്കി ഇടണം എന്ന് ഉദ്ദേശിക്കുന്നതിലൂടെ വചനം നിഷ്കർഷിക്കുന്നത്.

തന്റെ ജോലിയിലും യാത്രയിലും പ്രവാസത്തിലും ജോസഫ് മനസ്സിലാക്കുന്ന ഒരു യാഥാർത്ഥ്യം ഉണ്ട്, താൻ സൂക്ഷിപ്പുകാരൻ ആണെന്ന്. യഥാർത്ഥ സൂക്ഷിപ്പുകാരനു മാത്രമാണ് ഇതെല്ലാം ഭംഗിയായി സൂക്ഷിക്കണം എന്ന വിചാരം ഉണ്ടാവുകയുള്ളൂ. ഇന്ന് പ്രപഞ്ചചൂഷണം അതിന്റെ പാരമ്യത്തിലാണ്, പ്രകൃതിയുടെ പ്രതികരണം അതിരൂക്ഷവും ആണ്. പക്ഷേ ഓരോ അനുഭവത്തിൽനിന്നും മനുഷ്യൻ അതിജീവിക്കുന്നു എന്നത് നല്ലതാണ്. പക്ഷേ, ഉൾക്കൊള്ളേണ്ട പാഠം ഉൾക്കൊള്ളുന്നില്ല എന്നുവേണം മനുഷ്യന്റെ അനുദിന പ്രവൃത്തിയിൽനിന്ന് മനസ്സിലാക്കാൻ. തെരുവോരത്തും ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളിലും കുമിഞ്ഞുകൂടുന്ന മാലിന്യക്കൂമ്പാരം മാത്രംമതി മനുഷ്യന്റെ മനസ്സ് മനസ്സിലാക്കാൻ. മനോഹരമായ ജലാശയങ്ങളിലേക്ക് ഉത്തരവാദിത്വബോധമില്ലാതെ പുറന്തള്ളുന്ന വിഷാംശങ്ങൾ പറയുന്നത് പ്രകൃതിയോടുള്ള ആരാധനക്കുറവു തന്നെയാണ്. ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ പറയുന്നു; അവൻ ലോകത്തിന്റെ പ്രകാശമാണ് എന്ന്. യേശു യോഹന്നാന്റെ സുവിശേഷത്തിലൂടെ പറഞ്ഞു; ഞാൻ ലോകത്തിന്റെ പ്രകാശവും,

ലോകത്തിന്റെ ഉപ്പും ആണെന്ന്. പ്രകാശത്തെക്കുറിച്ച് സൂചിപ്പിച്ച വേളയിൽ ഈശോ പറഞ്ഞു നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ് എന്ന്. മനുഷ്യന്റെ കിരാതപ്രവൃത്തികൾ എങ്ങനെയാണ് പ്രകാശ ത്തിന്റേതാണെന്ന് വിലയിരുത്തുന്നത്? ജീവിതം പ്രകാശത്തിന്റെതാ ക്കാൻ സാധിക്കും എന്ന് ജോസഫ് തന്റെ ജീവിതംകൊണ്ട് കാണിച്ചു തന്നിട്ടുണ്ട്. വരുംതലമുറയ്ക്കും ഈ സൂക്ഷിപ്പുകാരന്റെ മനസ്സ് കിട്ടിയില്ലെങ്കിൽ അപകടങ്ങളും അനർത്ഥങ്ങളും മനുഷ്യനെത്തേടി ഇനിയും വരാം.

## അനുമാനം

ഏതാനും വരികളിലെ സൂചനകൾക്ക് അപ്പുറം പുതിയനിയമ ത്തിലെ തച്ചനായ ജോസഫിന്റെ ജീവിതത്തെക്കുറിച്ച് പ്രതിപാദനം ഇല്ലെങ്കിലും മനുഷ്യർ അനുകരിക്കേണ്ട കാര്യങ്ങളാണ് സാധാരണ ക്കാരനായ ജോസഫ് തന്റെ "അസാധാരണ ജീവിതം"കൊണ്ട് കാണി ച്ചുതരുന്നത്. നിരാശനാകാതെ തന്നിലെ ദൈവത്തെ കണ്ടെത്തുകയും മറ്റുള്ളവരിലെ ദൈവത്തെ ആരാധിക്കുകയും വണങ്ങുകയും പ്രപഞ്ച ത്തിൽ ദൈവാംശം ഉണ്ടെന്ന് വിശ്വസിക്കുകയും ചെയ്ത്, നമുക്കായി ഒരു ജീവിതശൈലിതന്നെ നല്കുകയും ചെയ്തു. വായിച്ചറിയാൻ അധികമില്ലെങ്കിലും ജീവിക്കാൻ, ധ്യാനിക്കാൻ ഒരു പിടികാര്യങ്ങളാണ് ഏതാനും ചില ദൈവവചനങ്ങളിലൂടെ വി. യൗസേപ്പ് നമുക്കായി നല്കുന്നത്. ഇത്തരം ജീവിതശൈലിക്ക് പ്രാധാന്യം കൊടുക്കുകയും പ്രചരിപ്പിക്കുകയും ചെയ്യേണ്ടതാണ്. അത് ഒരു മതത്തിന്റെ ചുവരു കൾക്കപ്പുറം ഒരു ജീവിതശൈലിയായി മാറണം. എങ്കിൽ മാത്രമാണ് ചൂഷണം എന്നതിന് അപ്പുറം സംരക്ഷണം എന്ന വാക്കിന് പ്രാധാന്യം വരികയുള്ളൂ. എന്നാൽ മാത്രമേ അന്ധകാരം മാറി പ്രകാശം വ്യാപി ക്കുകയുള്ളൂ. ഇന്ന് ഈ ലോകത്തിന് അത്യാവശ്യമാണ് "പ്രകാശസം രക്ഷണത്തിന്റെ" ഈ ജീവിതശൈലി.



# വരകളിൽ വിരിയുന്ന യൗസേപ്പിതാവ്

**ഫാ. ഫ്രാൻസിസ് മോറിസ് ഒ.എസ്.ജെ.**

മിഴിപൂട്ടി യൗസേപ്പിതാവ് എന്ന പേരോർത്താൽ മനസ്സിൽ തെളിയുന്നത് ഒരു കയ്യിൽ ഉണ്ണിയും മറ്റേ കയ്യിൽ ലില്ലിപ്പൂക്കൾ വിരിഞ്ഞ വടിയുമായി നില്ക്കുന്ന ഒരു ചിത്രമാണ്. ആരുടേയും മനസ്സിലേക്ക് തീർച്ചയായും എത്തുന്നത് ഈ ചിത്രം തന്നെയായിരിക്കും. കാരണം, അത്രയേറെ യൗസേപ്പ് എന്ന പേരിനെ ആ ചിത്രം ഓർമ്മിപ്പിക്കുന്നു. ആ ചിത്രത്തിനു പിന്നിൽ ഒരു കഥയുണ്ടെന്നും ആ കഥയ്ക്കു പിന്നിൽ ഒരു ചരിത്രമുണ്ടെന്നും പിന്നീടാണ് മനസ്സിലാക്കിയത്. വിസ്മയം തോന്നി, ആ വഴികളിലൂടെ ഒരു യാത്രപോയപ്പോൾ.

സുവിശേഷങ്ങളിലെ യൗസേപ്പ് മിഴിവോടെ നില്ക്കുന്നത് മത്തായിയുടെ സുവിശേഷത്തിലെ ആദ്യ അധ്യായങ്ങളിൽ മാത്രമാണ്. ലൂക്കാ സുവിശേഷകൻ വംശാവലി ഗ്രന്ഥത്തിലെ പേരിൽ മാത്രം പരാമർശിക്കുമ്പോൾ മർക്കോസും യോഹന്നാനും തങ്ങളുടെ സുവിശേഷങ്ങളിൽ ഈ പേരുപോലും പരാമർശിക്കുന്നില്ല. അങ്ങനെ സുവിശേഷത്തിന്റെ വിശേഷണങ്ങൾ കുറച്ചൊക്കെ അപ്രസക്തമായി കരുതുന്ന ഈ വ്യക്തിത്വത്തെ, പക്ഷേ, ആദിമസഭ അങ്ങനെ മറ

ക്കുന്നില്ല. സുവിശേഷങ്ങളിൽ അത്ര ഇതൾ വിരിയാത്ത ഈ ജീവിതത്തെക്കുറിച്ച് കുറച്ചുകൂടെ മിഴിവോടെ സംസാരിക്കുന്നത് രണ്ടാം നൂറ്റാണ്ടിൽ വിരചിതമായി എന്നു കരുതപ്പെടുന്ന അപ്പോസ്തോലനായ ചെറിയ യാക്കോബിന്റെ പേരിലുണ്ടായിരുന്ന (എന്നാൽ യാക്കോബല്ല ഈ ഗ്രന്ഥം രചിച്ചത്) Protoevangelium of James (യാക്കോബിന്റെ സുവിശേഷം) എന്ന ഗ്രന്ഥമാണ്. സഭ പിന്നീട് പുതിയ നിയമപുസ്തകങ്ങളെ തിരിക്കുമ്പോൾ ഇത് അപ്രമാണിക ഗ്രന്ഥമായി തള്ളിക്കളഞ്ഞു. ഈ ഗ്രന്ഥത്തിൽ സുവിശേഷം നല്കുന്നതിനേക്കാൾ കൂടുതൽ കാര്യങ്ങൾ യൗസേപ്പിതാവിനെയും മാതാവിനെയും കുറിച്ച് കണ്ടെത്താനാവും. മറിയത്തിന്റെ മാതാപിതാക്കളുടെ പേരും ബാല്യകാലവും ദൈവാലയത്തിൽ മറിയത്തെ സമർപ്പിക്കുന്നതും മറിയത്തിന്റെ വിവാഹനിശ്ചയവുമെല്ലാം ഇതിൽ ഉൾച്ചേർത്തിട്ടുണ്ട്. ആദിമകാലത്തെ ക്രിസ്ത്യൻ ചിത്രകലയ്ക്ക് ഈ ഗ്രന്ഥം വിലപ്പെട്ട സംഭാവനകൾ നല്കി.

ആദ്യം പറഞ്ഞ യൗസേപ്പിതാവിന്റെ ചിത്രവും രൂപപ്പെടുന്നത് ഈ ഗ്രന്ഥത്തിലെ വിവരണത്തിന്റെ ചുവടുപിടിച്ചായിരുന്നു. മറിയത്തിന്റെയും യൗസേപ്പിതാവിന്റെയും വിവാഹനിശ്ചയസമയത്തെ സംഭവവികാസങ്ങളാണ് യൗസേപ്പിതാവിന്റെ കൈയിലെ വടിയുടെ ചരിത്രം. മറിയത്തിന് വരനെ തെരഞ്ഞെടുക്കുവാനൊരുങ്ങുമ്പോൾ പ്രധാന പുരോഹിതൻ മാലാഖയുടെ നിർദ്ദേശപ്രകാരം വിവാഹത്തിന് താൽപ്പര്യമുള്ള എല്ലാവരോടും ഒരു വടി കൊണ്ടുവരുവാൻ ആവശ്യപ്പെടുകയും ആ വടികൾ ദൈവാലയത്തിൽ സമർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്യുന്നു. പിന്നീട് വടികൾ തിരികെ നല്കുമ്പോൾ "യാക്കോബിന്റെ സുവിശേഷം" എന്ന ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നപ്രകാരം യൗസേപ്പിതാവിന്റെ കൈകളിലേക്ക് വടി നല്കുമ്പോൾ ആ വടിയിൽനിന്ന് ഒരു പൂവ് ഉയർന്നു വരികയും യൗസേപ്പിതാവിന്റെ ശിരസ്സിനെ വലംവയ്ക്കുകയും ചെയ്യുന്നു. ആദ്യകാല ചിത്രകാരനായ ഗ്വീട്ടോയുടെ ചിത്രങ്ങളിൽ നമുക്കിത് കാണുവാൻ സാധിക്കും. ഇന്നു കാണുന്നതുപോലെ ലില്ലിപുഷ്പങ്ങൾ വിരിഞ്ഞ വടി യൗസേപ്പിതാവ് കൈയിൽ പിടിക്കുന്നത് മറ്റൊരു ഗ്രന്ഥമായ വിശുദ്ധരുടെ ജീവിതകഥകളെ പ്രതിപാദിച്ചിരുന്ന ഗോൾഡൻ ലെജന്റ്സ് എന്ന ഗ്രന്ഥത്തെ അടിസ്ഥാനമാക്കിയാണ്. 13-ാം നൂറ്റാണ്ടിൽ ജാക്കോബ്സ് ദെവോർഗൈൻ ഈ ഗ്രന്ഥത്തിലെ വിവരങ്ങളെ വീണ്ടും ഒന്നിച്ചു ചേർക്കുന്നുണ്ട്. പഴയകാല ക്രിസ്ത്യൻ വിശുദ്ധരുടെ പല വിവരണങ്ങളും നമുക്കതിൽ കണ്ടെത്താൻ സാധിക്കും.

വി. ഗീവർഗ്ഗീസും വി. ക്രിസ്റ്റഫറുമെല്ലാം ഈ ഗ്രന്ഥത്തിൽ പരാമർശിക്കപ്പെടുന്നു. ആദിമ ക്രിസ്ത്യാനികൾക്കിടയിൽ പ്രചാരം നേടിയവയായിരുന്നു ഈ ഗ്രന്ഥത്തിലെ വിവരണങ്ങൾ.

ഈ ഗ്രന്ഥത്തിലെ വിവരണങ്ങളുടെ വർണ്ണത്തിൽ ചാലിച്ച യൗസേപ്പിതാവിന് മറ്റൊരു പ്രത്യേകതയും കൂടിയുണ്ടായിരുന്നു. വൃദ്ധനായ യൗസേപ്പിതാവിനെയാണ് ഈ ഗ്രന്ഥം വിവരിക്കുന്നത്. യാക്കോബിന്റെ സുവിശേഷം എന്ന ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ മറിയത്തെ വിവാഹനിശ്ചയം ചെയ്യുന്നത് വൃദ്ധനായ യൗസേപ്പാണ്. മറിയത്തിന്റെ കന്യാത്വത്തിന്റെ സംരക്ഷകനാകുന്നു എന്ന അർത്ഥത്തിലാണ് വൃദ്ധനായ യൗസേപ്പ് വരുന്നത്. ആദ്യകാല യൗസേപ്പ് ചിത്രങ്ങളെല്ലാം ഇതിനെ ചുവടുപിടിച്ചുള്ളതായിരുന്നു. ഇതിന് മാറ്റം വന്നത് 16-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന യോഹാന്നെസ് മെളാനൂസിലൂടെയാണ്. ലുവെയ്ൻ യൂണിവേഴ്സിറ്റിയിലെ റെക്ടറായിരുന്ന ഫ്ളെമിഷ് തിയോളജിയനായ ഇദ്ദേഹം യൗസേപ്പ് വൃദ്ധനായിരുന്നു എന്ന വാദം എതിർക്കുകയും യൗസേപ്പ് മേരിക്ക് ഉചിതമായ പ്രായത്തിലുള്ള വരനായിരുന്നുവെന്ന് സമർത്ഥിക്കുകയും ചെയ്തു. അതിന് അടിസ്ഥാനമായി അദ്ദേഹം പറഞ്ഞത് സുവിശേഷത്തിൽ വിരിയുന്ന യൗസേപ്പിന്റെ വാങ്മയചിത്രമാണ്. അതിൽ യൗസേപ്പ് ഏറ്റെടുക്കുന്ന ദൗത്യങ്ങളെല്ലാം തന്നെ യുവത്വത്തിന്റെ ചടുലതയിൽ ചെയ്യേണ്ട കാര്യങ്ങൾ തന്നെയാണ്. മറിയത്തിനൊപ്പമുള്ള യാത്രകളും മറിയവും കുഞ്ഞുമായുള്ള ഈജിപ്തിലേക്കുള്ള പലായനവും അവിടെനിന്ന് നസ്രത്തിലേക്കുള്ള യാത്രയും എല്ലാം യൗസേപ്പിന്റെ യുവത്വത്തെ കാണിക്കുന്നു. മറിയത്തിന്റെ കന്യാത്വത്തെ കാക്കുകയും ബ്രഹ്മചര്യവ്രതത്തിലൂടെ തന്റെ ജീവിതം സമർപ്പിക്കുകയും ചെയ്യുന്ന യൗസേപ്പിതാവ് പിന്നീട് അനേകം വിശുദ്ധർക്ക് പ്രചോദനമാകുന്നുണ്ട്. 16-ാം നൂറ്റാണ്ടിനു ശേഷമുള്ള ചിത്രങ്ങളിലെല്ലാംതന്നെ യുവാവായ യൗസേപ്പിതാവിനെയാണ് ചിത്രീകരിച്ചു കാണുന്നത്. എങ്കിലും യൗസേപ്പിതാവിന്റെ കൈയിലെ ലില്ലിപുഷ്പങ്ങളുള്ള വടി പഴയ കഥകളുടെ ആവർത്തനം കണക്കെ പിന്നീടും തുടർന്നുപോന്നു. യൗസേപ്പിതാവിന്റെ ചാരിത്ര്യത്തിന്റെ അടയാളമായി അത് കാണപ്പെടുകയും ചെയ്തു. മധ്യകാലഘട്ടത്തിലെ ഒരു ചിത്രത്തിൽ യൗസേപ്പിതാവ് ഈ ലില്ലി പുഷ്പങ്ങൾ നിറഞ്ഞ വടി വി. അന്തോണീസിന് കൈമാറുന്ന ചിത്രങ്ങൾ കൂടിയുണ്ടായി.

ആദിമകാലങ്ങളിൽ യൗസേപ്പിതാവിന്റെ ചിത്രം തിരുക്കുടുംബത്തോട് ചേർത്ത് മാത്രമാണ് കാണപ്പെട്ടതെങ്കിൽ പിന്നീട് മധ്യകാലഘട്ടത്തിലും ആധുനികകാല ചിത്രങ്ങളിലും മറ്റു വിശുദ്ധരോടൊപ്പവും യൗസേപ്പിതാവിന്റെ ചിത്രങ്ങൾ ചേർത്തുതുടങ്ങി. വി. അമ്മത്രേസ്യ കർമ്മലീത്തസഭയുടെ കാലത്ത് തന്റെ മധ്യസ്ഥനായി തെരഞ്ഞെടുത്തതും യൗസേപ്പിതാവിനെ തന്നെയായിരുന്നു. പിന്നീട് പല വിശുദ്ധരും തങ്ങളുടെ ആത്മീയനിയന്താവായി യൗസേപ്പിനെ തെരഞ്ഞെടുത്തു. യൗസേപ്പിതാവിനെക്കുറിച്ചുള്ള വ്യത്യസ്തമായ ചിത്രങ്ങൾ വരയ്ക്കപ്പെട്ടുവെങ്കിലും പിന്നീട് പ്രസിദ്ധമായത് യൗസേപ്പിന്റെ മരണത്തെക്കുറിച്ചുള്ള ചിത്രങ്ങളായിരുന്നു. അവസാനം ഫ്രാൻസിസ് പാപ്പായിലൂടെ ഉറങ്ങുന്ന യൗസേപ്പിതാവിന്റെ ചിത്രവും പ്രചാരം നേടി. എങ്കിലും യൗസേപ്പിതാവ് ഓർമ്മകളിൽ നിറഞ്ഞുനില്ക്കുന്നത് ആദിമകാല ക്രിസ്ത്യാനികളുടെ ഓർമ്മകളിലെ രൂപത്തിൽതന്നെയാണ്. ഒരു കൈയിൽ ഉണ്ണിയെയേന്തി മറുകൈയിൽ ലില്ലിപുഷ്പവുമായി കൃപകളുടെ വരമഴയുമായി.



# വിവേകിയായ വി. യൗസേഫ്

**ഫാ. ജോയ്സൺ ചുതംപറമ്പിൽ ഒ.എസ്.ജെ.**

വി. യൗസേപ്പ് വിവേകമതിയായിരുന്നു! പാരമ്പര്യമായി വി. യൗസേപ്പിനു നല്കുന്ന ഒരു വിശേഷണമാണിത്. ജീവിതത്തിലെ ചില സാഹചര്യങ്ങളെ ബുദ്ധിപൂർവ്വം കൈകാര്യം ചെയ്തതുകൊണ്ടല്ല വിശുദ്ധനെ 'വിവേകി' എന്നു വിളിക്കുന്നത്. അങ്ങനെയാണെങ്കിൽ ബുദ്ധിമാനായ വി. യൗസേപ്പെന്ന് അദ്ദേഹത്തെ വിളിക്കണമായിരുന്നു. ബുദ്ധി ദൈവദാനമാണെങ്കിലും മാനുഷികത നിറഞ്ഞു നില്ക്കുന്ന ഒരു യാഥാർത്ഥ്യമാണത്. എന്നാൽ വിവേകം എന്നത് ഒരു ദൈവികദാനവും പുണ്യവുമാണ്. ആയതിനാൽ വിവേകം എന്ന പുണ്യത്തെക്കുറിച്ചുള്ള ആഴമേറിയ ബോധ്യം നമുക്കുണ്ടെങ്കിൽ മാത്രമേ വിവേകിയായ വി. യൗസേപ്പിനെ മനസ്സിലാക്കുവാനും ഉൾക്കൊള്ളുവാനും കാലത്തിന്റെ അടയാളങ്ങൾക്കനുസരിച്ച് വി. യൗസേപ്പിനെപ്പോലെ കർമ്മനിരതരാകുവാനും നമുക്ക് സാധിക്കുകയുള്ളൂ.

## വിവേകം എന്നാൽ....

വിശുദ്ധഗ്രന്ഥത്തിൽ വിവേകം എന്നു പറയുന്നത് ദൈവഹിതമെന്തെന്നും നല്ലതും പ്രീതിജനകവും പരിപൂർണ്ണവുമായത് എന്തെന്നും

വിവേചിച്ചറിയുന്നതും (റോമ 12:2), അന്ധകാരത്തിന്റെ നിഷ്ഫലമായ പ്രവർത്തനങ്ങളിൽ പങ്കുചേരാതിരിക്കുന്ന (എഫോ 5:11), ദൈവതിരുമുമ്പിൽ ഉത്തമമായവ തിരഞ്ഞെടുക്കുന്നതുമായ (ഫിലിപ്പി 1:10) കഴിവാണ്. ഒരുവന്റെ ഉള്ളിൽ നിന്നുണ്ടാകുന്ന പ്രേരണകളേയും പ്രലോഭനങ്ങളേയും മനസ്സിലാക്കുകയും അതിന്റെ ഉറവിടത്തെ കണ്ടെത്തുകയും ചെയ്യാൻ അവനെ സഹായിക്കുകയും ചെയ്യുന്ന ദൈവികദാനമാണ് വിവേകം. പ്രചോദനത്തിന്റെ ഉറവിടം മനുഷ്യനോ, ദൈവമോ, തിന്മയുടെ ശക്തിയോ ആവാം. ഈ സാഹചര്യത്തിൽ വിവേകത്താലാണ് ഒരുവൻ ദൈവഹിതം തിരിച്ചറിയുന്നതും തന്റെ ഹിതത്തെ ദൈവഹിതത്തോടു ചേർത്ത് സഹകരിക്കാൻ ആരംഭിക്കുന്നതും.

വിവേകത്തോടുകൂടിയുള്ള തിരഞ്ഞെടുപ്പ് ശരിയോ, തെറ്റോ എന്ന് ഉറപ്പിക്കാൻ വിശുദ്ധഗ്രന്ഥം നല്കുന്ന ചില മാർഗ്ഗനിർദ്ദേശങ്ങളുണ്ട്. ഒന്നാമത്, തിരഞ്ഞെടുത്ത കാര്യം നമുക്ക് എന്നും ഹൃദയസമാധാനം നല്കുന്നതായിരിക്കണം (1 കൊറി 14:33). രണ്ടാമത് നീതിയാലും സമാധാനത്താലും സന്തോഷത്താലും ആത്മാവ് പൂരിതമായിരിക്കണം (യോഹ14:27). മൂന്നാമത് സംശയങ്ങൾ നമ്മിൽനിന്നും അപ്രത്യക്ഷമാക്കുന്നതും ഒരു കാര്യത്തിന്മേൽ ഉറപ്പ് ലഭിച്ചവനുണ്ടാകുന്ന ആനന്ദം നമ്മിൽ നിറയുന്ന ഒരു അനുഭവം ഉണ്ടാക്കുന്നതുമായിരിക്കണം. പൊതുവായ മാർഗ്ഗരേഖ ഇപ്രകാരം നമുക്ക് ലഭിക്കുന്നുണ്ടെങ്കിൽത്തന്നെയും വ്യക്തിപരമായ ഒരു തിരഞ്ഞെടുപ്പിനുള്ള സാഹചര്യം വന്നുചേരുമ്പോഴാണ് ഒരു വ്യക്തിയുടെ വിവേകവും പക്വതയും എല്ലാം അളക്കപ്പെടുന്നത്. ഇങ്ങനെ ഒരു തിരഞ്ഞെടുപ്പ് നടത്തപ്പെടുന്ന വ്യക്തിയുടെ തീരുമാനം ശരിയാണോ എന്ന് ഉറപ്പിക്കേണ്ടതുണ്ട്.

- തീരുമാനം അത് കൈക്കൊള്ളുന്നവന് ആശ്വാസവും സമാധാനവും സന്തോഷവും പ്രദാനം ചെയ്യും.
- ആന്തരികസ്വാതന്ത്ര്യത്തിലേക്ക് ഒരുവൻ നയിക്കപ്പെടും.
- ദൈവവചനം ശ്രവിക്കാൻ പ്രചോദിതനാകും.
- സ്വാതന്ത്ര്യം ശരിയാംവിധം ഉപയോഗിക്കുവാൻ ഒരുക്കപ്പെടുന്നു.
- ദൈവഹിതം നിറവേറ്റാൻ ഒരുക്കപ്പെടുന്നു.

ഇപ്രകാരം വ്യക്തിഗത തിരഞ്ഞെടുപ്പ് ശരിയാണോ തെറ്റാണോ എന്ന് ഉറപ്പിക്കുവാനായി സാധിക്കുമ്പോൾ, ഈ തിരഞ്ഞെടുപ്പിന്റെ മാനദണ്ഡം ആയി നമുക്ക് കരുതാവുന്ന കാര്യങ്ങൾ ഇവയാണ്.

1. ദൈവഹിതം അറിയാനുള്ള ആഗ്രഹം (സങ്കീ 40, 62, 84)
2. ദൈവത്തിന്റെ പരമനന്മയിലുള്ള ആശ്രയം (യോഹ 10)
3. പ്രാർത്ഥനയിൽ സമയം ചെലവഴിക്കുന്നതിനുള്ള സന്നദ്ധത (ലൂക്ക 6: 12–16)
4. ആത്മാവിന്റെ പ്രചോദനം സ്വീകരിക്കുവാനുള്ള ഹൃദയതുറവി (റോമ 8:1–17)

## വി. യൗസേപ്പ് വിവേകിയെന്നാൽ...

വിവേകം എന്ന പുണ്യത്തിന്റെ പ്രത്യേകതകളും മാനദണ്ഡങ്ങളും മനസ്സിലാക്കിയ ഈ പശ്ചാത്തലത്തിൽ, ഇവയെ അടിസ്ഥാനമാക്കി വി. യൗസേപ്പ് എപ്രകാരം വിവേകിയായിത്തീർന്നുവെന്ന് നാം വിലയിരുത്തുകയാണ്. തന്റെ ജീവിതത്തിൽ, ഒരു പൊതുസമൂഹത്തിന്റെ ഭാഗം എന്ന നിലയിലായിരുന്നില്ല യൗസേപ്പിന് തീരുമാനങ്ങൾ കൈക്കൊള്ളേണ്ടിവന്നത്. മറിച്ച് ശക്തമായ പാരമ്പര്യമുള്ള സമൂഹത്തിന്റെ മദ്ധ്യത്തിൽനിന്നുകൊണ്ട് അതിന്റെ ചട്ടക്കൂടുകൾ പൊളിച്ചുനീക്കി, അതിനൊട്ടും ഉൾക്കൊള്ളുവാൻ കഴിയാത്ത വിധത്തിലുള്ള വ്യക്തിഗതമായ തീരുമാനങ്ങളാണ് കൈക്കൊള്ളേണ്ടിവന്നത്. യൗസേപ്പിന്റെ ഈ വ്യക്തിപരമായ തിരഞ്ഞെടുപ്പ് തികച്ചും ശരിയായിരുന്നുവെന്ന് നമുക്ക് തീർച്ചപ്പെടുത്താം. കാരണം, ശരിയോ തെറ്റോ എന്ന് തീർച്ചപ്പെടുത്താനായി നാം പരിഗണിക്കുന്ന കാര്യങ്ങളെല്ലാം വി. യൗസേപ്പിൽ നിവർത്തിതമായിരുന്നു.

തന്റെ തീരുമാനം യൗസേപ്പിന് ആശ്വാസവും സമാധാനവും സന്തോഷവും പ്രദാനം ചെയ്തിരുന്നു. ഇത് ഉൾക്കൊള്ളുവാൻ നമുക്ക് തടസ്സമായി വരുന്ന ഒരേ ഒരു കാര്യം പിന്നെ എന്തുകൊണ്ട് മറിയത്തെ ഉപേക്ഷിക്കാൻ യൗസേപ്പ് തീരുമാനിച്ചു എന്നുള്ളതാണ്. ആത്മീയ പിതാക്കന്മാരുടേയും ദൈവശാസ്ത്രജ്ഞന്മാരുടേയും വ്യാഖ്യാനം അനുസരിച്ച്, നിയമത്തിന്റെ അടിസ്ഥാനത്തിൽ യൗസേപ്പ് ഒരു തീരുമാനം എടുക്കുകയായിരുന്നില്ല. മറിച്ച് ഈ വലിയ ദൗത്യത്തിന് താൻ അയോഗ്യനാണെന്ന് തിരിച്ചറിഞ്ഞ് ഈ പദ്ധതിയിൽനിന്ന് അദ്ദേഹം തന്നെത്തന്നെ മാറ്റിനിറുത്തുകയായിരുന്നു. മാലാഖയുടെ സന്ദേശമനുസരിച്ച് തന്റെ തീരുമാനത്തിന് വ്യതിയാനം വരുത്തിയപ്പോൾ അത്

യൗസേപ്പിന് സമാധാനം നല്കി. അതുവഴി ആന്തരികസ്വാതന്ത്ര്യത്തിലേക്കും നയിക്കപ്പെട്ടു. ഈ പദ്ധതിയുടെ സംവിധായകൻ ദൈവമാണെന്നും ആ ദൈവം തന്നോടൊപ്പം ഉണ്ട് എന്നുമുള്ള ബോദ്ധ്യം ജീവിതത്തിലേക്കു കടന്നുവന്ന എല്ലാ പരീക്ഷണഘട്ടങ്ങളേയും അതിജീവിക്കാൻ അദ്ദേഹത്തിന് കരുത്തുപകർന്നു. ഈ ഒരു ആന്തരിക സ്വാതന്ത്ര്യവും ദൈവാശ്രയവും ഉണ്ടായിരുന്നതുകൊണ്ടാവും അദ്ദേഹത്തിന്റെ സുഖനിദ്രയ്ക്ക് കോട്ടം തട്ടാതിരുന്നത്. സുഖനിദ്ര സ്വസ്ഥമായ ജീവിതത്തിന്റെ അടയാളമാണ്. സ്വസ്ഥമായ ജീവിതത്തിനാണ് സ്വീകാര്യതയുള്ളത്, പ്രത്യേകിച്ച് വചനം കടന്നുവരുമ്പോൾ ഉൾക്കൊള്ളുന്ന കാര്യത്തിൽ. അങ്ങനെ വി. യൗസേപ്പ് തന്നിലേക്ക് കടന്നുവന്ന ദൈവവചനത്തെ സ്വീകരിക്കുകയും അവതീർണ്ണ ദൈവവചനത്തിന്റെ കാവല്ക്കാരനായിത്തീർന്ന് സ്വതന്ത്രമനഃസാക്ഷിയോടെ ദൈവഹിതം നിറവേറ്റാൻ ഒരുങ്ങുകയും ചെയ്തു.

ഇത്തരത്തിലുള്ള വ്യക്തിഗതമായ വിവേചനത്തിലൂടെയും തിരഞ്ഞെടുപ്പിലൂടെയും തന്റെ വിവേകപൂർണ്ണമായ ജീവിതം വി. യൗസേപ്പ് മനുഷ്യകുലത്തിനു മുമ്പിൽ വെളിവാക്കുകയായിരുന്നു. കൂടെക്കൂടെ ദൈവഹിതം അറിയുവാനുള്ള ആഗ്രഹം വിശുദ്ധനുണ്ടായിരുന്നു. തന്റെ ഇഷ്ടങ്ങൾ മാറ്റിവച്ച് മറിയത്തെ ഭാര്യയായി സ്വീകരിക്കുന്നതിൽ മാത്രം തന്റെ ഉത്തരവാദിത്വം ഒതുങ്ങുന്നില്ല എന്ന് തിരിച്ചറിഞ്ഞതുകൊണ്ടും തന്റെ സംരക്ഷണത്തിൻ കീഴിൽ ഭരമേല്പിക്കപ്പെട്ട ദൈവസുതനെ എപ്രകാരം വളർത്തി പരിപാലിക്കാനാണ് ദൈവം ആഗ്രഹിക്കുന്നതെന്ന് മനസ്സിലാക്കാൻ അനുദിനം പരിശ്രമിച്ചതുകൊണ്ടും വി. യൗസേപ്പ് എന്നും ഒരു ദൈവഹിത അന്വേഷിയായിരുന്നു. മനസ്സിലായിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും നമ്മുടെമേൽ ദൈവം ഒരു പദ്ധതി വച്ചിട്ടുണ്ട്. അത് നിറവേറ്റുവാൻ നമ്മുടെ ചിന്താധാരയിൽ ഉരുത്തിരിഞ്ഞ പദ്ധതിയുമായി മുന്നോട്ടുപോകുന്നതിനേക്കാൾ മഹത്തരം എന്നിലൂടെ അത് നിറവേറ്റാൻ ദൈവം എപ്രകാരമാണ് ആഗ്രഹിക്കുന്നത് എന്ന് കണ്ടെത്തുകയാണ്. നമ്മുടെ ജീവിതത്തിലെ വിവേകത്തിന്റെ പ്രായോഗികത ആരംഭിക്കുന്നത് ഇവിടെനിന്നാണ്. നമ്മുടെ കാഴ്ചപ്പാടുകൾക്കപ്പുറം ദൈവത്തിന്റെ തത്വശാസ്ത്രം മറ്റൊന്നാണെന്നും അത് നിറവേറ്റാൻ പരാധീനതകളുള്ള നമ്മുടെ ജീവിതം അപര്യാപ്തമാണെന്നും മനസ്സിലാക്കിക്കഴിയുമ്പോൾ സർവ്വേശ്വരന്റെ പരമനന്മയിൽ ആശ്രയിക്കാൻ നാം നിർബന്ധിതരാകും. ഇത് ഗതികേടിൽ നിന്നുയരുന്ന ആശ്രയബോധമല്ല, മറിച്ച് ഫലപ്രാപ്തിയുടെ

പൂർണ്ണതപ്രാപിക്കാനുള്ള അടങ്ങാത്ത ആഗ്രഹത്തിൽനിന്ന് ഉളവാകുന്നതാണ്.

ദൈവഹിതാന്വേഷണവും ദൈവാശ്രയബോധവും ഒരിക്കലും ഒരു മനുഷ്യന്റെ സ്ഥായിയായ ഭാവമെന്ന് പറയാനാവില്ല. സാഹചര്യങ്ങളുടെ സമ്മർദ്ദത്തിന് ഇത് വിധേയമാക്കപ്പെട്ടേക്കാം. ഇത്തരമുള്ള വിധേയപ്പെടലിന് വശംവദരായി ഈ രണ്ട് മൂല്യങ്ങളും നമുക്ക് എന്നേയ്ക്കുമായി നഷ്ടപ്പെടാതിരിക്കാൻ നമ്മെ സഹായിക്കുന്ന ഘടകമാണ് പ്രാർത്ഥന. സാഹചര്യം അനുകൂലമാണെങ്കിലും പ്രതികൂലമാണെങ്കിലും പ്രാർത്ഥനയ്ക്കായി എത്രമാത്രം സമയം നാം കണ്ടെത്തുന്നുവോ അതിൻപ്രകാരം നമ്മുടെ മനസ്സും ഹൃദയവും തെളിമയുള്ളതായിത്തീരും. ഈ തെളിമയുടെ സ്വച്ഛതയിലാണ് ആത്മാവിന്റെ നിമന്ത്രണങ്ങൾ സ്വീകരിക്കാൻ നാം തുറവിയുള്ളവരായിരിക്കുന്നത്.

## വി. യൗസേപ്പ് ബുദ്ധിമാനായിരുന്നു, അതിലേറെ വിവേകിയും

ജീവിതത്തിൽ പരമനന്മയായ ദൈവത്തെ
തിരഞ്ഞെടുക്കാനത്ര വിവേകി.

ദൈവത്തോടുള്ള ആശ്രയംകൊണ്ട് മാത്രമേ ചില കാര്യങ്ങൾ
നടക്കുകയുള്ളു എന്ന് ചിന്തിക്കാൻ കഴിഞ്ഞ വിവേകി.

ആന്തരികസ്വാതന്ത്ര്യം അനുഭവിക്കാൻ തക്കവിധം
തിരഞ്ഞെടുപ്പ് നടത്താൻ കഴിഞ്ഞ വിവേകി.

തെളിമയുള്ള ജീവിതത്തിന്റെ ഉറവിടം പ്രാർത്ഥനയാണെന്ന്
കണ്ടെത്തിയ വിവേകി

ഹൃദയതുറവിയിൽ ദൈവാത്മാവിന്റെ പ്രചോദനം സ്വീകരിച്ച്,
അതിനനുസൃതമായി പ്രവർത്തിക്കുന്നിടത്താണ് പരമമായ
വിജയമെന്ന് കണ്ടെത്തിയ വിവേകി.

ഈ ലോകത്തിന്റെ ബുദ്ധിക്കതീതമായി ദൈവദത്തമായ വിവേകത്താൽ ജീവിതത്തിൽ ആത്യന്തികമായ ഒരു തിരഞ്ഞെടുപ്പ് നടത്താൻ വിവേകിയായ വി. യൗസേപ്പ് നമ്മെ സഹായിക്കട്ടെ.



## ചാവറ പിതാവ്

# വി. യൗസേപ്പിതാവിന്റെ തികഞ്ഞ ഭക്തൻ

**ഫാ. ജോസ് ഫ്രാങ്ക് സി.എം.ഐ.**
**മാർത്തോമ്മ തീർത്ഥാടനകേന്ദ്രം**

വി. ഗ്രന്ഥത്തിൽ യൗസേപ്പിതാവിന് വലിയസ്ഥാനമാണ്. യൗസേപ്പ് നീതിമാനായിരുന്നു എന്നാണ് വി. ഗ്രന്ഥം യൗസേപ്പിനെ വിശേഷിപ്പിക്കുന്നത്. 'നീതിമാൻ' എന്നുള്ള വിശേഷണം ഒരു മനുഷ്യന് ലഭിക്കാവുന്ന ഏറ്റവും വലിയ വിശേഷണമാണ്. അബ്രഹാം വിശ്വസിച്ചു. അതുകൊണ്ട് അബ്രഹാം നീതികരിക്കപ്പെട്ടു. നീതികരിക്കപ്പെട്ടു എന്നുപറഞ്ഞാൽ വിശുദ്ധീകരിക്കപ്പെട്ടു എന്നു തന്നെ. അഷ്ടഭാഗ്യത്തിലെ ഒരു ഭാഗം 'നീതിക്ക് വേണ്ടി വിശപ്പും ദാഹവും സഹിക്കുന്നവർ ഭാഗ്യവാന്മാർ' എന്നാണ്. യൗസേപ്പിതാവ് നീതികരിക്കപ്പെട്ടവനാണ്; വിശുദ്ധീകരിക്കപ്പെട്ടവനാണ്. അങ്ങനെ വിശുദ്ധീകരിക്കപ്പെട്ട യൗസേപ്പിതാവിന്റെ സംരക്ഷണത്തിനാണ് അമ്മയെയും മകനെയും പിതാവായ ദൈവം ഏല്പിച്ചത്. അമ്മയെയും ഈശോയേയും യൗസേപ്പിതാവ് എങ്ങനെ സംരക്ഷിച്ചു എന്ന് വി.ഗ്രന്ഥം നമ്മോട് പറയുന്നുണ്ട്. അമ്മയെ സംശയിക്കാൻ എല്ലാവിധ ന്യായങ്ങളും ഉണ്ടായിട്ടും അമ്മയെ അപമാനിതയാക്കാൻ സമ്മതിക്കാതെ

സ്വയം പിന്മാറിയ നീതിമാനെയാണ് വി.ഗ്രന്ഥം നമുക്ക് കാണിച്ചുതരുന്നത്. മകനെ സംരക്ഷിക്കാൻ മാലാഖയുടെ സന്ദേശം ലഭിച്ച രാത്രിയിൽത്തന്നെ പുറപ്പെടുന്ന വിശ്വസ്തനായ ഒരു വളർത്തുപിതാവ്. സ്വന്തം കഠിനാദ്ധ്വാനംകൊണ്ട് തനിക്ക് ഏല്പ്പിക്കുന്നവരെ സംരക്ഷിക്കുന്ന ഉത്തമകുടുംബനായകൻ. ഇങ്ങനെ ഏറ്റവും നല്ല ഒരു വിശുദ്ധനായി നമ്മുടെ മുമ്പിൽ വി. ഗ്രന്ഥം യൗസേപ്പിതാവിനെ കാണിച്ചുതരുന്നു.

## വി. യൗസേപ്പിതാവിനോടുള്ള ഭക്തിയുടെ ചരിത്രം

വിശുദ്ധഗ്രന്ഥത്തിൽ ഇത്ര വലിയ സ്ഥാനം ഉണ്ടായിരുന്ന വി. യൗസേപ്പിതാവിനെ സഭയുടെ ആദ്യനൂറ്റാണ്ടിൽ കാര്യമായി ബഹുമാനിച്ചിരുന്നതായി നാം കാണുന്നില്ല. സഭാപഞ്ചാംഗത്തിലോ വിശുദ്ധരുടെ പട്ടികയിലോ യൗസേപ്പിതാവിന് സ്ഥാനം ലഭിച്ചിരുന്നില്ല. 1726-ൽ പതിമൂന്നാം ബെനഡിക്ട് പാപ്പായാണ് യൗസേപ്പിതാവിന്റെ നാമം വിശുദ്ധരുടെ പട്ടികയിൽ ചേർക്കുന്നത്. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ സഭ മുഴുവൻ ആഘോഷിക്കാൻ തീരുമാനിച്ചത് പതിനഞ്ചാം ഗ്രിഗോറിയോസ് പാപ്പായാണ്. 1870-ലാണ് ഒൻപതാം പീയുസ് പാപ്പാ യൗസേപ്പിതാവിനെ സഭയുടെ സാർവ്വത്രികമധ്യസ്ഥനായി പ്രഖ്യാപിക്കുന്നത്. ഈശോയെ വളർത്തിയ, അമ്മയെ സംരക്ഷിച്ച വി.യൗസേപ്പ് സാർവ്വത്രികസഭയെയും സംരക്ഷിക്കുമെന്നത് ന്യായമായ ഒരു കാര്യമാണ്.

## കർമ്മലീത്ത സഭയും യൗസേപ്പിതാവിനോടുള്ള ഭക്തിയും

യൗസേപ്പിതാവിനോടുള്ള ഭക്തി സഭയിൽകൊണ്ടുവരാൻ പല വിശുദ്ധരും ശ്രദ്ധിച്ചിട്ടുണ്ട്. വിശുദ്ധരായ ജെർത്രൂദ്, ബെർണ്ണാർദ്, തോമസ് അക്വിനാസ് തുടങ്ങിയവർ ഈ ഭക്തി സഭയിൽ കൊണ്ടുവരാൻ പരിശ്രമിച്ചവരാണ്. പക്ഷേ, യൗസേപ്പിതാവിനോടുള്ള ഭക്തി ആഗോളവ്യാപകമാക്കുവാൻ ഏറ്റവും കൂടുതൽ പരിശ്രമിച്ചത് അമ്മ ത്രേസ്യയാണ്. തിരുസിംഹാസനത്തിന്റെ അനുവാദത്തോടെ നവീകരിക്കപ്പെട്ട എല്ലാ മഠങ്ങളും ആരംഭിച്ചത് വി.യൗസേപ്പിന്റെ നാമത്തിലായിരുന്നു. യൗസേപ്പിതാവിന്റെ തിരുനാളാഘോഷിക്കാൻ അമ്മ ത്രേസ്യ സിംഹാസനത്തോട് അപേക്ഷിച്ചു. മാർച്ച് 19-ന് തിരുനാൾ ഘോഷിക്കാൻ അനുവാദം ലഭിച്ചത് പുണ്യവതിയുടെ മരണത്തിന് ശേഷമാണ്. ഈ തിരുനാളാണ് പുണ്യവതിയുടെ മരണശേഷം

പതിനഞ്ചാം ഗ്രിഗോറിയസ് പാപ്പാ സഭ മുഴുവൻ ആഘോഷിക്കാൻ തീരുമാനിച്ചത്.

1831-ൽ മാന്നാനത്ത് സി.എം.ഐ.സഭ ആരംഭിച്ചപ്പോൾ സഭയുടെ മാതൃഭവനം വിശുദ്ധ യൗസേപ്പിന്റെ നാമത്തിലായിരുന്നു. 1942 -ൽ മാതൃഭവനം എറണാകുളത്തേക്ക് മാറ്റിയപ്പോഴും വി. യൗസേപ്പിന്റെ നാമധേയത്തിൽ തന്നെയായിരുന്നു. ഓരോ ഭവനവും ആണ്ടുതോറും യൗസേപ്പിതാവിനോട് ചെയ്തിട്ടുള്ള പ്രതിഷ്ഠ ആഘോഷപൂർവ്വം പുതുക്കുന്നു.

## യൗസേപ്പിതാവിനോടുള്ള ചാവറയുടെ ഭക്തി

യൗസേപ്പിതാവിനോടുള്ള ചാവറപ്പിതാവിന്റെ ഭക്തിയിലേക്ക് ഒരു ഉൾക്കാഴ്ച ലഭിക്കുന്നത് അദ്ദേഹത്തിന്റെ ആദ്ധ്യാത്മിക കൃതികളിലൊന്നായ ധ്യാനസല്ലാപത്തിൽ നിന്നാണ്. പ്രാർത്ഥനാനുഭവം എങ്ങനെയായിരുന്നുവെന്ന് ഒരു ഏകദേശരൂപം കിട്ടുന്നത് ഈ കൃതിയിൽനിന്നാണ്. പ്രാർത്ഥന എന്താണ്? ചാവറപ്പിതാവ് എങ്ങനെ പ്രാർത്ഥിക്കുന്നു? എന്നൊക്കെ ഈ കൃതിയിൽ കാണാം. പ്രാർത്ഥന എന്നത് ചാവറയുടെ വീക്ഷണത്തിൽ ഒരു സംസാരമാണ്.

ധ്യാനം എന്നത് ദൈവത്തോടുള്ള സംസാരമാകുന്നു. സ്നേഹത്താൽ ദൈവത്തോടു ചേർന്ന്, ഒന്നിച്ചിരിക്കുന്ന സ്നേഹിതന്മാരോട് ഒന്നിച്ചുള്ള സംഭാഷണം എന്നപോലെ ആത്മമണവാളനായ ഈശോമിശിഹായോടൊന്നിച്ചിരുന്ന് സംഭാഷിക്കയാണ് ഇതിന്റെ പ്രവൃത്തി.

ധ്യാനസല്ലാപം മുഴുവൻ ആത്മമണവാളനായ ഈശോയോടുള്ള സംഭാഷണമാണ്. ഈശോയെ ദർശിച്ച് അവിടത്തോടുള്ള സംഭാഷണം. ഈശോയോടു മാത്രമല്ല അമ്മയോടും യൗസേപ്പിതാവിനോടും മറ്റു വിശുദ്ധരോടുമുള്ള സംഭാഷണം. ധ്യാനസല്ലാപത്തിൽ ചാവറപ്പിതാവ് വളരെ ദീർഘമായി യൗസേപ്പിതാവിനോട് സംഭാഷിക്കുന്നുണ്ട്. ഈ സംഭാഷണത്തിൽനിന്ന് ചാവറപ്പിതാവിന് യൗസേപ്പിതാവിനോടുള്ള ഭക്തിയുടെ ആഴം മനസ്സിലാക്കാം.

ധ്യാനസല്ലാപത്തിൽ ഒരു പ്രധാനഭാഗമാണ് ക്രൂശിതദർശനം. കർത്താവിന്റെ പീഡാനുഭവത്തെപ്പറ്റി ആഴത്തിൽ ധ്യാനിക്കുന്ന രംഗം. ഈ ക്രൂശിതദർശനം ചാവറയിൽ ആഴമുള്ള പാപബോധം ഉളവാക്കുന്നു. 'ഞാൻ മാഹപാപി' എന്നത് ചാവറയുടെ ചുണ്ടിൽനിന്ന്

എപ്പോഴും അടർന്നുവീഴുന്ന വാക്കുകളാണ്. ഈ പാപബോധത്തിന്റെ പശ്ചാത്തലത്തിൽ ചാവറയുടെ ആശ്രയം അമ്മയും യൗസേപ്പിതാവും മറ്റു വിശുദ്ധരുമാണ്. ചാവറയ്ക്ക് യൗസേപ്പിതാവിനോടുള്ള ഭക്തി യുടെ പശ്ചാത്തലം ഇവിടെയാണ്.

## യൗസേപ്പിതാവെന്ന ഏക പോംവഴി

ധ്യാനസല്ലാപത്തിൽ യൗസേപ്പിതാവിനോടുള്ള പ്രാർത്ഥന ആരംഭിക്കുന്നതുതന്നെ മനോഹരമായ വഴികളിലൂടെയാണ്. മാർച്ച് മാസം അവസാനമായിരിക്കണം ഈ വരികൾ എഴുതിയിട്ടുണ്ടാവുക. 'ഈ നിന്റെ തിരുമാസത്തിന്റെ കടശിയിൽ എന്റെ ദുർഗുണങ്ങളുടെ കടശിയും ഉണ്ടാകണം'. പിതാവിന്റെതന്നെ വാക്കുകൾ കാണാം.

നിന്റെ തിരുമാസത്തിൻ കടശിയും ആയ ഈ ദിവസത്തിൽ എന്റെ ദുർഗുണങ്ങളുടെ കടശിയും എന്റെ ആത്മശത്രുക്കളോടുള്ള ജയസന്തോഷവും എനിക്ക് എന്റെ പിതാവായ നിന്റെ പുത്രനെ ബോധിപ്പിച്ച് തരുവിക്കണമെന്നും ശരണപ്പെട്ടുകൊണ്ട് ഈ ചുരുങ്ങിയ അപേക്ഷകൾ നിന്റെ തൃപ്പാദത്തിങ്കൽ ഞാൻ അണയ്ക്കുന്നു (ധ്യാന സല്ലാപം പേജ് 20).

ഈ പ്രാരംഭപ്രാർത്ഥനയ്ക്ക്ശേഷം ചാവറ, യൗസേപ്പിതാവിന്റെ സ്ഥാനഔന്നത്യം വിവരിക്കുന്നു. യൗസേപ്പിതാവിന്റെ സംരക്ഷണ ത്തിനായി അമ്മയേയും ഈശോയേയും ഏല്പിച്ചു. യൗസേപ്പിതാവ് എങ്ങനെ അമ്മയെ സംരക്ഷിച്ചു എന്ന് വിവരിക്കുന്നു. ഒരല്പ സംഗ തിയിലെങ്കിലും ഈ മഹാരാജസ്ത്രീക്ക് മുഷിച്ചിലും ഇഷ്ടക്കേടും തോന്നിച്ചില്ല. എന്നുമാത്രമല്ല എപ്പോഴും എല്ലാത്തിലും ഈ അമ്മയെ അധികമായി തെളിയിക്കുകയും തൃപ്തിവരുത്തുകയും ചെയ്തു. അമ്മ അതുപോലെ "ആചാരത്തോടും കീഴ്‌വഴക്കത്തോടും, ഈ മഹാത്മാവിന്റെ ഭാര്യ എന്ന് വിളിക്കപ്പെടാൻ തക്ക യോഗ്യതയില്ല" എന്ന് വിചാരിച്ചിരുന്നു. അമ്മ പരിശുദ്ധാത്മാവിനാൽ ഗർഭം ധരി ച്ചതിനെപ്പറ്റി ചാവറയുടെ ഒരു പ്രത്യേക അവതരണം ഉണ്ട്. ഗർഭം കാണപ്പെട്ടു. അത് യൗസേപ്പിതാവിനെ വേദനിപ്പിക്കുന്നു. വിവരം പിതാവിനോട് പറഞ്ഞാൽ വിഷയം അവസാനിക്കും. പക്ഷേ, യൗസേ പ്പിതാവ് "ചോദിക്കാതെ ഒന്നും അങ്ങോട്ട് പറയുവാൻ തന്റെ ആചാരം അനുവദിച്ചില്ല." അതേസമയം യൗസേപ്പിതാവിന് മാതാവിന്റെ പാതി വ്രത്യത്തിന്മേൽ യാതൊരു സംശയവും തോന്നിയിട്ടില്ല. അമ്മയെ മാത്ര മല്ല തന്റെ ദിവ്യപുത്രനും കർത്താവുമായ ഈശോമിശിഹായെയും,

തന്റെ മരണംവരെ സംരക്ഷിച്ചു പാലിച്ചു വളർത്തി. "ഈ ദൈവ പൈതലിന് ഇഷ്ടമാകുംവണ്ണം തന്നോടുകൂടെ വ്യാപരിച്ചുവരികയും ചെയ്തു." ഈശോയുടെയും അമ്മയുടെയും ചിന്ത വെറും ചിന്തയല്ല, ദർശനമാണ്. അതും പാപബോധത്തിലേക്ക് നയിക്കുന്നു. മാത്രമല്ല, അവരെ നേരിൽ കാണാനുള്ള ആഗ്രഹം ചാവറയിൽ ആഴപ്പെടുന്നു. കർത്താവിന്റെ തിരുമുഖം നേരിൽ കാണാനുള്ള ദിവസം അടുത്തു വരുന്നു. മരണം അടുത്തു വരുന്നു എന്നുള്ള ചിന്തയിലേക്കും പ്രതീക്ഷയിലേക്കും നയിക്കുന്നു. ആ അന്ത്യദിനത്തിൽ വിശുദ്ധരുടെ സഹായം അഭ്യർത്ഥിക്കുന്നു. ഏറ്റവും കൂടുതലായി വിശുദ്ധ യൗസേപ്പിനെ ആശ്രയിക്കുന്നു. മരണനേരത്തുണ്ടാകാൻ സാധ്യതയുള്ള ഓരോ വിഷയവും ചാവറ ധ്യാനവിഷയമാക്കുന്നു. ഈ ഭയാനക ദിനത്തിൽ യൗസേപ്പിതാവ് മാത്രമാണ് ഏകപോംവഴി എന്നുള്ള ചിന്തയാണ് ചാവറയെ ധൈര്യപ്പെടുത്തുന്നത്.

ആദ്യം ചാവറ ചിന്തിക്കുന്നത് മരണനേരത്തുണ്ടാകാൻ സാധ്യതയുള്ള ശാരീരികവേദനയാണ്. ശാരീരികവേദന സഹിക്കാൻ ചാവറ ബലഹീനനാണ്. ചാവറ അതേറ്റു പറയുന്നു.

"സങ്കടങ്ങളും നൊമ്പരങ്ങളും ക്ഷമിപ്പാൻ എത്രയും വശഹീനൻ അടിയൻ എന്നും എന്റെ പിതാവെ! നീ ബോധിച്ചിരിക്കുന്നു. ഒരു ചെറിയ പനി, തലനോവ്, വയറുനോവ്, മുതലായ അല്പമായ ദീനങ്ങളും നൊമ്പരങ്ങളും സഹിപ്പാനും മുള്ളുകൊള്ളുന്ന ദണ്ഡം കൂടെയും മുഖം ചുളിക്കാതെയും സ്വരം പുറപ്പെടുത്താതെയും ക്ഷമയോടെ സഹിപ്പാനും അടിയന് വശമില്ലല്ലോ" (ധ്യാനസല്ലാപം പേജ് 32).

മരണനേരത്തെ മറ്റൊരു വേദന സ്വന്തക്കാരെ വിട്ടുപിരിയുന്നതിന്റെ സങ്കടമാണ്. ചാവറ പറയുകയാണ്, "ഇപ്പോൾ സങ്കടം തോന്നുന്നില്ലെങ്കിലും സമയമെടുക്കുമ്പോൾ കലങ്ങപ്പെടുമോ എന്ന് ഭയപ്പെടുന്നു."

മരണത്തെ ഭയാനകമാക്കുന്ന മറ്റൊരു കാര്യം ആത്മശത്രുക്കളായ പിശാചുക്കളുടെ ആക്രമണമാണ്. ആ നേരത്തിൽ ദുഷ്ടപിശാചുക്കൾ മുഴുവൻ ശക്തിയോടെ തന്നോട് യുദ്ധം ചെയ്യാൻ വരും. പാപങ്ങൾ കാട്ടി ശരണക്കേടുണ്ടാക്കും. മാത്രമല്ല ദൈവമാകുന്ന വിധിയാളൻ എല്ലാ പാപത്തിന്റേയും കണക്കുചോദിക്കും. അപ്പോൾ പാപത്തിന്റെ ഗൗരവം അതിന്റെ തനിമയിൽ കാണപ്പെടും. ചാവറയുടെ ഭാഷയിൽ

"മറ നീങ്ങി ഞാൻ കാണുമ്പോൾ ഞാൻ ഭയന്നുവിറയ്ക്കും." പാപത്തിന്റെ ഗൗരവം മനസ്സിലാക്കാൻ പഴയനിയമത്തിലെ സംഭവം ചാവറ ഓർക്കുന്നു. കല്പനകൾ ഉൾക്കൊണ്ടിരുന്ന പേടകം ചരിഞ്ഞപ്പോൾ താങ്ങിയ ഉസാ മരിച്ചുവീണ സംഭവം ചാവറ അനുസ്മരിക്കുന്നു (ദിനവൃത്താന്തം 13). ഈ ചെറിയ അനാചാരംപോലും ദൈവം ക്ഷമിക്കുന്നില്ലെങ്കിൽ ചാവറ എത്രയോ പ്രാവശ്യം കർത്താവിന്റെ സാന്നിധ്യം ഉള്ള അൾത്താരയിൽ അനാചാരമായി പെരുമാറി എന്നോർക്കുന്നു. മാത്രമല്ല ദിവസങ്ങൾ വെറുതെ കളഞ്ഞു. ഇങ്ങനെയുള്ള തെറ്റുകളും അവിശ്വസ്തതകളും വിധി ദിവസത്തിൽ വിധിക്കാനായി ദൈവം ന്യായാസനത്തിൽ ഇരിക്കുന്ന രംഗം ചാവറ ഭാവനയിൽ കൊണ്ടുവരുന്നു. വിശുദ്ധന്മാരുപോലും പേടിക്കുന്ന ഒരു രംഗമാണത്.

"വലിയ ശുദ്ധമാകപ്പെട്ടവരു കൂടെയും ആ നേരത്തെ ഓർത്തു ഭ്രമിക്കുന്നുവല്ലോ. മാമ്മോദീസായിൽ കിട്ടിയ ഇഷ്ടപ്രസാദം ചേതപ്പെടുത്താതെ ജീവിച്ചു ശുദ്ധമാക്കപ്പെട്ടവരും അവരുടെ ആയുസ്സു മുഴുവൻ വനവാസങ്ങളിലും കഠിനതപസ്സുകളിലും കാലം കഴിച്ചുവന്ന പുണ്യവാന്മാരും ബ്രഹ്മചാരികളും മഹാപുണ്യത്തിൽ വിളങ്ങി ശോഭിച്ച കന്യാസ്ത്രീകളും ഇങ്ങനെ.... ഈ തിരുസിംഹാസനത്തിൽ സൃഷ്ടിക്കുന്നോൻ വിധിക്കാൻ ഇരിക്കുമ്പോൾ തന്റെ തിരുമുമ്പിൽ ചെല്ലുന്നത് എത്ര ഭാഗ്യത്തിനടുത്തതാകുന്നു എന്ന് പറഞ്ഞ് ഞടുങ്ങി വിറച്ചിരിക്കുന്നു" (ധ്യാനസല്ലാപം പേജ് 36).

ഇങ്ങനെയെങ്കിൽ ചാവറ ചിന്തിക്കുകയാണ്, ഭയപ്പെട്ട വിധിക്ക് കാരണമായിരിക്കുന്ന എണ്ണമില്ലാത്ത പാപങ്ങൾ ചെയ്തുപോയ ഞാൻ എങ്ങനെ ആ ന്യായാസനത്തിങ്കൽ നില്ക്കും? ഈ ഭയാനക നിമിഷത്തിൽ ഏകപോംവഴി.

"എന്റെ പിതാവും മധ്യസ്ഥനുമായിരിക്കുന്ന നിന്നെപ്പറ്റിയുള്ള ഓർമ്മ എന്ന ഏകവഴി മാത്രം എന്നെ ഉറപ്പിക്കുന്നു." (.....പേജ് 36).

ഇതിനുശേഷം ചാവറ യൗസേപ്പിതാവിന്റെ മാധ്യസ്ഥ്യം സ്വീകരിക്കപ്പെടും എന്നതിന് ന്യായം നിരത്തുന്നു. അമ്മ യൗസേപ്പിതാവിനോട് കടപ്പെട്ടിരിക്കുന്നു. ചാവറ പറയുകയാണ്, വിധിപ്പാനായി ന്യായാസനത്തിൽ കയറുന്നതിനുമുമ്പ് നീയെന്നെ സ്വീകരിച്ചിരിക്കുന്നെന്ന് ഈശോയോട് പറയണം.

"ആയതിനാൽ പ്രിയ പിതാവെ, ഈ വളയാത്ത നീതിക്കാരനായ താൻ നീതിയാസനത്തിൽ എന്നെ വിധിപ്പാനായി കരേറുന്നതിനു

മുമ്പ് നിന്റെ അടിയനും ശുശ്രൂഷകനുമായി എന്നെ കൈക്കൊണ്ടിരിക്കുന്നു എന്ന തിരുവചനങ്ങൾമാത്രം കർത്താവിനോട് അരുളിചെയ്യണം." (....പേജ് 36)

മാത്രമല്ല മരണത്തിനുമുമ്പ് ചാവറയും ദൈവവുമായുള്ള കാര്യങ്ങൾ തീർത്ത് ദൈവത്തിന്റെ നീതി ആസനത്തിനുമുമ്പിൽ നിറുത്തണ്ടത്തക്ക യോഗ്യത ചാവറക്കുണ്ടാകണം. കുറ്റവാളിയായി തള്ളപ്പെട്ടുപോകാൻ ഇടവരരുത്. അതിനുള്ള ഉത്തരവാദിത്വം യൗസേപ്പിതാവ് ഏറ്റെടുക്കണം. ചാവറയെ ഉറപ്പിച്ചു നിറുത്തണം. യൗസേപ്പിതാവ് ചാവറയെ ഉറപ്പിച്ചു നിറുത്തിയില്ലെങ്കിൽ അടിയന്റെ ശരണം ഇളകി കലങ്ങപ്പെട്ടുപോകും. അതുകൊണ്ട് യൗസേപ്പിതാവ് മധ്യസ്ഥനായി നിന്ന് ഇതൊക്കെ നേടിക്കൊടുക്കണം.

ചാവറ ധ്യാനസല്ലാപത്തിന്റെ ആരംഭത്തിൽ പ്രാർത്ഥിച്ചത് ദുർഗുണങ്ങളുടെ കടശിയും ആത്മശത്രുക്കളോടുള്ള ജയവും കിട്ടാനാണ്. യാതൊരു ഭൗതികാവശ്യങ്ങളും യൗസേപ്പിതാവിന്റെ മുന്നിൽ ചാവറ നിരത്തുന്നില്ല. ഒരുപക്ഷേ, നമ്മുടെയൊക്കെ വിശുദ്ധരോടുള്ള ഭക്തിയിൽ നിറഞ്ഞുനില്ക്കുന്നത് ഭൗതികാവശ്യങ്ങളായിരിക്കും. ചാവറ ധ്യാനസല്ലാപത്തിൽ മറ്റു പല വിശുദ്ധരുമായും സംഭാഷിക്കുന്നുണ്ട്; സഹായം ചോദിക്കുന്നുണ്ട്. അവിടെ ഒരിടത്തും ആവശ്യങ്ങളുടെ പട്ടിക നിരത്തുന്നതായി കാണുന്നില്ല. യൗസേപ്പിതാവിനോടുള്ള ഭക്തിയിലും അങ്ങനെതന്നെ. വിശുദ്ധന്മാരോടുള്ള ഭക്തി ദൈവത്തിലേക്കും രക്ഷയിലേക്കും കൂടുതൽ അടുക്കുവാനുള്ള മാർഗ്ഗമായിരുന്നു ചാവറയ്ക്ക്.

യൗസേപ്പിതാവിനോടുള്ള ഭക്തിയുടെ ഒരു തെളിവാണ് ചാവറ തന്റെ മാതൃ ഇടവകയായ കൈനകരിയിൽ നടത്തിയിരുന്ന പ്രസംഗം. തന്റെ തിരുപ്പട്ടത്തിനുശേഷം ഇടവകയിൽ പതിവുള്ള സ്വീകരണം നിഷേധിച്ച ഇടവകയാണ് സ്വന്തം ഇടവകയായ കൈനകരി. സി. എം.ഐ. സഭയുടെ ആരംഭകനും ചാവറയുടെ ഗുരുവുമായിരുന്ന പാലയ്ക്കൽ തോമാ മൽപ്പാൻ നേരിട്ട് ചാവറയെ സെമിനാരിയിലേക്ക് തിരഞ്ഞെടുത്തു. അതിലുള്ള പ്രതിഷേധമായിരുന്നു ഈ സ്വീകരണ നിഷേധം. ഇതുവകവയ്ക്കാതെ എല്ലാ വർഷവും മരണതിരുനാളിന് കൈനകരിയിൽ വന്ന് യൗസേപ്പിതാവിനെപ്പറ്റി പ്രസംഗിച്ചിരുന്നതും യൗസേപ്പിതാവിനോടുള്ള ആഴമുള്ള ഭക്തിയുടെ തെളിവാണ്.



# സ്വപ്നങ്ങൾ കൈപിടിച്ചു നടത്തിയ
# നീതിമാൻ

**ഫാ. മിൽട്ടൻ ആർ.ഷോവ്**

ദൈവം സംസാരിക്കുന്നതും മുന്നറിയിപ്പുകൾ നല്കുന്നതും പലവിധത്തിലായിരിക്കും. അതു മനസ്സിലാകണമെങ്കിൽ ശാന്തതയും എളിമയും അത്യാവശ്യമാണ്.

യേശുവിന്റെ ജനനത്തെക്കുറിച്ചുള്ള സുവിശേഷവിവരണങ്ങളിൽ ജോസഫിന് പ്രമുഖ പങ്കുണ്ട്. വിശുദ്ധ മത്തായിയും വിശുദ്ധ ലൂക്കായും ജോസഫ്, ദാവീദിന്റെ കുടുംബത്തിൽപ്പെട്ടവനാണെന്ന് ഊന്നിപ്പറയുന്നുണ്ട്. അതേസമയം രണ്ട് സുവിശേഷങ്ങളും പ്രസ്താവിക്കുന്നു - അവരുടെ വിവാഹനിശ്ചയം കഴിഞ്ഞിരുന്നു, സഹവസിക്കുന്നതിനുമുമ്പ് അവൾ ഗർഭിണിയായി കാണപ്പെട്ടു എന്ന്. മത്തായിശ്ലീഹ നമ്മോട് പറയുന്നത് ജോസഫ് നീതിമാനായ മനുഷ്യനായിരുന്നു എന്നാണ്. നീതിയുടെയും വിശുദ്ധിയുടെയും അനുസരണത്തിന്റെയും എളിമയുടെയും വിവേകത്തിന്റെയും മനുഷ്യനായിരുന്നു ജോസഫ്. ഇങ്ങനെ യഥാർത്ഥത്തിൽ ദൈവത്തിന്റെ

ധീരപടയാളിയുടെ ഗുണങ്ങൾ, ജോസഫിൽ വിളങ്ങിയിരുന്നു. ഒരു നായകന്റെ തലത്തിൽ എല്ലാ ഗുണങ്ങളും ജോസഫിലുണ്ടായിരുന്നതുകൊണ്ട് ജോസഫ് നീതിമാനെന്നു വിളിക്കപ്പെട്ടു എന്ന് വിശുദ്ധ ജെറോം പറയുന്നു. ദൈവത്തിന്റെ പടയാളിയെന്ന നിലയിൽ അദ്ദേഹത്തിന്റെ മാതൃകയനുസരിച്ച് എങ്ങനെ ജീവിക്കാമെന്ന് നമുക്ക് പരിശോധിക്കാം.

## വിവേകത്തോടെയുള്ള തീരുമാനങ്ങൾ

ജോസഫ് സ്വന്തം പ്രയത്നംകൊണ്ട് ശിശുവായ യേശുവിനെയും അവിടുത്തെ മാതാവായ മറിയത്തെയും പരിപോഷിപ്പിച്ചു. യേശുവിന്റെ മനുഷ്യാവതാരത്തെക്കുറിച്ച് അറിയാതെ, വിവാഹ നിശ്ചയം ചെയ്തിരുന്ന മറിയം ഗർഭിണിയായി കണ്ടപ്പോൾ അവളെ കുറ്റപ്പെടുത്താതെ രഹസ്യമായി ഉപേക്ഷിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുന്നു. കാരണം, അദ്ദേഹം നീതിമാനായ മനുഷ്യനാണ്. വിവാഹനിശ്ചയം അക്കാലത്ത് വിവാഹംപോലെതന്നെ നിയമപ്രകാരം ബന്ധിപ്പിക്കുന്നതാണ്. യേശുവിന്റെ ജനനവുമായി ബന്ധപ്പെട്ട സ്വപ്നങ്ങളുടെ പരമ്പരയിലെ ആദ്യസ്വപ്നം ഈ സമയത്താണ് ജോസഫിനുണ്ടാകുന്നത്. എല്ലാ തിരുലിഖിതങ്ങളും നമ്മോട് പറയുന്നത് ഇങ്ങനെയാണ് - 'അവൻ ഇതിനെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കേ ഒരു മാലാഖ സ്വപ്നത്തിൽ അവനു പ്രത്യക്ഷപ്പെട്ടു.'

ആദ്യസ്വപ്നത്തിൽ, ഒരു മാലാഖ മറിയത്തിന്റെ ഭാവിപുത്രൻ പരിശുദ്ധാത്മാവിൽനിന്നാണെന്ന്.... നിങ്ങൾ അവനെ യേശു എന്ന് വിളിക്കണമെന്ന്, അവൻ ജനത്തെ അവരുടെ പാപങ്ങളിൽനിന്ന് രക്ഷിക്കുമെന്ന് വെളിപ്പെടുത്തുന്നു. തിളങ്ങുന്ന ഒരു ഗുണം ജോസഫിൽ നാം കാണുന്നു - വിശ്വാസപൂർവമായ ഒരു ശരണം. അത്യാവശ്യ കാര്യങ്ങൾക്ക് അവൻ എപ്പോഴും തയ്യാറായിരുന്നു. തീരുമാനങ്ങളെടുക്കുന്നതിനുമുമ്പ് കാര്യങ്ങൾ നന്നായി ചിന്തിക്കുന്നതിന് അദ്ദേഹം സമയമെടുക്കുമായിരുന്നു (അദ്ദേഹം ചെയ്യുന്നതായി മാലാഖ കണ്ടതുപോലെ). അങ്ങനെ ദൈവത്തിൽ വിശ്വസിച്ചുകൊണ്ട് വളരെ ബുദ്ധിമുട്ടേറിയ സമയങ്ങളിലും അദ്ദേഹം ശാന്തനായി നിലനിന്നു. ഏറ്റവും നല്ലവഴി തിരഞ്ഞെടുക്കാൻ നമ്മെ സഹായിക്കുന്ന വിവേകം എന്ന പുണ്യം ജോസഫ് ഇവിടെ നമുക്ക് കാണിച്ചുതരുന്നു. ബുദ്ധിമുട്ടേറിയ തീരുമാനങ്ങളിൽ നാം എന്തെങ്കിലും ചെയ്യുന്നതിനുമുമ്പ് വിവേകികളും അനുഭവസമ്പന്നരുമായ വ്യക്തികളെ സമീപിച്ച് കാര്യങ്ങൾ

ശ്രദ്ധാപൂർവ്വം പരിശോധിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നുവെന്ന് പടയാളികൾ തിരിച്ചറിയണം. നമ്മുടെ ചിന്തകൾ വികാരങ്ങളാൽ കോളുകൊണ്ടിരിക്കുമ്പോൾ ജോസഫിനെപ്പോലെ നമ്മുടെ വിധികൾ നീട്ടിവയ്ക്കണം, ശാന്തത തിരിച്ചുവരുന്നതുവരെ നാം കാത്തിരിക്കണം. സ്വാഭാവികമായ മാനുഷികബലഹീനതകൾ വിവേകത്തെ ബാധിക്കുമ്പോൾ, അതിസ്വാഭാവികമായ വിവേകം നേടാൻ, അതുവഴി എല്ലാക്കാര്യങ്ങളിലും ദൈവഹിതം നിറവേറ്റാൻ പ്രാർത്ഥന നമ്മെ സഹായിക്കും. ഒരു സാഹചര്യത്തെ ശാന്തമായും പ്രാർത്ഥനയോടെയും നേരിടാൻ തീരുമാനം എടുത്തുകഴിഞ്ഞാൽപ്പിന്നെ, ഒരിക്കലും നിരുത്സാഹചിത്തരാകാതെ അത് ധൈര്യപൂർവം നടപ്പിലാക്കണം. വിശുദ്ധ ജോസഫ് തിടുക്കത്തിലുള്ള നടപടികളൊന്നും നടത്തിയില്ല, എന്നാൽ എന്താണ് ചെയ്യേണ്ടതെന്ന് ചിന്തിക്കാൻ സമയമെടുത്തു. തന്റെ പ്രശ്നങ്ങളെക്കുറിച്ച് ആരോടും സംസാരിച്ചില്ല - പരിശുദ്ധ കന്യകയോടുപോലും.

യേശു ജനിച്ചതിനുശേഷം അവർ ബെത്‌ലഹേമിലായിരുന്നപ്പോൾ പൗരസ്ത്യദേശത്തുനിന്നുള്ള ജ്ഞാനികൾ അപ്രതീക്ഷിതമായി അവർക്കടുത്തെത്തിക്കഴിഞ്ഞാണ് രണ്ടാമത്തെ സ്വപ്നമുണ്ടാകുന്നത്. അവർ പോയിക്കഴിഞ്ഞപ്പോൾ, രാജാവായ ഹേറോദേസ് കുഞ്ഞിനെ വധിക്കാൻ ശ്രമിക്കുമെന്ന് സ്വപ്നത്തിൽ മാലാഖ മുന്നറിയിപ്പ് കൊടുത്തു. നിർദ്ദേശിക്കപ്പെട്ടതുപോലെ, തന്റെ കുടുംബത്തെ ജോസഫ് ഈജിപ്തിലേക്കു കൊണ്ടുപോയി. ദൈവികപൈതലിനെയും തന്റെ ഭാര്യയെയും കരുതലോടും ശക്തിമത്തായ സ്നേഹത്തോടുംകൂടി പരിപാലിക്കാൻ തന്നെത്തന്നെ ജോസഫ് ഒരുക്കി. അവരുടെ പരിപോഷണത്തിനും വസ്ത്രധാരണത്തിനും ആവശ്യമായതെല്ലാം അനുദിനജോലിയിലൂടെ അദ്ദേഹം സമ്പാദിച്ചു. ഒരു ഏകാധിപതിയുടെ അസൂയനിമിത്തം ഭീഷണിയിലകപ്പെട്ട കുഞ്ഞിനെ അദ്ദേഹം രക്ഷിച്ചു, ആ കുഞ്ഞിന് അഭയസ്ഥാനം കണ്ടെത്തുകയും ചെയ്തു. മൂന്നാമത്തെ സ്വപ്നത്തിൽ തിരിച്ചുപോകുന്നത് സുരക്ഷിതമാണെന്ന് മാലാഖ അദ്ദേഹത്തോട് പറഞ്ഞിരുന്നു. ഹേറോദേസിന്റെ പുത്രൻ അർക്കെലാവോസ് ഇപ്പോഴും ഭീഷണിയായി ഉള്ളതിനാൽ ബെത്‌ലഹേമിലേക്കു തിരിച്ചുപോകരുതെന്നും ഗലീലിയിലേക്കു പോകണമെന്നും മാലാഖ നാലാമത്തെ സ്വപ്നത്തിൽ മുന്നറിയിപ്പ് നല്കി.

## കുടുംബനാഥനായ വിശുദ്ധ ജോസഫ്

ജോസഫ് ഒരു ഗ്രാമീണനായ ആശാരി, തീർച്ചയായും തന്റെ കാലടികൾ പിന്തുടരാൻ യേശുവിനെ പരിശീലിപ്പിച്ചിരിക്കും. മാത്രമല്ല പരസ്യശുശ്രൂഷ ആരംഭിക്കുന്നതിനുമുമ്പ് കുറച്ചുവർഷം ഒരു ആശാരിയെപ്പോലെ യേശു ജോലി ചെയ്യുകയും ചെയ്തു. പിന്നീടുള്ള ക്രൈസ്തവപാരമ്പര്യത്തിൽ മറിയത്തിന്റെ അത്ഭുതകരമായ ജനനത്തെയും ബാല്യത്തെയുംകുറിച്ചുള്ള കഥകൾ വികസിച്ചപ്പോൾ, പരിശുദ്ധ അമ്മയുടെ നിത്യകന്യകാത്വത്തെക്കുറിച്ചുള്ള പഠനം ഉരുത്തിരിഞ്ഞുവന്നപ്പോൾ, ജോസഫിനെക്കുറിച്ചുള്ള വിവരണങ്ങളും കൂടുതൽ കൃത്യതയുള്ളതായി.

മറിയത്തിന്റെ വിശുദ്ധിയുടെ പിന്നിൽ രണ്ടാമതായി ജോസഫിനെ ഉയർത്തുന്ന അനേകം കഥകൾ ജോസഫിനെക്കുറിച്ച് നൂറ്റാണ്ടുകളിലൂടെ രൂപപ്പെട്ടിട്ടുണ്ട്. അവരുടെ യാത്രയുടെ ദുരിതങ്ങളിലും പ്രവാസത്തിന്റെ കയ്പിലും ജോസഫ് എപ്പോഴും പരിശുദ്ധമറിയത്തിന്റെയും യേശുവിന്റെയും കൂട്ടുകാരനും സഹായിയും ഉദ്ധാരകനുമായിരുന്നു. ലിയോ പതിമൂന്നാമൻ പാപ്പാ പറയുന്നത്, “ഇക്കാരണങ്ങളാൽ ഭൂമി മുഴുവൻ അതിർവരമ്പുകളില്ലാതെ വ്യാപിച്ചുകിടക്കുന്ന ഈ കുടുംബത്തിൽ തനിക്ക് ഭരമേല്പിക്കപ്പെട്ടിരിക്കുന്ന, സഭയെ രൂപീകരിക്കുന്ന അനേകം ക്രിസ്ത്യാനികളെ അനുഗൃഹീതനായ ഈ പിതാവ് പരിപാലിക്കുന്നു. എന്തെന്നാൽ മറിയത്തിന്റെ ഭർത്താവും യേശുവിന്റെ വളർത്തുപിതാവുമെന്നനിലയിൽ അദ്ദേഹത്തിന് പിതൃസഹജമായ അധികാരമുണ്ട്. അപ്പോൾ, അനുഗൃഹീതനായ ജോസഫ് നസ്രത്തിലെ കുടുംബത്തിന്റെ എല്ലാ ആവശ്യങ്ങളും കൈകാര്യം ചെയ്യുകയും തന്റെ സംരക്ഷണത്തോട് ആ കുടുംബത്തെ ബന്ധിക്കുകയും ചെയ്തതിനാൽ, തന്റെ സ്വർഗ്ഗീയമായ മാധ്യസ്ഥ്യത്തിന്റെ മേലങ്കികൊണ്ട് യേശുക്രിസ്തുവിന്റെ സഭയെ പൊതിയുകയും സംരക്ഷിക്കുകയുംചെയ്യുമെന്നത് സ്വാഭാവികവും അതിന് അദ്ദേഹം യോഗ്യനുമാണ്. ”

ഈ വിശുദ്ധന് എല്ലാ ക്രൈസ്തവപോരാട്ടത്തിന്റെയും ലക്ഷ്യമായ പരിശുദ്ധ മറിയത്തിന്റെയും നമ്മുടെ രക്ഷകന്റെയുമൊപ്പം ജീവിക്കുന്നതിന്റെ വലിയ സന്തോഷമുണ്ടായിരുന്നു. വിശുദ്ധ ബർണാഡ് പറയുന്നു..... “യേശുക്രിസ്തുവിനെ കാണാൻ മാത്രമല്ല, അവിടുത്തെ കേൾക്കാനും തന്റെ കൈകളിൽ അവിടുത്തെ വഹിക്കാനും ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് നയിക്കാനും ആലിംഗനം ചെയ്യാനും പരി

പാലിക്കാനും പോഷിപ്പിക്കാനും ലോകത്തിന്റെ രാജകുമാരന്മാരിൽ നിന്ന് മറയ്ക്കപ്പെട്ട എല്ലാ വലിയ രഹസ്യങ്ങൾക്കും കാവലാകുവാനും!"

മരണാസന്നരുടെയും നല്ല മരണത്തിന്റെയും പ്രത്യേക മധ്യസ്ഥനായി സഭ വിശുദ്ധ ജോസഫിനെ ബഹുമാനിക്കുന്നു. പരിശുദ്ധ മറിയത്തിന്റെയും നമ്മുടെ രക്ഷകന്റെയും സ്നേഹം നിറഞ്ഞ കൈകളിൽ കിടന്ന് മരിക്കാനുള്ള വലിയ അവകാശം ജോസഫിനുണ്ടായിരുന്നു. മധ്യകാലഘട്ടത്തിലെ ഒരു ദൈവശാസ്ത്രജ്ഞനും മിസ്റ്റിക്കുമായിരുന്ന ജീൻ ഡി. ജെഴ്സൺ അതെഴുതുന്നു....." ജോസഫ് മരിക്കുമ്പോൾ സഹായത്തിന് യേശുവും മറിയവുമുണ്ടായിരുന്നു. പുണ്യം സ്വാഭാവികമായ വാത്സല്യത്തെ കൂടുതൽ പരിപൂർണ്ണമാക്കുന്നതുകൊണ്ട് യേശു തന്റെ വളർത്തുപിതാവിനെയോർത്ത് കരഞ്ഞു, ആശ്വസിപ്പിക്കുകയും അവസാന കടന്നുപോകലിനായി ശക്തിപ്പെടുത്തുകയും ചെയ്തുകൊണ്ട് അവസാനരോഗസമയത്ത് ശുശ്രൂഷിച്ചു.... ജോസഫിന്റെ വിശുദ്ധയായ ഭാര്യ തന്റെ കണ്ണുനീർക്കണങ്ങൾ തന്റെ പുത്രനോട് ചേർത്തു, മൃദുലതയോടെ തന്റെ പ്രിയപ്പെട്ട ഭർത്താവിനെ പ്രതി കരയുകയും തനിക്കു നല്കിയ എല്ലാ ശുശ്രൂഷകൾക്കും നന്ദിയർപ്പിക്കുകയും ചെയ്തുകൊണ്ട്."

## ക്രൈസ്തവജീവിതത്തിനൊരു മാതൃക

ജോസഫ്, രാജാധിരാജാവിന്റെ ആദ്യപടയാളി, വിനയത്തിന്റെയും വിശുദ്ധിയുടെയും ദൈവഹിതം അനുവർത്തിക്കുന്നതിന്റെയും തികഞ്ഞ മാതൃകയാണ്. പരിശുദ്ധ മാതാവായ മറിയത്തിനും അവൾ ലോകത്തിലേക്ക് കൊണ്ടുവരാനിരുന്ന ശിശുവിനും അഭയം നല്കാൻവേണ്ടി ഈജിപ്തിലേക്ക് ജോസഫ് നടത്തിയ പലായനത്തിന്റെ വേദനാജനകമായ സാഹചര്യങ്ങൾ നമുക്ക് സങ്കല്പിക്കാൻ പോലും കഴിയുകയില്ല. ഇതിലും മറ്റനേകം പ്രതിസന്ധികളിലും പരാതിയുടെ ഒരു വാക്കുപോലും അദ്ദേഹത്തിന്റെ വായിൽ നിന്ന് പുറത്തേയ്ക്ക് വന്നില്ല. എല്ലാ ക്രൈസ്തവർക്കും അനുകരിക്കാനും മാധ്യസ്ഥ്യം ചോദിക്കാനും സാധിക്കുന്ന ഒരു യഥാർത്ഥ വിശുദ്ധനാണ് അദ്ദേഹം.

കുടുംബനാഥന്മാർ പിതൃസഹജമായ ഔത്സുക്യത്തിന്റെയും ജാഗ്രതയുടെയും മൂർത്തീകരണമായി ജോസഫിനെ കാണുന്നു. ഭാര്യമാർ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും പരസ്പരമുള്ള

വിശ്വസ്തതയുടെയും തികഞ്ഞ ഉദാഹരണമായി കാണുന്നു. നിർഭാഗ്യത്തിന്റെ സമയത്തും തങ്ങളുടെ മാന്യത കാക്കുന്നത് എങ്ങനെയാണെന്ന് കുലീനരായവർ ജോസഫിന്റെ ജീവിതത്തിൽനിന്ന് പഠിക്കും. തങ്ങളുടെ അധ്വാനത്തിന്റെ വിലകൊടുത്ത് നേടിയെടുക്കേണ്ടതും ഏറ്റവുമധികം ആഗ്രഹിക്കേണ്ടതുമായ നന്മകൾ ഏതൊക്കെയാണെന്ന് സമ്പന്നർ അദ്ദേഹത്തിന്റെ ജീവിതപാഠങ്ങളിൽനിന്ന് മനസ്സിലാക്കും. തൊഴിലാളികൾക്കും വളരെ താഴ്ന്ന നിലയിലുള്ളവർക്കും വിശുദ്ധ ജോസഫിനോടുള്ള പ്രാർത്ഥന ഒരു പ്രത്യേക അവകാശമാണ്, അദ്ദേഹത്തിന്റെ മാതൃക പ്രത്യേകമായി അവർക്ക് അനുകരിക്കാനുള്ളതാണ്.

ജോസഫിനോട് ഒരു പ്രത്യേകസ്നേഹമുണ്ടായിരുന്ന ആവിലായിലെ വിശുദ്ധ തെരേസ എഴുതുന്നു:

"ദൈവത്തോടുള്ള സ്നേഹത്തെപ്രതി ഞാൻ ആവശ്യപ്പെടുന്ന, എന്നെ വിശ്വസിക്കാത്ത എല്ലാവരും ഞാൻ പറയുന്നത് പരീക്ഷിക്കട്ടെ. ഈ മഹത്വപൂർണ്ണനായ വന്ദ്യവയോധികൻ ജോസഫിന് സ്വയം സമർപ്പിക്കുന്നതും അദ്ദേഹത്തോട് ഒരു പ്രത്യേക ഭക്തിയുണ്ടാകുന്നതും എത്ര ഉപകാരപ്രദമാണെന്ന് അയാൾ സ്വയം പഠിക്കും."

വിശുദ്ധ ജോസഫ് ആരാധിക്കത്തക്കവിധത്തിലുള്ള ക്ഷമകാണിക്കുന്നു, അത് അനുകരിക്കാനും എളുപ്പമാണ്. ക്ഷമയുള്ള മനസ് എപ്പോഴും വിവേകത്തോടെയും അവധാനതയോടെയും, അനുഗൃഹീതയായ മാതാവിനെയും ശിശുവിനെയും കണ്ടപ്പോൾ ജോസഫ് ചെയ്തതുപോലെ, ചെയ്യുന്നു. വിശുദ്ധ ജോസഫിന്റേതുപോലുള്ള ബുദ്ധിമുട്ടുകൾ നമുക്ക് നേരിടാനില്ലെങ്കിലും ജീവിതപ്രതിസന്ധികൾ നാം എങ്ങനെ നേരിടുന്നുവെന്നത് ദൈവത്തിന് വളരെ പ്രധാനമാണ്. യോദ്ധാക്കൾക്ക് ചേർന്ന പുണ്യങ്ങളായ ക്ഷമ, വിനയം, വിവേകം, ആദരം, നമ്മുടെ ജോലികളിലും പ്രവർത്തനങ്ങളിലുമുള്ള സഹായം തുടങ്ങിയവയ്ക്കായി യൗസേപ്പിതാവിനോട് മാധ്യസ്ഥ്യം യാചിക്കാം.



# വി. യൗസേപ്പ് - ദൈവത്തിന്റെ ഹൃദയത്തിൽ ഇടം നേടിയവൻ

**ഫാ. അനിൽ സേവ്യർ പേരേപ്പിള്ളി ഒ.എസ്.ജെ.**

വി. യൗസേപ്പിതാവിന്റെ മഹത്വം രക്ഷാകരപദ്ധതിയിൽ പിതാവായ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവൻ എന്നതാണ്. മനുഷ്യനായി ഭൂമിയിലവതരിച്ച ദൈവകുമാരനെ കൈകളിലെടുക്കുവാൻ യൗസേപ്പിന് ലഭിച്ച ഭാഗ്യം സവിശേഷമാണ്. മുത്തുകളും പവിഴങ്ങളുമൊക്കെ രൂപപ്പെടുന്നത് നിശബ്ദതയിലാണല്ലോ. അതുകൊണ്ടാവാം ദൈവത്തിന്റെ തിരഞ്ഞെടുപ്പിന് പാത്രമായ സുകൃതങ്ങളുടെ നിറവായ യൗസേപ്പും കൃപയാർന്ന ഒരു മൗനത്തിലായിപ്പോയത്. സുവിശേഷങ്ങളിൽ യൗസേപ്പ് നിശ്ശബ്ദനായിപ്പോയെങ്കിലും ലഭ്യമായ അറിവുകളിൽനിന്നും ഉറവിടങ്ങളിൽനിന്നും വി. യൗസേപ്പിതാവിന്റെ പൂർവ്വകാല ജീവിതത്തെക്കുറിച്ചും തളിർത്ത വടിയെക്കുറിച്ചും

വി. യൗസേപ്പിതാവിന്റെ മരണത്തെക്കുറിച്ചും അറിയുവാൻ ശ്രമിക്കുകയാണ്.

വി. യൗസേപ്പിതാവിനെക്കുറിച്ച് നമുക്കുള്ള അറിവ് പ്രധാനമായും വിശുദ്ധഗ്രന്ഥത്തിൽനിന്നും അതോടൊപ്പം നമുക്ക് സുപരിചിതമായ ചിത്രങ്ങളിൽനിന്നും രൂപങ്ങളിൽനിന്നും ക്രിസ്തുമസ്സ് രംഗങ്ങളിൽനിന്നും വിശ്വാസപാരമ്പര്യങ്ങളിൽനിന്നും ഒപ്പം വി. യൗസേപ്പിതാവിന്റെ പൂർവ്വകാല ജീവിതത്തെക്കുറിച്ച് വെളിച്ചം വീശുന്ന ഐതിഹ്യകഥകളും വിവരണങ്ങളുമൊക്കയടങ്ങുന്ന അപ്രമാണിക ഗ്രന്ഥങ്ങളിൽ (അപ്പോക്രിഫൽ ബുക്ക്സ്) നിന്നുമാണ്.

വിശുദ്ധഗ്രന്ഥത്തിൽ വി. യൗസേപ്പിതാവിന്റെ പൂർവ്വകാല ജീവിതത്തെക്കുറിച്ച് വ്യക്തമായി ഒന്നുംതന്നെ പരാമർശിക്കുന്നില്ലെങ്കിലും വി. യൗസേപ്പിതാവിനെക്കുറിച്ചുള്ള പഠനങ്ങളിൽനിന്നും നമുക്ക് ലഭിക്കുന്ന അറിവ് അദ്ദേഹം നീതിമാനും മാനുഷിക ദൈവിക പുണ്യങ്ങളാൽ നിറഞ്ഞവനും ദൈവത്താൽ സംപ്രീതനായി രക്ഷാകരരഹസ്യങ്ങളുടെ സംരക്ഷകനായി തിരഞ്ഞെടുക്കപ്പെട്ട ശക്തനും ധീരനുമായ ഒരു യുവാവായിട്ടാണ്. എന്നാൽ, പിന്നീടുവന്ന പഠനങ്ങളിലൊക്കെ മാതാവിന്റെ കന്യാത്വം സംരക്ഷിക്കാൻ എന്ന ചിന്തയിൽ വി. യൗസേപ്പിനെ ചിത്രങ്ങളിലും രൂപങ്ങളിലുമൊക്കെ വൃദ്ധനായ ഒരു വ്യക്തിയായിട്ടാണ് ചിത്രീകരിച്ചിട്ടുള്ളത്. എന്നാൽ യൗസേപ്പ് മറിയവുമായി വിവാഹനിശ്ചയം കഴിഞ്ഞിരിക്കുന്ന, വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുവാൻ ആഗ്രഹിക്കുന്ന, ഉത്തരവാദിത്വം നിറഞ്ഞ ഒരു യുവാവായിട്ടാണ് വിശുദ്ധഗ്രന്ഥം നമുക്ക് വ്യക്തമാക്കിത്തരുന്നത്.

വി. യൗസേപ്പിതാവിന്റെ മഹത്വം എന്ന് പറയുന്നത് രക്ഷാകര ചരിത്രത്തിൽ പങ്കുപറ്റി എന്നതാണ്. ഇത്രമാത്രം മഹത്വമുള്ള ഒരു ദൗത്യത്തിലേക്ക് വിളിക്കപ്പെട്ടു എന്നതിനാൽത്തന്നെ നമുക്ക് മനസ്സിലാക്കാൻ സാധിക്കും, വി. യൗസേപ്പ് പുണ്യപൂർണ്ണതയുടെ വിളനിലവും ആഴമുള്ള വിശുദ്ധിയുടെ മൂർത്തീഭാവവുമാണെന്ന്. ഇത്രമാത്രം അത്യുന്നതമായ നിയോഗം മറ്റാരുംതന്നെ സ്വീകരിച്ചിട്ടില്ല. പഴയ നിയമത്തിലെ പൂർവ്വപിതാക്കന്മാരെയും പ്രവാചകന്മാരെയും ഒക്കെ പരിഗണിക്കുമ്പോൾ പുണ്യപൂർണ്ണതയിൽ അവരെയൊക്കെ അതിലംഘിക്കുന്ന വ്യക്തിത്വമാണ് യൗസേപ്പിന്റേത്. അബ്രാഹത്തെപ്പോലെ വി. യൗസേപ്പ് വിശ്വാസത്തിന്റെയും അനുസരണത്തിന്റെയും മനുഷ്യനാണ്. ഇസഹാക്കിനെപ്പോലെ പ്രാർത്ഥനയുടെയും ദർശനങ്ങളു

ടേയും ദൈവികവെളിപാടുകളുടെയും മനുഷ്യനാണ് യൗസേപ്പ്. യാക്കോബിനെപ്പോലെ ക്ഷമയുടെയും സ്വയം സമർപ്പണത്തിന്റെയും ആൾരൂപമാണ് വി. യൗസേപ്പ്. ഈജിപ്തിലെ ജോസഫിനെപ്പോലെ ചാരിത്ര്യശുദ്ധിയുടെ മാതൃകയാണ്. ദാവീദിന്റെ തിരഞ്ഞെടുപ്പു പോലെ ദൈവത്തിന്റെ ഹൃദയത്തിൽ ഇടം കണ്ടെത്തിയവനാണ് വി. യൗസേപ്പ്. വി. യൗസേപ്പിനോട് അഗാധമായ ഭക്തി ഉണ്ടായിരുന്ന വി. ജോസഫ് മറെല്ലോ പറയുന്നതുപോലെ "വി. യൗസേപ്പിനുള്ള മഹത്വം വി. യൗസേപ്പിന് മാത്രം ഉള്ളതാണ്."

വി. യൗസേപ്പിതാവിനെ വ്യത്യസ്തങ്ങളായ രീതിയിലാണ് ചിത്ര ങ്ങളിലും രൂപങ്ങളിലുമൊക്കെ ചിത്രീകരിച്ചിരിക്കുന്നത്. ആദ്യകാല ഘട്ടങ്ങളിൽ വി. യൗസേപ്പിതാവിനെ പുഷ്പിച്ച ഒരു വടി കൈയിൽ പിടിച്ചുകൊണ്ട് നില്ക്കുന്നതായിട്ടാണ് കാണുന്നത്. പിന്നീട് തൊഴിൽ ഉപകരണങ്ങൾ പിടിച്ചുകൊണ്ടുള്ള ചിത്രീകരണങ്ങളായി മാറി. എന്നാൽ യൗസേപ്പിനെ ഒരു എളിയ മരപ്പണിക്കാരനായി മാത്രം കാണാൻ ഇടയാകരുത്. തൊഴിലാണ് മനുഷ്യന് മഹത്വം നല്കുന്നതെന്ന് പറയുന്ന ഉപഭോഗസംസ്കാരത്തിൽ അതിന് സാധ്യതയുണ്ട്. എന്നാൽ ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ച് അവന്റെ മഹത്വമെന്നത്, ദൈവ ത്തിന്റെ വിളി തിരിച്ചറിഞ്ഞ് അതിന്റെ മഹത്വം മനസ്സിലാക്കി എളിയ ജോലികൾ ചെയ്തുകൊണ്ട് ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ തന്റെ സ്ഥാനം ഉറപ്പിക്കുകയെന്നതാണ്.

പുഷ്പിച്ച വടിയെക്കുറിച്ചുള്ള വിവരണം വി. ഗ്രന്ഥത്തിൽ സംഖ്യാപുസ്തകത്തിൽ കാണാവുന്നതാണ് (സംഖ്യ 17:1–11). കർ ത്താവ് മോശയോട് അരുൾചെയ്യുന്നു: 'ഇസ്രായേൽ ജനത്തോട് പറയുക, എല്ലാ ഗോത്രനേതാക്കന്മാരിൽനിന്നും ഗോത്രത്തിന് ഒന്ന് എന്ന കണക്കിൽ പന്ത്രണ്ട് വടി വാങ്ങി ഓരോന്നിലും പേര് എഴുതി സമാഗമകൂടാരത്തിൽ സാക്ഷ്യപേടകത്തിന് അരികിൽ വയ്ക്കുവാൻ. ലേവി ഗോത്രത്തിൽനിന്ന് അഹറോന്റെ പേര് എഴുതപ്പെടുവാൻ ആവ ശ്യപ്പെടുന്നു. ഞാൻ തെരഞ്ഞെടുക്കുന്നവന്റെ വടി തളിർക്കും. പിറ്റേ ദിവസം മോശ സാക്ഷ്യകൂടാരത്തിൽ ചെന്നപ്പോൾ ലേവി കുടുംബ ത്തിനുവേണ്ടിയുള്ള അഹറോന്റെ വടി മുളപൊട്ടി പൂത്ത് തളിർത്ത് ബദാം പഴങ്ങൾ കായ്ച്ച് നില്ക്കുന്നു'.

ഇത് സൂചിപ്പിക്കുന്നത് ദൈവതിരുമനസ്സുകൊണ്ട് അഹറോനെ തിരഞ്ഞെടുത്ത് അധികാരം കൊടുത്തതിന്റെ അടയാളമാണ്. പഴയ നിയമത്തിൽ അഹറോന്റെ പൂത്തവടി ദൈവത്തിന്റെ തിരഞ്ഞെടുപ്പി

ന്റെയും അധികാരത്തിന്റെയും പ്രതീകമാണ്. അങ്ങനെ അഹറോൻ സാക്ഷ്യകൂടാരത്തിന്റെ കാവൽക്കാരനും സേവകനുമായി തെരഞ്ഞെടുക്കപ്പെട്ടു.

പുതിയനിയമത്തിൽ ദൈവത്തിന്റെ കൂടാരം എന്ന് പറയുന്നത് ഈശോതന്നെയാണ്. ദൈവത്തിന്റെ കൂടാരമായി അവതരിച്ച ഈശോയെ വളർത്തുവാനും സംരക്ഷിക്കുവാനുമുള്ള അധികാരത്തിന്റെയും തിരഞ്ഞെടുപ്പിന്റെയും പൂത്തുനില്ക്കുന്ന വടി വി. യൗസേപ്പിനാണ് ദൈവം നല്കുന്നത്. ഇത് മനുഷ്യനിർമ്മിതമായ കൂടാരമല്ല. അതിനാൽത്തന്നെ ദൈവം ഈ ദൗത്യം എല്പിക്കുമ്പോൾ എത്രമാത്രം പ്രാധാന്യം കൊടുത്തു എന്നത് നമുക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ. ഹെബ്രായർക്കെഴുതിയ ലേഖനത്തിൽ ഇത് വ്യക്തമാക്കുന്നുണ്ട് (ഹെബ്ര. 8:1–5, 9:23). സ്വർഗ്ഗീയവസ്തുക്കളുടെ സാദൃശ്യത്തേയും നിഴലിനേയുമാണ് അവർ സമാഗമകൂടാരത്തിൽ ശുശ്രൂഷിച്ചത്. എന്നാൽ, മനുഷ്യനിർമ്മിതമല്ലാത്ത സാക്ഷ്യകൂടാരം, അതായത് ക്രിസ്തുവിനെ സംരക്ഷിക്കുവാനുള്ള പുതിയ ഉടമ്പടിയിലെ (ഹെബ്ര. 9:9, 24) പുഷ്പിച്ച വടിയാണ് യൗസേപ്പിന് നല്കപ്പെട്ടത്.

ഈ തിരഞ്ഞെടുപ്പിന്റെ പ്രാധാന്യം നമുക്ക് കാണിച്ച് തരുന്നത് വി. മത്തായിയുടെ സുവിശേഷത്തിലാണ് (മത്താ 1:8–20). മറിയത്തിന്റെ സംരക്ഷകനാകാൻ ദൈവം യൗസേപ്പിനെ തിരഞ്ഞെടുത്തതിന്റെ ഒരു പ്രതീകമാണ് അത്.

വി. യൗസേപ്പിതാവിന്റെ പുഷ്പിച്ച വടിയെക്കുറിച്ചുള്ള വിവരണങ്ങൾ ഒന്നുംതന്നെ ബൈബിളിൽ കാണാൻ സാധിക്കുന്നില്ല. അപ്പോക്രിഫൽ പുസ്തകങ്ങളിൽനിന്നുമാണ് നമുക്ക് അതിനെക്കുറിച്ചുള്ള വിവരണങ്ങൾ ലഭിക്കുന്നത്. അത് പ്രധാനമായും ജെയിംസിന്റെ പുസ്തകത്തിൽനിന്നാണ്. അതിൽ പറയുന്നത് ഇപ്രകാരമാണ്: മറിയത്തിന് വിവാഹപ്രായമാകുമ്പോൾ മറിയത്തെ വിവാഹം ചെയ്യുന്നതിനായി അവളുടെ ഗോത്രത്തിൽപ്പെട്ട ഓരോ യുവാവും ഓരോ വടി കൊണ്ടുവന്ന് പ്രധാന പുരോഹിതനെ ഏല്പിക്കണം. പുരോഹിതൻ അത് സാക്ഷ്യകൂടാരത്തിൽ വയ്ക്കും. അതിൽ യൗസേപ്പിന്റെ വടി മാത്രം പുഷ്പിച്ചിരുന്നു എന്നൊരു വിവരണമുണ്ട്. മറ്റൊരു വിവരണം പറയുന്നത് പുഷ്പിച്ച വടിയിൽനിന്ന് ഒരു പ്രാവ് വന്ന് യൗസേപ്പിന്റെ തലയിൽ ഇരുന്നു എന്നാണ്. ബദാമിന്റെ പൂവിട്ട വടിയായിട്ടാണ് ഇവിടെ പറയുന്നത്.

ബദാം പുഷ്പത്തിന്റെ വടി പിടിച്ചിരിക്കുന്നതായിട്ടാണ് ആദ്യ കാല ചിത്രങ്ങളും പ്രതിമകളും ഒക്കെ കാണുന്നത്. ബദാം എന്ന പദത്തിന് ഹെബ്രായ ഭാഷയിൽ "ജാഗരൂകത" എന്ന ഒരർത്ഥം കൂടിയുണ്ട്. എന്തെന്നാൽ വസന്തകാലത്ത് ആദ്യം പൂക്കുന്ന ചെടിയാണ് ബദാം. മറിയത്തേയും യേശുവിനേയും ജാഗ്രതയോടെ കാത്തുകൊള്ളുന്ന യൗസേപ്പിതാവിന്റെ പ്രതീകമാണിത്. ഇതിനെക്കുറിച്ചുള്ള പരാമർശങ്ങൾ ജെറമിയായുടെ പുസ്തകത്തിൽ കാണാവുന്നതാണ് (ജെറ. 1:1). ജെറമിയ ജാഗ്രതാ വൃക്ഷത്തിന്റെ (ബദാം) ശാഖ കാണുന്നതായും ജാഗ്രതയോടെ കാത്തിരിക്കുന്ന ദൈവത്തെക്കുറിച്ചും ഒക്കെ പറയുന്നുണ്ട്.

ബെനഡിക്റ്റൻ സന്ന്യാസിയായ വി. റോമുവാൾഡ് സ്ഥാപിച്ച കമൽഡോളി സന്ന്യാസസഭയിലെ സന്ന്യാസികൾ വി. യൗസേപ്പിതാവിന്റെ പുഷ്പിച്ച വടിയുടെ തിരുശേഷിപ്പ് ഫ്ളോറൻസിലെ മാലാഖമാരുടെ രാജ്ഞി ദൈവാലയത്തിൽ ഇന്നും സൂക്ഷിച്ചിട്ടുണ്ട്. ഇതിനെക്കുറിച്ച് ആധികാരികവും ഐതിഹ്യപരവും ഭാവനാപരവുമായ വിവരണങ്ങൾ ഒക്കെ ഉണ്ടെങ്കിലും ഒരു സാധാരണ വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഇത് മറിയത്തിന് സംരക്ഷണമേകാനും യേശുവിന്റെ വളർത്തുപിതാവാകാനുമുള്ള ദൈവത്തിന്റെ അത്യുന്നതമായ ദൗത്യത്തിലേക്ക് വി. യൗസേപ്പിനെ തിരഞ്ഞെടുത്തതിന്റെ അടയാളമായി നിലകൊള്ളുന്നു.

വി. യൗസേപ്പിതാവിന്റെ മരണത്തെക്കുറിച്ച് വിശുദ്ധ ഗ്രന്ഥത്തിൽ ഒന്നുംതന്നെ പറയുന്നില്ല എന്നുവരികിലും സംശയമില്ലാതെ നമുക്ക് പറയുവാൻ സാധിക്കും, യേശുനാഥന്റെ പരസ്യജീവിതത്തിനുമുമ്പ് യൗസേപ്പിതാവ് മരിച്ചിട്ടുണ്ടെന്ന്. എന്തെന്നാൽ യൗസേപ്പിതാവിന്റെ പേര് പിന്നീട് സുവിശേഷത്തിലോ, യേശുനാഥന്റെ പരസ്യജീവിതത്തിലോ, കാനായിലെ കല്യാണത്തിലോ ഒന്നുംതന്നെ കാണുന്നില്ല. കൂടാതെ യേശുനാഥന്റെ കുരിശുമരണസമയത്ത് യൗസേപ്പിതാവ് ജീവിച്ചിരുന്നെങ്കിൽ തീർച്ചയായും മാതാവിനെ യോഹന്നാന്റെ സംരക്ഷണയിൽ ഏല്പിക്കില്ലായിരുന്നു. അതുകൊണ്ട് യൗസേപ്പിതാവ് മാതാവിന്റെയും യേശുവിന്റെയും ദിവ്യമായ സാന്നിദ്ധ്യത്തിൽ ശാന്തമായി മരിച്ചിട്ടുണ്ടാവും. വി. അൽഫോൻസ് ലിഗോരി പറയുന്നുണ്ട്, മൂന്ന് കാര്യങ്ങൾകൊണ്ട് ലോകം മുഴുവൻ യൗസേപ്പിതാവിനെ നന്മരണത്തിന്റെ മദ്ധ്യസ്ഥനായി കരുതുമെന്ന്. ഒന്നാമത്, യേശുനാഥൻ പിതാവായി സ്നേഹിച്ച യൗസേപ്പിന് സ്വർഗ്ഗത്തിൽ വിശുദ്ധരെക്കാളും

വലിയ സ്ഥാനമുണ്ട്. രണ്ടാമത്, അർക്കലാവൂസ് രാജാവിന്റെ കരങ്ങളിൽ നിന്ന് ഉണ്ണീശോയെ സംരക്ഷിച്ച യൗസേപ്പിന് നമ്മെ മരണനേരത്ത് അസ്വസ്ഥപ്പെടുത്തുന്ന എല്ലാ പൈശാചികശക്തികളേയും തകർക്കുവാനുള്ള പ്രത്യേകമായ ശക്തിയുണ്ട്. മൂന്നാമത്, യേശുനാഥന്റെയും മറിയത്തിന്റെയും സാന്നിദ്ധ്യത്തിൽ ശാന്തനായി മരിച്ച യൗസേപ്പിതാവിന് ദൈവദൃഷ്ടിയിൽ ശാന്തവും വിശുദ്ധവുമായ ഒരു മരണം വരിക്കുവാനുള്ള അനുഗ്രഹം വാങ്ങിത്തരുവാനുള്ള പ്രത്യേക യോഗ്യതയുണ്ട്.

ഒരു മനുഷ്യജന്മത്തിന് ലഭിക്കാവുന്ന ഏറ്റം മഹത്വമേറിയ ഒരു ദൗത്യം പൂർത്തീകരിക്കാൻ ഭാഗ്യം ലഭിച്ച വ്യക്തിയാണ് വി. യൗസേപ്പ്. ദൈവകുമാരനെന്ന സ്വർഗ്ഗീയനിധിയെ ഭൂമിയിൽ പോറ്റിവളർത്താൻ ഭാഗ്യം ലഭിച്ച പച്ചയായ മനുഷ്യൻ. ജീവിതത്തിലെ സമസ്ത മേഖലയിലുള്ളവർക്കും അനുകരിക്കാൻ പറ്റിയ മാതൃകയാണ് വി. യൗസേപ്പിതാവിന്റെ ലാളിത്യമാർന്ന ജീവിതം. ജനനമരണങ്ങൾക്കിടയിലുള്ള ഈ ഭൂമിയിലെ കൊച്ചുജീവിതത്തിൽ സുകൃതങ്ങളുടെ ജീവിതം നയിക്കാൻ വി. യൗസേപ്പിന്റെ നിശബ്ദജീവിതം നമുക്ക് മാതൃകയാവട്ടെ.

## End notes


1. ROSALIE MARIE LEVY, JOSEPH THE JUSTMAN, St. Paul editions, Boston, 1954
2. LARRY M. TOSCHI OSJ, JOSEPH IN THE NEW TESTMENT, Guardian of the Redeemer Books, Santa Cruz California 1993
3. TRACISIO STRAMARE OSJ, ST. JOSEPH "GUARDIAN OF THE REDEEMER" Guardian of the Redeemer Books, Santa Cruz California 1997



# ദിവ്യകാരുണ്യവും വി. യൗസേപ്പും

**ഫാ. സെബാസ്റ്റ്യൻ ജെക്കോബി ഒ.എസ്.ജെ.**

ദിവ്യകാരുണ്യവും വി. യൗസേപ്പും തമ്മിൽ എന്ത് ബന്ധം എന്ന് ഒരുപക്ഷേ ചിന്തിച്ചേക്കാം. കാരണം, യേശു പരസ്യജീവിതം ആരംഭിക്കുന്നതിന് മുമ്പേതന്നെ യൗസേപ്പ് ഈ ലോകത്തോട് വിട പറഞ്ഞിരുന്നു. യേശു തന്റെ കുരിശുമരണത്തിന്റെ തലേദിവസമാണ് വി. കുർബാന സ്ഥാപിക്കുന്നത്. അവിടെ യൗസേപ്പിന്റെ സാന്നിധ്യം ഇല്ലായിരുന്നു എന്ന് സുവിശേഷങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ, ദിവ്യകാരുണ്യം ആരാണെന്നും എന്താണെന്നും അതിന്റെ സ്വഭാവവും ലക്ഷ്യവും എന്താണെന്നും നാം മനസ്സിലാക്കുമ്പോൾ ദിവ്യകാരുണ്യവും വി. യൗസേപ്പും തമ്മിൽ എങ്ങനെ ബന്ധപ്പെട്ടു കിടക്കുന്നു എന്ന് മനസ്സിലാക്കാം. ദിവ്യകാരുണ്യത്തോടുള്ള ഓരോ വൈദികന്റെയും ശുശ്രൂഷാമനോഭാവവും വി. യൗസേപ്പിന് യേശുവിനോടുണ്ടായിരുന്ന മനോഭാവവും ഒന്നിച്ചുപോകുന്നതാണ്.

## 1. ദിവ്യകാരുണ്യത്തെ സ്വഭവനത്തിൽ സ്വീകരിച്ചവൻ

കത്തോലിക്കസഭയുടെ മതബോധനഗ്രന്ഥം പഠിപ്പിക്കുന്നത്, "ഏറ്റവും പരിശുദ്ധ കൂദാശയായ കുർബാനയിൽ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ശരീരവും രക്തവും ആത്മാവോടും ദൈവികതയോടുംകൂടെ സത്യമായും യഥാർത്ഥമായും സത്താപരമായും അങ്ങനെ ക്രിസ്തു മുഴുവനും അടങ്ങിയിരിക്കുന്നു" എന്നാണ് (CCC 1374).

യേശുവിന്റെ ജനനത്തെപ്പറ്റിയുള്ള സദ്വാർത്ത യൗസേപ്പിനെ മാലാഖ അറിയിക്കുമ്പോൾ, മാലാഖ പറയുന്നുണ്ട് "ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവൽ എന്ന് അവൻ വിളിക്കപ്പെടും" (മത്താ. 1 :23). ദൈവപുത്രനെ സ്വന്തം ഭവനത്തിൽ മകനായി സ്വീകരിക്കുവാനുള്ള വലിയൊരു ദൈവവിളിയാണ് യൗസേപ്പിന് ലഭിച്ചത്. നസ്രത്തിലെ തിരുക്കുടുംബത്തിൽ ദൈവത്തിന്റെ നിത്യസാന്നിധ്യമായിരുന്നു വചനം മാംസം ധരിച്ച യേശുനാഥൻ. "ദൈവം നമ്മോടുകൂടെ" എന്നും ആയിരിക്കുന്നതിനുവേണ്ടിയാണ് യേശുനാഥൻ ദിവ്യകാരുണ്യം സ്ഥാപിക്കുന്നത്. ദിവ്യകാരുണ്യത്തിൽ ക്രിസ്തുവിന്റെ അനന്യമായ സാന്നിധ്യത്തെപ്പറ്റി കത്തോലിക്കസഭയുടെ മതബോധനഗ്രന്ഥം പഠിപ്പിക്കുന്നത്, "ക്രിസ്തു തന്റെ ദൃശ്യരൂപം വിട്ട് തനിക്ക് സ്വന്തമായിട്ടുള്ളവരിൽനിന്ന് പിരിഞ്ഞുപോകാറായപ്പോൾ തന്റെ കൗദാശിക സാന്നിധ്യം നമുക്ക് നല്കാൻ ആഗ്രഹിച്ചു. അവിടുന്ന് നമ്മെത്തന്നെ കുരിശിൽ സമർപ്പിക്കാൻ തുടങ്ങുകയായിരുന്നു. അതുകൊണ്ട് അവസാനംവരെ (യോഹ. 13:1) തന്റെ ജീവൻ നല്കുവോളം, നമ്മെ സ്നേഹിച്ച അവിടുന്ന് നമ്മെ രക്ഷിക്കാൻ തന്നെത്തന്നെ കുരിശിൽ സമർപ്പിക്കാറായപ്പോൾ ആ സ്നേഹത്തിന്റെ സ്മാരകം നമുക്ക് നല്കണമെന്ന് ആഗ്രഹിച്ചു. നമ്മെ സ്നേഹിക്കുകയും നമുക്ക്‌വേണ്ടി തന്നെത്തന്നെ നല്കുകയും ചെയ്തവൻ എന്ന നിലയിൽ ക്രിസ്തു തന്റെ ദിവ്യകാരുണ്യ സാന്നിധ്യത്തിലൂടെ തന്റെ സ്നേഹത്തെ പ്രകടമാക്കുകയും പകർന്നു നല്കുകയും ചെയ്യുന്ന സാദൃശ്യങ്ങളുടെ കീഴിൽ നിഗൂഢമായ വിധത്തിൽ നമ്മുടെ മദ്ധ്യേ വസിക്കുന്നു" (CCC 1380).

യേശുവാകുന്ന ഈ ദിവ്യകാരുണ്യത്തെ നസ്രത്തിലെ തിരുക്കുടുംബത്തിൽ അനുദിനം ആരാധിച്ചവനാണ് വി. യൗസേപ്പ്. 19-ാം നൂറ്റാണ്ടിൽ ഫ്രാൻസിൽ ജീവിച്ചിരുന്ന ദിവ്യകാരുണ്യ സന്യാസസഭ

യുടെ സ്ഥാപകനായ വി. പീറ്റർ ജൂലിയ എയ്മാർഡ് (1811 – 1868) വി. യൗസേപ്പിന്റെ വലിയ ഭക്തനായിരുന്നു. വചനം മാംസം ധരിച്ച ദിവ്യ കാരുണ്യത്തോടുള്ള സേവനത്തിലും ആരാധനയിലും വി. യൗസേപ്പായിരുന്നു അദ്ദേഹത്തിന്റെ മാതൃക. തന്റെ സന്യാസസഭാംഗങ്ങളോട് അദ്ദേഹം പറയുമായിരുന്നു "നസ്രത്തിലെ തിരുക്കുടുംബത്തിൽ യേശുവിനെ ഏറ്റവും കൂടുതൽ ആരാധിക്കുകയും അവിടുത്തേക്ക് സേവനം ചെയ്യുകയും ചെയ്തത് വി. യൗസേപ്പാണ്. പരിശുദ്ധ ദിവ്യ കാരുണ്യത്തോടുള്ള ആരാധനയിൽ നമുക്കും നസ്രത്തിലെ യൗസേപ്പിനെപ്പോലെ ദിവ്യകാരുണ്യത്തിന്റെ യൗസേപ്പുമാരാകാം."

## 2. പൗരോഹിത്യകർമ്മം നിർവഹിച്ചവൻ

പുരോഹിതരുടെ ശുശ്രൂഷയിലൂടെയാണ് ദിവ്യകാരുണ്യം സഭയിൽ യാഥാർത്ഥ്യമായിത്തീരുന്നത്. ട്രെന്റ് സുനഹദോസിന്റെ പ്രബോധനമനുസരിച്ച്, "ക്രിസ്തുവിന്റെ ബലിയും കുർബാനയാകുന്ന ബലിയും ഒരേ ഒരു ബലിയാണ്; ബലിവസ്തു ഒന്നുതന്നെയാണ്. അന്ന് കുരിശിൽ തന്നെത്തന്നെ സമർപ്പിച്ചവൻ തന്നെയാണ് ഇന്ന് പുരോഹിതന്മാരുടെ ശുശ്രൂഷയിലൂടെ സമർപ്പിക്കുന്നത്. സമർപ്പണത്തിന്റെ രീതിക്കുമാത്രമേ വ്യത്യാസമുള്ളൂ" (CCC 1367).

പൗരോഹിത്യ ശുശ്രൂഷയിലുള്ള യൗസേപ്പിന്റെ ഭാഗഭാഗിത്വമാണ് അവിടുത്തെ ദിവ്യകാരുണ്യവുമായി ബന്ധിപ്പിക്കുന്നത്.

യേശുവിന്റെ ജറുസലേം ദൈവാലയത്തിലുള്ള സമർപ്പണത്തിലും ഛേദനാചാരകർമ്മത്തിലുമുള്ള യൗസേപ്പിന്റെ ഇടപെടൽ ഇവിടെ പ്രസക്തമാണ്. ഈ കർമ്മങ്ങളിൽ യൗസേപ്പ് ഒരു പുരോഹിതൻ അല്ലായിരുന്നെങ്കിലും ശിശുവായ യേശുവിന്റെ പരിശുദ്ധ ശരീരത്തോട് ഒരു പുരോഹിതനടുത്ത കർമ്മങ്ങൾ നിർവ്വഹിച്ചു. ഛേദനാചാരകർമ്മത്തിൽത്തന്നെ കർത്താവായ യേശു, പാപമോചനത്തിനായി ചിന്തപ്പെടാനിരുന്ന പരിശുദ്ധമായ ആ രക്തത്തിന്റെ ആദ്യഫലം യൗസേപ്പിന്റെ കരങ്ങളിലൂടെ സമർപ്പിച്ചു. യേശു, പിതാവായ ദൈവത്തിന് ഭക്തിപൂർവ്വം തന്റെ ജീവിതത്തിന്റെ ആരംഭത്തിൽതന്നെ പ്രീതികരമായ അപ്പവും നിർമ്മലകാഴ്ചയുമായി സമർപ്പിച്ചു.

ദൈവാലയത്തിൽ യേശുവിനെ സമർപ്പിക്കുന്ന ചടങ്ങുകളിൽ യൗസേപ്പിന്റെ കർമ്മം വളരെ പ്രകടമാണ്. ലൂക്കാ സുവിശേഷകൻ ഈ രംഗം വിവരിക്കുമ്പോൾ യൗസേപ്പും മറിയവും തമ്മിലുള്ള ഒരു

വ്യത്യാസവും രേഖപ്പെടുത്തുന്നില്ല. “നിയമപ്രകാരമുള്ള അനുഷ്ഠാനങ്ങൾക്കായി ശിശുവായ യേശുവിനെ മാതാപിതാക്കന്മാർ ദൈവാലയത്തിൽ കൊണ്ടുചെന്നു” (ലൂക്ക 2:27) എന്നാണ് ലൂക്ക സുവിശേഷകൻ രേഖപ്പെടുത്തുന്നത്. എന്നാൽ, പിതാവെന്ന നിലയിൽ പ്രധാന ഉത്തരവാദിത്വം യൗസേപ്പിന്റേതായിരുന്നു. നിയമാനുഷ്ഠാനങ്ങളുടെ പൂർത്തീകരണത്തിൽ യൗസേപ്പിന്റെ ഭാഗം തന്നെയാണ് പ്രാധാന്യമർഹിക്കുന്നത്. യേശുവിന്റെ സംരക്ഷകനെന്ന നിലയിൽ യൗസേപ്പാണ് ജെറുസലേം ദൈവാലയത്തിന്റെ അൾത്താരയിൽ, കാൽവരിയിലെ കുരിശാകുന്ന അൾത്താരയിൽ അർപ്പിക്കപ്പെടേണ്ടതായ, ലോകത്തിന്റെ രക്ഷാകര ബലിയിലേക്ക് കാഴ്ചവസ്തുവായ, ശിശുവായ യേശുവിനെ പിതാവായ ദൈവത്തിന് സമർപ്പിക്കുന്നതും.

ദിവ്യകാരുണ്യം കാൽവരിയിലെ ബലിയുടെ മുന്നാസ്വാദനമെന്ന നിലയിൽ, യൗസേപ്പും അതിൽ ഭാഗഭാക്കായി എന്ന് പറയാം.

## 3. ജീവന്റെ അപ്പമായവനെ ലോകത്തിന് നല്കിയവൻ

മനുഷ്യർക്ക് ജീവനുണ്ടാകുവാൻ സ്വർഗ്ഗത്തിൽനിന്നുമിറങ്ങിയ ജീവന്റെ അപ്പമാണ് ദിവ്യകാരുണ്യം (യോഹ. 6:25-40). രക്ഷാകരചരിത്രത്തിൽ മനുഷ്യവർഗ്ഗത്തെ തീറ്റിപ്പോറ്റുന്നതിൽ പഴയ നിയമത്തിലെ യൗസേപ്പും (ഉൽപ 41:53-57) പുതിയ നിയമത്തിലെ യൗസേപ്പും തമ്മിൽ വളരെ സാദൃശ്യങ്ങളുണ്ട്. വി. ബർണാദ് പറയുന്നു, “പഴയ നിയമത്തിലെ ജോസഫ് തനിക്കുവേണ്ടിയല്ല, സകല ജനത്തിനും വേണ്ടിയാണ് അപ്പം (ധാന്യം) ശേഖരിച്ചത്. നിത്യപുരോഹിതനായ യേശുവിന്റെ സംരക്ഷകനായ പുതിയ നിയമത്തിലെ യൗസേപ്പിന് തനിക്കും സർവ്വജനത്തിനും വേണ്ടിയുള്ള ജീവന്റെ അപ്പമാണ് സ്വർഗ്ഗത്തിൽനിന്നും നല്കപ്പെട്ടത്.” സിയന്നായിലെ വി. ബർണാദ്, വി. ഗ്രന്ഥത്തിലെ ഈ രണ്ട് യൗസേപ്പുമാരുടെ സാദൃശ്യങ്ങൾ പഠനവിഷയമാക്കിക്കൊണ്ട് നസ്രത്തിലെ യൗസേപ്പിന്റെ ഔന്നത്യം എടുത്തുകാണിക്കുന്നുണ്ട്. നസ്രത്തിലെ യൗസേപ്പ് സ്വർഗ്ഗീയ ജീവിതത്തെ താങ്ങി നിറുത്തുന്ന സ്വർഗ്ഗീയ അപ്പം തെരഞ്ഞെടുക്കപ്പെട്ട സകല ജനതയ്ക്കുമായി സമ്പാദിച്ചു. ഈ ഒരു ചിന്ത തന്നെയാണ് 9-ാം പീയൂസ് പാപ്പ, വി. യൗസേപ്പിനെപ്പറ്റിയുള്ള “ക്വേമാദ്മോദും ദേവൂസ” എന്ന ചാക്രിക ലേഖനത്തിൽ രേഖപ്പെടുത്തുന്നത്. “വിശ്വാസികൾ നിത്യജീവന്റെ അപ്പമായി ഭക്ഷിക്കേണ്ടവനെ പോറ്റിവളർത്തിയത് വി. യൗസേപ്പാണ്.”

## 4. ബലിയർപ്പണത്തിൽ വൈദികർക്ക് മാതൃക

ശുശ്രൂഷാപൗരോഹിത്യത്തിൽ പങ്കുചേരാൻ വിളിക്കപ്പെട്ടിരിക്കുന്ന എല്ലാ വൈദികർക്കും ഉത്തമ മാതൃകയാണ് വി. യൗസേപ്പ്. ശിശുവായ യേശുവിനെ തന്റെ കരങ്ങളിൽ എടുത്തുകൊണ്ട്, ദൈവത്തിന്റെ അൾത്താരയിൽ അർപ്പിച്ചുകൊണ്ട്, "ഇതാ ദൈവത്തിന്റെ കുഞ്ഞാട്, ഇതാ ലോകത്തിന്റെ പാപങ്ങൾ പോക്കുന്നവൻ" എന്ന് പ്രഘോഷിച്ച യൗസേപ്പിനെപ്പോലെ, ക്രിസ്തുവിന്റെ ശരീരരക്തങ്ങൾ സ്വീകരിക്കുകയും യോഗ്യതയോടെ സമർപ്പിക്കുകയും ചെയ്യുന്ന വൈദികർ ഹൃദയവിശുദ്ധിയോടും നിഷ്കളങ്കമായ പ്രവൃത്തികളോടുംകൂടെ പരിശുദ്ധ അൾത്താരയിൽ ബലിയർപ്പിക്കുവാൻ വിളിക്കപ്പെട്ടവരാണ്. വിശുദ്ധ ബലിയർപ്പണത്തിന് ഒരുക്കമായി വൈദികർ ചൊല്ലിയിരുന്ന യൗസേപ്പിതാവിനോടുള്ള പ്രാർത്ഥന ഇവിടെ വളരെ പ്രസക്തമാണ്. "പിതാവായ ദൈവമേ, കന്യകാമറിയത്തിൽനിന്ന് ജാതനായ നിന്റെ ഏകപുത്രനെ തന്റെ കരങ്ങളിൽ വഹിക്കുവാനും പരിചരിക്കുവാനും ഭാഗ്യം ലഭിച്ച ഭാഗ്യപ്പെട്ട യൗസേപ്പിനെപ്പോലെ, നിർമ്മലമായ ഹൃദയത്തോടും നിഷ്കളങ്കമായ പ്രവൃത്തികളോടുംകൂടെ നിന്റെ പരിശുദ്ധമായ അൾത്താരയിൽ ശുശ്രൂഷ ചെയ്യുവാൻ ഞങ്ങൾക്ക് വരം നല്കണമേ. അങ്ങനെ നിന്റെ ഏകപുത്രന്റെ പരിശുദ്ധമായ ശരീരവും രക്തവും യോഗ്യതയോടെ സ്വീകരിക്കുവാനും സ്വർഗ്ഗരാജ്യത്തിൽ നിത്യസമ്മാനം കൈവരിക്കാനും അനുഗ്രഹിക്കണമേ."

നവീകരിക്കപ്പെട്ട ആരാധനാക്രമത്തിൽ, പൗരോഹിത്യവും വി. യൗസേപ്പും തമ്മിലുള്ള ബന്ധം മാർച്ച് 19-ലെ വി. യൗസേപ്പിന്റെ തിരുനാൾ ദിവസത്തെ നൈവേദ്യ പ്രാർത്ഥനയിൽ വളരെ സമ്യക്കായി അവതരിപ്പിക്കുന്നു. "കർത്താവേ, പരിശുദ്ധ കന്യാമറിയത്തിൽ നിന്നും പിറന്ന അങ്ങേ ഏകജാതനെ ഭക്ത്യാദരപൂർവ്വം വി. യൗസേപ്പ് ശുശ്രൂഷിച്ചപോലെ, നിർമ്മല ഹൃദയത്തോടെ അങ്ങേ അൾത്താരയിൽ ശുശ്രൂഷിക്കാൻ ഞങ്ങളെയും അർഹരാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു."

## ഉപസംഹാരം

പരിശുദ്ധ ദിവ്യകാരുണ്യവും വി. യൗസേപ്പും തമ്മിലുള്ള ബന്ധം ദൈവശാസ്ത്രത്തിൽ ഒരു പുതിയ വിഷയമല്ല. ധാരാളം വിശുദ്ധർ യൗസേപ്പിനെപ്പറ്റി ധ്യാനിക്കുകയും പഠിക്കുകയും ചെയ്തി

ട്ടുണ്ട്. ദിവ്യകാരുണ്യംതന്നെയായ യേശുനാഥനുമായി നസ്രത്തിലെ തിരുക്കുടുംബത്തിൽ ജീവിതം പങ്കുവയ്ക്കുകയും യേശുവിനെ വളർത്തുകയും കാത്തുസൂക്ഷിക്കുകയും ചെയ്ത വി. യൗസേപ്പിന് പരിശുദ്ധ ദിവ്യബലിയിലുള്ള അവിഭാജ്യമായ പങ്ക് മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് 1962 നവംബർ 13-ാം തീയതി വി. ജോൺ 23-ാമൻ പാപ്പ, വി. യൗസേപ്പിന്റെ നാമം പരിശുദ്ധ മറിയത്തിന്റെ നാമത്തിനുശേഷം വി. ബലിയിലെ ഒന്നാം സ്തോത്രയാഗ പ്രാർത്ഥനയിൽ ഉൾപ്പെടുത്തണമെന്ന് കല്പിച്ചത്. കാരണം, തെരഞ്ഞെടുക്കപ്പെട്ടവർക്ക് ഭക്ഷണമായിത്തീരേണ്ടവനെ പോറ്റി വളർത്തിയത് വി. യൗസേപ്പാണ്. എന്നാൽ, ഫ്രാൻസിസ് പാപ്പ സ്ഥാനമേറ്റെടുത്ത് രണ്ടു മാസങ്ങൾക്കുള്ളിൽ, 2013 മെയ് 1-ന് വി. യൗസേപ്പിന്റെ നാമം എല്ലാ ദിവ്യബലികളിലും കൂട്ടിച്ചേർക്കണമെന്ന് കല്പിക്കുകയുണ്ടായി.

ദിവ്യകാരുണ്യത്തെ കൂടുതൽ സ്നേഹിക്കുവാനും സേവിക്കുവാനും വി. യൗസേപ്പ് നമുക്ക് മാതൃകയാകട്ടെ.

വി. യൗസേപ്പിന്റെ വലിയൊരു ഭക്തനായ ഒ.എസ്.ജെ. സഭാ സ്ഥാപകനായ വി. ജോസഫ് മറെല്ലോയുടെ പ്രാർത്ഥനയോടുകൂടി ഈ ചിന്തകൾ ഉപസംഹരിക്കുന്നു. “പരിശുദ്ധ കന്യകാമറിയം കഴിഞ്ഞാൽ, രക്ഷകനായ യേശുവിനെ തന്റെ മാറോടണച്ച വി. യൗസേപ്പേ, ദൈവവചനത്തോടുള്ള ഗാഢമായ ബന്ധത്തിൽ നീ ശുശ്രൂഷകനായിരുന്നതുപോലെ, ഞങ്ങളുടെ ശുശ്രൂഷകളിൽ നീ ഞങ്ങളുടെ മാതൃകയും വഴികാട്ടിയുമായിരിക്കണമേ.”



## ജോസഫ്
# എങ്ങനെ ഭാഗ്യവാനായി?

**ഫാ. മാർട്ടിൻ തൈപ്പറമ്പിൽ**

പാരമ്പര്യ സഭ വിശുദ്ധ യൗസേപ്പിതാവിനെ വിളിക്കുന്നത് “ഭാഗ്യപ്പെട്ട വിശുദ്ധ യൗസേപ്പിതാവ്” എന്നാണ്. വിശുദ്ധ ഗ്രന്ഥം നൽകുന്ന വിവരങ്ങൾ വച്ചു നോക്കുമ്പോൾ ഇത്രമാത്രം അസൗക ര്യങ്ങളുടെയും പരമ ദാരിദ്ര്യത്തിന്റെയും സമ്പൂർണ പരിത്യാഗത്തി ന്റെയും ജീവിത വഴിയിലൂടെ നടന്നുപോകാൻ വിധിക്കപ്പെട്ട ഒരു മനുഷ്യൻ. ഒരു സാധാരണ മനുഷ്യന്, ഭർത്താവിന് ലഭിക്കുന്ന മിനിമം അവകാശങ്ങളും സാദ്ധ്യതകളും പോലും നിഷേധിക്കപ്പെട്ട ഒരു ജീവിതം. ഈ ലോകത്തിന്റെ കണ്ണുകളിലൂടെ എങ്ങനെ നോക്കി യാലും സകല ഭാഗ്യങ്ങളും സാദ്ധ്യതകളും നിഷേധിക്കപ്പെട്ട ഒരു വ്യക്തി. വല്ലാത്ത ഞെരുക്കങ്ങളിലൂടെകടന്നുപോയ മനുഷ്യൻ. പിന്നെ എന്തുകൊണ്ടാണ് ഭാഗ്യപ്പെട്ടവനെന്ന് വിശുദ്ധ യൗസേപ്പി താവ് വിശേഷിപ്പിക്കപ്പെടുന്നത്? സുന്ദരിയായ ഗ്രാമീണ കന്യകയുടെ ഭർത്താവാകാൻ അവസരം ലഭിച്ചതുകൊണ്ടാണോ? അല്ലെങ്കിൽ ഉണ്ണീശോയുടെ വളർത്തുപിതാവാകാൻ അവസരം ലഭിച്ചതുകൊ

ണ്ടാണോ? ഇങ്ങനെ ഒരുപാടുചോദ്യങ്ങളുണ്ട് മനസ്സിൽ, ഈ പിതാവിനെ ധ്യാനിക്കുമ്പോൾ. കാരണം, ജീവിതം ഭാഗ്യപൂർണ്ണമാക്കണമെന്ന് ആഗ്രഹിക്കുന്നവരും അതിനുള്ള ഒറ്റമൂലിയും അന്വേഷിച്ചു നടക്കുന്നവരുമാണ് നമ്മിൽ പലരും. ഉള്ളിന്റെ ഉള്ളിൽ നിന്നും പുറത്തേക്കു വരുന്ന ഊഷ്മളമായ പ്രാർത്ഥനയും ജീവിതം ഭാഗ്യപൂർണ്ണമാകണമെന്നാണ്. ഒരേ ജീവിതാനുഭവങ്ങളിൽ ഭാഗ്യനിർഭാഗ്യങ്ങളുടെ കണക്കെടുക്കുന്നവരാണ് നമ്മിൽ പലരും. അപ്പോഴാണ് വിശുദ്ധ യൗസേപ്പിതാവിനെ ഭാഗ്യപ്പെട്ട വിശുദ്ധ യൗസേപ്പ് എന്നുവിളിച്ചു സഭാമക്കൾ വണങ്ങുന്നത്. എന്തുകൊണ്ടാണ് വിശുദ്ധ യൗസേപ്പിതാവിനെ ഭാഗ്യപ്പെട്ടവൻ എന്നു വിളിക്കുന്നത് എന്നു ചോദിക്കുമ്പോൾ അതിനുള്ള ഉത്തരം നൽകുന്നത് വിശുദ്ധ ലൂക്കാ സുവിശേഷകനാണ്. ലൂക്കാ 8:15 വാക്യത്തിൽ നാം ഇപ്രകാരം വായിക്കുന്നു. ''ദൈവവചനം ശ്രവിച്ച് അത് ഉത്തമവും സംശുദ്ധവുമായ ഹൃദയത്തിൽ സംഗ്രഹിച്ച് ഫലം പുറപ്പെടുവിക്കുന്നവനാണ് ഭാഗ്യവാൻ''.

മൂന്നു കാര്യങ്ങളാണ് ഇവിടെ നാം കാണുന്നത്; ഭാഗ്യത്തെ നിർണയിക്കുന്നതിനുള്ള മൂന്നു മാനദണ്ഡങ്ങൾ. അത് ഇങ്ങനെയാണ്. 1. ദൈവവചനം ശ്രവിക്കുക, 2. ഉത്തമവും സംശുദ്ധവുമായ ഹൃദയത്തിന്റെ ഉടമയായിരിക്കുക. 3. ഫലം പുറപ്പെടുവിക്കുക. ഈ മൂന്നു കാര്യങ്ങളുടെ വെളിച്ചത്തിലാകണം വിശുദ്ധ യൗസേപ്പിതാവിനെ വിലയിരുത്തേണ്ടതും ധ്യാനിക്കേണ്ടതും നോക്കിക്കാണേണ്ടതും. ഇവയുടെ വെളിച്ചത്തിലാകണം എന്തുകൊണ്ടാണ് വിശുദ്ധ യൗസേപ്പിതാവ് ഭാഗ്യവാനെന്ന് വിളിക്കപ്പെടുന്നത് എന്ന് നാം മനസ്സിലാക്കേണ്ടതും.

ഒന്നാമതായി വിശുദ്ധ യൗസേപ്പിതാവ് ദൈവവചനം ശ്രവിച്ചവനാണ്. വെറുതെ കേൾക്കുക എന്നല്ല അതിനർത്ഥം. ദൈവവചനം അതിന്റെ എല്ലാ അർത്ഥത്തിലും ഉൾക്കൊണ്ടവനാണ് അവിടുന്ന്. ഏതൊരു യുവാവിനെയും പോലെ യുവത്വത്തിന്റെ മോഹന സ്വപ്നങ്ങൾ മനസ്സിൽ കരുതിയിരുന്ന യുവാവ്. അമ്മച്ചി പറഞ്ഞുതന്ന കഥ ശരിയാണെങ്കിൽ സുന്ദരിയായ യുവതി മറിയത്തെ ഭാര്യയായി സ്വീകരിക്കുന്നതിനുവേണ്ടി ആഗ്രഹിച്ചുവന്ന അനേകരിൽ ഒരാളാണ് യൗസേപ്പ് എന്ന ചെറുപ്പക്കാരൻ. കൈയിൽകൊടുക്കപ്പെട്ട ഉണക്കക്കമ്പ് അദ്ഭുതകരമായി പൂത്തു വിരിഞ്ഞത് യൗസേപ്പിന് മറിയത്തെ ജീവിതപങ്കാളിയായി സ്വീകരിക്കുന്നതിനുള്ള യോഗ്യത

യുടെ അടയാളമായി മാറി. അനുസരണത്തിന്റെയും ദാരിദ്ര്യത്തിന്റെയും കന്യാവ്രതത്തിന്റെയും മൂന്നു വെള്ളപ്പൂക്കൾ ആ ഉണക്കക്കമ്പിൽ വിരിഞ്ഞുയർന്നപ്പോൾ തന്റെ ജീവിതംകൊണ്ട് ദൈവം എന്ത് ആഗ്രഹിച്ചുവെന്ന് ആ പാവം യുവാവ് ആ സമയം തിരിച്ചറിഞ്ഞിരുന്നുവോ എന്നറിയില്ല. പക്ഷേ, പിന്നീടുള്ള ജീവിതംകൊണ്ട് വ്രതത്രയത്തെ ജീവിതത്തിൽ അങ്ങേയറ്റം പാലിച്ച് മാതൃകയും സംരക്ഷകനും മദ്ധ്യസ്ഥനുമായി ആ മഹാത്മാവ് അന്നും ഇന്നും എന്നും ജീവിക്കുന്നു.

മറിയത്തെ സ്വീകരിക്കുന്നതിനൊരുങ്ങുമ്പോൾ ഏതൊരു യുവാവിനെയും പോലെ യുവാവായ യൗസേപ്പിന്റെ മനസ്സിലും കുടുംബജീവിതത്തെക്കുറിച്ചും, ദാമ്പത്യജീവിതത്തെക്കുറിച്ചും ആകാശംമുട്ടെ സ്വപ്നങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ താലോലിച്ച സ്വപ്നങ്ങളുടെ ഇടയിലേക്ക് മാലാഖ കടന്നു വരുന്നുണ്ട്. താൻ ദൈവത്താൽ അയക്കപ്പെട്ടവനാണെന്നും താൻ ജീവിതത്തിലേക്ക് സ്വീകരിക്കാനൊരുങ്ങുന്ന മറിയം പരിശുദ്ധാത്മാവിനാൽ ഗർഭം ധരിച്ചിരിക്കുന്നു എന്നും ഒക്കെ പറഞ്ഞു വയ്ക്കുമ്പോൾ ആകാശം മുട്ടെ കെട്ടിയുയർത്തിയ സ്വപ്നങ്ങളുടെ ചില്ലുകൊട്ടാരം തകർന്നു തരിപ്പണമാകുകയായിരുന്നു. എന്നിട്ടും തിരുവായ്ക്ക് മറുചോദ്യം ചോദിക്കാതെ അവൻ വിനയംകൊണ്ട്, അനുസരണംകൊണ്ട് സ്വയം മൗന വ്രതംസ്വീകരിച്ച് ശിരസ്സു നമിക്കുന്നുണ്ട്. "നിന്റെ ഭാര്യ മറിയത്തെ സ്വീകരിക്കാൻ ശങ്കിക്കേണ്ട" എന്ന ദൈവഹിതം വെളിപ്പെടുത്തപ്പെട്ടപ്പോൾ "ഇതാ കർത്താവിന്റെ ദാസൻ" എന്ന് പറയാതെ പറഞ്ഞ് ആ യുവാവ് ദൈവത്തിന് വിധേയപ്പെട്ട് മറിയത്തെ സ്വീകരിക്കുന്നു. ദൈവവചനം ശ്രവിച്ച് ഹൃദയത്തിൽ സ്വീകരിച്ച് വിധേയത്വത്തോടെ ജീവിച്ചു. വിശുദ്ധ യൗസേപ്പ് ദൈവവചനം ശ്രവിച്ച് ജീവിതം ഭാഗ്യപൂർണ്ണമാക്കി. ഭാഗ്യവാന്മാരാകാൻ ആഗ്രഹിച്ച് പ്രാർത്ഥിക്കുന്നവരോട് വിശുദ്ധ യൗസേപ്പിതാവ് പറയുന്ന മൂന്നു ചേരുവകകളുള്ള ഒറ്റ മൂലിയിൽ ആദ്യത്തേത് ദൈവവചനം ശ്രവിക്കുന്നവരാകുക. ദൈവവചനം ഉൾക്കൊണ്ട് വിശ്വസ്തതയോടെ ജീവിക്കുക, നീയും ഭാഗ്യവാനാകും. ഇത് ഭാഗ്യം തേടുന്നവർക്കുള്ള ഒന്നാമത്തെ പാഠം.

ഭാഗ്യവാനെ നിർണ്ണയിക്കുന്നതിന് വിശുദ്ധ ലൂക്കാ സുവിശേഷകൻ പറയുന്ന രണ്ടാമത്തെ പാഠം, ഉത്തമവും സംശുദ്ധവുമായ ഹൃദയത്തിന്റെ ഉടമയാകുക; നീയും ഭാഗ്യവാനാകും. വിശുദ്ധ

യൗസേപ്പിതാവ് ഉത്തമവും സംശുദ്ധവുമായ ഹൃദയത്തിന്റെ ഉടമയായിരുന്നു. ഉത്തമവും സംശുദ്ധവുമായ ഹൃദയത്തിന്റെ അടയാളമായി പ്രഭാഷകൻ പലയിടങ്ങളിൽ പറയുന്നത് ഇപ്രകാരമാണ്: ആരുടെയും മേൽ തിന്മ നിരൂപിക്കാതിരിക്കുക, ആരുടെയും സൽപേര് നശിപ്പിക്കാതിരിക്കുക, എല്ലാവർക്കുംവേണ്ടി നന്മ ചെയ്യുക, നാവിനെ നിയന്ത്രണ വിധേയമാക്കുക.

മറിയം ഗർഭിണിയാണെന്ന് കേട്ടിട്ട് സ്വപ്നങ്ങൾ തകർന്ന ജോസഫ് മാലാഖ പറഞ്ഞതിന്റെ പൊരുളുപോലും തിരിച്ചറിയാതിരുന്നിട്ടും മറിയത്തെ കുറ്റപ്പെടുത്തുന്നതായി ഒരു വാക്ക് ഉരിയാടുന്നതായി നാം കാണുന്നില്ല. എല്ലാം ഹൃദയത്തിൽ പേറിക്കൊണ്ടു നിൽക്കുന്ന ഒരു യുവാവ്. ലൂക്കാ സുവിശേഷകൻ പറയുന്നു. മറിയത്തെ രഹസ്യമായി ഉപേക്ഷിക്കാൻ അവൻ തീരുമാനിച്ചു. അതിൻപ്രകാരം തന്റെ കൊച്ചുമുറിയിൽ അവൻ കെട്ടുകെട്ടുകയാണ്. മറിയത്തെ രഹസ്യമായി ഉപേക്ഷിച്ച് കടന്നുകളയുന്നതിനുവേണ്ടി. മറിയത്തെ അപമാന വിധേയയാക്കാൻ അവൻ ഇഷ്ടപ്പെട്ടില്ല എന്ന് സുവിശേഷം പറയുമ്പോൾ യുവാവായ ജോസഫ് ഉത്തമവും സംശുദ്ധവുമായ ഹൃദയത്തിന് ഉടമയാണെന്ന് ഉറപ്പിച്ചു പറയുകയാണ്. പൊരുളറിയാതിരുന്നിട്ടു പോലും മറിയത്തെ ശങ്കിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്യാതെ നിശ്ശബ്ദതയുടെ പുണ്യത്തിൽ തന്നെത്തന്നെ ഒതുക്കി നിറുത്തി ജോസഫ് മറിയത്തോട് കരുണ കാണിച്ചപ്പോൾ അവനറിയാതെ തന്നെ നീതിമാന്റെ കിരീടം ചൂടുകയായിരുന്നു, ജീവിതം ഭാഗ്യപൂർണ്ണമാക്കുകയായിരുന്നു. ഭാഗ്യംതേടുന്നവർക്കുള്ള ഒന്നാമത്തെ പാഠമായി യൗസേപ്പ് പറയും, ഉത്തമവും സംശുദ്ധവുമായ ഹൃദയത്തിന്റെ ഉടമയാകുക, ആരുടെയും സൽപേര് നശിപ്പിക്കാതിരിക്കുക, നാവിനെ നിയന്ത്രിക്കുക, നിന്റെ ചിന്തവാക്കുകർമങ്ങളെ ഉദാത്തമായി കാത്തു സൂക്ഷിക്കുക... നീയും ഭാഗ്യവാനാകും. യൗസേപ്പ് നൽകുന്ന രണ്ടാമത്തെ പാഠം.

ജീവിതം ഭാഗ്യപൂർണ്ണമാക്കാനുള്ള മൂന്നാമത്തെ പാഠം ജീവിതംകൊണ്ട് ഫലം പുറപ്പെടുവിക്കുന്നവരാകുക എന്നതാണ്. ലോകമാകുന്ന വയലിൽ നടപ്പെട്ട വിത്തുകളാണ് നാം ഓരോരുത്തരും. നട്ടിടത്ത് മുളക്കുക, മുളച്ചിടത്ത് വളരുക, വളർന്നിടത്ത് പുഷ്പിക്കുക, പുഷ്പിച്ചിടത്ത് കായ്ക്കുക. ഇതാണ് മനുഷ്യന്റെ നിയോഗം. വിശുദ്ധ യൗസേപ്പിതാവ് ഇങ്ങനെ വളർന്ന് ഫലം പുറപ്പെടുവിച്ചവനാണ്. ഒറ്റ

നോട്ടത്തിൽ എല്ലാം പ്രതികൂല സാഹചര്യങ്ങളിലൂടെ കടന്നുപോകുമ്പോഴും ഹൃദയത്തിൽ കാത്തുസൂക്ഷിച്ചിരുന്ന വിശ്വാസത്തിന്റെ നെരിപ്പോട് കെട്ടുപോകാതെ ആളിക്കത്തിച്ച് ദൈവഹിതം പൂർണമായും നിശ്ശബ്ദതയോടെ നിറവേറ്റി ദൈവമനസ്സിൽ വിലയം പ്രാപിച്ച ഒരു മനുഷ്യൻ. വിശുദ്ധ ഗ്രന്ഥത്തിലൂടെ കടന്നു പോകുമ്പോൾ ഒരു വാക്കുപോലും സംസാരിക്കാതെ മൗനമായി ദൈവം തന്നെ ഭരമേൽപിച്ച എല്ലാ ഉത്തരവാദിത്ത്വങ്ങളും ഒരു വീഴ്ചയും കൂടാതെ പൂർത്തീകരിച്ച് യുവാവായ യൗസേപ്പ് ഫലം ചൂടി നിൽക്കുന്നത് നാം കാണുന്നു. അങ്ങനെ ദൈവികതീരുമാനങ്ങളുടെ നടത്തിപ്പുകാരനായി മറിയത്തിന്റെയും ഉണ്ണീശോയുടെയും കാവൽക്കാരനായി യുവാവായ യൗസേപ്പ് തന്നെത്തന്നെ സമർപ്പിച്ച് ഭാഗ്യവാനായി. ഭാഗ്യവാന്മാരുടെ കൂട്ടത്തിൽ എണ്ണപ്പെടാൻ ആഗ്രഹിക്കുന്നവർക്കുള്ള മൂന്നാമത്തെ പാഠം ജീവിതനിയോഗങ്ങളെ പിഴകൂടാതെ പൂർത്തിയാക്കി ഫലം പുറപ്പെടുവിക്കുന്നവരാകുക. ജീവിതം ഭാഗ്യപൂർണമാകും. ഒരു കുടുംബത്തിലെ അപ്പനെന്ന നിലയിൽ, അമ്മയെന്ന നിലയിൽ, ഒരു സമർപ്പിതൻ അഥവാ തൊഴിലാളി എന്ന നിലയിൽ, ഒരു മകനും മകളും എന്ന നിലയിൽ എന്നു വേണ്ട ജീവിതത്തിന്റെ വിവിധ തുറകളിൽ ജീവിക്കുന്നവരെന്ന നിലയിൽ നമ്മിൽ നിക്ഷിപ്തമായ കടമകളും ഉത്തരവാദിത്ത്വങ്ങളും വീഴ്ച കൂടാതെ പൂർത്തിയാക്കി ഭാഗ്യവാന്മാരാകാൻ യുവാവായ യൗസേപ്പ് നമ്മെ വിളിക്കുന്നുണ്ട്. ലോകത്തിന്റെ കാഴ്ചപ്പാടിലല്ല, ഉന്നതങ്ങളിലെ കാഴ്ചപ്പാടിൽ ഭാഗ്യവാനായി മാറാൻ വിശുദ്ധ യൗസേപ്പ് നൽകുന്ന മൂന്നു പാഠങ്ങളെ നമുക്കും സ്വീകരിക്കാം ജീവിക്കാം ഭാഗ്യവാനാകാം......



# വിശുദ്ധ യൗസേപ്പിന്റെ
# വിശ്വാസയാത്ര

ഫാ. സെബാസ്റ്റ്യൻ ജെക്കോബി ഒ.എസ്.ജെ.

പരിശുദ്ധകന്യകാമറിയത്തിന്റെ വിരക്തപതിയും യേശുവിന്റെ വളർത്തുപിതാവും തിരുസ്സഭയുടെ പാലകനുമായ വിശുദ്ധ യൗസേപ്പ്, പരിശുദ്ധ കന്യകാമറിയം കഴിഞ്ഞാൽ തിരുസഭയിൽ ഏറ്റവും കൂടുതൽ വണങ്ങപ്പെടുന്ന വിശുദ്ധനാണ്. ഈ കാലയളവിൽ ഈ വിശുദ്ധന്റെ വിശ്വാസജീവിതം ക്രൈസ്തവരായ നമുക്ക് വിശ്വാസ ജീവിതത്തിൽ കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

## 1. മനുഷ്യാവതാര രഹസ്യവും വിശുദ്ധ യൗസേപ്പും

അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണത്തിൽ പിതാവായ ദൈവത്തിലുള്ള വിശ്വാസം ഏറ്റുപറഞ്ഞതിനുശേഷം പുത്രനിലുള്ള വിശ്വാസ പ്രഖ്യാപനത്തിലേക്കാണ് നാം പ്രവേശിക്കുന്നത്. അവിടെ "ദൈവത്തിന്റെ ഏകപുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിലുള്ള വിശ്വാസം" ഏറ്റുപറഞ്ഞുകൊണ്ട് "അവിടുന്ന്

പരിശുദ്ധാത്മാവിനാൽ ഗർഭസ്ഥനായി കന്യകാമറിയത്തിൽനിന്നു പിറന്നു" എന്ന മനുഷ്യവതാര രഹസ്യം നാം പ്രഖ്യാപിക്കുന്നു.

രക്ഷാകര ചരിത്രത്തിൽ ആദ്യമായി പരിശുദ്ധ കന്യകാമറിയത്തോടൊപ്പം ഈ മനുഷ്യാവതാര രഹസ്യത്തിൽ വിശ്വസിക്കുകയും ജീവിതത്തിൽ ഏറ്റുപറയുകയും ചെയ്തവനാണ് വി. യൗസേപ്പ്. പരിശുദ്ധ കന്യകാമറിയത്തിന്റെ വിശ്വാസത്തെ പരാമർശിച്ചുകൊണ്ട് ബനഡിക്ട് 16-ാമൻ മാർപ്പാപ്പ തന്റെ "വിശ്വാസത്തിന്റെ വാതിൽ" എന്ന അപ്പസ്തോലികരേഖയിൽ ഇങ്ങനെ എഴുതുന്നു: "കന്യകാമറിയം വിശ്വാസം മൂലം മാലാഖയുടെ വാക്ക് തന്റെ ഭക്തിക്ക് അനുസൃതമായി സ്വീകരിച്ചു. താൻ ദൈവത്തിന്റെ അമ്മയാകണമെന്ന സന്ദേശം വിശ്വസിച്ചു (Cf. ലൂക്ക 1, 38). എലിസബത്തിനെ സന്ദർശിച്ചപ്പോൾ അത്യുന്നതനെ മഹത്ത്വപ്പെടുത്തുന്ന കീർത്തനം അവൾ ആലപിച്ചു. തന്നിൽ വിശ്വസിക്കുന്നവർക്ക് അവിടുന്ന് ചെയ്ത വിസ്മയനീയ കൃത്യങ്ങളെക്കുറിച്ച് പ്രകീർത്തിച്ചു മഹത്വപ്പെടുത്തി (Cf. ലൂക്ക 1, 46-53) സന്തോഷത്തോടും നടുക്കത്തോടും കൂടെ തന്റെ കന്യാത്വം അഭംഗുരം നിലനിറുത്തിക്കൊണ്ട് അവൾ തന്റെ പുത്രനെ പ്രസവിച്ചു. (Cf. ലൂക്ക 2, 6-7); ഹേറോദേസിന്റെ പീഡനത്തിൽനിന്ന് രക്ഷിക്കാൻ വേണ്ടി ഭർത്താവായ യൗസേപ്പിനെ വിശ്വസിച്ചുകൊണ്ട് യേശുവിനെ ഈജിപ്തിലേക്ക് കൊണ്ടുപോയി. (Cf. മത്തായി 2, 13-18) ... (Cf. വിശ്വാസത്തിന്റെ വാതിൽ, 13). പരിശുദ്ധ മറിയത്തോടൊപ്പം മനുഷ്യവതാര രഹസ്യത്തിൽ പൂർണ്ണമായി വിശ്വസിച്ച യൗസേപ്പിനെയാണ് വിശുദ്ധഗ്രന്ഥം നമ്മെ പരിചയപ്പെടുത്തുന്നത്.

"കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും"; അവന് പിതാവായിരിക്കാനുള്ള വലിയ വിളിയാണ് യൗസേപ്പിന് പിതാവായ ദൈവം നൽകിയത്. (Cf. മത്തായി 1, 18-25). "കന്യക ഗർഭം ധരിക്കുന്ന" കാര്യം ചരിത്രത്തിൽ ഒരിക്കലും സംഭവിച്ചിട്ടില്ല. കന്യകയിൽ നിന്നുള്ള യേശുവിന്റെ ജനനത്തിൽ ആദിമ ക്രൈസ്തവസമൂഹം തന്നെ വിശ്വസിക്കുന്നത് യേശുവിന്റെ ഈ ഉത്ഥാനത്തിനു ശേഷമാണ്. ഉത്ഥാനത്തിന്റെ പ്രകാശത്തിൽ മാത്രമാണ് ആ സത്യത്തെ അവർക്ക് അംഗീകരിക്കാൻ സാധിച്ചത്. വി. യൗസേപ്പ് ഉത്ഥാനത്തിന് സാക്ഷിയായിരുന്നില്ല. യേശു ചെയ്ത അത്ഭുതങ്ങളിൽ അവൻ സന്നിഹിതനായിരുന്നില്ല. എങ്കിലും മാലാഖയുടെ വാക്കുകൾ ദൈവ

ത്തിന്റെ വാക്കുകളായി സ്വീകരിക്കുകയും അതിൽ വിശ്വസിക്കുകയും ചെയ്തു.

വിശ്വാസത്തിൽനിന്ന് ഉരുത്തിരിയുന്ന ഒരു അനുസരണത്തെയാണ് വിശുദ്ധ യൗസേപ്പിന്റെ ജീവിതത്തിൽ ദൈവശാസ്ത്രപണ്ഡിതനായ വി. തോമസ്സ് അക്വീനാസ് ദർശിക്കുന്നത്. 'യൗസേപ്പ് നിദ്രയിൽ നിന്നുണർന്ന്, കർത്താവ് കല്പിച്ചതുപോലെ പ്രവർത്തിച്ചു' (മത്തായി 1, 24) എന്ന സുവിശേഷഭാഗം വ്യാഖ്യാനിക്കുമ്പോൾ, പൗലോസ് അപ്പോസ്തോലന്റെ റോമാക്കാർക്കുള്ള ലേഖനം 5, 19 പരാമർശിച്ചുകൊണ്ട്, വി.യൗസേപ്പിനെ വിശ്വാസത്തിന്റെ മാതൃകയായിട്ടാണ് അദ്ദേഹം കാണിച്ചുതരുന്നത്. "ഒരു മനുഷ്യന്റെ അനുസരണക്കേടിനാൽ അനേകം പേർ പാപികളായിത്തീർന്നതുപോലെ, ഒരു മനുഷ്യന്റെ അനുസരണത്താൽ അനേകർ നീതിയുള്ളവരാകും" (റോമ 5,19): "ആദാമിന്റെ അനുസരണക്കേടിനാൽ മനുഷ്യന് എല്ലാം നഷ്ടപ്പെട്ടു; എന്നാൽ, വി. യൗസേപ്പിന്റെ അനുസരണത്താൽ മനുഷ്യൻ തന്റെ ആദ്യാവസ്ഥയിലേക്ക് തിരിച്ചുവരാൻ ആരംഭിച്ചു. കാരണം, അനുസരണമെന്ന വലിയ പുണ്യം നമ്മിൽ നിന്നും ആവശ്യപ്പെടുന്നത് വി. യൗസേപ്പ് ചെയ്ത പ്രവൃത്തിയെ കാണിച്ചുകൊണ്ടാണ്: അതായത്, "യൗസേപ്പ് നിദ്രയിൽനിന്നു ഉണർന്ന്, കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ പ്രവർത്തിച്ചു"(മത്തായി 1, 24).

വി. യൗസേപ്പിന്റെ വിശ്വാസമഹത്വത്തെപ്പറ്റി വി. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ പറയുന്നതിപ്രകാരമാണ്: "യൗസേപ്പ് വിശ്വാസത്തിൽ ഉന്നതനാണ്. അതു അവൻ ഉച്ചരിച്ച വാക്കുകളിലൂടെയല്ല, മറിച്ച്, എല്ലാത്തിനുപരിയായി, നിശ്ശബ്ദതയിൽ സജീവനായ ദൈവത്തിന്റെ വാക്കുകൾ ശ്രവിച്ചതിലാണ്. സജീവനായ ദൈവത്തിന്റെ വാക്കുകളിൽ ഉൾക്കൊണ്ടിരിക്കുന്ന സത്യത്തെ സ്വീകരിക്കുന്നതിലുള്ള ഒരുക്കത്തിൽ യൗസേപ്പിന്റെ ഹൃദയം അനവരതം നിലനിന്നു: പ്രത്യേകിച്ച്, സ്നേഹത്തോടുകൂടെ വചനം സ്വീകരിക്കുന്നതിലും അത് പ്രവൃത്തിപഥത്തിലേക്ക് കൊണ്ടുവരുന്നതിലും. അതുകൊണ്ട് നസ്രത്തിലെ വി. യൗസേപ്പ് മനുഷ്യവതാര രഹസ്യത്തിന്റെ അത്ഭുതാവഹമായ ഒരു സാക്ഷിയാവുകയാണ്. രക്ഷാകരപദ്ധതി ഈ ഭൂമിയിൽ പൂർത്തീകരിക്കുന്നതിനുവേണ്ടി ദൈവംതന്നെ തനിയ്ക്കായ് തെരഞ്ഞെടുത്ത "വാഗ്ദത്തപേടക"ത്തിന്റെ സൂക്ഷിപ്പുകാരനുമായി"

(Cf. ജോൺപോൾ രണ്ടാമൻ മാർപാപ്പ 1982 മാർച്ച് 19ൽ നടത്തിയ പ്രസംഗത്തിൽ നിന്ന്).

വിശ്വാസത്തിൽനിന്ന് ഉരുത്തിരിയുന്ന ഈ അനുസരണത്താൽ യൗസേപ്പ് "നീതിമാനും വിശ്വസ്തനുമായ ദാസനായി". നസ്രത്തിലെ തിരുക്കുടുംബത്തിന്റെ അധിപനായി നിയമിക്കപ്പെട്ട യൗസേപ്പ്, ദൈവത്തിന്റെ വലിയ നിധികളായ, മനുഷ്യനായി അവതരിച്ച ദൈവപുത്രന്റെയും അവിടത്തെ വത്സലമാതാവായ പരിശുദ്ധ കന്യാകാമറിയത്തിന്റെയും ശ്രദ്ധയും മുൻകരുതലുമുള്ള സംരക്ഷകനുമാകാനാണ് വിളിക്കപ്പെട്ടത്. അങ്ങനെ തെരഞ്ഞെടുക്കപ്പെട്ട ദൈവജനത്തെ സംബന്ധിച്ച് "നിന്റെ കുടുംബവും രാജത്വവും എന്റെ മുമ്പിൽ സ്ഥിരമായിരിക്കും. നിന്റെ സിംഹാസനം എന്നേക്കും നിലനില്ക്കും" (2 സാമുവൽ 7, 1) എന്ന വാഗ്ദാനം തന്റെ കുടുംബത്തിലാണ് പൂർത്തിയാകുന്നതെന്നും അവൻ വിശ്വസിച്ചു. കാരണം, അവിടെ "ദൈവം നമ്മോടുകൂടെ" എന്നർത്ഥമുള്ള എമ്മാനുവേൽ സന്നിഹിതനാണ്, അവിടെയാണ് ഇസ്രായേലിന്റെ പ്രതീക്ഷ യാഥാർത്ഥ്യമാവുന്നത്; അവിടെയാണ് ദൈവരാജ്യം പൂർത്തിയാകുന്നത്. യഹൂദമത പാരമ്പര്യത്തിന്റെ വലിയ സാക്ഷിയെന്ന നിലയിൽ, യൗസേപ്പ് "പ്രതീക്ഷയ്ക്ക് സാധ്യത ഇല്ലാതിരുന്നിട്ടും, പ്രത്യാശയോടെ വിശ്വസിച്ചു. (റോമ 4,18). വൻകാര്യങ്ങളുടെ പൂർത്തീകരണത്തിലേക്ക് മനുഷ്യനെ നയിക്കുകയും എല്ലാ മാനുഷിക പ്രതീക്ഷകളേയും അതിജീവിക്കുന്ന ദൈവദാനത്തിലുള്ള ബോധ്യത്തിലും നീതിമാന്റെ എളിമയിലുമാണ് അവൻ വിശ്വസിച്ചത്" (Cf. ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ 1991 മാർച്ച് 18ലെ പ്രസംഗത്തിൽ നിന്ന്).

## 2. വിശ്വാസത്തിന്റെ അനുസരണം

വി. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ 1989-ൽ വി. യൗസേപ്പിനെപ്പറ്റി പുറപ്പെടുവിച്ച "രക്ഷകന്റെ സംരക്ഷകൻ" (Redemptoris Custos) എന്ന അപ്പസ്തോലിക ലേഖനത്തിൽ വി. യൗസേപ്പിന്റെ വിശ്വാസജീവിതത്തെ എടുത്തു കാണിക്കുന്നുണ്ട്. രണ്ടാം വത്തിക്കാൻ സുനഹദോസിന്റെ പ്രമാണരേഖകളെ അടിസ്ഥാനമാക്കിയുള്ള അദ്ദേഹത്തിന്റെ ഈ വിചിന്തനത്തിൽ പറയുന്നു. "രണ്ടാം വത്തിക്കാൻ സുനഹദോസ് പഠിപ്പിക്കുന്നതുപോലെ, പരിശുദ്ധ കന്യകാമറിയം" ദൈവവചനം കേൾക്കുന്നവരും കാത്തുസൂക്ഷിക്കുന്നവരും ഭാഗ്യവാന്മാരാണെന്ന്" (മാർക്കോസ് 3, 35; ലൂക്ക 11, 27 - 28) പ്രഖ്യാപിച്ച

യേശുവിന്റെ വചനങ്ങൾക്ക് പാത്രീഭൂതയായി. ഇങ്ങനെ ഭാഗ്യവതിയായ കന്യക വിശ്വാസത്തിന്റെ തീർത്ഥാടനത്തിൽ മുന്നേറുകയും തനിക്ക് പുത്രനോടുള്ള ഐക്യം കുരിശുവരെ കാത്തുസൂക്ഷിക്കുകയും ചെയ്തു. (Lumen Gentium 58) വിശ്വാസത്തിൽ ക്രിസ്തുവിനെ അനുഗമിക്കുന്ന എല്ലാവർക്കും "മുന്നോടിയായിത്തീരുകയും" ചെയ്തു" (Cf. Lumen Gentium, 60).

ഈ തീർത്ഥാടനത്തിന്റെ ആരംഭത്തിൽ മറിയത്തിന്റെ വിശ്വാസം യൗസേപ്പിന്റെ വിശ്വാസവുമായി ഒത്തുപോകുന്നു. "വിശ്വസിച്ചവൾ ഭാഗ്യവതി" എന്ന് "രക്ഷകന്റെ അമ്മ"യോട് എലിസബത്ത് പറഞ്ഞ വാക്കുകൾ, മറ്റൊരർത്ഥത്തിൽ വി. യൗസേപ്പിനെപ്പറ്റിയും പറയാം. കാരണം, ജീവിതത്തിന്റെ നിർണ്ണായക നിമിഷത്തിൽ തന്നോട് അരുളിച്ചെയ്ത ദൈവവചനത്തോട് യൗസേപ്പ് സംശയരഹിതമായ മറുപടി നൽകി. മംഗളവാർത്ത സമയത്ത് മാലാഖയോടുള്ള മറിയത്തിന്റെ മറുപടി പോലെയല്ല യൗസേപ്പിന്റേത് എന്നത് ഒരു യാഥാർത്ഥ്യമാണ്. എന്നാൽ, അവൻ കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ പ്രവർത്തിച്ചു. അവൻ തന്റെ ഭാര്യയെ സ്വീകരിച്ചു. (മത്തായി 9-24). അവൻ ചെയ്തത്, സുതാര്യമായ "വിശ്വാസത്തിന്റെ അനുസരണമാണ്" (റോമ. 1.5, 16:26, കൊറിന്ത്യർ 10, 5-6)

യൗസേപ്പ് ചെയ്ത കാര്യങ്ങൾ അവനെ മറിയത്തിന്റെ വിശ്വാസത്തോട് സവിശേഷമായ വിധത്തിൽ സംയോജിപ്പിച്ചുവെന്ന് പറയാം. മംഗളവാർത്ത സമയത്ത് മറിയം സ്വീകരിച്ച കാര്യങ്ങൾത്തന്നെ യൗസേപ്പും ദൈവം വെളിപ്പെടുത്തിയ സത്യമായി സ്വീകരിച്ചു. രണ്ടാം വത്തിക്കാൻ സുനഹദോസിന്റെ ദൈവാവിഷ്കരണത്തെപ്പറ്റിയുള്ള ഡോഗ്മാറ്റിക് കോൺസ്റ്റിറ്റ്യൂഷനിൽ (DEI VERBUM) പറയുന്നു: "തന്നെത്തന്നെ വെളിപ്പെടുത്തുന്ന ദൈവത്തിന് വിശ്വാസത്തിന്റെ അനുസരണം നൽകേണ്ടിയിരിക്കുന്നു. (റോമ 1, 5: 16.26, 2 കോറി 10, 5-6). അതുവഴി, മനുഷ്യർ തന്നെത്തന്നെ സ്വമേധയാ ദൈവത്തിന് മുഴുവനായി സമർപ്പിക്കണം". വെളിപ്പെടുത്തുന്ന ദൈവത്തിന് ബുദ്ധിയുടെയും ഇച്ഛാശക്തിയുടെയും സമഗ്രമായ അനുസരണം" ആർജ്ജിച്ചുകൊണ്ടും, അവിടുന്ന് നൽകിയ ആവിഷ്കരണത്തിന് സ്വമനസ്സാ അംഗീകാരം നല്കിക്കൊണ്ടുമാണിത്. (Cf. DE1 VERBUM No. 5) വിശ്വാസത്തിന്റെ സാരംശത്തെ സ്പർശിക്കുന്ന ഈ പ്രസ്താവന

നസറത്തിലെ ഔസേപ്പിന് പരിപൂർണ്ണമായ അർത്ഥത്തിൽ യോജിക്കുന്നതാണ് (Cf. REDEMPTORIS CUSTO 4).

"കാലസമ്പൂർണ്ണതവന്നപ്പോൾ ദൈവം തന്റെ പുത്രനെ അയച്ചു. അവൻ സ്ത്രീയിൽനിന്ന് ജാതനായി" (ഗലാത്തി 4,4). ഈ കാല സമ്പൂർണ്ണതയുടെ നിമിഷത്തിൽ മറിയം ചെയ്തതുപോലെ യൗസേപ്പും "ദൈവത്തിന്റെ യുഗങ്ങളോളം നിഗൂഢമായ" (എഫേസോസ് 3, 9) രഹസ്യത്തിന്റെ ഏകസൂക്ഷിപ്പുകാരനാവുകയും ചെയ്തു. രണ്ടാം വത്തിക്കാൻ സുനഹദോസ് പഠിപ്പിക്കുന്നതുപോലെ, "ദൈവം തന്നെത്തന്നെ വെളിപ്പെടുത്താനും, തന്റെ തിരുച്ചിത്തത്തിന്റെ രഹസ്യം അറിയിക്കാനും (എഫേസോസ് 1, 9) തിരുമനസ്സായി. അതുമൂലം മനുഷ്യർക്ക് മാംസം ധരിച്ച വചനമായ ക്രിസ്തുവഴി പരിശുദ്ധാത്മാവിൽ പിതാവിന്റെ പക്കൽ പ്രവേശനം ലഭിക്കുന്നതിനും അവർ ദൈവസ്വഭാവത്തിന്റെ പങ്കുകാരാക്കപ്പെടുന്നതിനും വേണ്ടിയാണിത്. (എഫേസോസ് 2,18, 2 പത്രോസ 1,4)" (Cf. DE1 VERBUM No. 2).

മറിയത്തോടൊപ്പം ഈ ദിവ്യരഹസ്യങ്ങളുടെ ആദ്യസൂക്ഷിപ്പുകാരനാണ് യൗസേപ്പ്. മറിയത്തോടൊപ്പവും മറിയവുമായുള്ള ബന്ധത്തിലും യൗസേപ്പ്, ക്രിസ്തുവിലുള്ള ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലിന്റെ അവസാനഘട്ടത്തിൽ പങ്കുചേരുന്നു. മത്തായിയുടേയും ലൂക്കായുടെയും സുവിശേഷങ്ങൾ പരിശോധിക്കുമ്പോൾ നമുക്ക് പറയാൻ സാധിക്കും ദൈവമാതാവിന്റെ വിശ്വാസത്തിൽ ആദ്യ ഭാഗഭാക്കാവുന്നത് യൗസേപ്പാണ് എന്ന്. അങ്ങനെ, ദൈവിക വെളിപാടിലുള്ള വിശ്വാസത്തിൽ യൗസേപ്പ് തന്റെ ഭാര്യയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. മറിയത്തിന്റെ "വിശ്വാസത്തിന്റെ തീർത്ഥയാത്ര"യുടെ പാതയിൽ ദൈവം നിയമിക്കുന്ന ആദ്യവ്യക്തിയും യൗസേപ്പാണ് (Cf. LUMEN GENTIUM N.63; REDEMPTORIS CUSTOS No. 5).

## 3. വിശ്വാസത്തിന്റെ തീർത്ഥയാത്രയിൽ മറിയത്തോടൊപ്പം

"അവൻ തന്റെ ഭാര്യയെ സ്വീകരിച്ചു" (മത്തായി, 1.24) അതുവഴി, യൗസേപ്പിന്റെ ദൈവവിളി ദൈവഹിതത്തിന് സ്വയം സമർപ്പിക്കുന്ന അനുസരണത്തിന്റെ നീതിയും മറിയത്തിന്റെ സമ്മതത്തിന്റെ പൂർത്തീകരണത്തിനുള്ള സമ്പൂർണ്ണസഹകരണവുമാണ്.

ആദ്യത്തെ ജനസംഖ്യകണക്കെടുപ്പിൽ (ലൂക്ക 2, 1-2) യൗസേപ്പിന്റെ സഹകരണം, തിരുക്കുടുംബത്തിന്റെ ബേത്‌ലെഹെമിലേക്കുള്ള യാത്രയിൽ വളരെയധികം പ്രാധാന്യമർഹിക്കുന്നു. പ്രവാചകവചനങ്ങളുടെ പൂർത്തീകരണത്തിനായി തന്റെ ഗർഭിണിയായ ഭാര്യ മറിയം, ദൈവപുത്രനെ ദാവീദിന്റെ പട്ടണമായ ബേത്‌ലെഹെമിൽ ജന്മം നൽകാൻ കാരണമായി. അതുപോലെതന്നെ, കണക്കെടുപ്പിന്റെ കാലത്തുള്ള യേശുവിന്റെ ജനനവും പ്രവാചകവചനങ്ങളുടെ പൂർത്തീകരണമാണ്. അങ്ങനെ, മിശിഹാ ലോകജനതകളോടുകൂടെ എണ്ണപ്പെടുമെന്നും, അവനിലൂടെയാണ് ദൈവം ലോകത്തെ രക്ഷിക്കുന്നതെന്നും (ലൂക്ക 2, 1-7) ഉറപ്പുവരുത്താൻ യൗസേപ്പ് സഹായിച്ചു.

തന്റെ പിതൃത്വവുമായി ബന്ധപ്പെട്ട കടമകൾ നിർവ്വഹിക്കുന്നതിൽ യൗസേപ്പ് മറിയവുമായി സഹകരിക്കുന്നുണ്ട്. ഒരു വശത്ത്, തന്നിലൂടെ ദാവീദിന്റെ പുത്രനായിത്തീരുന്ന തന്റെ പുത്രന് യേശുവെന്ന പേരു നല്കികൊണ്ട് പിതാവിന്റെ കടമനിർവ്വഹിക്കുന്നു (മത്തായി 2,21) മറുവശത്ത്, മോസസ്സിന്റെ നിയമപ്രകാരം, തന്റെ കടിഞ്ഞൂൽ പുത്രനെ ദേവാലയത്തിൽ സമർപ്പിക്കുകയും പരിച്ഛേദന കർമ്മത്തിന് വിധേയനാക്കുകയും ചെയ്തുകൊണ്ട്, അബ്രാഹവുമായി ദൈവം ചെയ്ത ഉടമ്പടിയുടെ പവിത്രത കാത്തുസൂക്ഷിച്ചു (ലൂക്ക.2, 21-22)

തന്റെ പുത്രനായ യേശുവിന്റെ മരണത്തെപ്പറ്റിയും തന്റെ ഭാര്യയായ മറിയത്തിന്റെ ജീവിതത്തിൽ വരാനിരിക്കുന്ന സഹനത്തെപ്പറ്റിയും ശിമയോൻ പ്രവചിക്കുമ്പോൾ യൗസേപ്പിന്റെ നിശ്ശബ്ദതയും അനുസരണവും എത്രയോ വലുതായിരുന്നു. (ലൂക്ക 2, 34-38) യേശു തന്റെ പീഡാസഹനത്തെപ്പറ്റി ശിഷ്യന്മാരോട് പ്രവചിക്കുമ്പോൾ പത്രോസിന്റെ പ്രതികരണം എന്തായിരുന്നുവെന്ന് സുവിശേഷകന്മാർ വിവരിക്കുന്നുണ്ട്. (മാർക്ക് 8, 31-32, മത്തായി 16, 21-22). എന്നാൽ, യൗസേപ്പിന്റെ പ്രതികരണം തികച്ചും വിപരീതമായിരുന്നു. തന്റെ തിരുക്കുടുംബത്തിൽ സംഭവിക്കാനിരിക്കുന്ന സഹനത്തെപ്പറ്റി ശിമയോൻ പ്രവചിക്കുമ്പോൾ, യൗസേപ്പ് അതെല്ലാം നിശ്ശബ്ദനായി ശ്രവിക്കുകയും വിശ്വസിക്കുകയുമാണ് ചെയ്തത്.

തന്റെ ജീവിതത്തിലുണ്ടായ അനുസരണത്തിന്റേതായ മറ്റ് പരീക്ഷണങ്ങളും വിശ്വാസത്തോടുകൂടെയാണ് യൗസേപ്പ് തരണം ചെയ്യുന്നത്. ദൈവവചനത്തോടുള്ള അനുസരണത്തെപ്രതി, ഈജിപ്തിലേക്കുള്ള അപകടകരമായ യാത്രയിൽ, തന്റെ കുടുംബത്തേയും

ദേശത്തേയും ബന്ധുക്കളെയും എല്ലാം ഉപേക്ഷിച്ച് പോകുവാൻ യൗസേപ്പ് മറിയത്തേയും യേശുവിനേയും സഹായിക്കുന്നു. പരദേശത്തുള്ള ജീവിതക്ലേശങ്ങളെല്ലാം വിശ്വാസത്തിന്റെ വെളിച്ചത്തിൽ അതിജീവിച്ചുകൊണ്ട് വീണ്ടും സ്വദേശത്തേക്കുള്ള തിരിച്ചുവരവിനുള്ള ദൈവത്തിന്റെ വിളി പ്രതീക്ഷിച്ചുകൊണ്ട് ഈജിപ്തിൽ വസിക്കുന്നു. ദൈവം തന്റെ പുത്രനെ ഈജിപ്തിൽനിന്ന് വീണ്ടും വിളിക്കുമ്പോൾ, ഇസ്രായേലിലേക്കുള്ള യാത്രയിൽ യൗസേപ്പാണ് മറിയത്തേയും യേശുവിനെയും സഹായിക്കുന്നത് (മത്തായി 2, 13-21) (Cf. ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ 1991 മാർച്ച് 18 ലെ പ്രസംഗത്തിൽ നിന്ന്).

## 4. വി. യൗസേപ്പിന്റെ വിശ്വാസജീവിതം ക്രൈസ്തവന് ഉത്തമമാതൃക.

നമുക്ക് വി.യൗസേപ്പിന്റെ വിശ്വാസജീവിതം ഒരു ഉത്തമ മാതൃകയാണ്. ബനഡിക്ട് 16-ാം മാർപാപ്പ പറഞ്ഞതുപോലെ 'യഥാർത്ഥത്തിൽ കർത്താവിന്റെ വചനത്തോട് ഒട്ടിച്ചേരാനും അവിടുത്തെ ശിഷ്യരാകാനും വേണ്ടി കർത്താവ് നൽകുന്ന ക്ഷണത്തോട് പ്രത്യുത്തരിക്കുന്നതിനുവേണ്ടി ശ്രമിക്കുന്നവരുടെ ഹൃദയവും മനസ്സും തുറക്കുന്നു (വിശ്വാസത്തിന്റെ വാതിൽ, N.7). മംഗളവാർത്തയിലൂടെ ദൈവഹിതം തിരിച്ചറിഞ്ഞ യൗസേപ്പ് സകലതും - തന്റെ സ്വാതന്ത്ര്യം, ദൈവവിളി, ദാമ്പത്യത്തിലുള്ള സന്തോഷം, കുടുംബ ജീവിതത്തിലെ ഉത്തരവാദിത്വങ്ങൾ - ദൈവത്തിനായി അടിയറവെച്ചു. വിശ്വാസത്തിൽ ഉറച്ച ആ സമർപ്പണത്തിലൂടെയാണ് മനുഷ്യരുടെയിടയിലേക്കുള്ള രക്ഷകനായ ദൈവപുത്രന്റെ ആഗമനം സാധ്യമായത്.

ദൈവഹിതത്തോടുള്ള യൗസേപ്പിന്റെ സമ്മതം, വിശ്വാസത്തിൽ നിന്ന് ഉരുത്തിരിയുന്ന അനുസരണം, എല്ലാ ക്രൈസ്തവർക്കും ഉത്തമ മാതൃകയാണ്. ദൈവത്തിന് മനുഷ്യരെപ്പറ്റിയുള്ള ചെറുതും വലുതുമായ എല്ലാ പദ്ധതികളും അവരുടെ പരിപൂർണ്ണതയ്ക്കുള്ളതാണ്. അതിൽനിന്ന് ആരേയും ദൈവം ഒഴിവാക്കുന്നില്ല. ഓരോരുത്തരുടേയും ജീവിതാവസ്ഥയും വിളിയുമനുസരിച്ച്, വിശ്വാസത്തിൽ ദൈവത്തോട് പ്രത്യുത്തരിക്കുമ്പോൾ മാത്രമാണ് ദൈവത്തിന് നമ്മെപ്പറ്റിയുള്ള പദ്ധതികൾ യാഥാർത്ഥ്യമായിത്തീരുന്നതും, അത് പരിപൂർണ്ണതയിലേക്ക് നമ്മെ നയിക്കുന്നതും.

വിശ്വാസയാത്രയിൽ ഓരോരുത്തരും, വി. യൗസേപ്പിനെപ്പോലെ തങ്ങളുടെ ദൈവവിളി എന്തെന്ന് തിരിച്ചറിയുകയും വിശ്വാസത്തിൽ പ്രത്യുത്തരിക്കുകയും വേണം. അതായത് ദൈവത്തിന്റെ വാക്കുകൾക്ക് മുന്നിൽ സ്വയം ചോദിക്കണം: "ദൈവം എന്തിനാണ് എന്നെ വിളിച്ചിരിക്കുന്നത്?. എന്താണ് ദൈവഹിതം എന്റെ ജീവിതത്തിൽ? ദൈവത്തിന്റെ പദ്ധതികളോട് അനുരൂപപ്പെടാൻ എന്റെ കഴിവുകളും, ശക്തിയും, സമയവും, എല്ലാം എങ്ങനെ ഞാൻ ഉപയോഗിക്കണം? എല്ലാ വിശുദ്ധ ജീവിതത്തിന്റെയും രഹസ്യം, "നിന്റെ ഹിതംപോലെ എന്നിൽ സംഭവിക്കട്ടേ" എന്ന് പറയുന്നതിലാണ്. ദൈവത്തിന്റെ ചിന്തകളോട് നമ്മുടെ ചിന്തകളെ ഒട്ടിച്ചുചേർക്കലാണിത്. അങ്ങനെ ദൈവത്തിന്റെ പദ്ധതിയിലേക്ക് നാം പ്രവേശിക്കുന്നു. നാം ദൈവത്തിലായിരിക്കാനും ദൈവം നമ്മിലായിരിക്കാനും ആഗ്രഹിക്കുമ്പോൾ മാത്രമേ ദൈവരാജ്യം സ്ഥാപിതമാവുകയുള്ളൂ. പരിപൂർണ്ണതയിലേക്കുള്ള ഈ വിശ്വാസയാത്രയിൽ യേശുവിന്റെ വളർത്തുപിതാവും ദൈവജനനിയുടെ വിരക്ത ഭർത്താവും തിരുസ്സഭാപാലകനുമായ വി. യൗസേപ്പ് നമുക്ക് മാതൃകയും മാദ്ധ്യസ്ഥനും ആയിരിക്കട്ടെ!



# തിരുക്കുടുംബത്തിലെ തണൽവൃക്ഷം

**സി. ജിയാനി സി.എസ്.എസ്.റ്റി**

മനുഷ്യന്റെ അധ്വാനത്തിന്റെ വിശുദ്ധിയുടെ ഉദാഹരണമാണ് വിശുദ്ധ യൗസേപ്പിതാവ്. മനസ്സുകൊണ്ട് ഭൂമിയെ തൊടുകയും ഹൃദയംകൊണ്ട് സ്വർഗ്ഗത്തിൽ ആയിരിക്കുകയും ചെയ്ത യൗസേപ്പിതാവിന്റെ ജീവിതം ദൃഢവിശ്വാസത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും സംലഭ്യതയുടെയും പര്യായമായിരുന്നു. തന്റെ കുടുംബത്തിനുവേണ്ടി സത്യസന്ധമായ രീതിയിൽ അദ്ധ്വാനിച്ചു ജീവിതം നയിച്ച തച്ചനായിരുന്നു വിശുദ്ധ യൗസേപ്പ്. സ്വന്തം അദ്ധ്വാനത്തിന്റെ ഫലത്തിൽനിന്ന് ഭക്ഷിക്കണം എന്നതിന്റെ അർത്ഥവും അന്തസ്സും സന്തോഷവും നമ്മെ പഠിപ്പിക്കുന്നത് യൗസേപ്പിതാവാണ്. ദൈവത്തിന്റെ സൃഷ്ടിപരമായ പ്രവർത്തനത്തിലെ പങ്കാളിത്തമായി തൊഴിലിന്റെ അന്തസ്സിനെ വളരെക്കാലമായി ആഘോഷിക്കപ്പെടുന്നു. വിശുദ്ധ യൗസേപ്പിതാവിന്റെ വർഷം പ്രഖ്യാപിച്ചുകൊണ്ടുള്ള അപ്പോസ്തോലിക ലേഖനമായ Patris Corde യിൽ പരിശുദ്ധപിതാവ്

ഫ്രാൻസിസ്പാപ്പ, അദ്ധ്വാനശീലമുള്ള കർമ്മവ്യാപൃതനായ പിതാവ് എന്നാണ് വിശുദ്ധ യൗസേപ്പിതാവിനെ വിശേഷിപ്പിക്കുന്നത്.

ജോലി ചെയ്യുന്നവർ ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ ദൈവവുമായി സഹകരിക്കുന്നു. ഭൂമിയെ പരിപാലിക്കുന്നതിനും തങ്ങളുടെ അദ്ധ്വാനത്താൽ ഉൽപാദനക്ഷമത പുലർത്തുന്നതിനും വളർന്നുപന്തലിക്കുന്നതിനുമുള്ള ദൈവകൽപ്പന അദ്ധ്വാനിക്കുന്ന മനുഷ്യവർഗ്ഗം നിറവേറ്റുന്നു. ഒരുവിധത്തിൽ നമുക്ക് ചുറ്റുമുള്ള ലോകത്തിന്റെ സ്രഷ്ടാക്കളാണ് ഓരോ തൊഴിലാളിയും. തൊഴിലില്ലായ്മയും സാമ്പത്തിക മാന്ദ്യവും ലോകത്തെ പ്രതിസന്ധിയിലാക്കുന്ന ഈ കാലയളവിൽ ഏതൊരു തൊഴിലിന്റെയും മാഹാത്മ്യം ഉൾക്കൊള്ളാനും നമ്മുടെ ജീവിതങ്ങൾക്ക് ആധാരമായ കർഷകരെയും എല്ലാ തൊഴിലാളികളെയും ആദരവോടെ ഉൾക്കൊള്ളുവാനും യൗസേപ്പിതാവിന്റെ മാതൃക നമുക്ക് പ്രചോദനമാകേണ്ടിയിരിക്കുന്നു.

എല്ലാ തൊഴിലാളികൾക്കും മാതൃകയും സംരക്ഷകനുമായി എന്നും കൂടെയുണ്ടാകണം എന്ന ലക്ഷ്യത്തോടെയായിരിക്കണം 1955-ൽ പയസ് പന്ത്രണ്ടാമൻ മാർപ്പാപ്പ തൊഴിലാളി മധ്യസ്ഥനായി യൗസേപ്പിതാവിനെ നൽകിയത്. കാരണം, ദൈവഹിതത്തിനു കീഴ്വഴങ്ങി ശാന്തതയോടെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് അത് പൂർണ്ണമനസ്സോടെയും വിശ്വസ്തതയോടെയും നിറവേറ്റി കുടുംബത്തിനുവേണ്ടി സ്വയം ഇല്ലാതാകുന്ന പിതാക്കന്മാർ കുടുംബത്തിന്റെയും സഭയുടെയും സമൂഹത്തിന്റെയും അടിത്തറയും സംരക്ഷകരുമാണ്. അതിനാൽത്തന്നെ യൗസേപ്പിതാവ് എല്ലാ തൊഴിലാളികളുടെയും കുടുംബനാഥന്മാരുടെയും ഉത്തമ മാതൃകയാകുന്നു

ദൈവം ഭരമേല്പിച്ച രഹസ്യത്തോടും യൗസേപ്പിതാവ് വിശ്വസ്തനായി നിലനിന്നു. നസറത്തിലെ എളിയ മരപ്പണിക്കാരനെ ദൈവം വലിയ കാര്യങ്ങളാണ് ഭരമേല്പിച്ചത്. അവിടുന്ന് തന്റെ പ്രിയപുത്രനെയും പുത്രന്റെ അമ്മയായ മറിയത്തെയും ആ വിശ്വസ്തകരങ്ങളിൽ ഭരമേല്പിച്ചു. തൊഴിലുകൾക്കു പലതരത്തിലുള്ള ഗ്രേഡ് നൽകി ശാരീരിക അദ്ധ്വാനമുള്ള തൊഴിലുകളെ അവഗണിക്കുകയും തരം താഴ്ത്തുകയും ചെയ്യുന്ന ആധുനിക ലോകത്തിൽ നസ്രത്തിലെ തച്ചൻ നമുക്ക് മാതൃകയാകുന്നു. തൊഴിലില്ലായ്മയും കടബാധ്യതയും മറ്റു കുടുംബപ്രശ്നങ്ങളും ആഞ്ഞടിക്കുമ്പോൾ പരിഹാരമായി പലരും കണ്ടെത്തുന്ന ഒരു എളുപ്പമാർഗ്ഗമായി കൂട്ട ആത്മഹത്യ

മാറിയിട്ടുണ്ട്. ദൈവത്തിനായി തന്നെത്തന്നെ വിട്ടുകൊടുത്ത നിമിഷം മുതൽ യൗസേപ്പിതാവ് ഏറ്റെടുത്ത സഹനങ്ങളെക്കുറിച്ചു ധ്യാനിക്കുന്നത് ഓരോ കുടുംബനാഥനും പ്രചോദനവും ശക്തിയും നൽകും. ജീവിതത്തിലുണ്ടാകുന്ന വലിയ കോളിളക്കങ്ങളിലും കൊടുങ്കാറ്റുകളിലും ജോസഫ് പതറിയില്ല. അതിനാൽ സഭ മുഴുവനും ആശ്രയിക്കുന്ന വ്യക്തിയായി ജോസഫ് മാറിയിരിക്കുന്നു.

കഠിനാധ്വാനിയും ദരിദ്രനുമായിരുന്ന അദ്ദേഹത്തിന്റെ വിനയവും സ്നേഹപൂർവമായ ഉത്സാഹവുമാണ് തൊഴിൽ ചെയ്തു കുടുംബത്തെ പരിപാലിക്കുന്ന നമുക്കേവർക്കും മാതൃക. തണലുള്ള ഇടങ്ങളിലേക്ക് മറ്റുള്ളവരെ കൊണ്ടുവരാൻ നമുക്കു സാധിച്ചേക്കാം. പക്ഷേ സ്വയം, വെയിലേറ്റ് തണലാകാൻ നിയോഗം കിട്ടിയ ചിലർക്കേ സാധിക്കൂ. അതിനു ദൈവനിയോഗം കിട്ടിയ വ്യക്തിയായിരുന്നു യൗസേപ്പ്. തിരുക്കുടുംബത്തിലെ തണൽവൃക്ഷമായിരുന്നു ജോസഫ്. ഉണ്ണിയേശുവും മാതാവും ആ തണൽവൃക്ഷത്തിന്റെ കീഴിൽ സുഖസ്വച്ഛത അനുഭവിച്ചു. നമ്മൾ കരിഞ്ഞുപോകാതെ അവശേഷിക്കുന്നത്, ആരെങ്കിലുമൊക്കെ നമുക്കുവേണ്ടി തണൽമരം ആകുന്നതുകൊണ്ടാണ്. അല്ലെങ്കിൽ സ്വയം വെയിലുകൊള്ളാൻ സന്നദ്ധനാകുന്നതിനാലാണ്. അവർ നമ്മുടെ അപ്പനോ, അമ്മയോ, സഹോദരങ്ങളോ കൂട്ടുകാരോ ഒക്കെയാവാം. അവരിലെല്ലാം ജോസഫ് ഭാവമുണ്ട്. രാപകൽ വയലിലും റോഡിലും കെട്ടിടങ്ങളിലും ഫാക്ടറികളിലും മാർക്കറ്റുകളിലും ഒക്കെ ഉറ്റവർക്കുവേണ്ടി ചോര നീരാക്കുന്ന അപ്പനമ്മമാരുടെയും സഹോദരങ്ങളുടെയും സന്മനസിനും ത്യാഗത്തിനും പകരം വയ്ക്കാൻ നമുക്കൊന്നുമില്ല എന്ന ബോധ്യം യുവതലമുറ പലപ്പോഴും മറക്കുന്ന സാഹചര്യങ്ങളാണ് നമുക്ക് മുൻപിൽ ഉള്ളത്. സ്വാർത്ഥചിന്തയും കുറുക്കു വഴികളും സുഖലോലുപതയും ജീവിതശൈലിയാക്കുന്ന ഈ ആധുനിക കാലത്തിൽ, തനിക്കു വേണ്ടി ചിന്തിക്കാതെ, തന്നെ ഭരമേൽപ്പിച്ചിരുന്ന കുടുംബവും അവരുടെ സംരക്ഷണവും ജീവിതലക്ഷ്യമാക്കിയ യൗസേപ്പിന്റെ മാതൃക സ്വായത്തമാക്കാനുള്ള മനസ്സു നാം സ്വന്തമാക്കണം.

ഹൃദയം സ്വർഗ്ഗത്തിൽ ഉറപ്പിച്ചിരുന്നതിനാൽ തിരുക്കുടുംബത്തിന്റെ ഏതാവശ്യങ്ങളിലും സംലഭ്യനായിരുന്നു ജോസഫ്. ജോസഫ് കുടുംബത്തോടൊപ്പം പ്രാർത്ഥിച്ചു, കുടുംബത്തിനുവേണ്ടി അധ്വാനിച്ചു, കുടുംബത്തോടൊപ്പം ഭക്ഷണം കഴിച്ചു, അവരോടൊപ്പം

സിനഗോഗിലും, ജറുസലേം ദൈവാലയത്തിലുംപോയി, കുടുംബത്തിന്റെ വേദനയിലും സന്തോഷത്തിലും പങ്കുചേർന്നു.

വിവരസാങ്കേതികവിദ്യയും, ആധുനിക മാധ്യമങ്ങളും മൊബൈൽ ഫോണുകളും മനുഷ്യബന്ധങ്ങളുടെ ഊഷ്മളതയെ പാർശ്വവത്കരിക്കുകയും കുടുംബത്തോടൊപ്പം ഒന്നിച്ചിരിക്കുക എന്നത് ഒരു വിദൂര സ്വപ്നമായിതീരുകയും ചെയ്തിക്കുന്ന ആധുനികയുഗത്തിൽ, സമ്പത്തിനും നേട്ടങ്ങൾക്കും സ്ഥാനമാനങ്ങൾക്കും ഒക്കെയായി നെട്ടോട്ടമോടുന്നതിനിടയ്ക്കു സ്വന്തം കുടുംബത്തെ മറക്കുന്ന മാതാപിതാക്കളെ വിനീതനായ, സംതൃപ്തനായ ഈ പിതാവിന്റെ ജീവിതം ഒരു തിരിച്ചറിവിലേക്ക് നയിക്കും

ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ ഇങ്ങനെ പ്രസ്താവിച്ചു: "ജോലി ചെയ്യുന്നവരുടെ അന്തസ്സും അവകാശങ്ങളും ശ്രദ്ധിക്കുക, ആ അന്തസ്സും അവകാശങ്ങളും ലംഘിക്കപ്പെടുന്ന സാഹചര്യങ്ങളെ അപലപിക്കുക, സഹായിക്കുക എന്നിവ എല്ലായ്പ്പോഴും തന്റെ കടമയായി സഭ കരുതുന്നു". ലോകചരിത്രവും ഇന്ത്യാചരിത്രവും ദർശിച്ചിട്ടുള്ള ഏറ്റവും വലിയ കർഷകസമരത്തിന് നാം സാക്ഷ്യം വഹിക്കുകയാണല്ലോ. ഭൂമിയെയും മണ്ണിനെയും പ്രകൃതിയെയും സംരക്ഷിക്കുന്ന ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കുചേരുന്ന കർഷകരുടെ സമരം നമ്മുടെയും സമരമാണ്. മണ്ണിനെയറിഞ്ഞ് പ്രകൃതിയെ സ്നേഹിക്കുന്ന കർഷകൻ നമ്മുടെ അന്നദാതാക്കളാകുമ്പോൾ നാം സുരക്ഷിതരാണ്. മനുഷ്യന്റെ ലാഭേച്ഛയും അത്യാർത്തിയും മാനവരാശിയെ നാശത്തിലേക്കു നയിക്കുന്നു. വ്യവസായവത്കരണവും കമ്പോളവത്കരണവും, യന്ത്രവത്കരണവും പ്രകൃതിയെ നാശോന്മുഖമായി ചൂഷണം ചെയ്യുമ്പോൾ നിയമവും അധികാരവും ശക്തരായ ഒരു ചെറുവിഭാഗത്തിന്റെ കൈയിലാകുമ്പോൾ നിസ്സഹായരായ കർഷകരുടെ ശബ്ദം വെറും മാറ്റൊലി മാത്രമാകുന്നു. യൗസേപ്പിതാവിനെ ആദരിക്കുന്ന ഈ വർഷത്തിൽ അദ്ധ്വാനിക്കുന്നവരുടെയും പാർശ്വവത്കരിക്കപ്പെട്ടവരുടെയും നിശ്ശബ്ദസഹനത്തിൽ നമുക്കും പങ്കുചേരാം. നിശ്ശബ്ദത ജോസഫിന്റെ ജീവിതത്തിന്റെ ആരവമായിരുന്നു. വിശുദ്ധ നിശ്ശബ്ദത ദൈവത്തോടു നമ്മളെ വാചാലനാകാൻ പഠിപ്പിക്കുന്നു. നിശ്ശബ്ദതയുടെ ആഴം കൂടുംതോറും ദൈവസ്വരം നമ്മുടെ ജീവതാളമായി പരിണമിക്കും.

ദൃഢവിശ്വാസത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും സംലഭ്യതയുടെയും പര്യായമായിരുന്ന വിശുദ്ധ യൗസേപ്പിതാവ് ക്രിസ്തുവിനു സാക്ഷ്യംവഹിക്കുവാൻ നമുക്ക് വേണ്ടി മാധ്യസ്ഥ്യം വഹിക്കട്ടെ.



## വിശുദ്ധ ഗ്രന്ഥത്തിലെ
# യൗസേപ്പിതാവ്

**ഫാ. ജോഷി മയ്യാറ്റിൽ**

രക്ഷാകര ചരിത്രത്തിൽ വിശുദ്ധ യൗസേപ്പിതാവിനുള്ള പ്രാധാന്യവും പ്രസക്തിയും തിരിച്ചറിയാനുള്ള യഥാർത്ഥ ഇടം വിശുദ്ധ ഗ്രന്ഥമാണ്. വിശുദ്ധ യൗസേപ്പിതാവിനോടു നമുക്കുള്ള ഭക്തിയും സ്നേഹവും ആത്യന്തികമായി അധിഷ്ഠിതമായിരിക്കുന്നത് അദ്ദേഹത്തെക്കുറിച്ച് ബൈബിൾ നല്കുന്ന വിവരണങ്ങളിലാണ്. വിശുദ്ധന്റെ ജീവിതത്തെ ബൈബിൾ പരാമർശിക്കുന്നതു ചുരുങ്ങിയ വാക്കുകളിലാണ്. കാരണം, ആ ജീവിതത്തെ വിവരിക്കുകയല്ല, രക്ഷാകരചരിത്രത്തിൽ അദ്ദേഹത്തിന്റെ സവിശേഷ പങ്ക് വിവരിക്കുകമാത്രമാണ് ബൈബിൾ ചെയ്യുന്നത്. അദ്ദേഹത്തിന്റെ ജീവിതം രക്ഷാകരചരിത്രത്തിൽ നിമഗ്നമായിരുന്നു എന്നു തോന്നിപ്പിക്കുന്നത്ര ലഘുവും സംക്ഷിപ്തവുമാണ് അദ്ദേഹത്തെക്കുറിച്ചുള്ള വിശുദ്ധഗ്രന്ഥ പരാമർശങ്ങൾ. ആഗോളസഭയിൽ വി. യൗസേപ്പിതാവിനു പ്രതിഷ്ഠിതമായിരിക്കുന്ന ഈ വർഷം ആ മഹാത്മാവിനെ ധ്യാനിച്ച്, ബൈബിളിൽ

കാണുന്ന അദ്ദേഹത്തെക്കുറിച്ചുള്ള പരാമർശങ്ങളെ ക്രോഡീകരിക്കാനുള്ള ഒരു എളിയ ശ്രമമാണ് ഈ ലേഖനം.

## ഈ സ്വപ്നങ്ങൾക്ക് എന്തൊരു പ്രഭ!

ജോസഫിനു ദൈവികവെളിപാടുകൾ ലഭിച്ചതു നിദ്രാവേളയിൽ മാത്രമാണെന്നതു ചിന്തയ്ക്കു വിഷയീഭവിക്കേണ്ട ഒരു തിരുവചന സത്യമാണ്. നാലു പ്രാവശ്യമെങ്കിലും അദ്ദേഹത്തിനു സ്വപ്നത്തിൽ ദൈവികനിർദ്ദേശങ്ങൾ ലഭിക്കുന്നതായി വി. മത്തായി സുവിശേഷകൻ രേഖപ്പെടുത്തുന്നുണ്ട് (1:20; 2:13,19,22). യാതൊരു തീർച്ചയും മൂർച്ചയുമില്ലാത്തതാണു സ്വപ്നം. ഉറപ്പിന്റെ ഉൾക്കരുത്തു പകരാൻ സ്വപ്നങ്ങൾക്കു കെല്പുണ്ടോ? അവ്യക്തതയുടെ ഇരുൾമൂലകളല്ലേ അവ? സ്വപ്നങ്ങളെ മുഖവിലയ്ക്കെടുക്കാൻ അധികമാരും തയ്യാറാകും എന്നു തോന്നുന്നില്ല. പക്ഷേ, ജോസഫിന് ആ സ്വപ്നങ്ങൾ നേർക്കാഴ്ചകളെക്കാൾ ഉറപ്പുള്ളവയായിരുന്നു. "നിദ്രയിൽനിന്നുണർന്ന് കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ" പ്രവർത്തിക്കാൻ ജോസഫിന് എളുപ്പത്തിൽ കഴിഞ്ഞു. വെറും കാഴ്ചയെക്കാൾ ജ്ഞാനത്തിന്റെ കാഴ്ച പതിവാക്കിയ ഒരു വ്യക്തിത്വമായിരുന്നു ജോസഫിന്റേത്. "ഞങ്ങൾ നയിക്കപ്പെടുന്നതു വിശ്വാസത്താലാണ്, കാഴ്ചയാലല്ല" എന്നു കുറിച്ച വി. പൗലോസ് അപ്പസ്തോലന്റെ വാക്യം (2 കോറി 5:7) എത്രനാൾ മുന്നേ ആ ജീവിതത്തിൽ പ്രതിധ്വനിച്ചിരുന്നു!

## മേരീപതി

"ദാവീദിന്റെ വംശത്തിൽപ്പെട്ട ജോസഫ് എന്നു പേരായ പുരുഷനുമായി വിവാഹനിശ്ചയം ചെയ്തിരുന്ന കന്യകയുടെ അടുത്തേക്ക്" അയയ്ക്കപ്പെട്ട ഗബ്രിയേൽദൂതനെ പരാമർശിച്ചുകൊണ്ടാണ് വിശുദ്ധ ലൂക്കാ മംഗളവാർത്താവിവരണം ആരംഭിക്കുന്നത് (ലൂക്കാ 1:26-27). 'വിവാഹനിശ്ചയം' എന്നു മലയാളത്തിൽ പരിഭാഷപ്പെടുത്തിയിരിക്കുന്ന 'എമ്നെസ്ത്യൂമെനെൻ' എന്ന ഗ്രീക്കു ക്രിയാപദത്തിന് നമ്മുടെ നാട്ടിലെ 'മനസ്സമ്മതം' എന്ന അർത്ഥമല്ല ഉള്ളത് എന്നു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നൈയാമികമായ വിവാഹംതന്നെയാണ് ഇവിടെ സൂചന. വിവാഹത്തിലേക്കു പ്രവേശിക്കാം എന്ന വാഗ്ദാനം ചെയ്യൽ മാത്രമല്ല അത്. യഹൂദരുടെ വിവാഹത്തിനു രണ്ടു ഭാഗങ്ങളുണ്ടായിരുന്നു. വിവാഹവ്രതം എടുക്കുന്നതാണ് ആദ്യത്തേത്. ദൈവ

ത്തിനുമുമ്പിലും നിയമത്തിനുമുമ്പിലും അന്നുമുതൽ അവർ ഭാര്യാ ഭർത്താക്കന്മാരാണ്. ഇതിനുശേഷം പുരുഷൻ മരിച്ചാൽ സ്ത്രീ വിധവയായി കണക്കാക്കപ്പെട്ടിരുന്നു. അയാളുടെ സ്വത്തിന് അവൾ അവകാശിയുമായിരുന്നു. സ്ത്രീ അവളുടെ ഭർത്താവിനോട് അവിശ്വ സ്തതകാണിച്ചാൽ കല്ലെറിഞ്ഞു കൊല്ലപ്പെടുമായിരുന്നു. വിവാഹ മോചനം നേടാതെ അവൾക്ക് വേറൊരു വിവാഹത്തിനു മുതിരാൻ ആവുമായിരുന്നില്ല. രണ്ടാമത്തെ ഭാഗം വിവാഹത്തിന്റെ ആഘോ ഷമാണ്. വധൂവരന്മാരുടെ സാമ്പത്തികചുറ്റുപാട് അനുസരിച്ച് ഇത് നീളുമായിരുന്നു. വധുവിന്റെ വീട്ടിലേക്ക് വരൻ വന്ന് സാഘോഷം തന്റെ വീട്ടിലേക്ക് അവളെ കൂട്ടിക്കൊണ്ടുപോകുന്ന ചടങ്ങുണ്ടായി രുന്നു. അവർ ഒരുമിച്ചുള്ള ജീവിതം അപ്പോഴാണ് ആരംഭിക്കുന്നത്.

ലൂക്കാ 1:27-ൽ പരാമർശിക്കുന്ന 'വിവാഹനിശ്ചയം' മറിയവും ജോസഫും തമ്മിലുള്ള വിവാഹത്തിന്റെ ആദ്യഭാഗം കഴിഞ്ഞിരുന്നു എന്നാണ് വ്യക്തമാക്കുന്നത്. അതായത്, വിവാഹിതരുടെ അവകാശ ങ്ങളും കടമകളുമെല്ലാം അവർക്കുണ്ടായിരുന്നു.

## ഈശോതാതൻ

മറ്റു പല സംസ്കാരങ്ങളിലുമെന്നപോലെ യഹൂദസംസ്കാ രത്തിലും മകൻ അറിയപ്പെടുന്നത് അപ്പന്റെ പേരുമായി ബന്ധപ്പെ ട്ടാണ്. നസറത്തിലെ സിനഗോഗിൽ പ്രസംഗിച്ച യേശുവിനെക്കുറിച്ച് "ഇവൻ ജോസഫിന്റെ മകനല്ലേ?" എന്ന ജനങ്ങളുടെ ചോദ്യം (ലൂക്കാ 4:22) ജോസഫിനെക്കുറിച്ചുള്ള സമകാലീനരുടെ ധാരണ വ്യക്ത മാക്കുന്നു. അതേസമയം, 'മേരിയുടെ മകൻ' (മർക്കോ 6:3) എന്ന പ്രയോഗം അത്ര നല്ല അർത്ഥമുള്ളതായിരിക്കണമെന്നില്ല. സുവിശേ ഷങ്ങൾ, പ്രത്യേകിച്ച് വി. ലൂക്കായുടെ രണ്ടാം അധ്യായം, ജോസ ഫിനെ യേശുവിന്റെ പിതാവെന്നും മേരിയെ യേശുവിന്റെ മാതാ വെന്നും വിളിക്കുന്നു. ശിശുവായ യേശുവിനെ ദൈവാലയത്തിലേക്കു കൊണ്ടുവരുന്ന ജോസഫിനെയും മേരിയെയും മാതാപിതാക്കൾ ('ഗൊണേയിസ്') എന്നാണ് ലൂക്കാ 2:27-ൽ വിശേഷിപ്പിച്ചിരിക്കു ന്നത്. ശിശുവിനെ കൈയിലെടുത്തുകൊണ്ടുള്ള ദൈവസ്തുതി കേട്ട് "പിതാവും മാതാവും അദ്ഭുതപ്പെട്ടു" എന്നാണ് 33-ാം വാക്യം പറ യുന്നത്. പിതാവിനെ സൂചിപ്പിക്കുന്ന സാധാരണ ഗ്രീക്കുപദം 'പാത്തേർ' ആണ് ഇവിടെ ജോസഫിനായി ഉപയോഗിക്കപ്പെട്ടിട്ടു

ള്ളത്. പന്ത്രണ്ടുവയസ്സുള്ള യേശു പെസഹാത്തിരുനാളിന് ജറുസലെം ദൈവാലയത്തിൽ പോകുന്നത് 'മാതാപിതാക്കന്മാ'രുമൊത്താണ് (cf. v.41.43). ദൈവാലയത്തിൽ യേശുവിനെ കണ്ടെത്തിയപ്പോൾ അമ്മ കുഞ്ഞിനോട്, "നിന്റെ പിതാവും ഞാനും ഉത്കണ്ഠയോടെ നിന്നെ അന്വേഷിക്കുകയായിരുന്നു" എന്നാണ് പറഞ്ഞത്.

യേശുവിന്റെ വംശാവലിയുടെ ആമുഖമായി വി. ലൂക്കാ കുറിച്ചിരിക്കുന്നു: "അവൻ ജോസഫിന്റെ മകനാണെന്നു കരുതപ്പെട്ടിരുന്നു" (3:23). യേശുക്രിസ്തുവിന്റെ നൈയാമികാസ്തിത്വത്തിന്റെ ചവിട്ടുപലകയാണ് ഈ സങ്കല്പം. മനുഷ്യാവതാരത്തിന്റെ അനിവാര്യമായ ഒരു അടിത്തറയെയാണ് നാം ഇവിടെ തൊടുന്നത്. യേശുവിന്റെമേൽ യൗസേപ്പിതാവ് പൈതൃകാവകാശങ്ങൾ വിനിയോഗിച്ചിരുന്നു എന്നതിന് കാര്യമായ സൂചനകൾ വിശുദ്ധഗ്രന്ഥത്തിലുണ്ട്. "നീ അവന് യേശു എന്നു പേരിടണം" എന്ന മാലാഖയുടെ വാക്യം (മത്താ 1:21) തന്റെ ഭാര്യ പ്രസവിച്ച കുഞ്ഞിനു പേരുനല്കാനുള്ള യൗസേപ്പിന്റെ അവകാശാധികാരങ്ങൾ വ്യക്തമാക്കുന്നു. യഹൂദപാരമ്പര്യത്തിൽ കുഞ്ഞിനു പേരുനല്കുന്നത് പിതാവിന്റെ പ്രത്യേക അവകാശമായിരുന്നു. അങ്ങനെ യൗസേപ്പിതാവിന്റെ പൈതൃകാധികാരവിനിയോഗത്തിനു സ്വർഗംതന്നെയാണ് വഴിയൊരുക്കിയത്. ക്രിസ്തു ദാവീദിന്റെ പുത്രനെന്നു വിളിക്കപ്പെട്ടത് യൗസേപ്പിന്റെ പിതൃത്വത്തിന്റെ ലേബലിലാണെന്നത് ഏറെ പ്രാധാന്യമർഹിക്കുന്ന നിരീക്ഷണമാണ്.

ഇതൊക്കെയാണെങ്കിലും യേശു കന്യകയിൽനിന്നാണു ജനിച്ചതെന്നും യൗസേപ്പ് യേശുവിന്റെ വളർത്തുപിതാവുമാത്രമാണെന്നും വ്യക്തമായും അസന്ദിഗ്ദ്ധമായും സ്ഥാപിക്കാൻ വി. മത്തായിയും വി. ലൂക്കായും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. "ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ" എന്ന മറിയത്തിന്റെ സന്ദേഹവും "പരിശുദ്ധാത്മാവ് നിന്റെ മേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും" എന്ന ഗബ്രിയേൽ ദൂതന്റെ മറുപടിയും ഇത് അടിവരയിട്ടു സ്ഥാപിക്കുന്നു. "കന്യക ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും" എന്ന (ഏശ 7:14) യേശുവിന്റെ ജനനസംബന്ധിയായി ഉദ്ധരിച്ചുകൊണ്ട് വിശുദ്ധ മത്തായിയും (1:22) അതു വ്യക്തമാക്കുന്നു. "പുത്രനെ പ്രസവിക്കുന്നതുവരെ അവളെ അവൻ അറിഞ്ഞില്ല" എന്ന 25-ാം വാക്യം യൗസേപ്പ് അല്ല യേശുവിന്റെ പിതാവ് എന്ന സത്യത്തിന് കൃത്യമായ ഊന്നൽ നല്കുകയും ചെയ്യുന്നു. ഈ സത്യവും സാമാന്യജനത്തിന്റെ

ധാരണയും ഒരുപോലെ പ്രകടമാക്കുംവിധം ലൂക്കാ സുവിശേഷകൻ 3:23-ൽ കുറിച്ചിരിക്കുന്നു: "അവൻ ജോസഫിന്റെ മകനാണെന്നു കരുതപ്പെട്ടിരുന്നു".

## ജീവന്റെ നാഥന് ഒരു ജീവൽസംരക്ഷകൻ

പൂജരാജാക്കന്മാരുടെ സന്ദർശനത്തിനുശേഷം ക്രൂദ്ധനായ ഹേറോദുരാജാവു നടത്തിയ ശിശുവധത്തിൽനിന്ന് പൈതലായ യേശുവിനെ രക്ഷിക്കാനായി ശിശുവിനെയും അമ്മയെയും കൊണ്ട് ഈജിപ്തിലേക്ക് ക്ലേശകരമായ യാത്രനടത്തിയ ജോസഫ് പിതാവിനടുത്ത സംരക്ഷണച്ചുമതല കൃത്യമായി നിറവേറ്റി. അപകടമൊഴിഞ്ഞപ്പോൾ തിരിച്ചുവന്ന് കൂടുതൽ സുരക്ഷിതമായ നസ്രത്തിൽ താമസിക്കാനുള്ള ദൈവിക പദ്ധതി ജോസഫിനുതന്നെയാണ് വെളിപ്പെടുത്തപ്പെട്ടത്. മറിയത്തെയും കുഞ്ഞിനെയും അധ്വാനിച്ചു പോറ്റിയ യൗസേപ്പിതാവ് തിരുക്കുടുംബത്തിന്റെ നാഥനാണ്; എല്ലാ കുടുംബനാഥന്മാരുടെയും മധ്യസ്ഥനുമാണ്.

## മഹാഗുരുവിന്റെ ഗുരു

വി. മർക്കോസ് തന്റെ സുവിശേഷത്തിൽ യേശുവിനെ മരപ്പണിക്കാരൻ എന്നു വിശേഷിപ്പിക്കുന്നുണ്ട് (6:3). യേശു മരപ്പണി ചെയ്തിരുന്നെങ്കിൽ അതിനു പിന്നിലുള്ള കരങ്ങൾ യൗസേപ്പിന്റേതുതന്നെയായിരിക്കണം. തന്റെ സംരക്ഷണത്തിൽ സ്വർഗം ഭരമേല്പിച്ച ദൈവപുത്രനെ തനിക്കറിയാവുന്ന കൈത്തൊഴിൽ പഠിപ്പിക്കുന്ന കാര്യത്തിൽ യൗസേപ്പ് വൈമുഖ്യം കാണിച്ചില്ല എന്നത് പാരെന്റിങ്ങിന്റെ ഉത്തമ മാതൃകയായി ചൂണ്ടിക്കാണിക്കാവുന്ന ഒന്നാണ്. തികച്ചും വ്യത്യസ്തനും സ്വർഗത്തിന്റെ കൈയൊപ്പുള്ളവനുമായ ഈ കുഞ്ഞിനെ ഓമനിച്ചു ലാളിച്ചു വഷളാക്കാൻ അദ്ദേഹം തയ്യാറായിരുന്നില്ലെന്നു ചുരുക്കം. അധ്വാനിയായി മകനെ വളർത്താൻ ജോസഫിനു കഴിഞ്ഞു. ഈ പരിശീലനം തീർച്ചയായും മനുഷ്യനെന്ന നിലയിൽ യേശുവിന്റെ രൂപീകരണത്തിൽ വലിയ ഒരു പങ്കുവഹിച്ചുകാണും എന്നനുമാനിക്കുന്നതിൽ ഞാൻ ഒരപാകതവും കാണുന്നില്ല.

## നീതിയുടെ നൂതനത്വം

ജോസഫ് നീതിമാനായിരുന്നു എന്ന മത്താ 1:19-ലെ പ്രസ്താവം പുതിയനിയമത്തിലെ പുത്തൻ നീതിശൃംഖലയുടെ ഒന്നാമത്തെ

കണ്ണിയാണ്. ദൈവനീതിയുടെ അപ്രതീക്ഷിത മുഖമാണ് ക്രിസ്തുവിൽ തെളിഞ്ഞു കണ്ടതെങ്കിൽ പുതിയനിയമംമുഴുവൻ ഈ പുത്തൻ നീതിസങ്കല്പത്താൽ നിറഞ്ഞിരിക്കുകയാണെന്നു പറയേണ്ടിവരും. "നിയമജ്ഞരുടെയും ഫരിസേയരുടെയും നീതിയെ അതിശയിക്കു"ന്നതാണ് ക്രിസ്തുവിന്റെയും ക്രിസ്ത്യാനിയുടെയും നീതി. "ഈ ദൈവനീതി, വിശ്വസിക്കുന്ന എല്ലാവർക്കും, ആരെന്നുള്ള വ്യത്യാസം കൂടാതെ യേശുക്രിസ്തുവിലുള്ള വിശ്വാസംവഴി ലഭിക്കുന്നതാണ്" എന്ന റോമ 3:22-ലെ വാക്യം ക്രിസ്തുവിലെ ദൈവനീതിയുടെ പേര് കരുണയെന്നാണെന്നു സാക്ഷ്യപ്പെടുത്തുന്നു.

കരുണയുടെ കവിഞ്ഞൊഴുക്കാണ് മത്താ 1:19-ൽ കാണുന്നത്. താനറിയാതെ ഗർഭിണിയായ തന്റെ ഭാര്യ മറിയത്തെ പരസ്യമായി ഉപേക്ഷിക്കാൻ അദ്ദേഹം തയ്യാറായില്ല. കാരണം, മേരിയുടെ വധത്തിലേ അത് അവസാനിക്കൂ. മറിയത്തെ രഹസ്യമായി ഉപേക്ഷിക്കാൻ ജോസഫ് എടുക്കുന്ന തീരുമാനം ദൈവികനീതിയുടെ പ്രതിബിംബനം തന്നെയാണ്. എങ്ങനെയാണ് അദ്ദേഹത്തിന് മറിയത്തെ രഹസ്യമായി ഉപേക്ഷിക്കാൻ കഴിയുന്നത്? രണ്ടു സാധ്യതകളാണ് ഈ ലേഖകനു കാണാൻ കഴിയുന്നത്: (1) ആരാരുമറിയാതെ ജോസഫ് നാടുവിട്ടു പോകുക. ഇത് എല്ലാ പഴിചാരലും ജോസഫിലേക്കു കേന്ദ്രീകരിക്കാൻ ഇടയാക്കും; (2) നാട്ടിൽ തന്നെ മൂരാച്ചിയെപ്പോലെ കഴിയുക. താൻ വിവാഹം ചെയ്തവളെ ഗർഭിണിയാക്കിയിട്ട് അവളെ തനിക്കു വേണ്ടാ എന്നു യുക്തിരഹിതമായി ശാഠ്യംപിടിക്കുന്ന ഒരുവനായി ജോസഫിനെ നാട്ടുകാർ ഗണിക്കും. ഇവിടെയും പഴിയേല്ക്കുന്നതു ജോസഫുതന്നെ. ഇതാണു ജോസഫിന്റെ നീതി. ഒരുവിധത്തിൽ ചിന്തിച്ചാൽ, ക്രിസ്തുവിൽ പ്രകടമായ ദൈവനീതിയുടെ ഒരു ചെറിയ മുൻപതിപ്പായിരുന്നില്ലേ ജോസഫിന്റെ ജീവിതം? കുരിശിലെ സ്വയം ബലിയിലൂടെ പ്രകടമായ ദൈവികനീതിയുടെ അഥവാ, ദൈവികകരുണയുടെ ഒരു മുന്നാസ്വാദനം ജോസഫിന്റെ ജീവിതത്തിൽനിന്നു നമുക്കു ലഭിക്കുന്നു.

## ഉപസംഹാരം

ബൈബിളിലെ നിശ്ശബ്ദനായ കഥാപാത്രമാണ് വി. യൗസേപ്പിതാവ്. നന്നായി പ്രവർത്തിക്കുന്ന മൈക്ക് ഓരിയിടാറില്ലല്ലോ. ബഹളങ്ങളില്ലാത്ത ജീവിതമായിരുന്നു വി. ജോസഫിന്റേത്. പരിപൂർണ്ണ നിശ്ശബ്ദതയിൽ കുടുംബനാഥനടുത്ത എല്ലാ ഉത്തരവാദി

ത്വങ്ങളും അദ്ദേഹം സുന്ദരമായി നിറവേറ്റി. ന്യായമായും സംശയം ജനിപ്പിക്കുന്നതും കടുത്ത മനോസംഘർഷം ഉളവാക്കുന്നതുമായ സാഹചര്യത്തിൽ മറിയത്തോടു കാണിച്ച കരുണയും ഔദാര്യവും വിശാലഹൃദയത്തിന്റെ ഉടമയാണ് യൗസേപ്പിതാവെന്ന് സംശയ ലേശമെന്യേ തെളിയിക്കുന്നു. കുറ്റപ്പെടുത്തലുകളുടെയും വിധിപ്ര സ്താവങ്ങളുടെയും ആക്രോശങ്ങൾകൊണ്ട് കുടുംബങ്ങളും ഇടവ കകളും സമൂഹങ്ങളും മുഖരിതമാകുന്ന ഇക്കാലഘട്ടത്തിൽ നമുക്ക് ഏറ്റവും പറ്റിയ ധ്യാനവ്യക്തിത്വമാണ് വി. യൗസേപ്പിതാവ്. യേശു വിന്റെ വളർത്തുപിതാവാണെങ്കിലും സ്വന്തം പിതാവിന്റെ ശുഷ്കാ ന്തിയോടും കരുതലോടുംകൂടി ദൈവപുത്രനെ ഭൂമിയിൽ ദൈവ-മനുഷ്യപ്രീതിയിലും അധ്വാനശീലത്തിലും നീതിബോധത്തിലും പരിശീലിപ്പിച്ചു വളർത്തിയ യൗസേപ്പിതാവ് നല്ല പിതാക്കന്മാരാകാൻ ആഗ്രഹിക്കുന്നവർക്ക് ഏറ്റവും പറ്റിയ മോഡലാണ്.



## വി. യൗസേപ്പിതാവ് :

# പൈതൃക സംരക്ഷണത്തിന്റെ നിശബ്ദ സാന്നിധ്യം

**സിസ്റ്റർ ഡോ. സൂസി കിണറ്റിങ്കൽ സി.റ്റി.സി**

അവതരിച്ച വചനമായ യേശുനാഥനും അവിടുത്തെ മാതാവായ അമലോത്ഭവ കന്യകയ്ക്കും കാവലാളായി ദൈവം നിയോഗിച്ച പുണ്യപ്പൂർണനായ വളർത്തുപിതാവും സംരക്ഷകനുമായ വി. യൗസേപ്പിതാവിന്റെ സ്മരണ മാനവകുലത്തിനു മുഴുവൻ പൈതൃക സംരക്ഷണത്തിന്റെ വാത്സല്യതലോടലായി ദൈവം പകർത്തി. തന്റെ ത്യാഗത്തിലും, ക്ഷമയിലും, സ്ഥിരതയിലും, വിശ്വാസത്തിലും വലിയവനായ വിശുദ്ധ യൗസേപ്പ് ദൈവസന്നിധിയിൽ മഹത്വം കണ്ടെത്തി. കുടുംബങ്ങളുടെ മദ്ധ്യസ്ഥൻ, തിരുസ്സഭയുടെ സംരക്ഷകൻ, തൊഴിലാളികളുടെ മാതൃക, കന്യകകളുടെ സംരക്ഷകൻ, നന്മരണത്തിന്റെ മദ്ധ്യസ്ഥൻ തുടങ്ങി നസ്രത്തിലെ തച്ചന്റെ വിശേഷണങ്ങൾ നീണ്ടുപോകുമ്പോൾ ഇതിന്റെയൊക്കെ ഉറവിടവും

തെളിയുന്നുണ്ട്. ദൈവിക പദ്ധതികൾക്ക് വേണ്ടി സ്വയം സമർപ്പണം ചെയ്ത്, സ്വന്തമഹിമ തേടാതെ, ദൈവം ഭരമേല്പിച്ചവ സമ്പൂർണ്ണമായ വിരക്തിയിലും പരിമിതിയില്ലാത്ത എളിമയിലും ആത്മാർത്ഥമായി നിർവഹിച്ചു എന്നതാണ്. വിശുദ്ധ യൗസേപ്പ് നമുക്ക് നല്കുന്ന ഒരു സന്ദേശമുണ്ട്. നിങ്ങളുടെ സല്പ്പേരും സ്നേഹവും എല്ലാം ദൈവത്തെ ഭരമേല്പ്പിക്കുക. പരിശുദ്ധമായ ജീവിതം നയിച്ചുകൊണ്ട് അവിടുത്തെ സംരക്ഷണത്തിന് സ്വയം ഏല്പ്പിച്ചുകൊടുത്താൽ സുരക്ഷിതരായി നിങ്ങൾക്ക് മുന്നോട്ടുപോകാം. ലോകം മുഴുവൻ നിങ്ങൾക്ക് എതിരാണെങ്കിലും അവിടുന്ന് നിങ്ങളെ സംരക്ഷിച്ചുകൊള്ളും.

## കന്യകളുടെ സംരക്ഷകൻ

ബാല്യം മുതൽ ദൈവാലയത്തിൽ വളർന്ന അമല മനോഹരിയായ മേരിക്ക് ദൈവാലയാധികാരികൾ വരനെ കണ്ടുപിടിച്ചത് ഒരു ദിവ്യാത്ഭുതത്തിന്റെ അകമ്പടിയോടെയാണ് എന്നാണ് പാരമ്പര്യം പറയുന്നത്. യൂദാ ഗോത്രത്തിൽ ദാവീദിന്റെ വംശത്തിലുള്ള യുവാക്കളിൽ നിന്നും തങ്ങളുടെ പേർ മുദ്രണം ചെയ്ത ശിഖരങ്ങൾ ശേഖരിച്ചിരുന്നു. നിശ്ചിത ദിവസം ഈ ശിഖരങ്ങൾ പരിശോധിച്ചപ്പോൾ നിറയെ പുഷ്പിച്ചതായി കാണുന്നത് ജോസഫിന്റെ ശിഖരമാണ്. ഇതു നിർമ്മല കന്യകയായ മേരിയുടെ വരനെ നിർണ്ണയിക്കുന്നതിന് പ്രധാന പുരോഹിതന് സഹായകമായി എന്നാണ് ചില പാരമ്പര്യ കഥകളിൽ കാണുന്നത്. പുഷ്പിച്ച ശിഖരവുമേന്തി നില്ക്കുന്ന യൗസേപ്പിതാവിന്റെ രൂപം ചിത്രീകരിക്കുന്നത് ഈ പാരമ്പര്യത്തിന്റെ വെളിച്ചത്തിലായിരിക്കാം[1].

നാസീർ വ്രതക്കാരനായ ജോസഫ് പുരോഹിതന്റെ കല്പന ശിരസ്സാവഹിച്ചുകൊണ്ട് മേരിയെ സ്വീകരിക്കാൻ ഒരുങ്ങുന്നു. കർത്താവിനായി ജീവിതം അർപ്പിച്ചിരുന്ന ജോസഫിന്റെ വ്രതവും ജനനം മുതൽ ഞാൻ മുഴുവനും കർത്താവിന്റേതാണ് എന്ന ചിന്തയാൽ ഗ്രസിക്കപ്പെട്ട കന്യകാമേരിയുടെ നിർമ്മലസ്നേഹവും ദൈവം ഒന്നിപ്പിച്ചപ്പോൾ കന്യാത്വത്തിന്റെ പരിശുദ്ധിയിൽ ഇരുവരും ദൈവപിതാവിന് തങ്ങളെത്തന്നെ സമർപ്പിച്ച് രക്ഷകനെ ലോകത്തിലേക്ക് അയക്കാൻ പ്രാർത്ഥിക്കുന്നതാണ് അവരുടെ വിവാഹ ഉടമ്പടി. മുദ്രവയ്ക്കപ്പെട്ട പുസ്തകമായ അമലോത്ഭവ കന്യകയെ ജോസഫ് എങ്ങനെ വായിച്ചു? അമാനുഷികമായ ഒരു

രഹസ്യത്തെ എങ്ങനെ കണ്ടു? സാധാരണകാർ ഒരു വലിയ പുണ്യ മായി മാത്രം കണക്കാക്കുന്ന കന്യാത്വം എന്ന രഹസ്യത്തെ ജോസഫ് മാനുഷികമായ അറിവു കൊണ്ടല്ല, സ്വഭാവാതീതമായ ജ്ഞാനത്താലാണ് കണ്ടത്. ഈ ജ്ഞാനം ദൈവത്തിന്റെ ശക്തിയുടെ ഒരു നിശ്വസനമാണ്. സർവശക്തനിൽ നിന്നുള്ള ശക്തിയുടെ ഒരു പ്രസരണമാണ്. ഇപ്രകാരമായ ജ്ഞാനമുണ്ടായിരുന്നത് കൊണ്ട് മേരി എന്ന രഹസ്യത്തിന്മേൽ, കൃപാവരസമുദ്രത്തിന്മേൽ ആത്മവി ശ്വാസത്തോടെ യാത്രചെയ്യുവാൻ വിശുദ്ധ യൗസേപ്പിന് കഴിഞ്ഞു. നീതിമാനായ മനുഷ്യന്റെ ജ്ഞാനം അവനെ വിശുദ്ധനാക്കുന്നു. വിശുദ്ധനായ മനുഷ്യനെ ദൈവത്തിന്റെ മണവാട്ടിയുടെയും ദൈവ പുത്രന്റെയും സംരക്ഷകനുമാക്കുന്നു. സെന്റ് ജോസഫ് തന്റെ ആത്മാവിന്റെ പവിത്രമായ സ്നേഹംകൊണ്ട് സമ്പൂർണ്ണമായ വിരക്തിയിൽ ദൈവത്തിന്റെ കന്യകയായ മേരിയെ സ്നേഹി ക്കാൻ വാഗ്ദാനം ചെയ്യുമ്പോൾ കന്യകാമേരിയുടെ നിത്യകന്യാ ത്വത്തിന്റെ കാവൽക്കാരനായി, സംരക്ഷകനായി ദൗത്യമേല്ക്കുന്നു. പറുദീസയുടെ കാവൽക്കാരനായിരുന്ന ആഗ്നേയനായ മുഖ്യദൂതനെ പ്പോലെയായിരുന്നു വിശുദ്ധ യൗസേപ്പ്, അടയ്ക്കപ്പെട്ട ഉദ്യാന ത്തിന്റെ, മുദ്രവയ്ക്കപ്പെട്ട നീരുറവയുടെ സൂക്ഷിപ്പുകാരനായി വർത്തിക്കാൻ തന്റെ അദ്ധ്വാനവും ജീവിതവും സമർപ്പിക്കുന്ന വിശുദ്ധ യൗസേപ്പ് ഭൂമിയിലെ എല്ലാ പിതൃത്വങ്ങൾക്കും മാതൃക യാകുന്നു.

## വിശുദ്ധ യൗസേപ്പ് ബൈബിളിൽ

ദൈവകുമാരന്റെ വളർത്തുപിതാവായ വിശുദ്ധ യൗസേപ്പിന്റെ മഹത്വപൂർണ്ണമായ സ്ഥാനം വെളിവാകുന്നത് പരിമിതമായ സുവി ശേഷ വചനങ്ങളിൽ നിന്നാണ്. യേശുവിന്റെ ബാല്യകാല വിവരണ ങ്ങളുടെ ഭാഗമായി വിശുദ്ധ മത്തായിയുടെയും വിശുദ്ധ ലൂക്കായു ടെയും സുവിശേഷങ്ങളിലാണ് വിശുദ്ധ യൗസേപ്പിനെക്കുറിച്ച് പരാ മർശിക്കുന്നത്. വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ, ജോസഫ് ദാവീദിന്റെ വംശത്തിൽപ്പെട്ടവനായിരുന്നുവെന്ന് വംശാവലിയിൽ വ്യക്തമാക്കുന്നു (മത്തായി 1.16). വിശുദ്ധ യൗസേപ്പിതാവിന്റെ ഏറ്റവും വലിയ സവിശേഷതയാണ് മാത്യു സുവിശേഷകൻ വ്യക്തമാക്കുന്ന “ജോസഫ് നീതിമാനായിരുന്നു” എന്നത്. നീതിമാൻ എന്ന ഈ

സംബോധനയിൽ, കരുണയുള്ളവൻ, ദൈവഭയമുള്ളവൻ, പ്രാർഥന യിൽ ആശ്രയംവയ്ക്കുന്നവൻ, ദൈവത്തോടും മനുഷ്യരോടും വിശ്വസ്തതയുള്ളവൻ, വിശ്വാസത്തിന്റെ മനുഷ്യൻ, നിയമങ്ങളോട് പ്രതിബദ്ധതയുള്ളവൻ എന്നിങ്ങനെയുള്ള വിശേഷണങ്ങൾ സമജ്ജ സമായി ഒത്തുചേരുന്നുണ്ട്. ബൈബിളിൽ പത്തുപ്രാവശ്യം നീതി മാൻ എന്ന പദം കാണുമ്പോൾ, 5 വ്യക്തികളാണ് വ്യക്തമായ പേരോടെ പരാമർശിക്കപ്പെടുന്നത്, നോഹ (ഉല്പത്തി 6.9), ആദ്യ വിജാതീയ ക്രിസ്ത്യാനിയായ കൊർണേലിയുസ് (അപ്പസ്തോല പ്രവ ർത്തനങ്ങൾ 10.22), സ്നാപകയോഹന്നാൻ (മാർക്കോസ് 6.20), യേശു ക്രിസ്തു (മത്തായി 27.19), ജോസഫ് (മത്തായി 1.19). ഈ അഞ്ചു പേരിലൊരാളായാണ് ഈശോയുടെ വളർത്തുപിതാവായ ജോസഫ് പ്രതിഷ്ഠിതനായിരിക്കുന്നത്.

മത്തായി 1. 20-ൽ ജോസഫിന്റെ ദൈവാശ്രയവും ദൈവഹിതം ആരായുന്ന പ്രകൃതവും വെളിപ്പെട്ടു കിട്ടിയ ദൈവഹിതം ഉടനടി ത്യാഗപൂർണ്ണതയിൽ നിർവ്വഹിക്കുന്നതും നാം കാണുന്നു. ഇവയെല്ലാം നീതിമാൻ എന്ന് സവിശേഷതയുടെ ഭാഗമാണ്. സ്വന്തം സൽപ്പേർ കളങ്കപ്പെട്ടേക്കാവുന്ന, മാലാഖയുടെ പരിശുദ്ധിയോടെ താൻ ഹൃദയത്തിൽ പ്രതിഷ്ഠിച്ചിരുന്ന വധുവായ കന്യകാമേരിക്കെതിരെ പൊതുശിക്ഷാവിധിവരെ നേരിടാവുന്ന, ഉത്തരം കിട്ടാത്തതും വെല്ലുവിളികൾ നിറഞ്ഞതുമായ ഈ സാഹചര്യത്തിൽ എല്ലാം ദൈവത്തിൽ ഭരമേല്പ്പിച്ച് ശാന്തമായി ഉറങ്ങാൻ കഴിയുന്ന വിശുദ്ധ യൗസേപ്പിന്റെ ദൈവാശ്രയം അനിതരസാധാരണം തന്നെയെന്ന് വിവക്ഷിക്കാതെവയ്യ. ലൂക്ക 2.7-ൽ ഭരണാധികാരികളുടെ നിയമ ങ്ങളോടും വിശ്വസ്ഥതയോടെ സഹകരിക്കുന്ന ജോസഫ് പൂർണ്ണ ഗർഭിണിയായ മേരിയെയും കൊണ്ട് ബേത്ലെഹെമിലേക്ക് യാത്ര തിരിക്കുമ്പോൾ ദൈവിക പ്രവചനങ്ങളും അന്വർത്ഥമാകുന്നു. സത്രത്തിൽ ഇടം ലഭിക്കാതെ പാതിരാത്രിയിൽ കൊടുംതണുപ്പിൽ രക്ഷകന് ജന്മം നൽകാൻ ഇടം തേടിയലയുമ്പോഴും ദൈവിക പദ്ധതിയെ ചോദ്യം ചെയ്യുകയോ ദൈവത്തെ പരീക്ഷിക്കുകയോ ചെയ്യാത്ത ജോസഫിന്റെ അചഞ്ചലമായ വിശ്വാസ സ്ഥിരത മാന വകുലത്തിന് എന്നും മഹനീയ മാതൃകയായി പരിലസിക്കുന്നു (ലൂക്ക 2.2).

ഹെറോദോസിന്റെ ക്രൂരതയെ ഭയന്ന് ദിവ്യശിശുവിനെയും മാതാവിനെയും കൂട്ടി ഈജിപ്തിലേക്ക് പലായനം ചെയ്യേണ്ടിവരുന്ന ജോസഫ്, അന്യനാട്ടിൽ കഠിനാധ്വാനം ചെയ്ത് രക്ഷകനെയും മാതാവിനെയും പോറ്റേണ്ടി വന്ന ജോസഫ്, കുടുംബങ്ങളുടെയും കുടുംബനാഥന്മാരുടെയും ശക്തനായ മദ്ധ്യസ്ഥനാണ് (മത്തായി 2. 13-14). മത്തായി 2.19-20-ൽ മാലാഖയുടെ നിർദേശമനുസരിച്ച് തിരുക്കുടുംബവുമായി ഇസ്രായേലിലേക്ക് മടങ്ങുന്ന ജോസഫ്, ശക്തമായി ദൈവാശ്രയത്വത്തിൽ ഉറച്ചു നില്ക്കുന്നവരെ ദൈവദൂതന്മാരെ അയച്ച് വഴിനടത്തുന്ന ദൈവപരിപാലനയുടെ വൈഭവം വ്യക്തമാക്കുന്നു. ഭൂസ്വർഗ്ഗങ്ങളെ അടക്കി വാഴുന്ന ദൈവപുത്രൻ ഒരു തച്ചന്റെ മകനായി (ലൂക്ക 4.22) അറിയപ്പെടാൻ തിരുമനസായെങ്കിൽ ആ തച്ചന്റെ സ്ഥാനം ദൈവസന്നിധിയിൽ എത്രയോ ശ്രേഷ്ഠമായിരിക്കുമെന്ന് വിശ്വാസദൃഷ്ടിയിൽ മാത്രമേ വെളിവാക്കപ്പെടുകയുള്ളു. ദൈവപുത്രനെ ദൈവാലയത്തിൽ സമർപ്പിക്കുന്ന (ലൂക്ക 2.22), വർഷം തോറും തിരുനാളുകളിൽ ജറുസലേം ദൈവാലയം സന്ദർശിച്ച് ദൈവിക നിയമമനുസരിച്ച് ദൈവകുമാരനെ വളർത്തി വലുതാക്കുന്ന (ലൂക്ക 2.39, 41), യേശുവിന്റെ പ്രായപൂർത്തി ചടങ്ങുകൾ പിതാവിന്റെ ഉത്തരവാദിത്വത്തോടെ നടത്തുന്ന (2.42-43), യേശുവിനെ യുവത്വത്തിലേക്ക് കൈപിടിച്ചുനയിക്കുന്ന, തനിക്ക് അറിയാവുന്ന തൊഴിൽ ദൈവപുത്രനെ അഭ്യസിപ്പിക്കുന്ന വാത്സല്യനിധിയായ ഭൗമികപിതാവിനെ സ്വർഗ്ഗപിതാവ് എത്രകണ്ട് ബഹുമാനിക്കുമെന്ന് ചിന്തിക്കുക മനുഷ്യബുദ്ധിക്ക് അഗ്രാഹ്യമാണ്.

## സെന്റ് ജോസഫ് സഭാപഠനങ്ങളിൽ

പരിശുദ്ധ ദൈവമാതാവിനുശേഷം സഭയുടെ ഔദ്യോഗിക പഠനങ്ങളിൽ കാണുന്ന വിശുദ്ധരുടെ പേരുകളിൽ ഏറ്റവും പ്രധാന സ്ഥാനം സെന്റ് ജോസഫിന് തന്നെയാണ്. 1870 ഡിസംബർ 8-ാം തീയതി പയസ് 9-ാമൻ പാപ്പ Quemadmodum Deus എന്ന ഡിക്രി വഴി വിശുദ്ധ യൗസേപ്പിതാവിനെ ആഗോള സഭയുടെ പാലകനായി പ്രഖ്യാപിച്ചു. അതോടൊപ്പം സെന്റ് ജോസഫിന്റെ തിരുനാൾ മഹാമഹം ആയി ഉയർത്തി. സഭയുടെ പ്രശ്നസങ്കീർണ്ണമായ ആ കാലയളവിൽ ശത്രുക്കൾ എല്ലാ വശങ്ങളിലും നിന്ന് സഭയ്ക്ക് ഉപദ്രവം ചെയ്യുമ്പോൾ വിശുദ്ധ യൗസേപ്പിതാവിനെ തിരുസഭയുടെ

സംരക്ഷകനായി പ്രഖ്യാപനം ചെയ്യാനുള്ള തീരുമാനം റീത്തുകളുടെ തിരുസംഘത്തിന്റെ ഈ ഡിക്രി വഴി പാപ്പ പ്രഖ്യാപനം ചെയ്തു. സർവശക്തനായ ദൈവം പഴയ നിയമത്തിലെ ഗോത്രപിതാവായ യാക്കോബിന്റെ മകനായ ജോസഫിനെ ജനതകൾക്ക് വേണ്ടി ധാന്യം സൂക്ഷിക്കാൻ ഈജിപ്തിനുമേൽ അധികാരത്തിൽ നിയോഗിച്ചതുപോലെ കാലത്തിന്റെ പൂർണ്ണതയിൽ തന്റെ ഏകജാതനെ മാനവകുലത്തിന്റെ രക്ഷയ്ക്കായി അയച്ചപ്പോൾ വിശുദ്ധ യൗസേപ്പിനെ ഈജിപ്തിലും ഇസ്രായേലിലും തന്റെ തിരുക്കുമാരന്റെ ഭവനത്തിന്റെ സംരക്ഷകനായി തിരഞ്ഞെടുത്തു. പഴയ നിയമത്തിലെ ജോസഫ് രാജ്യഭണ്ഡാരങ്ങളുടെ മുഴുവൻ കാര്യസ്ഥനായി നിയോഗിക്കപ്പെട്ടതുപോലെ പുതിയ നിയമത്തിലെ ജോസഫ് ദൈവിക ഭണ്ഡാരങ്ങളുടെ വിചാരിപ്പുകാരനായി ദൈവം തന്നെ ഉയർത്തി[2].

1871-ൽ പയസ് 9-ാമൻ പാപ്പ ആരാധനാക്രമത്തിൽ വിശുദ്ധ യൗസേപ്പിന്റെ പഴയകാല ചരിത്രം സംഗ്രഹിച്ചു കൊണ്ട് Inclycum patriarcham എന്ന പ്രഖ്യാപനത്തിലൂടെ യൗസേപ്പിതാവിന്റെ തിരുനാളിലെ ആരാധനാക്രമത്തിന് വേണ്ട രൂപരേഖ ഉണ്ടാക്കി. പാപ്പ പറയുന്നു, കത്തോലിക്ക സഭ വളരെ സമ്പൂർണ്ണമായി ബഹുമാനിക്കുകയും വണങ്ങുകയും ചെയ്യുന്ന വിശുദ്ധ യൗസേപ്പിനെ സ്വർഗത്തിലും മഹത്വവും ബഹുമതിയും കൊണ്ട് കിരീടമണിയിച്ചു. ഭൂമിയിൽ സർവശക്തനായ ദൈവം തന്റെ എല്ലാ വിശുദ്ധന്മാരെക്കാളും വിശുദ്ധ യസേപ്പിന് മുൻഗണന നല്കി അമലോത്ഭവയായ കന്യകാമേരിയുടെ പുണ്യപൂർണ്ണനായ മണവാളനും തന്റെ ഏകജാതന്റെ പിതാവുമാക്കാൻ തിരുമനസ്സായി. ദൈവം അതുല്യമായ കൃപകളാൽ നിറച്ച് അദ്ദേഹത്തെ സമ്പന്നനാക്കി, ഇത്രമേൽ ശ്രേഷ്ഠമായ ഈ പദവിയ്ക്കനുസൃതമായ ചുമതലകൾ നിർവഹിക്കാൻ പ്രാപ്തനാക്കി[3].

1889-ൽ മാതാവിന്റെ സ്വർഗാരോപണ തിരുനാൾദിനം ലെയൊ 13-ാമൻ പാപ്പ വിശുദ്ധ യൗസേപ്പിനെക്കുറിച്ചുള്ള ഒരു സംക്ഷിപ്ത ലേഖനത്തിലൂടെ വിശുദ്ധ യൗസേപ്പിതാവിനെ കുടുംബനാഥന്മാർക്കും തൊഴിലാളികൾക്കും മാതൃകയായി ഉയർത്തി. വിശുദ്ധ യൗസേപ്പിനെ തിരുസ്സഭയുടെ സംരക്ഷകനായി പ്രഖ്യാപിച്ചതിനും സഭ അദ്ദേഹത്തിന്റെ സംരക്ഷണം തേടുന്നതിനും കാരണം അദ്ദേഹം പരിശുദ്ധ മാതാവിന്റെ വിരക്തമണവാളനും ദൈവപുത്രനായ

യേശുക്രിസ്തുവിന്റെ വളർത്തുപിതാവും ആയിരുന്നതിനാലാണ്. അദ്ദേഹത്തിന്റെ അന്തസ്സും മഹത്വവും ഈ കാരണങ്ങളിൽ നിന്നും ഉടലെടുത്തു. സകല സൃഷ്ടികളെക്കാൾ ഉന്നതിയിലായിരുന്ന പരിശുദ്ധ മാതാവിന്റെ സംരക്ഷണം വിശുദ്ധ യൗസേപ്പിനെ ഏല്പ്പിക്കുക വഴി, ദൈവം അദ്ദേഹത്തെ അവളുടെ ജീവിതത്തിന്റെ സന്തത സഹചാരിയായി മാത്രമല്ല, അവളുടെ കന്യാത്വത്തിന്റെ സംരക്ഷകനും അവളുടെ മഹത്വത്തിൽ പങ്കാളിയുമാക്കി[4].

പയസ് 10-ാമൻ പാപ്പയും ബെനഡിക്റ്റ് 15-ാമൻ പാപ്പയും സെന്റ് ജോസഫിന്റെ ഭക്തി പ്രചരിപ്പിക്കാൻ ഉത്സാഹം പ്രദർശിപ്പിച്ചിട്ടുണ്ട്. 1920 ജൂലൈ 25-ന് ബെനഡിക്റ്റ് 15-ാമൻ പാപ്പ, വിശുദ്ധ യൗസേപ്പിനെ ആഗോള സഭയുടെ മദ്ധ്യസ്ഥനായി പയസ് 9-ാമൻ പാപ്പ പ്രഖ്യാപിച്ചതിന്റെ 50-ാം വർഷം, Bonum Sane എന്ന Motu Proprio യിലൂടെ മെത്രാന്മാരോടും ഭക്ത സംഘടനകളോടും ദുരന്തങ്ങളിൽ മരിക്കുന്ന അനേകം മനുഷ്യർക്കു വേണ്ടി നന്മരണത്തിന്റെ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിനോട് പ്രാർഥിക്കാൻ ആഹ്വാനം ചെയ്തു[5]. 1961 മാർച്ച് 19-ന് വിശുദ്ധ ജോൺ 23-ാമൻ പാപ്പ Le voci എന്ന അപ്പസ്തോലിക ലേഖനത്തിലൂടെ സെന്റ് ജോസഫിനെ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ മദ്ധ്യസ്ഥനായി പ്രഖ്യാപിച്ചു. അന്നു തന്നെ വത്തിക്കാൻ സെന്റ് പീറ്റർ ബസിലിക്കയിൽ സെന്റ് ജോസഫിന്റെ ഒരു പ്രത്യേക അൾത്താര പാപ്പ സ്ഥാപിച്ചു[6].

വിശുദ്ധ ജോൺ പോൾ 2-ാമൻ പാപ്പ Redemptoris Custos എന്ന അപ്പസ്തോലിക പ്രബോധനത്തിലൂടെ വിശുദ്ധ യൗസേപ്പിതാവിന്റെ വ്യക്തിത്വവും മിഷനും ക്രിസ്തുവിന്റെ ജീവിതത്തിന്റെയും സഭയുടെയും വെളിച്ചത്തിൽ വിവരിക്കുന്നു. സുവിശേഷത്തിൽ നിന്നും സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് പാപ്പ പ്രഖ്യാപിച്ചു. വിശുദ്ധ യൗസേപ്പിതാവ് സഭയുടെ വിശുദ്ധിക്ക് മാതൃകയായ കന്യകാമേരിയെ സംരക്ഷിക്കുകയും ശിശുവായ ദൈവകുമാരനെ വളർത്തി വലുതാക്കുകയും ചെയ്തതുപോലെ ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയെ സംരക്ഷിക്കുന്നു[7].

2013 മെയ് 1-ന് തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിന്റെ തിരുനാൾ ദിനം ആരാധനാക്രമങ്ങളെക്കുറിച്ച് പാപ്പ ഫ്രാൻസീസ് Paternas Vices എന്ന പേരിൽ തന്റെ ആദ്യത്തെ ഡിക്രി

പ്രകാശനം ചെയ്തു. ഈ ഡിക്രി വഴി വിശുദ്ധ യൗസേപ്പിന്റെ നാമം 2,3,4 എന്നീ സ്തോത്രയാഗപ്രാർഥനകളിൽ കൂട്ടിച്ചേർത്തു. പാപ്പ പറയുന്നു, "കർത്താവിന്റെ കുടുംബത്തിന്റെ തലവനായിരിക്കാൻ നിയോഗിക്കപ്പെട്ട വിശുദ്ധ യൗസേപ്പ്, യേശുവിനോടുള്ള തന്റെ പൈതൃക പരിപാലന വഴി, ദൈവകൃപയാൽ തനിക്ക് ലഭിച്ച ഈ പദവി വളരെ അത്ഭുതകരമായി നിവർത്തിച്ചു. ദൈവികപദ്ധതിയിൽ ഉടലെടുത്ത രക്ഷാകരരഹസ്യങ്ങളോട് ആരംഭം മുതൽ പൂർണ മായി ചേർന്ന് നിന്നുകൊണ്ട് ക്രൈസ്തവ വിശ്വാസം ഒരു വലിയ ലക്ഷ്യത്തിലേക്ക് ഉയർത്തുന്ന അനിതര സാധാരണമായ എളിമ യുടെയും ദയയുടെയും മാതൃകയായി വിശുദ്ധ യൗസേപ്പ് ശോഭിച്ചു[8].

സെന്റ് ജോസഫ് തന്റെ ഭൗമിക ജീവിതം മനുഷ്യാവതാര രഹസ്യത്തിന്റെയും അതിലൂടെ ഉളവാകുന്ന രക്ഷാകര പദ്ധതിയു ടെയും ത്യാഗപരമായ സേവനമാക്കി മാറ്റുന്നതിലൂടെ തന്റെ പിതൃത്വം വ്യക്തമായി പ്രകടിപ്പിച്ചു. തിരുക്കുടുംബത്തിന്മേലുള്ള തന്റെ നിയമ പരമായ അധികാരം ജീവിതത്തിലും ജോലിയിലും അവർക്കുവേണ്ടി സ്വയം സമർപ്പിക്കുന്നതിലൂടെ അദ്ദേഹം പ്രയോഗിച്ചു. ഗാർഹിക സ്നേഹത്തിലേക്കുള്ള തന്റെ മാനുഷികമായ വിളി, തന്റെ ഹൃദയവും കഴിവുകളും തന്റെ ഭവനത്തിൽ പക്വതയിലേക്ക് വളർന്നുകൊ ണ്ടിരിക്കുന്ന മിശിഹായുടെ സേവനത്തിനായി അർപ്പിച്ച് അതിമാനു ഷികമായ തന്റെ സ്വയം സമർപ്പണവും സ്നേഹവുമാക്കി പകർത്തി[9].

## വിശുദ്ധ ത്രേസ്യയുടെ പ്രത്യേക മദ്ധ്യസ്ഥൻ

സെന്റ് തെരേസ ഓഫ് ആവില ഈ പുണ്യപിതാവിനെയാണ് തന്റെ അഭിഭാഷകനും പ്രത്യേക മദ്ധ്യസ്ഥനുമായി തിരഞ്ഞെടുത്തത്. തന്റെ ജീവിതത്തിൽ തെരേസ തേടിയ എല്ലാ കൃപകളും ഈ പുണ്യ പിതാവ് പ്രദാനം ചെയ്തിട്ടുണ്ടെന്ന് അവൾ ശക്തിയുക്തം പ്രതിപാ ദിക്കുന്നുണ്ട്. തന്റെ ശ്രമകരമായ മഠസ്ഥാപന യാത്രകളിൽ ഒരിക്കൽ സിയേറ മൊറേന പർവ്വതത്തിൽ വഴിതെറ്റി, ചുറ്റും കിടങ്ങുകളും കൊക്കകളും നിറഞ്ഞ ഒരു സ്ഥലത്ത് എത്തിപ്പെട്ടു, തിരിച്ചുപോരാനും കഴിയാത്തവിധം വിഷമിച്ചു. മനുഷ്യവാസത്തിന്റെ ലക്ഷണം പോലും ഇല്ലാതിരുന്ന അവിടെ മനുഷ്യസഹായം അസാധ്യമാണെന്ന് വ്യക്ത മായ ആ ചുറ്റുപാടിൽ പുണ്യവതി ഉടനെ കൂടെയുള്ളവരോടൊപ്പം വി.

യൗസേപ്പിതാവിന്റെ മാധ്യസ്ഥ്യം തേടി. കുറച്ചുകഴിഞ്ഞപ്പോൾ താഴെ നിന്ന് ഒരു വൃദ്ധന്റെ സ്വരം കേട്ടു. വണ്ടി മുന്നോട്ട് എടുക്കരുതെന്നും ഏതു ഭാഗത്തേക്ക് തിരിക്കണമെന്നും വിളിച്ചു പറഞ്ഞു. ആ വഴിക്ക് വണ്ടി തിരിച്ച ഉടൻ അവർ മലയടിവാരത്തിലെത്തി എന്നാണ് പുണ്യവതി പറയുന്നത്[10].

വിശുദ്ധ യൗസേപ്പിതാവ് തനിക്ക് നല്കിയ ദർശനങ്ങൾ വിശുദ്ധയുടെ ജീവചരിത്രത്തിൽ വിവരിക്കുന്നുണ്ട്. ഒരു ദർശനത്തിൽ വിശുദ്ധ യൗസേപ്പിതാവ് വെണ്മയേറിയ ഒരു വസ്ത്രം അവളെ ധരിപ്പിച്ച് കുറ്റങ്ങളിൽ നിന്നെല്ലാം മോചനം ലഭിച്ചിരിക്കുന്നതായി അറിയിച്ചു. അനന്തരം പരിശുദ്ധ മാതാവ് അവളോട് തന്റെ മണവാള നായ യൗസേപ്പിതാവിനോടുള്ള ത്രേസ്യയുടെ ഭക്തിയിൽ താൻ അതീവ സന്തുഷ്ടയാണെന്ന് അരുൾ ചെയ്തു എന്നാണ് പറയു ന്നത്[11]. ആഗോള സഭയിൽ വിശുദ്ധ യൗസേപ്പിതാവിനോടുള്ള ഭക്തി വർദ്ധിപ്പിക്കാൻ വിശുദ്ധ അമ്മ ത്രേസ്യ പ്രധാന പങ്കു വഹിച്ചിട്ടുണ്ട്. മാത്രമല്ല, ഈ പുണ്യപിതാവിനോടുള്ള ഭക്തി കർമലസഭയുടെ ഒരു സ്രോതസ്സായി അവൾ രൂപാന്തരപ്പെടുത്തി. വിശുദ്ധന്റെ സഹായം തേടാതെയും അദ്ദേഹത്തെ ഭരമേല്പ്പിക്കാതെയും ഒരു കാര്യത്തിനും അവൾ ഇറങ്ങിത്തിരിച്ചിട്ടില്ല. ഒട്ടുമിക്ക ആശ്രമങ്ങളും ഈ പുണ്യ പിതാവിന്റെ നാമത്തിലാണ് സ്ഥാപിക്കപ്പെട്ടിരിക്കുക. ജീവചരിത്ര ത്തിൽ നാം വായിക്കുന്നു, "ഈ പുണ്യവാൻ വഴി ദൈവം എനിക്ക് നല്കിയിട്ടുള്ള ആത്മീകവും ശാരീരികവുമായ അനുഗ്രഹങ്ങളോർ ത്താൽ അത്ഭുതം തോന്നും. മറ്റു പുണ്യവാന്മാരെ ഓരോ പ്രത്യേക കാര്യങ്ങളുടെ മദ്ധ്യസ്ഥനായി നിയമിച്ചിട്ടുള്ളപ്പോൾ ഈ പുണ്യ പിതാവിനെ-ഞാൻ അനുഭവിച്ചറിഞ്ഞിട്ടുള്ളതുപോലെ-സകലകാര്യ ങ്ങളുടെയും മദ്ധ്യസ്ഥനായി ദൈവം അംഗീകരിച്ചിരിക്കുകയാണെന്ന് തോന്നുന്നു. ഇതുമൂലം ദൈവം നമ്മെ ഒരു സംഗതി അനുസ്മ രിപ്പിക്കുകയാണ്. താൻ ഈ ഭൂമിയിൽ സഞ്ചരിച്ചിരുന്ന നാളുകളിൽ ഈ പുണ്യവാന് പിതാവിന്റെ സ്ഥാനം നല്കിയിരുന്നല്ലോ. അന്ന് തന്നോട് ആജ്ഞാപിക്കാൻ ഈ പുണ്യവാന് അധികാരം നൽകുകയും താൻ അതിന് കീഴ്വഴങ്ങുകയും ചെയ്തതുപോലെ ഇന്നും സ്വർഗ ത്തിൽ അദ്ദേഹത്തിന്റെ അഭ്യർഥനകളെ ഈശോമിശിഹാ സസ ന്തോഷം സ്വീകരിക്കും. ഇത് എല്ലാവരും അറിഞ്ഞിരിക്കണമെന്ന്

ദൈവം ആഗ്രഹിക്കുന്നു. അനുഭവം കൊണ്ട് എനിക്കറിയാം, എത്ര മാത്രം നന്മകളാണ് ഈ പുണ്യവാൻ വഴി ദൈവം ലോകത്തിന് ചെയ്യുന്നതെന്ന്. ഈ പുണ്യപിതാവിനോട് യഥാർത്ഥ ഭക്തിയും വണക്കവുമുള്ള ഒരാളെങ്കിലും പുണ്യജീവിതത്തിൽ അഭിവൃദ്ധി പ്രാപി ക്കാതിരുന്നിട്ടുള്ളതായി എനിക്ക് അറിവില്ല. അനേകം വർഷങ്ങളായിട്ട ഈ പിതാവിന്റെ തിരുനാൾ ദിനം ഓരോ അനുഗ്രഹങ്ങൾ ഞാൻ ചോദിക്കാറുണ്ട്. അതൊന്നും എനിക്ക് കിട്ടാതിരുന്നിട്ടില്ല. ഞാൻ അപേക്ഷിക്കുന്ന വിഷയം ചൊവ്വുള്ളതല്ലെങ്കിൽ പുണ്യവാൻ അത് ചൊവ്വുള്ളതാക്കി എനിക്ക് തരും. എഴുതാൻ അനുവാദം കിട്ടിയിരുന്നെങ്കിൽ ഈ പുണ്യവാൻ എനിക്കും മറ്റുള്ളവർക്കും ചെയ്തിട്ടുള്ള അനുഗ്രഹങ്ങളെപറ്റി മാത്രം ഞാൻ എത്രയധികം എഴുതുമായിരുന്നു. അനുവദിച്ചിട്ടുള്ളതിലധികം എനിക്ക് ഏഴുതാൻ നിവൃത്തിയില്ലല്ലോ. ദൈവസ്നേഹത്തെപ്രതി എനിക്ക് ഒന്നേ പറയാ നുള്ളു, എന്നെ വിശ്വാസമില്ലാത്തവർ പരിക്ഷിച്ചുനോക്കട്ടെ. ഈ പുണ്യപിതാവിനോടുള്ള ഭക്തികൊണ്ട് കിട്ടാവുന്ന നന്മകൾ എന്തെ ല്ലാമാണെന്ന് അവർ അനുഭവം കൊണ്ട് അറിയും. പ്രത്യേകിച്ച് ധ്യാന ജീവിതം കഴിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഈ പുണ്യവാനോട് വിശേഷ ഭക്തി ഉണ്ടായിരിക്കേണ്ടതാണ്. ഒരു നല്ല ധ്യാനഗുരുവിനെ കിട്ടാത്തവർ ഈ പുണ്യപിതാവിനെ ധ്യാനഗുരുവായി സ്വീകരിക്കട്ടെ. ഒരിക്കലും വഴി തെറ്റിപ്പോവുകയില്ല[12].

കന്യാസ്ത്രീകൾക്ക് വേണ്ടി അമ്മത്രേസ്യ എഴുതിയിരിക്കുന്ന നടപടിക്രമങ്ങളിൽ വിശുദ്ധ യൗസേപ്പിന്റെ തിരുനാൾ ദിവസം പരി ശുദ്ധ കുർബാന സ്വീകരിക്കണമെന്നും വലിയ തിരുനാളുകളുടെ രീതിയനുസരിച്ച് കാനോനിക നമസ്കാരങ്ങൾ ആലപിക്കണമെന്നും കഴിയുന്നിടത്തോളം ആഘോഷമായി ആചരിക്കണമെന്നും രേഖപ്പെ ടുത്തിയിട്ടുണ്ട്[13].

ദൈവപുത്രന്റെ ഭവനത്തിന്റെ നാഥനായിരുന്നിട്ടും ഭൗതികമായ സമ്പത്തൊന്നും വിശുദ്ധ യൗസേപ്പിന് ലഭിച്ചില്ല. ഇശോയോടുള്ള ഐക്യത്തിന്റെ ഫലമായി മാനുഷികമായി ചിന്തിച്ചാൽ ജോസഫിന് ലഭിച്ചത് ഉത്കണ്ഠകൾ, കഠിനാധ്വാനം, ക്ഷീണം, പട്ടിണി എന്നിവ യാണ്. എന്നാൽ യൗസേപ്പിതാവ് ഈശോയെ മാത്രം ലക്ഷ്യം വച്ചി രുന്നതിനാൽ ഇവയെല്ലാം ആദ്ധ്യാത്മീക സമാധാനവും സ്വഭാവാതീ

തമായ സന്തോഷവും ആശ്വാസവും ആയി മാറി. ആരംഭത്തിൽ അക്കാലത്തെ നീതിമാനായ ഒരു മനുഷ്യൻ മാത്രം. എന്നാൽ പിന്നീട് പടിപടിയായി വളർന്ന് ക്രിസ്തീയ ലോകത്തിലെ നീതിമാനായ മനുഷ്യനായിത്തീർന്നു. അമലോത്ഭവ കന്യകയുടെ വിരക്തനായ ഭർത്താവ്, എല്ലാക്കാര്യങ്ങളിലും വിശുദ്ധനാണ്, ദൈവദൂതന്റേതുപോലുള്ള ചാരിത്രത്തിൽ വിശുദ്ധൻ, മാനുഷീകമായ പരമാർത്ഥതയിൽ വിശുദ്ധൻ, ക്ഷമയിലും പ്രവർത്തനങ്ങളിലും സദാ പാലിച്ചിരുന്ന സമനിലയിലും വിനയത്തിലും വിശുദ്ധൻ. സമർപ്പിതരുടെയും സംരക്ഷകനാണ് വി. യൗസേപ്പ്, കാരണം ലോകത്തിലുള്ള എല്ലാ സമർപ്പിതരേയുംകാൾ കൂടുതലായി ദൈവത്തിന് സ്വയം സമർപ്പിച്ച വ്യക്തിയാണ് വിശുദ്ധ യൗസേപ്പ്, ഈശോയുടെ പരസ്യജീവിതത്തിന്റെ ആരംഭത്തിന് മുൻപ് തന്നെ വിശുദ്ധ ജോസഫ് പരലോക പ്രാപ്തനായിരുന്നുവെന്നതാണ് പാരമ്പര്യ വിശ്വാസം. അതിനാൽ തന്നെ ദൈവപുത്രനായ യേശുവിന്റെയും നിർമ്മല മാതാവിന്റെയും സ്നേഹപരിചരണങ്ങൾ സ്വീകരിച്ച് ഈശോയുടെ കരങ്ങളിൽ മരിക്കാൻ ഭാഗ്യം സിദ്ധിച്ച വത്സലതാതനായ വിശുദ്ധ യൗസേപ്പ് നന്മരണത്തിന്റെ മധ്യസ്ഥൻ ആണ്. ദൈവപുത്രനെ താലോലിക്കാൻ ഭാഗ്യം സിദ്ധിച്ച വിശുദ്ധ യൗസേപ്പിതാവ് ഇശോയുടെ ദിവ്യകരങ്ങളിൽ കിടന്ന് തന്റെ ജീവിതാവസാന നിമിഷം ഭാഗ്യപുർണ്ണമാക്കി, നന്മരണത്തിന്റെ മാധ്യസ്ഥനായി മനുഷ്യകുലത്തെ ജീവന്റെ പുലരിയിലേക്ക് നിശബ്ദനായി ക്ഷണിക്കുന്നു.

## Endnotes

1. മരിയ വാൾത്തോർത്തയ്ക്ക് ലഭിച്ച വെളിപാടുകളിലും തത്തുല്യമായ വിവരണമാണ് പരിശുദ്ധ കന്യകാമേരിയുടെ വിവാഹവുമായി ബന്ധപ്പെട്ടു നാം വായിക്കുന്നത്. ദൈവമനുഷ്യന്റെ സ്നേഹഗീത വാല്യം, 1, പേജ് 101-103.
2. Sacred Congregation of Rites, Quemadmodum Deus, Roma, 1870.
3. Inclytum Patriarcham, Pope Pius IX, Roma, 1871.
4. Quamquam pluries, Leo XIII Pope, Roma, 1889.
5. Bonum Sane, Benedict XV, Pope, Roma, 1920.

6. Le voci, John XXIII, Pope, Roma, 1961.
7. Redemptoris Custos, John Paul II, Pope, Roma, 1989.
8. Paternas Vices, Francis Pope, Roma, 2013.
9. Patris Corde, Francis Pope, Roma, 2020.
10. ഇശോയുടെ വിശുദ്ധ ത്രേസ്യ, മർസലീനോ ഒ.സി.ഡി, പൊന്റിഫിക്കൽ ഇൻസ്റ്റിറ്റൂട്ട് പബ്ളിക്കേഷൻസ്, ആലുവ, 1982, പേജ് 139.
11. Ibid.,പേജ് 139.
12. Ibid., പേജ് 42‚43.
13. Ibid., പേജ് 330.



## വി. ജോസഫ്:
# സ്വപ്നങ്ങളുടെ കാവൽക്കാരൻ

**ബിജു മഠത്തിക്കുന്നേൽ**

ജീവിതത്തെ ദീപ്തമാക്കുന്ന സാത്വിക കിരണങ്ങളാണ് സ്മൃതികൾ. ഗതകാലസ്മൃതികൾതന്നെയാണ് കാലചക്രത്തെ ദ്രുതഗതിയിൽ മുൻപോട്ടു നയിക്കുവാൻ സഹായിക്കുന്നതുപോലും. ഒന്നു പിന്തിരിഞ്ഞുനോക്കിയാൽ മനസിലാകും ഈ ചെറിയ ജീവിതത്തിൽ താളപിഴകൾ സംഭവിക്കുന്നത് പലപ്പോഴും സ്മൃതികളെക്കുറിച്ചുള്ള സ്മരണകൾ അടർന്നുവീഴുമ്പോഴാണ്. ഒരുപിടി നല്ല ഓർമ്മകളുടെ തണലിൽ വസിച്ചവനാണ് ജോസഫ്, ദൈവാനുഗ്രഹങ്ങളുടെ, നല്ല ബന്ധങ്ങളുടെ, തനിക്കുനേരെ നീട്ടിയ സഹായഹസ്തങ്ങളുടെ, കൂടപ്പിറപ്പുകളുടെ, ചങ്കോടുചേർത്തവരുടെ... അങ്ങനെ നീളുന്നു കണക്കുകളുടെ ആ പട്ടിക. അതുകൊണ്ടാണ് നിയമം അനുശാസിക്കുന്ന ശിക്ഷപോലും നൽകാതെ, ഒരു പെൺകുട്ടിയെ അയാൾ ചങ്കോടു ചേർത്തത്. കാരണം ലഭിച്ചതുമുഴുവൻ കരുണയാണെന്നു തിരിച്ചറിഞ്ഞാൽ പിന്നെ ഈ ജീവിതം കടങ്ങളുടെ ജീവിതമായി, വീട്ടാകട

ങ്ങളുടെ മാറാപ്പുപേറിയുള്ള തീർത്ഥയാത്ര... അങ്ങനെ, വീട്ടിതീർക്കാനുള്ള കടമയും എങ്ങനെയെന്നുള്ള സന്ദേഹവും മിഴികളെ സജ്ജലങ്ങളാക്കുന്നു. ഇനിയെങ്ങനെ മറ്റുള്ളവരെ നെഞ്ചോടു ചേർക്കാതിരിക്കും... ഈ സാത്വിക മനുഷ്യന്റെ മൗനം നമ്മെ പഠിപ്പിക്കുന്ന ചില കാര്യങ്ങളുണ്ട്.

കൃതജ്ഞതയോടെ ജീവിച്ചവനായിരുന്നു ജോസഫ്. ലഭിച്ചിരിക്കുന്നതെല്ലാം ആരുടെയോ കരുണയാണെന്ന് തിരിച്ചറിയുമ്പോൾ, പിന്നെ നന്ദിയോടെ ശിരസ്സുനമിക്കാതെ വയ്യല്ലോ. യൗസേപ്പിതാവിന്റെ ജീവിതത്തിലെ അനുകരണീയമായ പ്രത്യേകതയാണിത്. പരിഭവമില്ലാതെ അവൻ എല്ലാം അനുസരിക്കുന്നു. ജോസഫിനെ മറ്റുള്ളവരിൽനിന്ന് മാറ്റിനിർത്തുന്ന വസ്തുതയും ഇതുതന്നെയാണ്. വിശ്വാസികളുടെ പിതാവും വാഗ്ദാനങ്ങളാലും അനുഗ്രഹങ്ങളാലും ജീവിതം സമ്പന്നമാക്കുകയും ചെയ്ത അബ്രാഹംപോലും ദൈവവാഗ്ദാനങ്ങളുടെ മുമ്പിൽ അല്പം ശങ്കിക്കുന്നുണ്ട്. ദൈവത്തിന്റെ മുഖാഭിമുഖദർശനം അനുഭവിക്കുകയും ഇസ്രായേൽ ജനത്തെ വാഗ്ദാന ഭൂമിയിലേക്കു നയിക്കുകയും ചെയ്ത മോശപോലും ചില ശാഠ്യങ്ങൾക്കു അടിമപ്പെട്ടു പോകുന്നുണ്ട്. എന്നാൽ എന്തുകൊണ്ടോ ജോസഫിന്റെ ജീവിതത്തിൽമാത്രം ഇത്തരത്തിലുള്ള ബാലിശമായ ശാഠ്യങ്ങളൊന്നും കാണുന്നില്ല. കാരണം അവനറിയാം ഇന്നുവരെ ലഭിച്ചതെല്ലാം ഉടയോന്റെ ദാനമായിരുന്നു, ഇനിയങ്ങോട്ടും അതുതന്നെ. പിന്നെയെന്തിന് പൊള്ളയായ ഈ ശാഠ്യങ്ങൾ, മിഴിപൂട്ടി കൈകൾ കൂപ്പി നിൽക്കുകയെന്നല്ലാതെ... ഈ സാധു അപ്പന്റെ ജീവിതം പൂർണ്ണമായും ഒപ്പിയെടുത്തത് മകൻ തന്നെയായിരുന്നു. നോക്കുക ജീവിതത്തിന്റെ നിർണ്ണായക നിമിഷങ്ങളിലൊക്കെ അവൻ ആകാശങ്ങളിലേക്കു നോക്കി ദൈവത്തിന് നന്ദിപറഞ്ഞിട്ടുണ്ട്. അപ്പൻ മകനെ പഠിപ്പിച്ച ഒന്നാമത്തെ പാഠം ഇതുതന്നെയാകണം, നന്ദിയോടെ ജീവിക്കുക, കാരണം ജീവിതം കടങ്ങളുടെ തീരമാണ്.

ഹൃദയ വാതിലിൽ മുട്ടിയ എല്ലാവർക്കും ജോസഫിന്റെ മനസ്സിൽ ഇടമുണ്ടായിരുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ, ഉടയോൻ വിളമ്പിയതെല്ലാം സ്നേഹത്തോടെ ജോസഫ് സ്വീകരിച്ചു. എന്താണ് സംഭവിക്കാൻ പോകുന്നതെന്നതിനെക്കുറിച്ച് യാതൊരു നിശ്ചയവും ഇല്ലാതിരുന്നിട്ടുപോലും അരുളപ്പാടുകളോട് അദ്ദേഹം ആമ്മേൻ പറഞ്ഞു. അതുകൊണ്ടാണല്ലോ കല്ലെറിയപ്പെടേണ്ട പെൺകുട്ടിയെ നെഞ്ചോടു

ചേർത്തതുമുതൽ സ്വന്തമല്ലാത്ത കുഞ്ഞിനുവേണ്ടി സ്വദേശം വിട്ട് ഈജിപ്തിലേക്കു ഒളിച്ചോടേണ്ടി വന്നത്. പക്ഷേ നാം ഓർമ്മിക്കേണ്ടൊരു കാര്യമുണ്ട്, ജീവിതത്തിന്റെ വളരെ നിർണായകമായ സമയത്ത് ഇടം കിട്ടാതെപോകുമ്പോഴും ജോസഫിന്റെ മനസു മടുക്കുന്നില്ല, കാരണം ഇവയ്ക്കു പിന്നിൽ നിഴലായി നിൽക്കുന്നത് ഉടയോന്റെ കരങ്ങളാണെന്ന് അവനറിയാമായിരുന്നു. കടൽപോലെ ഹൃദയം വിശാലമായ വ്യക്തിയായിരുന്നു ക്രിസ്തു. അവനിൽ എല്ലാം ലയിച്ചുചേർന്നിരുന്നു. എല്ലാവർക്കും അവന്റെ ഹൃത്തിൽ ഇടമുണ്ടായിരുന്നു. ഓർക്കുക അവന്റെ കാലഘട്ടം അവനെ വിളിച്ച പേര് ഗണികകളുടെയും പൈതൃക്കാരുടെയും ചുങ്കക്കാരുടെയും പാപികളുടെയുമൊക്കെ ചങ്ങാതിയെന്നാണ്. ആ വിളികളിലൊന്നും നസ്രായന്റെ മനസ് പതറുന്നില്ല കാരണം അപ്പൻ പഠിപ്പിച്ച രണ്ടാമത്തെ പാഠം അതായിരുന്നു എല്ലാവർക്കും ഹൃദയത്തിൽ ഇടം നൽകുക.

കാരണമില്ലാതെ സ്നേഹിക്കുക എന്നത് തലമുറകൾക്കുള്ള വെല്ലുവിളിയാണ്. സ്നേഹം നിബന്ധനകളിൽ കുടുങ്ങിക്കിടക്കുന്ന സമൂഹത്തിലാണ് നമ്മൾ. എന്തിനും എല്ലാത്തിനും കാരണവും ലാഭവും പ്രതിഫലവും തിരയുന്ന ഒരു കൂട്ടം മനുഷ്യർ. ജോസഫിന്റെ ജീവിതം വെല്ലുവിളിയാകുകയാണിവിടെ. അയാൾ എന്തിന് സ്വന്തം ജീവിതത്തെ അപകടത്തിലാക്കി മറിയത്തെ സ്നേഹിച്ചു? പൈത്യം എന്നല്ലാതെ ഇതിന് മറ്റുത്തരങ്ങളൊന്നുമില്ല, അവളെ സ്വീകരിക്കുകമാത്രമല്ല നിഴൽപോലെ അയാൾ ആ പെൺകുട്ടിക്കു തണലായും കാവലായും ഉണ്ടായിരുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ എന്നു ക്രിസ്തു പഠിപ്പിച്ചപ്പോൾ അവന്റെ മനസിലുണ്ടായിരുന്നതും നീതി നിഷേധിക്കപ്പെട്ട ഒരു അപ്പനും യൗവ്വനം നഷ്ടപ്പെട്ട ആ പെൺകുട്ടിയും ആയിരിക്കണം.

കാലഘട്ടത്തിന്റെ വെല്ലുവിളിയാണ് മൗനം. പ്രതികരണങ്ങളെ മാത്രം ആണത്തമായി കരുതുന്ന പുരുഷമേൽക്കോയ്മക്കുമീതെയുള്ള നിശബ്ദ താക്കീതാണ് ജോസഫിന്റെ ജീവിതം. അവന്റെ സംസാരങ്ങളൊന്നും വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. കാരണം മൗനത്തിലൂടെ മനസിന് ലഭിക്കുന്ന ആ നനവുള്ള ഏകാന്തത തന്നിലേക്കും ദൈവത്തിലേക്കും നോക്കാനുള്ള ഉപാധിയായി ജോസഫ് തിരിച്ചറിഞ്ഞതുകൊണ്ടാണ്. ക്രിസ്തു ജീവിതത്തിൽ പലപ്പോഴും നിശബ്ദത സൂക്ഷിച്ച വ്യക്തിയായിരുന്നു. വ്യഭിചാര

ത്തിൽ പിടിക്കപ്പെട്ട സ്ത്രീയുടെ മുമ്പിലും പീലാത്തോസിന്റെ മുമ്പിലും അവൻ പുലർത്തിയ മൗനമാണ് ജനങ്ങളെ പ്രകോപിപ്പിച്ചത്. ജീവിതത്തിന്റെ വീഥികൾക്ക് കൂടുതൽ മിഴിവും തെളിച്ചവും നൽകാൻ മൗനത്തിന് കഴിയുമെന്നുള്ളത് ജോസഫിന്റെ ജീവിതം അവനെ പഠിപ്പിച്ചിരിക്കണം.

സ്വപ്നങ്ങളുടെ സൂക്ഷിപ്പുകാരനായിരുന്നു ജോസഫ്. സ്വപ്നങ്ങളെ പിഞ്ചെല്ലാൻ കഴിയാത്തവർക്ക് ജീവിതത്തിന്റെ വിസ്മയങ്ങളെ സ്വന്തമാക്കാൻ കഴിയില്ല. സ്വപ്നങ്ങളിൽ വിശ്വസിക്കാൻ ശിശുസഹജമായ മനസ് ആവശ്യമാണ്. സ്വപ്നങ്ങളെ വെറും കിനാക്കളായി കരുതാതെ അതിലെ ദൈവഹിതം തിരിച്ചറിയാൻ കഴിഞ്ഞതിലാണ് ജോസഫിന്റെ ജീവിതവിസ്മയം. പിന്നീടങ്ങോട്ട് കണ്ട സ്വപ്നങ്ങളെ പൂർത്തീകരിക്കാനുള്ള നെട്ടോട്ടമായിരുന്നു. ബോധ അബോധമനസിൽ തെളിയുന്ന സ്വപ്നങ്ങളെ ജാഗ്രതയോടെ കാണാനും വിവേചിച്ചറിയാനും അദ്ദേഹത്തിനു കഴിഞ്ഞു. ദൈവത്തോടു മനസും ഹൃദയവും ചേർത്തുനിർത്തുന്നവർക്കേ അതിനു കഴിയൂ. അതുകൊണ്ടാണ് അദ്ദേഹത്തെ നീതിമാനെന്നുവിളിക്കുക. നീതിമാനെന്ന വാക്കിന് ദൈവത്തോടു ചേർന്നു നിൽക്കുന്നവൻ എന്നുകൂടി അർത്ഥമുണ്ട്. സ്വന്തം ഇഷ്ടങ്ങൾക്കു മുകളിൽ ദൈവഹിതം പ്രതിഷ്ഠിച്ചവൻ. ഈ നീതിമാൻ നമ്മെ ഓർമ്മിപ്പിക്കുന്നതും ഇതുതന്നെയാണ്, ജീവിതത്തിൽ കൂടെനടക്കുന്ന ആ അദൃശ്യ ശക്തിയെ, സ്വപ്നത്തിൽപോലും തിരിച്ചറിയാനുള്ള ജാഗ്രത പുലർത്തുക.



# സെന്റ് ജോസഫ്

**ഫാ. സെബാസ്റ്റ്യൻ ജെക്കോബി ഒ. എസ്.ജെ.**

വിശുദ്ധ യൗസേപ്പുപിതാവിനെ ഒമ്പതാംപീയൂസ് മാർപാപ്പ 'കത്തോലിക്കാ സഭയുടെ രക്ഷാകർത്താവ്' എന്നും പന്ത്രണ്ടാം പീയൂസ് മാർപാപ്പ 'തൊഴിലാളികളുടെ മദ്ധ്യസ്ഥൻ' എന്നും ജോൺപോൾ രണ്ടാമൻ മാർപാപ്പ 'വിമോചനത്തിന്റെ രക്ഷാധികാരി' എന്നും വിശേഷിപ്പിക്കുമ്പോൾ 'നല്ല മരണത്തിന്റെ മദ്ധ്യസ്ഥൻ' എന്ന നിലയിലാണ് വിശുദ്ധ യൗസേപ്പുപിതാവ് ലോകമെമ്പാടും വന്ദിക്കപ്പെടുന്നതെന്ന് ഫ്രാൻസിസ് മാർപാപ്പ.

സ്നേഹസമ്പന്നനായ പിതാവ്, വാത്സല്യനിധിയായ പിതാവ്, അനുസരണയുള്ള പിതാവ്, സ്വീകരിക്കുന്ന പിതാവ്, സർഗാത്മകധൈര്യമുള്ള പിതാവ്, തൊഴിൽ ചെയ്യുന്ന പിതാവ്, നിഴലുകൾക്കിടയിലെ പിതാവ്, എന്നെല്ലാമാണ് 'പിതൃഹൃദയത്തോടെ' (Patris Corde) എന്ന അപ്പസ്തോലിക ലേഖനത്തിൽ ഫ്രാൻസിസ് മാർപാപ്പ വിശുദ്ധ യൗസേപ്പുപിതാവിനെ വിശേഷിപ്പിക്കുന്നത്.

ഒമ്പതാംപീയൂസ് മാർപാപ്പ വിശുദ്ധ യൗസേപ്പിതാവിനെ 'ആഗോളസഭയുടെ മദ്ധ്യസ്ഥനായി' പ്രഖ്യാപിച്ചതിന്റെ 150-ാം വാർഷിക വേളയിലാണ് വി. യൗസേപ്പിനെ പ്രകീർത്തിച്ചുകൊണ്ട് ഫ്രാൻസിസ് മാർപാപ്പ 'പിതൃഹൃദയത്തോടെ' എന്ന അപ്പസ്തോലിക ലേഖനം പുറപ്പെടുവിച്ചിട്ടുള്ളതും വിശുദ്ധ യൗസേപ്പുപിതാവിന്റെ വർഷമാചരിക്കാൻ ആഗോളസഭയോട് ആവശ്യപ്പെട്ടിട്ടുള്ളതും.

വിശുദ്ധ യൗസേപ്പിതാവിനെ കൂടുതൽ അടുത്തറിയാൻ ഈ ഗ്രന്ഥം സഹായിക്കും.

TO SERVE IN TRUTH AND LOVE

Pastoral Orientation Centre,
Secretariat, Kerala Catholic Bishops' Council,
Palarivattom, Kochi 682 025, Kerala, India
Ph: +91484 2805722, 2805815
E-mail: pocpublications@gmail.com

9 789383 423576
₹180